# ആമുഖം

1998–ൽ കേരളത്തിൽ ദാരിദ്ര്യനിർമ്മാർജ്ജനം ലക്ഷ്യമാക്കി രൂപീകരിച്ച കുടുംബശ്രീ പ്രസ്ഥാനത്തിന് കഴിഞ്ഞ 15 വർഷത്തെ പാളം തെറ്റാത്ത പ്രയാണത്തിനിടയിൽ സമൂഹത്തിന്റെ സമസ്ത മേഖലയിലും സ്തുത്യർഹമാം വിധം നിരവധി സംഭാവനകൾ നൽകുവാനും ഗുണപര മായ മാറ്റങ്ങൾക്ക് നാന്ദി കുറിക്കുവാനും കഴിഞ്ഞു എന്നത് അവിതർക്കിതമാണ്. ഇന്ന് ഏഷ്യ യിലെ തന്നെ ഏറ്റവും വലിയ രാഷ്ട്രീയേതര വനിതാ കൂട്ടായ്മ എന്ന നിലയിലേക്ക് വളർന്ന കുടുംബശ്രീ കഴിഞ്ഞ വർഷം സാമൂഹിക ശാക്തീകരണവുമായി ബന്ധപ്പെട്ട് നടത്തിയ പുസ്ത കയാത്ര ഒരു വൻ വിജയമാകുകയും തുടർ പ്രവർത്തനം എന്ന നിലയിൽ കുടുംബശ്രീ പ്രവർത്തകരുടെ അനുഭവ കുറിപ്പുകൾ സമാഹരിക്കുകയും ചെയ്തപ്പോൾ മുൻവിധികളെ മുറി വേൽപ്പിച്ചുകൊണ്ട് മൂർച്ചയേറിയ നിരവധി രചനകൾ പിറന്നു. കേരളത്തിലെ മുഴുവൻ സി.ഡി. എസുകൾക്കുമൊപ്പം കൊല്ലം ജില്ലയിലെ ഈ അനുഭവക്കുറിപ്പുകൾ എല്ലാ സി.ഡി.എസുകളും പുസ്തക രൂപേണ പുറത്തിറക്കി. അവയിൽ നിന്നും തിരഞ്ഞെടുത്തവയാണ് ഈ പുസ്തക ത്തിന്റെ ഉള്ളടക്കം. ലക്ഷ്യബോധത്തോടു കൂടിയുള്ള കുടുംബശ്രീയുടെ പ്രവർത്തനങ്ങളുടെ സാക്ഷ്യപത്രമാണ് ഇവ.

ഒരുപാട് സ്വപ്നങ്ങൾ കുപ്പിവളകൾ പോലെ ചുറ്റിലും വീണുടയുമ്പോഴും ഒരുപാടു തേങ്ങലുകൾ ചുറ്റിലും ഉയർന്നു കേൾക്കുമ്പോഴും ഒന്നും ഒന്നുംതന്നെ നമുക്ക് വാർത്തയല്ലാ തായി മാറി. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി കുടുംബത്തിനുള്ളിൽ പോലും സുരക്ഷി തത്വമില്ലായ്മയുടെ ഭയപ്പാടുകൾ സ്ത്രീയെ ഗ്രസിച്ചിരിക്കുന്നു. കമ്പോളവത്കരണം, സ്ത്രീത്വ ത്തേയും വിൽപ്പനചരക്കായി വിളംബരം ചെയ്യുന്നു. ഇതിനൊക്കെ ഇടയിൽ സാധാരണ വീട്ടമ്മ അടുക്കളയിൽ ഒടുങ്ങാൻ വിധിക്കപ്പെട്ടവളായി അരങ്ങുകൾ നിഷേധിക്കപ്പെട്ടവളായി ഉറക്കെ കരയാൻ പോലും സ്വാതന്ത്ര്യമില്ലാത്തവളായി കണ്ണീരും കൈയ്യുമായി വിശപ്പിനെ പുണർന്നുറ ങ്ങുവാൻ ശീലിക്കുന്നവളായി ഇത് എഴുതുമ്പോൾ കുട്ടിക്കാലം മുതൽ മക്കളുടെ നന്മയ്ക്കായി, വിജയത്തിനായി പ്രയത്നിച്ച പ്രിയപ്പെട്ട അനേകം അമ്മമാർ ഓർമ്മയിൽ ഓടിയെത്തുന്നു.

ഇവിടെ ഒരു കൂട്ടം സാധാരണ വീട്ടമ്മമാരുടെ അനുഭവ സാക്ഷ്യവിവരണം ഇവയ്ക്ക് ശില്പഭംഗിയും രചനാഗുണവും തേടേണ്ടതില്ല. ഈ വരികളിൽ തുടിച്ച് നിൽക്കുന്നത് ജീവിത യാഥാർത്ഥ്യങ്ങളുടെ ചൂടും ചൂരുമാണ്. അതിൽ ഹൃദയം പൊള്ളിക്കാൻ പോന്ന തീവ്രമായ ജീവിത അനുഭവത്തിന്റെ തീച്ചൂളകളുണ്ട്. കണ്ണീരുപ്പ് കലർന്ന പാനപാത്രങ്ങളും ദുഃഖങ്ങളുടെ നടുക്കടലിലും പ്രതീക്ഷകളുടെ തുരുത്തുകൾ തേടിയുള്ള ഇവരുടെ പ്രയാണം തീർച്ചയായും ഒട്ടൊരു അത്ഭുതത്തോടെ അഭിമാനത്തോടെ മാത്രമേ ഇത് വായിക്കാനാകൂ. സത്വം തിരിച്ചറി ഞ്ഞിട്ടുള്ള പ്രയാണം. ഇവരുടെ ഈ കൂട്ടായ്മ തീർക്കുന്നത് സ്നേഹത്തിന്റെ സിംഫണിയാണ്. ഇവർ കരുതി വയ്ക്കുന്നത് അനുകരണീമായ അദ്ധ്വാനത്തിന്റെ സന്ദേശവും. കരുത്താർജ്ജിച്ചവ രുടെ കഥകൾ, കൈത്താങ്ങായവരുടെ കഥകൾ, കരകയറിയവരുടെ കഥകൾ, ക്ഷമിക്കണം കഥ കളല്ല ജീവിതങ്ങൾ. അവ തരുന്ന ഊർജ്ജം അത് തീർച്ചയായും ഈ സമൂഹത്തിന് മുതൽകൂട്ടാ കും. കൈകളിൽ കരുതിയ ആത്മവിശ്വാസത്തിൽ ഇവർ തെളിയിക്കുന്ന വഴിവിളക്ക് പകരുന്നത്

ശ്രീത്വമുള്ള ഈ കുടുംബത്തിന്റെ പ്രകാശം തന്നെയാണ്. ഇവഈ കുടുംബത്തിന്റെ ഭാഗമാകാൻ കഴിഞ്ഞത്, ഇനിയും മുന്നോട്ടുള്ള പ്രയാണത്തിൽ ഒരു മെഴുകുതിരിവെട്ടമായ് ഇവർക്ക് വഴിതെളിക്കുവാൻ അവസരമുണ്ടായത് ഒരു പുണ്യമായ് കരുതിക്കൊണ്ട് ആത്മാർത്ഥമായി ആശംസകൾ നേരുന്നു.

**ഡോ.ബിജു.റ്റി**
**(ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ)**

# അവതാരിക

ഒരു പുതിയ ചരിത്രം പിറക്കുന്നു. പുസ്തകരചനയുടെ ചക്രവാളത്തിലേക്ക് സാധാരണ വീട്ടമ്മമാരായ ഒരു പറ്റം രചയിതാക്കൾ സ്വന്തം ജീവിതാനുഭവം കോറിയിട്ടിരിക്കുന്നു. സുദീർഘമായ ഒരു പ്രക്രിയയിലൂടെ ജില്ലയിൽ വിവിധ ഇടങ്ങളിൽ നിന്നും സമാഹരിക്കപ്പെട്ട അനുഭവങ്ങളിൽ മികച്ച അനുഭവങ്ങൾ ജില്ലയിൽ ഒരു പുതിയ പുസ്തകമായി രൂപംകൊള്ളുന്നു.

കൊല്ലം ജില്ലയിലെ 72 സിഡിഎസ്സുകളിൽ നിന്നുള്ള അനുഭവങ്ങൾ വിശകലന വിധേയമാക്കി. ജില്ലയിലെ വിവിധ സിഡിഎസ്സുകളിൽ നിന്നുള്ള 110 പേർ ഈ പരിപാടിയിൽ പങ്കെടുത്തു. മുഴുവൻ അംഗങ്ങളേയും അഞ്ച് പേരടങ്ങുന്ന വിവിധ ഗ്രൂപ്പുകളായി തിരിച്ച് പുസ്തകങ്ങൾ വായിച്ചു വിലയിരുത്തി. അതിൽ നിന്നും സിഡിഎസ്സ് ഏതെന്നു നോക്കാതെ മറ്റുള്ളവർക്ക് പ്രചോദനം നൽകാൻ കഴിയുന്ന അനുഭവകഥകൾ തെരഞ്ഞെടുത്തു. എല്ലാ ഗ്രൂപ്പുകളും പുസ്തകങ്ങൾ ആഴത്തിൽ പഠിക്കുകയും അനുഭവങ്ങൾ അതിന്റെ ഭാവതീവ്രതയോടെ തന്നെ ഉൾക്കൊള്ളുകയും, തെരഞ്ഞെടുക്കുകയും ചെയ്തു.

വേണ്ടത്ര ഗൗരവം നൽകാതെ പെട്ടെന്നു തയ്യാറാക്കിയ പുസ്തകങ്ങളും എന്നാൽ വളരെ ഗൗരവത്തോടെ തയ്യാറാക്കിയവയും ഇക്കൂട്ടത്തിൽ കാണാൻ കഴിഞ്ഞു. ഇന്നലെകളിൽ അടുക്കളകളിൽ അവഗണനയുടേയും പീഡനങ്ങളുടെയും അരാജകത്വത്തിന്റേയും ഇരകളായി പാർശ്വവൽക്കരിക്കപ്പെട്ട് ദു;ഖപുത്രികളായി മാറിയിരുന്ന സ്ത്രീകളെയാണ് എല്ലാ പുസ്തകങ്ങളിലും കാണാൻ കഴിഞ്ഞത്. എന്നാൽ ഇന്നുകളിൽ കുടുംബശ്രീ എന്ന മഹാപ്രസ്ഥാനത്തിന്റെ അമരക്കാരാകാൻ അവസരം ലഭിച്ചതിലൂടെ അവർക്കു വന്ന മാറ്റങ്ങളും അവർ ഭംഗ്യന്തരേണ വിവരിക്കുന്നുണ്ട്. അവർക്ക് എവിടേയും തലയുയർത്തി നിൽക്കാനുള്ള പിൻതുണയും പ്രചോദനവും ആർജ്ജിക്കുവാൻ കഴിഞ്ഞു എന്നും അവർ സാക്ഷ്യപ്പെടുത്തുന്നു.

ആലങ്കാരിക ഭാഷകളുടെ മേമ്പൊടിയില്ലാതെ ഹൃദയം തൊട്ടുണർത്തുന്ന ഭാഷയിൽ അനുഭങ്ങൾ പങ്കുവയ്ക്കാൻ ഈ സഹോദരിമാർക്ക് കഴിഞ്ഞിട്ടുണ്ടെന്നുള്ളതാണ് ഇതിന്റെ ഏറ്റവും വലിയ മഹത്വം. നാല്പത്തിയാറ് അനുഭവങ്ങൾ ജില്ലയിലെ കോർ ടീം അംഗങ്ങളും എഡിറ്റോറിയൽ ബോർഡ് അംഗങ്ങളും ചേർന്ന് പരിശോധിച്ച് തെരഞ്ഞെടുത്തിരുന്നു. ഈ അനുഭവങ്ങൾ എല്ലാം തന്നെ വായനക്കാരെ വല്ലാതെ അസ്വസ്ഥരും ആകുല ചിത്തരുമാക്കുന്നതോടൊപ്പം അത്ഭുതപ്പെടുത്തുക കൂടി ചെയ്യുന്നു. ശാരീരികമായും, മാനസികമായും, സാമൂഹികമായും സ്ത്രീ അനുഭവിച്ചിരുന്ന പിന്നോക്കാവസ്ഥയും അതിന്റെ ആഴവും പരപ്പും തീവ്രതയും ഒട്ടും തന്നെ നഷ്ടപ്പെടാതെ പുസ്തകങ്ങളിൽ വരച്ചിട്ടിട്ടുണ്ട്. ഒപ്പം അവസരങ്ങൾ ഒരുക്കിയ ആശ്വാസത്തിലൂന്നിയ ആത്മവിശ്വാസത്തിന്റെ തുടിപ്പും.

പല സഹോദരിമാരും പേരു വെളിപ്പെടുത്താതെ തന്നെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നുണ്ട്. മൈലം പഞ്ചായത്തിലെ 'കണ്ണുനീർപുക്കൾ' എന്ന അനുഭവപാഠം, രണ്ടാനച്ഛന്റെ പീഡനത്തിനിരായ പെൺകുട്ടിയുടേയും അമ്മയുടേയും ജീവിതം വരച്ചു കാട്ടിയപ്പോൾ, മറ്റനേകംപേർ, കണ്ണുകാണാത്ത അമ്മയുടെ കാഴ്ചയുടെ സൗഭാഗ്യം

നഷ്ടപ്പെട്ട മകളുടെ കഥയും, വാറ്റു കേന്ദ്രങ്ങൾ അടപ്പിക്കുന്നതിനായി നടത്തിയ പോരാട്ടത്തിന്റെ അനുഭവങ്ങളും , ഇറ്റലിയിലേക്കു പോകാനായത്, വാർദ്ധ്യക്യത്തിന്റെ അവകതകൾക്കിടയിലും മനോരോഗിയായ മകന്റെ സംരക്ഷണ ചുമതല നിർവ്വഹിക്കേണ്ടി വരുന്ന വൃദ്ധയായ അമ്മയുടെ അനുഭവം, ആത്മഹത്യയിൽ നിന്നും ജീവിതത്തിലേക്ക് ചുവടുവയ്ക്കാനായത്, ഇങ്ങനെ എടുത്തു പറയേണ്ട എത്രയെത്ര സാക്ഷ്യങ്ങൾ മിഴിവോടെ നിറഞ്ഞു നിൽക്കുന്നു.

കെൽസവഴി നിയമസാക്ഷരത ക്ലാസ്സ് ലഭ്യമായതിനാൽ കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് എടുത്തുപറയുന്നുണ്ട് ചിലർ. കമ്പ്യൂട്ടർ പരിജ്ഞാനം നേടാൻ കഴിഞ്ഞതിലൂടെ ജീവിതമാർഗ്ഗം കണ്ടെത്തിയതും , കുടുംബശ്രീ ഗ്രൂപ്പിന്റെ ലാഭം അപ്പാടെ അശരണയായി നിന്ന കുട്ടിയുടെ നല്ല ഭാവിക്കുവേണ്ടി നിക്ഷേപിച്ചതും, സ്നേഹത്തിന്റെയും സൗഹാർദ്ദത്തിന്റെയും നീരുറവുകൾ വറ്റിയിട്ടില്ലായെന്നു തെളിയിക്കുംവിധം ഒറ്റപ്പെടലുകൾക്കും നഷ്ടപ്പെടലുകൾക്കും മറുപടിയായി സ്ത്രീകൂട്ടായ്മ മാറുന്ന ശോഭന സുന്ദരമായ ചിത്രങ്ങൾ, മുട്ടിയവാതിലുകളെല്ലാം കൊട്ടിയടയ്ക്കപ്പെട്ടപ്പോൾ കുടുംബശ്രീയുടെ വാതിൽ തുറന്നുവന്നവെളിച്ചം ജീവിതത്തിലാവാഹിച്ച കഥ, അങ്ങനെ എത്ര എത്ര?

അവഗണനയുടേയും അടിച്ചമർത്തലിന്റേയും അടുക്കളകളിൽ നിന്ന് കുടുംബശ്രീയിലേക്ക് വന്ന സ്ത്രീകൾ ഉയർത്തിയ ഒരുമയുടെ സ്വരം രാജ്യത്തിന്റെ വികസന സ്വരമായി മാറിയിരിക്കുന്നു. സ്ത്രീയിലൂടെ കുടുംബത്തിന്റെ , സമൂഹത്തിന്റെ, രാജ്യത്തിന്റെ ഭാവി ശോഭനമാക്കുവാൻ കുടുംബശ്രീ എന്ന സംഘടന ജാതി, മത, വർഗ്ഗ, ,വർണ്ണ , രാഷ്ട്രീയ ഭേദമെന്യേ ഒരു കുടുംബമായി വർത്തിക്കുന്ന ഈ കാഴ്ച ആത്മാഭിമാനത്തോടെ സോദരിമാർ മിഴിവേകി കോറിയിട്ടിരിക്കുന്നു.

ചുരുക്കത്തിൽ ഇവിടെ വിശകലനവിധേയമാക്കിയ ഈ അനുഭവങ്ങൾ പുസ്തകരൂപത്തിൽ പുറത്തിറങ്ങിയപ്പോൾ അത് വായനാലോകത്തിന് ഒരു നവ്യാനുഭൂതിയാണ് പ്രദാനം ചെയ്തത്. ഒഴുക്കിനനുസരിച്ച് നീന്തുകയല്ല, ഒഴുക്കിനെതിരെ നീന്തി വിജയം വരിച്ചവരാണ് ചരിത്രത്തിന്റെ ഏടുകളിൽ മിഴിവോടെ നിന്നിട്ടുള്ളത്. ഇവിടെയും ജീവിത പ്രാരാബ്ധക്കടലിലെ തിരയിലും ചുഴിയിലും പെട്ട് ഉഴലുന്നവർക്ക് പിടിവള്ളിയായി മാറിയ 'കുടുംബശ്രീ' ചരിത്രത്തിന്റെ ഏടുകളിൽ തങ്കലിപികളാൽ തന്നെ എഴുതപ്പെടും എന്ന കാര്യത്തിൽ രണ്ടു പക്ഷമില്ല.

''ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം '' എന്ന പഴമൊഴി ഓർത്തുകൊണ്ട് ഒരുമയിലൂടെ 'കുടുംബശ്രീ' കൂട്ടായ്മയിലൂടെ ജീവിത വിജയം കൈവരിച്ച ഈ നേട്ടങ്ങൾ ചെറുതായി കാണാൻ കഴിയില്ല. ജി.എസ്സ്.എൽ.പിയുടെ സ്വാധീനം പല അനുഭവങ്ങളിലും കാണാൻ കഴിഞ്ഞു. ബസിൽ പെൺകുട്ടിയെ പീഡിപ്പിക്കാൻ ശ്രമിച്ചയാളിനെ പോലീസിൽ ഏൽപ്പിച്ചത്, സ്ത്രീകളുടെ സീറ്റ് ഒഴിപ്പിച്ചത്, പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ സഹായം, രക്തദാനം ഉൾപ്പടെയുള്ള മഹത്തായ കാര്യങ്ങൾ തുടങ്ങി എത്രയോ അനുഭവങ്ങൾ ഇതിൽ ഇതൾ വിരിയുന്നു. ഇവിടെ അക്ഷരജ്ഞാനമില്ലാത്തവർ, അനുഭവജ്ഞാനമുള്ളവർ, അവരുടെ അനുഭവകഥകൾ ആത്മകഥകകളായി തന്നെ ആവിഷ്കരിച്ചിരിക്കുന്നു.

കുടുംബശ്രീ പ്രവർത്തനത്തിലൂടെ സാമൂഹിക പദവിയിൽ, നേതൃത്വശേഷിയിൽ, സ്വയം തീരുമാനമെടുക്കുന്നതിൽ, വിദ്യാഭ്യാസതീരുമാനത്തിൽ , പരസ്പരസഹകരണത്തിൽ , സധൈര്യം പ്രശ്നങ്ങളിൽ ഇടപെടുന്നതിൽ , സാമ്പത്തികം കൈകാര്യം ചെയ്യുന്നതിൽ , കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതിൽ, സാമൂഹ്യസേവനമനോഭാവത്തിൽ, പഞ്ചായത്ത് സാരഥ്യം വഹിക്കുന്നതിൽ , എഡിഎസ്സ് , സിഡിഎസ്സ് സാരഥ്യം വഹിക്കുന്നതിൽ ഇങ്ങനെ എത്രയെത്ര സേവന രംഗങ്ങളിൽ വിജയം വരിച്ച കഥകൾ ഇതിൽ കാണാം.

ഒന്നുറപ്പാണ് ഈ പുസ്തകത്തിൽ വിവരച്ചിരിക്കുന്ന അനുഭവപാഠങ്ങൾ യാഥാർത്ഥ്യത്തിന്റെ ഒരു പുതിയലോകം നമുക്കുമുന്നിൽ തുറന്നുവയ്ക്കും- പച്ചയായ യാഥാർത്ഥ്യത്തിന്റെ നോവുകളുറങ്ങുന്ന താളുകളിലേക്ക് യാത്രയാകാം ..................

ഡോ.റ്റി.ബിജു

ജില്ലാമിഷൻ കോ-ഓർഡിനേറ്റർ

കുടുംബശ്രീ, കൊല്ലം

************************************************************

ഒരു പുതിയ ചരിത്രം പിറക്കുന്നു. പുസ്തകരചനയുടെ ചക്രവാളത്തിലേക്ക് സാധാരണ വീട്ടമ്മമാരായ ഒരു പറ്റം രചയിതാക്കൾ സ്വന്തം ജീവിതാനുഭവം കോറിയിട്ടിരിക്കുന്നു. സുദീർഘമായ ഒരു പ്രക്രിയയിലൂടെ ജില്ലയിൽ വിവിധ ഇടങ്ങളിൽ നിന്നും സമാഹരിക്കപ്പെട്ട അനുഭവങ്ങളിൽ മികച്ച അനുഭവങ്ങൾ ജില്ലയിൽ ഒരു പുതിയ പുസ്തകമായി രൂപംകൊള്ളുന്നു.

കൊല്ലം ജില്ലയിലെ 72 സിഡിഎസ്സുകളിൽ നിന്നുള്ള അനുഭവങ്ങൾ വിശകലന വിധേയമാക്കി. ജില്ലയിലെ വിവിധ സിഡിഎസ്സുകളിൽ നിന്നുള്ള 110 പേർ ഈ പരിപാടിയിൽ പങ്കെടുത്തു. മുഴുവൻ അംഗങ്ങളേയും അഞ്ച് പേരടങ്ങുന്ന വിവിധ ഗ്രൂപ്പുകളായി തിരിച്ച് പുസ്തകങ്ങൾ വായിച്ചു വിലയിരുത്തി. അതിൽ നിന്നും സിഡിഎസ്സ് ഏതെന്നു നോക്കാതെ മറ്റുള്ളവർക്ക് പ്രചോദനം നൽകാൻ കഴിയുന്ന അനുഭവകഥകൾ തെരഞ്ഞെടുത്തു. എല്ലാ ഗ്രൂപ്പുകളും പുസ്തകങ്ങൾ ആഴത്തിൽ പഠിക്കുകയും അനുഭവങ്ങൾ അതിന്റെ ഭാവതീവ്രതയോടെ തന്നെ ഉൾക്കൊള്ളുകയും, തെരഞ്ഞെടുക്കുകയും ചെയ്തു.

വേണ്ടത്ര ഗൗരവം നൽകാതെ പെട്ടെന്നു തയ്യാറാക്കിയ പുസ്തകങ്ങളും എന്നാൽ വളരെ ഗൗരവത്തോടെ തയ്യാറാക്കിയവയും ഇക്കൂട്ടത്തിൽ കാണാൻ കഴിഞ്ഞു. ഇന്നലെകളിൽ അടുക്കളകളിൽ അവഗണനയുടേയും പീഡനങ്ങളുടെയും അരാജകത്വത്തിന്റേയും ഇരകളായി പാർശ്വവൽക്കരിക്കപ്പെട്ട് ദു;ഖപുത്രികളായി മാറിയിരുന്ന സ്ത്രീകളെയാണ് എല്ലാ പുസ്തകങ്ങളിലും കാണാൻ കഴിഞ്ഞത്. എന്നാൽ ഇന്നുകളിൽ കുടുംബശ്രീ എന്ന മഹാപ്രസ്ഥാനത്തിന്റെ അമരക്കാരാകാൻ അവസരം ലഭിച്ചതിലൂടെ അവർക്കു വന്ന മാറ്റങ്ങളും അവർ ഭംഗ്യന്തരേണ വിവരിക്കുന്നുണ്ട്. അവർക്ക് എവിടേയും തലയുയർത്തി നിൽക്കാനുള്ള പിൻതുണയും പ്രചോദനവും ആർജ്ജിക്കുവാൻ കഴിഞ്ഞു എന്നും അവർ സാക്ഷ്യപ്പെടുത്തുന്നു.

ആലങ്കാരിക ഭാഷകളുടെ മേമ്പൊടിയില്ലാതെ ഹൃദയം തൊട്ടുണർത്തുന്ന ഭാഷയിൽ അനുഭങ്ങൾ പങ്കുവയ്ക്കാൻ ഈ സഹോദരിമാർക്ക് കഴിഞ്ഞിട്ടുണ്ടെന്നുള്ളതാണ് ഇതിന്റെ ഏറ്റവും വലിയ മഹത്വം. നാല്പത്തിയാറ് അനുഭവങ്ങൾ ജില്ലയിലെ കോർ ടീം അംഗങ്ങളും എഡിറ്റോറിയൽ ബോർഡ് അംഗങ്ങളും ചേർന്ന് പരിശോധിച്ച് തെരഞ്ഞെടുത്തിരുന്നു. ഈ അനുഭവങ്ങൾ എല്ലാം തന്നെ വായനക്കാരെ വല്ലാതെ അസ്വസ്ഥരും ആകുലചിത്തരുമാക്കുന്നതോടൊപ്പം അത്ഭുതപ്പെടുത്തുക കൂടി ചെയ്യുന്നു. ശാരീരികമായും, മാനസികമായും, സാമൂഹികമായും സ്ത്രീ അനുഭവിച്ചിരുന്ന പിന്നോക്കാവസ്ഥയും അതിന്റെ ആഴവും പരപ്പും തീവ്രതയും ഒട്ടും തന്നെ

നഷ്ടപ്പെടാതെ  പുസ്തകങ്ങളിൽ വരച്ചിട്ടിട്ടുണ്ട്. ഒപ്പം അവസരങ്ങൾ ഒരുക്കിയ ആശ്വാസത്തിലൂന്നിയ ആത്മവിശ്വാസത്തിന്റെ തുടിപ്പും.

പല സഹോദരിമാരും പേരു വെളിപ്പെടുത്താതെ തന്നെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നുണ്ട്. മൈലം പഞ്ചായത്തിലെ 'കണ്ണുനീർപൂക്കൾ' എന്ന അനുഭവ പാഠം, രണ്ടാനച്ഛന്റെ പീഡനത്തിനിരായ പെൺകുട്ടിയുടേയും അമ്മയുടേയും ജീവിതം വരച്ചുകാട്ടിയപ്പോൾ, മറ്റനേകംപേർ, കണ്ണുകാണാത്ത അമ്മയുടെ കാഴ്ചയുടെ സൗഭാഗ്യം നഷ്ടപ്പെട്ട മക്കളുടെ കഥയും, വാറ്റു കേന്ദ്രങ്ങൾ അടപ്പിക്കുന്നതിനായി നടത്തിയ പോരാട്ടത്തിന്റെ അനുഭവങ്ങളും , ഇറ്റലിയിലേക്കു പോകാനായത്, വാർദ്ധ്യക്യത്തിന്റെ അവശതകൾക്കിടയിലും മനോരോഗിയായ മകന്റെ സംരക്ഷണ ചുമതല നിർവ്വഹിക്കേണ്ടി വരുന്ന വൃദ്ധയായ അമ്മയുടെ അനുഭവം, ആത്മഹത്യയിൽ നിന്നും ജീവിതത്തിലേക്ക് ചുവടുവയ്ക്കാനായത്, ഇങ്ങനെ എടുത്തു പറയേണ്ട എത്രയെത്ര സാക്ഷ്യങ്ങൾ മിഴിവോടെ നിറഞ്ഞു നിൽക്കുന്നു.

കെൽസവഴി നിയമസാക്ഷരത ക്ലാസ്സ് ലഭ്യമായതിനാൽ കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് എടുത്തുപറയുന്നുണ്ട് ചിലർ.  കമ്പ്യൂട്ടർ പരിജ്ഞാനം നേടാൻ കഴിഞ്ഞതിലൂടെ ജീവിതമാർഗ്ഗം കണ്ടെത്തിയതും , കുടുംബശ്രീ ഗ്രൂപ്പിന്റെ ലാഭം അപ്പാടെ അശരണയായി നിന്ന കുട്ടിയുടെ നല്ല ഭാവിക്കുവേണ്ടി നിക്ഷേപിച്ചതും, സ്നേഹത്തിന്റെയും സൗഹാർദ്ദത്തിന്റെയും നീരുറവുകൾ വറ്റിയിട്ടില്ലായെന്നു തെളിയിക്കുംവിധം ഒറ്റപ്പെടലുകൾക്കും നഷ്ടപ്പെടലുകൾക്കും മറുപടിയായി സ്ത്രീകൂട്ടായ്മ മാറുന്ന ശോഭന സുന്ദരമായ ചിത്രങ്ങൾ, മുട്ടിയവാതിലുകളെല്ലാം കൊട്ടിയടയ്ക്കപ്പെട്ടപ്പോൾ കുടുംബശ്രീയുടെ വാതിൽ തുറന്നുവന്നവെളിച്ചം ജീവിതത്തിലാവാഹിച്ച കഥ, അങ്ങനെ എത്ര എത്ര?

അവഗണനയുടേയും അടിച്ചമർത്തലിന്റേയും അടുക്കളയിൽ നിന്ന് കുടുംബശ്രീയിലേക്ക് വന്ന സ്ത്രീകൾ ഉയർത്തിയ ഒരുമയുടെ സ്വരം രാജ്യത്തിന്റെ വികസന സ്വരമായി മാറിയിരിക്കുന്നു. സ്ത്രീയിലൂടെ കുടുംബത്തിന്റെ , സമൂഹത്തിന്റെ, രാജ്യത്തിന്റെ ഭാവി ശോഭനമാക്കുവാൻ കുടുംബശ്രീ എന്ന സംഘടന ജാതി, മത, വർഗ്ഗ, ,വർണ്ണ , രാഷ്ട്രീയ ഭേദമെന്യേ ഒരു കുടുംബമായി വർത്തിക്കുന്ന ഈ കാഴ്ച ആത്മാഭിമാനത്തോടെ സോദരിമാർ മിഴിവേകി കോറിയിട്ടിരിക്കുന്നു.

ചുരുക്കത്തിൽ ഇവിടെ വിശകലനവിധേയമാക്കിയ ഈ അനുഭവങ്ങൾ പുസ്തകരൂപത്തിൽ പുറത്തിറങ്ങിയപ്പോൾ അത് വായനാലോകത്തിന് ഒരു നവ്യാനുഭൂതിയാണ് പ്രദാനം ചെയ്തത്. ഒഴുക്കിനനുസരിച്ച് നീന്തുകയല്ല, ഒഴുക്കിനെതിരെ നീന്തി വിജയം വരിച്ചവരാണ് ചരിത്രത്തിന്റെ ഏടുകളിൽ മിഴിവോടെ നിന്നിട്ടുള്ളത്. ഇവിടെയും ജീവിത പ്രാരാബ്ധക്കടലിലെ തിരയിലും

ചുഴിയിലും പെട്ട് ഉഴലുന്നവർക്ക് പിടിവള്ളിയായി മാറിയ 'കുടുംബശ്രീ' ചരിത്രത്തിന്റെ ഏടുകളിൽ തങ്കലിപികളാൽ തന്നെ എഴുതപ്പെടും എന്ന കാര്യത്തിൽ രണ്ടു പക്ഷമില്ല.

"ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം " എന്ന പഴമൊഴി ഓർത്തുകൊണ്ട് ഒരുമയിലൂടെ 'കുടുംബശ്രീ' കൂട്ടായ്മയിലൂടെ ജീവിത വിജയം കൈവരിച്ച ഈ നേട്ടങ്ങൾ ചെറുതായി കാണാൻ കഴിയില്ല. ജി.എസ്സ്.എൽ.പിയുടെ സ്വാധീനം പല അനുഭവങ്ങളിലും കാണാൻ കഴിഞ്ഞു. ബസിൽ പെൺകുട്ടിയെ പീഡിപ്പിക്കാൻ ശ്രമിച്ചയാളിനെ പോലീസിൽ ഏൽപ്പിച്ചത്, സ്ത്രീകളുടെ സീറ്റ് ഒഴിപ്പിച്ചത്, പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ സഹായം, രക്തദാനം ഉൾപ്പടെയുള്ള മഹത്തായ കാര്യങ്ങൾ തുടങ്ങി എത്രയോ അനുഭവങ്ങൾ ഇതിൽ ഇതൾ വിരിയുന്നു. ഇവിടെ അക്ഷരജ്ഞാനമില്ലാത്തവർ, അനുഭവജ്ഞാനമുള്ളവർ, അവരുടെ അനുഭവകഥകൾ ആത്മകഥകകളായി തന്നെ ആവിഷ്കരിച്ചിരിക്കുന്നു.

കുടുംബശ്രീ പ്രവർത്തനത്തിലൂടെ സാമൂഹിക പദവിയിൽ, നേതൃത്വശേഷിയിൽ, സ്വയം തീരുമാനമെടുക്കുന്നതിൽ, വിദ്യാഭ്യാസതീരുമാനത്തിൽ , പരസ്പരസഹകരണത്തിൽ , സധൈര്യം പ്രശ്നങ്ങളിൽ ഇടപെടുന്നതിൽ , സാമ്പത്തികം കൈകാര്യം ചെയ്യുന്നതിൽ , കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതിൽ, സാമൂഹ്യസേവനമനോഭാവത്തിൽ, പഞ്ചായത്ത് സാരഥ്യം വഹിക്കുന്നതിൽ , എഡിഎസ്സ്, സിഡിഎസ്സ് സാരഥ്യം വഹിക്കുന്നതിൽ ഇങ്ങനെ എത്രയെത്ര സേവന രംഗങ്ങളിൽ വിജയം വരിച്ച കഥകൾ ഇതിൽ കാണാം.

ഒന്നുറപ്പാണ് ഈ പുസ്തകത്തിൽ വിവരച്ചിരിക്കുന്ന അനുഭവപാഠങ്ങൾ യാഥാർത്ഥ്യത്തിന്റെ ഒരു പുതിയലോകം നമുക്കുമുന്നിൽ തുറന്നുവയ്ക്കും- പച്ച യായ യാഥാർത്ഥ്യത്തിന്റെ നോവുകളുറങ്ങുന്ന താളുകളിലേക്ക് യാത്രയാകാം

...................

# *തൂവൽസ്പർശം*

1

***ബിന്ദുലേഖ***
പിറവന്തൂർ ഗ്രാമപഞ്ചായത്ത്
കുടുംബശ്രീ സിഡിഎസ്സ്

കൊല്ലം ജില്ലയിലെ പത്തനാപുരം ബ്ളോക്കിൽ പിറവന്തൂർ ഗ്രാമപഞ്ചായത്തിലെ മുൻ സിഡിഎസ്സ് ചെയർപേഴ്സണായ ഞാൻ കുടുംബശ്രീ സംടനാ സംവിധാനത്തിൽ വന്നതിന് ശേഷം എനിക്കുണ്ടായ അനുഭവം എഴുതുവാൻ പേപ്പറും പേനയുമെടുത്തപ്പോൾ എവിടെ നിന്ന് തുടങ്ങണമെന്ന ആശങ്കയിലാണ്. പത്ത് വർഷത്തിനിടയിൽ എന്റെ ജീവിതത്തിൽ ഞാൻ ഇടപെട്ടതും അതിലൂടെ എനിക്ക് ഉണ്ടായ അനുഭവങ്ങളും അതിൽ നിന്നുള്ള തിരിച്ചറിവുമാണ് എനിക്കൊരു വ്യക്തിത്വം ഉണ്ടാക്കുവാൻ ഉപരിച്ചത്.

എന്റെ ഭർത്താവും ഞാനും രണ്ട് പെൺമക്കളും അടങ്ങുന്നതാണ് എന്റെ കുടുംബം. സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിലായിരുന്നു ഞാൻ. എന്നാൽ കാര്യങ്ങൾ കൂട്ടായി ആലോചിച്ച് വളരെ സന്തോഷമായി കഴിയുന്ന കുടുംബമായിരുന്നു എന്റേത്. അയൽപക്കത്തെ ശാന്തമ്മ ചേച്ചിയാണ് എന്നെ അയൽക്കൂട്ടത്തിലേക്ക് കൊണ്ടു വന്നത്. ആദ്യം ഇതിൽ ചേരുന്നതിന് ഒരു മടിയുണ്ടായിരുന്നു. കാരണം അന്നൊക്കെ നാട്ടിൽ കുടുംബശ്രീ എന്ന് പറഞ്ഞാൽ 'നുണശ്രീ' എന്നു പറഞ്ഞ് ഈ പ്രസ്ഥാനത്തെ കളിയാക്കുമായിരുന്നു. 2003 ഫെബ്രുവരി 8–ാം തീയതി 15 അംഗങ്ങൾ ചേർന്ന് തനിമ കുടുംബശ്രീ രൂപീകരിച്ചു. ഞാൻ യൂണിറ്റ് സെക്രട്ടറിയായിരുന്നു. ഞങ്ങൾ അംഗങ്ങൾ കൂട്ടായ്മയോടെ മുന്നോട്ട് പോയി. സംഘം ആറ് മാസം കഴിഞ്ഞ് ഗ്രേഡ് ചെയ്തു. സംഘത്തിന്റെ ഫ്രവർത്തനം മനസ്സിലാക്കി 25000 രൂപ ബാങ്ക്ലോൺ തന്നു. ഞങ്ങൾ അത് ആവശ്യക്കാരായ 5 പേർക്ക് നൽകി. ആ സമയത്ത് കുടുംബശ്രീയുടെ എസ്സ്.സി.എ ഫണ്ട് ഉപയോഗിച്ച് പരിശീലനം നടക്കുന്നു എന്ന് കുടുംബശ്രീയിൽ നിന്നും അറിയിപ്പ് കിട്ടി. ബാഗ് നിർമ്മാണം, സോപ്പ്, ലോഷൻ, മെഴുക് തിരി, സ്ക്വോഷ്, സാരിപ്രിന്റിംഗ് തുടങ്ങിവ ആയിരുന്നു പരിശീലനം. ഞങ്ങളുടെ സംഘത്തിലെ 5 പേർ ഇതിലെ ഓരോ പരിശീലനത്തിലും പങ്കെടുത്തു. ഞാൻ ബാഗ് നിർമ്മാണ പരിശീലനത്തിലാണ് പങ്കെടുത്തത്. എനിക്ക് മെഷീൻ ചവിട്ടാൻ പോലും അിറയില്ലായിരുന്നു. ഈ പരിശീലനത്തിനുവേണ്ടി അടുത്ത വീട്ടിൽ പോയി മെഷീൻ ചവിട്ടാൻ പഠിച്ചതിന് ശേഷമാണ് പരിശീലനത്തിൽ പങ്കെടുത്തത്. ഈ പരിശീലനം എന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായി. എനിക്ക് കിട്ടിയ പരിശീലനം എന്റെ സംഘത്തിലെ മറ്റ് അംഗങ്ങൾക്ക് നൽകുകയും ഇന്ന് രണ്ട് പേർക്ക് അത് ഒരു ജീവിതമാർഗ്ഗമാവുകയും ചെയ്തു.

എനിക്ക് ലഭിച്ച ബാഗ് നിർമ്മാണം ഞാൻ മെച്ചപ്പെടുത്തി. ബാഗുകൾ നിർമ്മിച്ച് എന്റെ പഞ്ചായത്തിലും ജില്ലയിലും മറ്റ് ജില്ലയിലും എന്തിന് പറയുന്നു ഗൾഫിൽ വരെ കൊടുത്ത് വിറ്റഴിക്കുവാൻ എനിക്ക് സാധിച്ചു. ഈയൊരു വരുമാനം എന്റെ ജീവിതത്തിൽ വലിയ സാമ്പത്തികനേട്ടമുണ്ടാക്കി. കൂടാതെ തൊട്ടടുത്തുള്ള പഞ്ചായത്തുകളിൽ പോയി പരിശീലനം

നൽകുകയും അതുവഴി പലർക്കും സ്ഥിരമായ ഒരു വരുമാനമാർഗ്ഗം ഉണ്ടാക്കി കൊടുക്കുവാനും എനിക്ക് കഴിഞ്ഞു. പുനലൂർ മുനിസിപ്പാലിറ്റിയിൽ വച്ച് സംരംഭകരുടെ ഒരു മീറ്റിംഗ് ജില്ലാതലത്തിൽ വിളിച്ചുകൂട്ടിയപ്പോൾ 58 വയസ്സുള്ള ശാന്ത എന്ന ഒരമ്മ എഴുന്നേറ്റ് നിന്ന് അവരുടെ അവഭവം പറഞ്ഞത് ഇങ്ങനെയായിരുന്നു. ''മാസം തോറും 1000 രൂപ വേണം എനിക്ക് മരുന്നു വാങ്ങുവാൻ. മക്കളുടെ മുമ്പിൽ കൈ നീട്ടാതെ സ്വന്തമായി ഞാൻ അദ്ധ്വാനിച്ച് മരുന്ന് വാങ്ങി കഴിക്കുവാൻ ഇന്ന് എനിക്ക് കഴിയുന്നു. അതിന് എന്നെ പ്രാപ്തമാക്കിയത് ബിന്ദുലേഖയാണ്'. അത് പറയുമ്പോൾ അവരുടെ കണ്ണ് നിറഞ്ഞിരുന്നു. ഞാൻ ഉൾപ്പെടെ അവിടെയിരുന്ന എല്ലാവരുടേയും കണ്ണ് നനയിപ്പിച്ച വാക്കുകൾ.................അത് എന്റെ ഒരു വലിയ അനുഭവം ആയിരുന്നു.

എന്റെ അയൽക്കൂട്ട അംഗങ്ങൾക്ക് കിട്ടിയ ഓരോ പരിശീലനവും ഞങ്ങൾ പരസ്പരം പങ്കുവച്ച് ഒരു വലിയ സംരംഭത്തിന് കുടക്കമിട്ടു തനിമ വ്യവസായ യൂണിറ്റ് എന്ന നാമത്തിൽ. പുന്നല എസ്സ്.ബി.റ്റി. മുഖേന ഈ യൂണിറ്റ് ആരംഭിക്കുവാൻ 90000 രൂപ ലോണും, 90000 രൂപ ജില്ലാമിഷൻ 9 പേർക്ക് സബ്സിഡിയും തന്നു. ആദ്യമായിട്ടാണ് പിറവന്തൂർ പഞ്ചായത്തിൽ കുടുംബശ്രീ വഴി സംരംഭതതിന് സബ്സിഡി ലഭിക്കുന്നത്. ആ പൈസ ഉപയോഗിച്ച് ശിവകാശിയിൽ പോയി ലേബൽ ഉണ്ടാക്കി മധുരയിൽ പോയി മെഴുക്, സോപ്പ് നിർമ്മാണത്തിന് ആവശ്യമായ സാധനങ്ങൾ കോയമ്പത്തൂരിൽ നിന്നും ബാഗ് നിർമ്മാണത്തിന് ആവശ്യമായ തുണിത്തരങ്ങൾ, മെഷീനുകൾ എല്ലാം വാങ്ങി. എല്ലാത്തിനും ലേബൽ ഉൾപ്പെടെ തനിമ ലോഷൻ, തനിമ 3 ഇൻ വൺ അഗർബത്തി, തനിമ ക്യാൻഡിൽസ്, സോപ്പ് പൊടി, ബാഗുകൾ തുടങ്ങിയ സാധനങ്ങൾ ബാങ്കുകൾ , വീടുകൾ, പഞ്ചായത്തുകൾ ജില്ലാതല കുടുംബശ്രീ ചന്തകൾ വഴി ഞങ്ങൾ വിറ്റഴിക്കുവാൻ തുടങ്ങി. ആ ഒരു വരുമാനം ഞങ്ങളുടെ എല്ലാവരുടേയും ജീവിത നിലവാരം ഉയർത്തി.

തനിമ വ്യവസായ യൂണിറ്റിനെ ഈ പഞ്ചായത്തിലെ ഏറ്റവും മികച്ച സംരംഭക യൂണിറ്റായി മാറ്റുന്നതിനും പ്രാദേശിക ചാനലുകൾ, പത്രങ്ങൾ,ഡൽഹി ദൂരദർശൻ അടക്കം ഞങ്ങളുടെ പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്തു. അസൂയാലുക്കളായ ചിലർ ഞങ്ങളുടെ യൂണിറ്റിൽ വിഷയങ്ങൾ ഉണ്ടാക്കുകയും പേരുവയ്ക്കാതെ എന്നെയും എൻറെ കുടുംബത്തെയും അപകീർത്തിപ്പെടുത്തുന്ന ഒരു നോട്ടീസ് ഇറക്കുകയും ചെയ്തു. സംഘത്തിനുള്ളിലെ രണ്ടു പേരെ ഉപയോഗിച്ച് പഞ്ചായത്തിൽ പരാതി നൽകുകയും അവിടെയും ഒരു തെറ്റ് കണ്ടുപിടിക്കാതെ വന്നപ്പോൾ ചില രാഷ്ട്രീയക്കാരുടെ സഹായത്തോടുകൂടി ലോകായുക്തിൽ പരാതി കൊടുക്കുകയും ചെയ്തു. എന്നാൽ ഈ പരാതികളും കേസുകളും എല്ലാം സംഘത്തിന് അനുകൂലമായി വരുകയും ചെയ്തു. അപകീർത്തിപ്പെടുത്തുന്ന നോട്ടീസ് ഇറങ്ങിയപ്പോൾ സ്ത്രീയെന്ന നിലയിലുള്ള ആ മാനസികാവസ്ഥയിൽ നിന്നും എനിക്ക് കരകയറുവാൻ ദിവസങ്ങൾ വേണ്ടി വന്നു. അപ്പോഴെല്ലാം മാനസ്സികമായ പിൻതുണയും ധൈര്യവും നൽകുവാൻ എന്റെ സംഘത്തിൽ ഉള്ളവരും സമൂഹത്തിലെ ചില നല്ല മനസ്സുള്ളവർക്കും കഴിഞ്ഞിട്ടുള്ളത് ഈ വേളയിൽ സ്മരിക്കുകയാണ്.

തുടർന്ന് തനിമ യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോഴാണ് കുടുംബശ്രീ തിരഞ്ഞെടുപ്പ് വരുന്നത്. അപ്പൊഴെല്ലാം അപകീർത്തിപ്പെടുത്തുന്നതിനും രണ്ട് പ്രാവശ്യം എഡിഎസ്സ് തിരഞ്ഞെടുപ്പ് അലംകോലപ്പെടുത്തുന്നതിനും ചിലർക്ക് കഴിഞ്ഞു. എന്നാൽ മൂന്നാം തവണ അലംകോലപ്പെടുത്താനും അപകീർത്തിപ്പെടുത്താനുമുള്ള ശ്രമങ്ങൾക്കിടയിലും ജനാധിപത്യരീതിയിലുള്ള തിരഞ്ഞെടുപ്പ് നടതതുകയും ഞാൻ വിജയിക്കുകയും ചെയ്തു. അതിലൂടെ എന്തെന്നില്ലാത്ത ഒരു വാശിയും മനോധൈര്യവും ആർജ്ജിച്ചുകൊണ്ട് സിഡിഎസ്സ് തിരഞ്ഞെടുപ്പിൽ മത്സരിക്കുകയും വിജയിച്ച് സിഡിഎസ്സ് ചെയർപേഴ്സണായി. രണ്ട് പ്രാവശ്യവും തുടർച്ചയായി ജില്ലയിലെ മികച്ച സിഡിഎസ്സ് ആകുവാൻ കഴിഞ്ഞു. ഏത് അവസ്ഥയിലും മനോബലവും ധൈര്യവും ഉണ്ടെങ്കിൽ ഏതൊരു സ്ത്രീക്കും എല്ലാ അടിച്ചമർത്തലുകളേയും അതിജീവിച്ച് വിജയിക്കുവാൻ കഴിയുമെന്നതിന് ഉദാഹരണമാണ് എന്റെ ഈയൊരു അനുഭവം.

2006–2009 കാലഘട്ടത്തിലാണ് കുടുംബശ്രീ ആശ്രയ പദ്ധതി തുടക്കമിട്ടത്. പഞ്ചായത്തിലെ 156 കുടുംബങ്ങളെ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കിയത്. എന്റെ ജീവിതത്തിൽ മറക്കുവാൻ പറ്റാത്ത ഒരു അനുഭവമാണ് അത്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ ഒരു നേരത്തെ ഭക്ഷണത്തിനുപോലും വകയില്ലാത്തവർ, ഭക്ഷണസാധനം നൽകിയാൽ അത് വച്ച് കഴിക്കുവാൻ ശേഷിയില്ലാത്തവർ, രോഗികൾ, എയ്ഡ്സിനു ഇരയായവർ, ഇവരുടെ ഇടയിലേക്ക് ഇങ്ങിച്ചെല്ലുവാനും അവരുടെ പ്രശ്നങ്ങൾ നേരിട്ട് അറിയുവാനും , സഹായിക്കുവാനും ഈ പദ്ധതി മുഖേനെ സാധിച്ചു. ഇത് പറയുമ്പോഴാണ് ഒരു അനുഭവം ഉണ്ടായത്. ഒരു ദിവസം ഞാൻ കുടുംബശ്രീ ഓഫീസിൽ ഇരിക്കുമ്പോൾ 50 വയസ്സ് തോന്നിക്കുന്ന ഒരു സ്ത്രീ അവരുടെ വാർഡ് മെമ്പറുമായി എന്നെ കാണാൻ വന്നു. അവർക്ക് സംസാരിക്കുവാൻ ബുദ്ധിമുട്ട് ഉണ്ടായിരുന്നു. അവർ പറഞ്ഞു തുടങ്ങി. ഞാൻ ഒരു വിധവയും സുഖമില്ലാത്തവളുമാണ്. എനിക്ക് മക്കളില്ല. എന്നെ സഹായിക്കണം. എന്റെ ഭർത്താവ് മരിച്ചിട്ട് ഒരു വർഷം കഴിഞ്ഞു. അദ്ദേഹത്തിന് എയ്ഡ്സ് ആയിരുന്നു. ആ വിവരം എനിക്ക് അറിയില്ലായിരുന്നു. മരിച്ചപ്പോളാണ് ഞാൻ അറിഞ്ഞത്. അതോടെ നാട്ടുകാർ എന്നെ മറ്റൊരു കണ്ണുവച്ച് കാണുവാൻ തുടങ്ങി. ജീവിക്കുവാൻ വേണ്ടി പശുവിനെ വളർത്തുവാൻ തുടങ്ങി. പക്ഷെ എന്റെ കയ്യിൽ നിന്നും ആരും പാൽ വാങ്ങിച്ചില്ല. പിന്നെ ഞാൻ ആ പശുവിനെ വിറ്റു. എനിക്ക് ജിവിക്കുവാൻ മറ്റ് മാർഗ്ഗമില്ല. അവർ കരയുവാൻ തുടങ്ങി. ഞാൻ അവരെ സമാധാനിപ്പിച്ചു പറഞ്ഞുവിടുകയായിരുന്നു. ആ ഒരു സംംഭവം എന്റെ മനസ്സിനെ വല്ലാതെ വേദനിപ്പിച്ചു. അവരെ എങ്ങനെ സഹായിക്കാമെന്നുള്ളതായിരുന്നു എന്റെ ചിന്ത. ആദ്യം ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി ഭക്ഷണം കൊടുക്കുവാൻ സാധിച്ചു. പിന്നീട് മറ്റൊരു വാർഡിലെ അയൽക്കൂട്ടത്തിൽ അംഗത്വം എടുപ്പിച്ചു. ആ അയൽക്കൂട്ടത്തിലെ ഒരു അംത്തിന്റെ വീട്ടിൽ ടാപ്പിംഗ് ജോലി ഏർപ്പാടാക്കി കൊടുത്തു. തൊഴിലുറപ്പ് പദ്ധതിയിൽ കാർഡ് എടുപ്പിച്ചു. അവർ തൊഴിൽ ചെയ്യുവാൻ തുടങ്ങി. പിന്നീട് സംഘകൃഷിയിൽ ഉൾപ്പെടുത്തി ഇൻസെന്റീവുകൾ, പലിശ സബ്സിഡി ലോൺ എന്നിവ നൽകി. ഇതെല്ലാം അവർക്ക് മാനസികവും ശാരീരികവുമായ മാറ്റങ്ങൾ വരുത്തി. അവരുടെ അയൽക്കൂട്ടത്തിലെ

അംഗങ്ങൾ എല്ലാം സാമ്പത്തികമായും വിദ്യാഭ്യാസപരമായും സമ്പന്നരാണ്. ഞാൻ അവരോട് ആവശ്യപ്പെട്ട് നിങ്ങൾ ഇനി അവരെ എഡിഎസ്സിൽ കൊണ്ടുവരാൻ സഹായിക്കണമെന്ന്. ഇന്ന് ഈ സ്ത്രീ ഒരു എഡിഎസ്സ് അംഗം കൂടിയാണ്. സിഡിഎസ്സിന്റെ ജനറൽബോഡി മീറ്റിംഗിൽ വച്ച് ഈ അടുത്ത ദിവസം ഞാൻ അവരെ കാണുവാൻ ഇടയായി. എന്നെ കെട്ടിപ്പിടിച്ചു. ഞാൻ മാഡത്തെ കാണുവാൻ ഇരിക്കുകയായിരുന്നു എന്നു പറഞ്ഞു. ഇപ്പോൾ എനിക്ക് ഒരുപാട് സന്തോഷമുണ്ട്. ഇന്ന് അവരുടെ ജീവിതത്തിലുണ്ടായ മാറ്റത്തിന് ഒരു കൈ സഹായം നൽകുവാൻ കഴിഞ്ഞതിൽ എനിക്ക് സംതൃപ്തിയുണ്ട്.

സിഡഎസ്സ് ചെയർപേഴ്സണായിരിക്കെ കുര്യോട്ടുമല എസ്സ്.റ്റി. കോളനിയിൽ കടന്ന് ചെന്ന് പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും പ്രശ്നങ്ങൾ മനസ്സിലാക്കി അവരെ സഹായിക്കുവാനും കഴിഞ്ഞതിന്റെ ഭാഗമായി ഒരു സംഭവമുണ്ടായി. എന്നെയും സിഡിഎസ്സ് മെമ്പറായ രജനിയേയും എസ്.ടി കോളനിയിൽ എന്ത് പരിപാടി നടന്നാലും ക്ഷണിക്കാറുണ്ട്. അവരുടെ പ്രശ്നങ്ങളും തുറന്നു പറയും. ഒരു ദിവസം സന്ധ്യാ സമയത്ത് എസ് ടി പ്രൊമോട്ടർ ജയ വിളിയ്ക്കുന്നു. അതിന് മുമ്പ് ജയ എന്നോട് ഒരു കാര്യം സൂചിപ്പിച്ചിരുന്നു. മാഡം ഞങ്ങളുടെ കോളനിയിൽ കഞ്ചാവും വാറ്റ് ചാരായവും പുറത്തുള്ള ഒരാൾ കൊണ്ടുവന്ന് വിറ്റഴിക്കുന്നുണ്ട് . അത്മൂലം പല വീട്ടിലും അടിയും ബഹളവുമാണ്. ഒരാൾ ദിവസവും ഞങ്ങളുടെ കടയുടെ മുമ്പിൽ വന്ന് ചീത്ത വിളിക്കാറുണ്ട് എന്ന്. കടയെന്നു പറയുമ്പോൾ എസ് റ്റി യൂണിറ്റിന് ആർ.എഫ് നൽകി ചായക്കട, പലചരക്ക് കട എന്നിവ തുടങ്ങിയതായിരുന്നു. ഇത് ആ കോളനിയിലെ പുരുഷൻമാർക്ക് ഇഷ്ടമല്ലായിരുന്നു. ഇത് അവരുടെ അനാശാസ്യ പ്രവർത്തനങ്ങൾക്ക് തടസ്സമാകുമെന്നു കണ്ടുകൊണ്ട് സ്ത്രീകളെ അനാവശ്യം പറയുവാൻ തുടങ്ങിയത്. ജയ പല പ്രാവശ്യം എന്നോട് ഇത് സൂചിപ്പിച്ചിരുന്നു. ഞാൻ പറഞ്ഞു നമുക്ക് പരിഹാരമുണ്ടാക്കാമെന്ന്. അങ്ങനെയിരിക്കുമ്പോഴാണ് ജയയുടെ വിളി വീണ്ടു വന്നത്. ഈ സ്ഥിര ശല്യക്കാരൻ അവന്റെ ഭാര്യയെ എടുതതിട്ട് അവശയാക്കി. 4 മാസം പ്രായമുള്ള കുഞ്ഞിനെ എടുത്ത് റോഡിൽ ഇട്ട് ചീത്തയും വിളിച്ച് നിൽക്കുകയാണ് എന്ന് പറഞ്ഞു. ഞങ്ങൾ എന്ത് വേണമെന്ന് ചോദിച്ചു. ഇനി ഒന്നും നോക്കണ്ട അവനെ നിങ്ങൾ തന്നെ കൈകാര്യം ചെയ്യാൻ ഞാൻ പറഞ്ഞു. അവർ കേട്ടപാതി കേൾക്കാത്ത പാതി അഞ്ചാറ് സ്ത്രീകൾ അവനെ പെരുമാറിയതിനുശേഷം കെട്ടിയിട്ടു. ഉടൻ തന്നെ പോലിസിനെ വിളിച്ച് ഏൽപ്പിച്ചു. അവനെ സ്റ്റേഷനിൽ കൊണ്ടുപോയി 3 ദിവസം പോലീസ് കസ്റ്റടിയിൽ വച്ചു. ഒരു പോലിസുകാരനെ കോളനിയിൽ നിരീക്ഷണത്തിന് നിയമിക്കുകയും ചെയ്തു. അതോടെ അവിടുത്തെ കഞ്ചാവും ചാരായവും വിൽപ്പന അവസാനിച്ചു. ആ ഒരു സംഭവത്തിൽ ഇടപെടാനും അതിലൂടെ അവരുടെ ഇടയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശേഷി ഉണ്ടാക്കിക്കൊടുക്കുവാൻ കഴിഞ്ഞല്ലോ എന്ന ചാരിതാർത്ഥ്യം എനിക്കുണ്ടായി.

തുടർച്ചയായി ഞാൻ രണ്ട് തവണ ജില്ലയിലെ മികച്ച ഒന്നാമത്തെ സിഡിഎസ്സ് അവാർഡ് വാങ്ങിയത് എന്റെ ജീവിതത്തിലെ ഒരു നാഴകകല്ലായി. അതിന്റെ ഭാഗമായി ഈ രണ്ട് തവണയും സംസ്ഥാനമിഷന്റെ ആ വലിയ പ്ലാറ്റ്ഫോമിൽ നിന്ന് സ്വന്തം സിഡിഎസ്സിന്റെ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിക്കുവാൻ കഴിഞ്ഞത് എന്റെ ജീവിതത്തിൽ മറക്കുവാൻ

കഴിയാത്ത ഒരു അനുഭവമായിരുന്നു. അവാർഡിന്റെ കാര്യം പറയുമ്പോഴാണ് എന്റെ ജീവിതത്തിൽ ഭാര്യ എന്ന നിലയിൽ എനിക്ക് അനുഭവിക്കേണ്ടി വന്ന വേദന നിറഞ്ഞ നിമിഷം ഓർമയിൽ നിറയുന്നത് ജില്ലയിൽ ആദ്യത്തെ അവാർഡുമായി ബന്ധപ്പെട്ട് സിഡിഎസ്സിന്റെ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിക്കേണ്ട ദിവസം രാവിലെ ഞാൻ പോകുവാൻ ഇറങ്ങുമ്പോൾ എന്റെ ഭർത്താവ് നെഞ്ചിടിച്ച് വീണു, ശ്വാസംമുട്ടലും ഉണ്ടായി. പെട്ടെന്ന് ഞാൻ വെള്ളം കൊണ്ടു കൊടുത്തു. അദ്ദേഹത്തിനെ ആശുപത്രിയിൽ കൊണ്ടു പോകുകയും വേണം. എനിക്ക് എന്തു ചെയ്യണമെന്ന് അറിയാത്ത അവസ്ഥ. ഞാൻ ഭയന്നുപോയി.! റിപ്പോർട്ടിംഗിന് പോകുന്നില്ല എന്ന് പറഞ്ഞു. അദ്ദേഹം എന്നോട് പറഞ്ഞു ''നീ ധൈര്യമായിട്ട് പോയിവാ. ഞാൻ ആരെയെങ്കിലും കൂട്ടി ആശുപകത്രിയിൽ പോകാമെന്ന്''. ഞാൻ വളരെ സങ്കടത്തോടെയാണ് റിപ്പോർട്ടിംഗിന് പോയത്. ആ ഒരു അവസ്ഥയിൽ നിന്ന് സിഡിഎസ്സിന്റെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും അന്നു തന്നെ അവാർഡ് പ്രഖ്യാപിച്ചപ്പോൾ പിറവന്തൂർ സിഡിഎസ്സിന് ഒന്നാം സ്ഥാനം ലഭിക്കുകയും ചെയ്തു. അതിൽ നിന്ന് എനിക്ക് ഒരു മനോബലം ഉണ്ടാക്കുകയും ഏത് പ്രതിസന്ധിയെയും തരണം ചെയ്യുവാനുള്ള ആത്മവിശ്വാസം കിട്ടുകയും ചെയ്തു. എന്നെ ഈ പ്രസ്ഥാനത്തിലേക്ക് ഇറക്കി വിടാനും അയൽക്കൂട്ട രൂപീകരണം മുതൽ സിഡിഎസ്സ് ചെയർപേഴ്സൺ സ്ഥാനത്ത് നിന്ന് ഞാൻ ചെയ്തിരുന്ന ഓരോ പ്രവർത്തനത്തിനും താങ്ങായും തണലായും എല്ലായിപ്പോഴും എല്ലാ പിന്തുണയും സമയാസമയങ്ങളിൽ നൽകിയതും എന്റെ ഭർത്താവായിരുന്നു. എന്നെ പോലെയുള്ള ഒരു സ്ത്രീയുടെ വിജയമെന്ന് പറയുന്നത് കുടുംബത്തിൽ ഉള്ളവരുടെ പിന്തുണയാണ്. എന്നാൽ മാത്രമേ മുമ്പോട്ട് പോകുവാൻ കഴിയുകയുള്ളൂ. അവസാനം ചെയർപേഴ്സൺ സ്ഥാനം ഒഴിയുന്നതിനുമുൻപ് പഞ്ചായത്തിൽ ഒരു സമഗ്ര പ്രോജക്ട് എടുക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നു. അങ്ങനെ ജില്ലാമിഷന്റെ നിർദ്ദേശത്തോടുകൂടിയും പഞ്ചായത്തിന്റെ സഹായത്തോടും സർക്കാരിന്റേ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായിട്ടുള്ള ആട്ഗ്രാമപദ്ധതി പിറവന്തൂർ പഞ്ചായത്തിൽ 80 കുടുംബങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് പ്രോജക്ട് തയ്യാറാക്കി നൽകി.

ഞാൻ ചെയർപേഴ്സണായി സേവനം അനുഷ്ഠിക്കുമ്പോഴും ഒരു സംരംഭകയായും ജില്ലമിഷന്റെ ആർ.പിയായും പ്രവർത്തിച്ചു. ആ ഒരു പ്രവർത്തനം പല മേഖലകളിലും കടന്നു ചെല്ലുവാനും അതിലൂടെ എനിക്ക് കിട്ടിയ അറിവ്, അനുഭവം, ആത്മവിശ്വാസം ഇതെല്ലാം എന്നിൽ ഒരു നേതൃത്വശേഷി ഉണ്ടാക്കിയെടുക്കുവാൻ കഴിഞ്ഞു. അത് സമൂഹത്തിൽ എനിക്കും ഒരു സ്ഥാനം ഉണ്ടാക്കിയെടുക്കുവാൻ സാധിച്ചു.

ഒരിക്കൽ പഞ്ചായത്തിലെ ഒരു ഉദ്യോഗസ്ഥൻ എന്നോട് ചോദിച്ചു ''കുടുംബശ്രീയില്ലാതെ ജീവിക്കുവാൻ സാധിക്കല്ലല്ലോ തനിക്ക്! അടുത്ത ജന്മവും സ്ത്രീയായി ജനിക്കണമേ എന്ന് പ്രാർത്ഥിക്കണമെന്ന്''. ഈ ജീവിതത്തിൽ കിട്ടിയ ഏറ്റവും വലിയ നേട്ടമെന്ന് പറയുന്നത് ധാരാളം നല്ല സുഹൃത്തുക്കളെ എനിക്ക് സമ്പാദിക്കുവാൻ കഴിഞ്ഞു എന്നതാണ്. അതുപോലെ ഏതു സമയത്തും ഏതു സ്ഥലത്തും യാത്ര ചെയ്യുവാൻ എനിക്ക് ധൈര്യം ലഭിച്ചത് ഈ പ്രസ്ഥാനത്തിൽ കടന്നു വന്നതിനു ശേഷമാണ്.

ഈ പ്രസ്ഥാനം എന്റെ ജീവനാണ്, ജീവിതമാണ്. ഇതിനെ ആരും മോശമാക്കാനോ നശിപ്പിക്കുവാനോ ശ്രമിച്ചാൽ എന്നെപ്പോലുള്ളവർക്ക് ഇത് സഹിക്കുവാൻ കഴിയില്ല. ഇന്ന് ധാരാളം സ്ത്രീകൾക്ക് ജീവിതമാകുന്നു, കരുത്താകുന്നു കുടുംബശ്രീ. ഇന്ന് പല സംഘടനകളും സ്ത്രീശാക്തീകരണത്തെക്കുറിച്ച് ക്ലാസ്സെടുക്കുവാൻ എന്നെ വിളിക്കാറുണ്ട്. ഈ സംഘടനാസംവിധാനത്തിൽ നിന്നും ആർജ്ജിച്ച കഴിവും ശേഷിയുമാണ് ഇപ്പോൾ കൊല്ലം ജില്ല കർമ്മ ട്രെയിനിംഗ് ഗ്രൂപ്പിന് രൂപം നൽകുവാനും അതിനെ നയിക്കുവാനും ഞാൻ ഉൾപ്പെടുന്ന 10 സ്ത്രീകൾക്ക് കഴിഞ്ഞത്. ഇതിലൂടെ ഞങ്ങൾ ഈ പ്രസ്ഥാനത്തെ കണ്ണിലെ കൃഷ്ണമണി പോലെ കാത്തു സൂക്ഷിക്കുമെന്ന് ഉറപ്പുതന്നു കൊണ്ട് നിർത്തുന്നു.

## *വളർന്ന് ഞാനൊരു വസന്തമായി..........*

2

*ജെം,*

ഇളമാട് ഗ്രാമപഞ്ചായത്ത്

കുടുംബശ്രീ സി.ഡി.എസ്സ്.

അമ്പലവും, ആൽത്തറയും, നിറയെ താമരപ്പുവ് ചൂടിയ അമ്പലക്കുളവും, തെങ്ങിൻതോപ്പുകളും വയലലകളും ചെറുതോടുകളുംകൊണ്ട് ഗ്രാമീണഭംഗി വിളിച്ചോതുന്നതും നയനമനോഹരവും ദേവീകടാക്ഷത്താൽ അനുഗ്രഹീതവുമായ ഇളമാട് എന്ന കൊച്ചുഗ്രാമത്തിലാണ് ഞാൻ ജനിച്ചത്.

ഓ! എന്നെ പരിചയപ്പെടുത്തിയില്ല. സ്വന്തംപേര് വെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത എന്നെ ഈ അനുഭവകുറിപ്പ് വായിക്കുന്ന എല്ലാ കൂട്ടുകാർക്കും ജെം എന്നു വിളിക്കാം. ഒരു ഇടത്തരം കുടുംബത്തിൽ പട്ടാളച്ചിട്ടയുള്ള ഒരു അച്ചന്റെ ശിക്ഷണത്തിൽ വളർന്ന എനിക്ക് സാമാന്യം നല്ല വിദ്യാഭ്യാസം ഉണ്ടായിരുന്നെങ്കിലും പുറം ലോകവുമായുള്ള ബന്ധമോ, ഒരുപാട് കൂട്ടുകാരോ ഉണ്ടായിരിന്നില്ല.

വിവാഹശേഷം മക്കളും കുടുംബപ്രശ്നങ്ങളും ഒക്കെയായി എനിക്ക് വീട്ടിൽതന്നെ ഒരുങ്ങിക്കൂടേണ്ടിവന്നു. ആകെ ഉള്ള കൂട്ട് എന്റെ അമ്മ മാത്രമായിരുന്നു. ഇങ്ങനെ ജീവിതം മുന്നോട്ട്പോകുന്ന അവസരത്തിലാണ് സ്ത്രീശക്തി പ്രസ്ഥാനം നിലവിൽ വരുന്നത്. അടുത്തവീട്ടിലെ കുറേസ്ത്രീകൾ ചേർന്ന് ഒരു അയൽക്കൂട്ടം രൂപീകരിക്കാൻ തീരുമാനിച്ചു.

അമ്മയുടെ നിർബന്ധപ്രകാരം ഞാനും ആ യൂണിറ്റിൽ അംഗമായി. ഒരു വർഷം മാത്രമേ ആ യൂണിറ്റിൽ പ്രവർത്തിക്കാൻ എനിക്ക് കഴിഞ്ഞുള്ളു. കാരണം ആ സ്ഥലത്തുനിന്നും ഇളമാട് പഞ്ചായത്തിൽതന്നെ ഉള്ള മറ്റൊരു സ്ഥലത്തേക്ക് എനിക്ക് താമസം മാറേണ്ടതായി വന്നു.

ഇനിയാണ് എൻരെ അനുഭവകഥ ആരംഭിക്കുന്നത്. ഞാൻ പുതുതായി താമസം തുടങ്ങിയ വീടിന്റെ പരിസരത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു കുടുംബശ്രീ യൂണിറ്റ് സെക്രട്ടറി ജോലികിട്ടിപ്പോയി എന്ന കാരണത്താൽ പ്രവർത്തനം നിലച്ചുകിടന്നിരുന്നു. യൂണിറ്റിന്റെ മുന്നോട്ടുള്ള പ്രവർത്തനത്തിന് സെക്രട്ടറി കൂടിയേതീരുമായിരുന്നുള്ളു. ആ യൂണിറ്റിലെ പ്രസിഡന്റും വോളന്റിയർമാരും ചേർന്ന് എന്നെ വന്ന് കണ്ട് യൂണിറ്റിന്റെ സെക്രട്ടറി സ്ഥാനത്തേക്ക് എന്നെ ക്ഷണിച്ചു.

പുതിയ സ്ഥലവും, വീടും, മക്കൾ സ്കൂളിൽപോയാൽ ഞാൻ പകൽസമയം ഒറ്റക്ക്. കൂട്ടിന് പറയത്തക്ക ആരും ഇല്ല. പുതിയ യൂണിറ്റിൽ സെക്രട്ടറി സ്ഥാനത്തേക്ക് ചേരുന്നതിൽ എനിക്കും സന്തോഷംതോന്നി. കൂട്ട് കൂടാൻ കുറച്ച് സ്ത്രീകളും. വീണ്ടും അക്ഷരങ്ങളും അക്കങ്ങളും ഒക്കെയായി ഞാൻ ആ യൂണിറ്റിന്റെ സെക്രട്ടറി സ്ഥാനം ഏറ്റെടുത്ത് വളരെ നല്ല രീതിയിൽ പ്രവർത്തിച്ച് തുടങ്ങി.

ഒരു വർഷം പിന്നിട്ടപ്പോൾ എല്ലാ അംഗങ്ങളുടേയും അഭിപ്രായപ്രകാരം യൂണിറ്റഇൽ ബാങ്ക് ലോൺ എടുത്ത് സംരംഭം ആരംഭിക്കാൻ തീരുമാനിച്ചു. 25,000/- രൂപ ബാങ്ക് ലോൺ എടുത്ത് വീട്ടാവശ്യത്തിനുള്ള സാധനങ്ങളും, തുണിത്തരങ്ങളും ഒക്കെയായി ഒരു കച്ചവടം തുടങ്ങി. യൂണിറ്റിൽ ഉള്ള അംഗങ്ങളും പരിസരവാസികളും ഒക്കെ നല്ലരീതിയിൽ സഹകരിച്ചു. പൈസ പിരിഞ്ഞുകിട്ടുന്നതനുസരിച്ച് ബാങ്ക്ലോൺ തിരിച്ചടച്ചുകൊണ്ടിരുന്നു.

ഈ അവസരത്തിൽ സെക്രട്ടറിയായ ഞാൻ അറിയാതെ യൂണിറ്റ് പ്രസിഡന്റും ധനകാര്യ വോളന്റിയറും ചേർന്ന് ബാങ്കിൽനിന്നും ഒരു വലിയ തുക ലോൺഎടുക്കാൻ തീരുമാനിച്ചു. അവർ ബ്ലോക്ക് ഓഫീസിൽനിന്നും എം.എസ് നേയും വി.ഇ.ഒ ഇവരെ യൂണിററിൽ കൊണ്ടുവന്നു. ഇതോന്നും (പുതിയലോൺ വിഷയം) അറിയാത്ത ഞാൻ എം.എസ്, വി.ഇ.ഒ ഇവരുടെ മുന്നിൽ പഴയ ലോമ് നിലവിലുള്ള കാര്യവും അംഗങ്ങൾ ആരും പുതിയ ലോമ് എടുക്കുന്ന കാര്യം അിറഞ്ഞിട്ടില്ല എന്നും പഴയ ലോൺ അടച്ചു തീർക്കാതെ പുതിയ ലോണിന് സെക്രട്ടറി സ്ഥാനത്ത് ഒപ്പിട്ട് ബാക്കിയുള്ള അംഗങ്ങളെ പറ്റിക്കാൻ ഞാൻ തയ്യാറല്ല എന്നും തുറന്നുപറഞ്ഞു.

പഴയ ലോൺ അടച്ച് തീർത്ത് എല്ലാ അംഗങ്ങളേയും വിളിച്ചുകൂട്ടി കമ്മിറ്റികൂടി പുതിയ ലോൺ എടുക്കുന്ന വിഷയം തീരുമാനം എടുത്തിട്ട് ഞങ്ങളെ വിളിച്ചാൽ മതി എന്നുപറഞ്ഞ് എം.എസ്സും, വി.ഇ.ഒയും തിരികേപോയി. സത്യം പറഞ്ഞു എന്ന കാരണത്തിന് യൂണിറ്റ് പ്രസിഡന്റും വരുമാനദായക വോളന്റിയറും എന്റെ നേരെ തിരിഞ്ഞു. എന്നെ വച്ചേക്കില്ല വെറുതെവിടില്ല എന്നൊക്കെ ആയി.

പഞ്ചായത്തിലും പൊതുരംഗത്തും ഒക്കെ നല്ല പിടിപാടുണ്ടായിരുന്ന യൂണിറ്റ് പ്രസിഡന്റും വരുമാന ദായകവോളന്റിയറും ചേർന്ന് കമ്മിറ്റി വിളിച്ചുകൂട്ടി. വാർഡ്മെമ്പർകൂടി പങ്കെടുത്ത ആ കമ്മിറ്റിയിൽവച്ച് എന്നെ ആ യൂണിറ്റിൽനിന്നും പിരിച്ചുവിട്ടു. പഴയ വോൺ അടച്ചുതീർക്കാതെ പുതുതായി വലിയ തുക ലോൺ എടുത്ത് യൂണിറ്റിലെ അംഗങ്ങളെ ചതിക്കാൻ ഞാൻ കൂട്ട് നിൽക്കില്ല എന്ന പറഞ്ഞതായിരുന്നു എന്നെ പിരിച്ചുവിടാനുണ്ടായ കാരണം. യൂണിറ്റിന്റെ ഉയർച്ചയ്ക്ക് തടസ്സം നിന്നു എന്നാണ് അവർ എന്നിൽ ആരോപിച്ച കുറ്റം.

ലോൺ എടുത്ത് കച്ചവടം നടത്തിയ വ്യവസ്ഥയിൽ ലാഭം കിട്ടിയ തുകയോ സമ്പാദ്യത്തിന്റെ പലിശയോ ഒന്നും എനിക്ക് തന്നില്ല. ഞാൻ അടച്ച സമ്പാദ്യതുക മാത്രം ഒരുമാസത്തിനുശേഷം എനിക്ക് കിട്ടി. ഇനി കുടുംബശ്രീ എന്ന പ്രസ്ഥാനത്തിലേ ഇല്ല എന്ന് അന്ന് ഞാൻ തീരുമാനിച്ചു. അംഗങ്ങളുടെ നന്മ മാത്രം പ്രതീക്ഷിച്ചു നിലകൊണ്ട എന്നെ പിരിച്ചുവിടരുത് എന്ന് ഒരു അംഗംപോലും പറഞ്ഞില്ല എന്നതായിരുന്നു എന്നെ ഏറെ സങ്കടത്തിലാക്കിയത്.

പക്ഷെ വിധി എന്റെ തീരുമാനത്തെ മാറ്റിമറിച്ചു. ഞാൻ താമസിക്കുന്ന പ്രദേശത്ത് ഒരു കുടുംബശ്രീ യൂണിറ്റിലും ഇല്ലാത്ത കുറേ സ്ത്രീകൾ ഉണ്ടായിരുന്നു. അവരെല്ലാം കൂടി എന്നെ വന്നുകണ്ടു. ഞങ്ങൾക്ക് ഒരു പുതിയ യൂണിറ്റ് വിളിച്ച് കൂട്ടിതരണം. നീ തന്നെ സെക്രട്ടറി ആവണം. നിന്റെ നന്മ ഞങ്ങൾക്ക് മനസ്സിലാകും ഞങ്ങളെല്ലാവരും നിന്റെയൊപ്പം നിൽക്കാം

എന്നൊക്കെ പറഞ്ഞ് ഏറെ നിർബന്ധിച്ച് എന്നെ വീണ്ടും കുടുംബശ്രീ പ്രസ്ഥാനത്തിലേക്ക് കൈപിടിച്ച് ഇറക്കിക്കൊണ്ടുവന്നു.

എന്റെ രണ്ടാവരവ് ഏറെ പ്രശ്നങ്ങൾ ഉണ്ടാക്കി. എന്നെ പിരിച്ചുവിട്ട യൂണിറ്റിന്റെ പുതിയ സെക്രട്ടറിയും പ്രസിഡന്റും കൂടി പ്ചായത്തിലും ബാങ്കിലും ഒക്കെ പരാതി നൽകി. പഴയ യൂണിറ്റിൽ ബാങ്ക് ലോൺ എടുത്ത് സെക്രട്ടറി സ്ഥാനത്ത് ഒപ്പിട്ടു എന്ന കാരണത്താൽ ഞാൻ ബാങ്കിലും യൂണിറ്റിലും ബാധ്യത ഉള്ളവളാണ് അതിനാൽ പുതിയ യൂണിറ്റിൽ ചേരാൻ പറ്റില്ല എന്ന്.

പഞ്ചായത്തിൽ പുതിയ യൂണിറ്റ് രജിസ്റ്റർ ചെയ്യണെങ്കിൽ പഴയയൂണിറ്റിലെ ലോണിന് ഒപ്പിട്ട ബാധ്യത തീർക്കണം എന്നായി. ആ യൂണിറ്റിനോ ബാങ്കിനോ ഒരു പൈസ പോലും ഞാൻ കൊടുക്കാൻ ഉണ്ടായിരുന്നില്ല. പക്ഷേ ലോൺ എടുത്ത് സെക്രട്ടറി സ്ഥാനത്തിട്ട ഒപ്പ്, അത് ഒരു വിഷയം തന്നെയാക്കി അവർമാറ്റി. ബാങ്കിൽ അടയ്ക്കാൻ ഉള്ള ലോൺ തുകയുടെ മൂന്നിൽ ഒന്ന് തുക ഞാൻ കൊടുത്താൽ ബാധ്യതയിൽ നിന്നും ഒഴിവാക്കാം എന്നായിരുന്നു അവരുടെ നിലപാട്.

ഒപ്പിന്റെ വില അന്ന് ആദ്യമായി ഞാൻ മനസ്സിലാക്കി. മൂന്നിൽ ഒന്ന് തുക അടയ്ക്കുന്നതായിരുന്നില്ല വിഷമം. പല ആക്ഷേപങ്ങളും എന്നെക്കുറിച്ച് പുറത്ത് പറഞ്ഞുപരത്തി. ആത്മഹത്യയെപ്പറ്റിരെ ഞാൻ ചിന്തിച്ചു. കഷ്ടകാലം വരുമ്പോൾ മനസ്സറിയാത്ത കാര്യങ്ങൾക്ക് വിഷമിക്കേണ്ടതായിവരും. പക്ഷേ എന്നും വിജയം സത്യത്തിനും നന്മയ്ക്കും തന്നെയാണ്. സത്യവും നീതിയും എവിടെ ഉണ്ടോ അവിടെ ദൈവം ഉണ്ടാകും എന്ന് പറഞ്ഞ് എന്നെ ആശ്വസിപ്പിച്ചത് എന്റെ അമ്മയാണ്.

ബാങ്കിലെ ലോൺ തുകയുടെ മൂന്നിലൊന്ന് തുക അടച്ച് ഞാൻ ബാധ്യതയിൽനിന്നും ഒഴിവായി. പുതിയ കുടുംബശ്രീ യൂണിറ്റ് രജിസ്ററർ ചെയ്തു. പുതിയ യൂണിറ്റിൽ പ്രവർത്തിച്ച് തുടങ്ങിയിട്ട് 9 വർഷം ആയി. 9 വർഷമായി ഞാൻ എൻരെ യൂണിറ്റിൻരെ സെക്രട്ടറി ആണ്. സെക്രട്ടറി സ്ഥാനം വിട്ട്കൊടുക്കാഞ്ഞിട്ടല്ല, ഞാൻതന്നെ മതി സെക്രട്ടറിയായി എന്നത് അംഗങ്ങളുടെ ഉറച്ച തീരുമാനമാണ്. രണ്ട് ഓപ്പറേഷൻ എനിക്ക് നടന്ന സമയത്ത്കൂടി എന്നെ മാറ്റി പകരം ആളെ എടുക്കാൻ യൂണിറ്റ് അംഗങ്ങൽ തയ്യാറായില്ല. എന്റെ യൂണിറ്റിലെ അംഗങ്ങൽ തന്നെയാണ് അമ്മ നഷ്ടപ്പെട്ട ഓപ്പറേഷൻ സമയത്ത് മൂന്ന് മാസം എന്നേയും എന്റെ മക്കളെയും കൂടെനിന്ന് ആഹാരം ഉണ്ടാക്കിതന്നും വസ്ത്രം അലക്കിതന്നുമൊക്കെ പരിചരിച്ചത്.

യൂണിറ്റ് ആരംഭിച്ചിച്ച് 9 വർഷം പിന്നിട്ട ഈ അവസരത്തിനിടയിൽ ഒരുപാട് ത്യാഗങ്ങൾ സഹിക്കേണ്ടിവന്നു. പഴയ വൈരാഗ്യത്തിന്റെ പേരിൽ യൂണിറ്റിന് കിട്ടാനുള്ള പല ആനുകൂല്യങ്ങളും കിട്ടാതെ ആയി. അപ്പോഴെല്ലാം യൂണിറ്റിലെ അംഗങ്ങൾ ആശ്വാസം തന്നു. വിഷമിക്കരുത് ഞങ്ങൾക്ക് ഈ യൂണിറ്റിലെ സമ്പാദ്യവും പലിശയും ബാങ്ക്ലോണും ഒക്കെമതി. നീ ഞങ്ങളോടൊപ്പം ഉണ്ടെങ്കിൽ എല്ലാം തന്നെ വന്ന് ചേരും എന്ന്.

യൂണിറ്റ് അംഗങ്ങൾ പറഞ്ഞത് സത്യമായി. 50–ാം വയസ്സിൽ ക്യാൻസർ എന്ന മാരക രോഗം ബാധിച്ച് മരണക്കിടക്കയിൽ കിടക്കുമ്പോൾ എന്റെ അമ്മയ്ക്ക് ഒരു സങ്കടമേ

ഉണ്ടായിരുന്നുള്ളു. നിർബന്ധിച്ച് എന്നെ കുടുംബശ്രീ എന്ന പ്രസ്ഥാനത്തിൽ ചേർത്തു എന്ന സങ്കടം. എനിക്ക് ചുറ്റും ശത്രുക്കളെ ഉണ്ടാക്കിതന്നിട്ട് എന്നെ തനിച്ചാക്കി പോകുന്നു എന്ന സങ്കടം. പക്ഷേ ഇന്ന്! ഇന്ന എന്റെ യൂണിറ്റിലെ അംഗങ്ങളോടൊപ്പം എന്റെ ഉയർച്ചകണ്ട് പരലോകത്തിരുന്ന് എന്റെ അമ്മ തീർച്ചയായും സന്തോഷിക്കുന്നുണ്ടാകും.

ഇന്ന് ഞാൻ എന്റെ വാർഡിലെ എ.ഡിഎസ് ചെയർപേഴ്സനാണ്, സി.ഡി.എസ്സ്. അംഗമാണ്. എന്റെ വാർഡ് മെമ്പറുടേയും സി.ഡി.എസ്സ് ചെർപേഴ്സൺ ശ്രീമതി.ഷീലാ സജീവിൻരെയും സഹായത്തോടെ ഈ വാർഡിലെ ഒത്തിരി കുടുംബങ്ങൾക്ക് കുടുംബശ്രീവഴി ആനുകൂല്യങ്ങൾ വാങ്ങിക്കൊടുക്കാനും പുതിയ യൂണിറ്റുകൾ വിളിച്ചുകൂട്ടാനും ജെ.എൽ.ജികൾ രൂപീകരിക്കാനും എനിക്ക് കഴിഞ്ഞിട്ടുണ്ട്. എൻരെ മേൽനോട്ടത്തിൽ 10 കുടുംബശ്രീ യൂണിറ്റുകൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. 2 സോപ്പ് നിർമ്മാണ യൂണിറ്റുകൾ പ്രവർത്തനം തുടങ്ങാൻ കഴിഞ്ഞു. വാർഡ് സമിതി പേരിൽമാത്രം കൂടിയിരുന്ന ഈ വാർഡിൽ എല്ലാ മാസവും യൂണിറ്റിലെ ഭാരവാഹികളെ പങ്കെടുപ്പിച്ച്കൊണ്ട് വാർഡ് സമിതി കൂടുകയും എല്ലാ യൂണിറ്റിലേയും കണക്ക് മാസം തോറും വാർഡ് സമിതിയിൽതന്നെ ശേഖരിച്ച് പഞ്ചായത്തിൽ എത്തിക്കാനും കഴിയുന്നുണ്ട്.

പത്ത് യൂണിറ്റുകളുടേയും എല്ലാ കാര്യങ്ങളും മുടങ്ങാതെ ചെയ്യിക്കാനും യൂണിറ്റ് വാർഷികങ്ങൾ നടത്തിക്കാനും, ഓഡിറ്റ് ചെയ്യിച്ച് രജിസ്റ്റർ പുതുക്കാനും എല്ലാം ഞാൻ അവരോടൊപ്പം തന്നെ നിൽക്കാറുണ്ട്. എ.ഡി.എസ്സിലും സി.ഡി.എസ്സിലും വന്നതോടെ എനിക്ക് ഒരുപാട് നല്ല ക്ലാസ്സുകളിൽ പങ്കെടുക്കാനും അതൊക്കെ മറ്റ് യൂണിറ്റുകളിലേക്ക് പകർന്ന് നൽകാനും എനിക്ക് കഴിഞ്ഞിട്ടുണ്ട്. ഇ.റ്റി.സി എന്ന ട്രെയിനിംഗ് സെന്ററിന്റെ പേര് കേട്ടറിവ് മാത്രം ഉള്ള എനിക്ക് ഇ.റ്റി.സിയിൽ വച്ച് നടക്കുന്ന പല ട്രെയിനിംങ്ങുകളിലും പങ്കാളിയാകാൻ പറ്റി.

ഇപ്പോൾ എനിക്ക് ആരും ഇല്ല എന്ന തോന്നലേ ഉണ്ടാകാറില്ല. ഒരുപാട് കൂട്ടുകാർ ഇന്നെനിക്കുണ്ട്. എന്നെ സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന ഒരുപാട് നല്ല കൂട്ടുകാർ എന്റെ ഈ ഉയർച്ചയുടെ എല്ലാം പിന്നിൽ ഉള്ളത് എന്റെ യൂണിറ്റിലെ അംഗങ്ങളുടെ പിന്തുണയാണ്. എന്നെക്കാൾ ഏറെ സന്തോഷം എന്റെ ഉയർച്ചിയൽ അർ കാണുന്നു. കുറച്ച് ബുദ്ധിമുട്ടിയിട്ടായാലും ഒത്തിരി കുടുംബങ്ങൾക്ക് സഹായം ചെയ്യാൻ കഴിയുന്നല്ലോ എന്ന് ഓർക്കുമ്പോൾ അതിയായ സന്തോഷം തോന്നാറുണ്ട്.

ദൈവം എനിക്ക് ഒരുപ്ടാ ത്യാഗങ്ങൾ തന്നത് ഇത്രയും ഉയരത്തിൽ എത്തിക്കാനായിരുന്നു എന്ന് ഇന്ന് ഞാൻ മനസ്സിലാക്കുന്നു. അനുഭവക്കുറിപ്പിലൂടെ എന്നെപ്പോലെ ഒരുപാട് വിഷമങ്ങൾ മനസ്സിൽ അടക്കിപ്പിടിച്ചിരിക്കുന്ന സ്ത്രീകളുടെ മനസ്സ് തുറക്കുവാൻ ഒരു അവസരം ഒരുക്കിതന്ന ജില്ലാ കുടുംബശ്രീ മിഷന് നന്ദിപറയാൻകൂടി ഈ അവസരം ഞാൻ വിനിയോഗിക്കുന്നു.

5

***ചെല്ലമ്മ.എസ്സ്***

കുടുംബശ്രീ സിഡിഎസ്സ്,

കരുനാഗപ്പള്ളി

ഞാനൊരു റിട്ടേർഡ് അദ്ധ്യാപികയാണ്. പെൻഷനാകുന്നതിനുമുൻപ് തന്നെ ഞാൻ കുടുംബശ്രീയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിച്ചിരുന്നു. കാരണം സർവ്വീസിൽ നിന്ന് വിരമിച്ച് ഇനി വിശ്രമ ജീവിതം നയിക്കണമെന്ന് സുഹൃത്തുക്കൾ ആശംസിച്ചിരുന്നു. എന്നാൽ അങ്ങനെ ഒതുങ്ങിക്കൂടി ഒരു ജീവിതം എനിക്കില്ലായിരുന്നു. അങ്ങനെയുള്ള എനിക്ക് കുടുംബശ്രീ ഒരു നല്ല വഴികാട്ടിയായിത്തീർന്നു. സമൂഹത്തിൽ ഇറങ്ങി പ്രവർത്തിക്കാനും ചുറ്റുമുള്ള കുടുംബങ്ങളിലെ പ്രവർത്തനങ്ങളറിയാനും കഴിഞ്ഞു.

2004 ലാണ് കൈരളി കുടുംബശ്രീ ഞങ്ങൾ രൂപീകരിച്ചത്. ഇന്ന് ഞങ്ങൾക്ക് ഒരു ലക്ഷത്തി പതിനയ്യായിരത്തി അഞ്ഞൂറ് രൂപ സമ്പാദ്യവും ഓരോ അംഗത്തിനും ഏഴായിരത്തി എഴുന്നൂറ് രൂപ സ്വന്തം സമ്പാദ്യവും ഉണ്ട്. ആഴ്ചതോറും നിക്ഷേപിക്കുന്ന ഒരു ചെറിയ തുക ഇത്രയും വലിയ ഒരു സംഖ്യയായി ലഭിച്ചതിൽ ഓരോ അംഗത്തിനും വലിയ സംതൃപ്തി ഉണ്ട്. അങ്ങനെ നല്ല സമ്പാദ്യശീലം വളർത്തിയെടുക്കാൻ അംഗങ്ങൾക്ക് കഴിഞ്ഞു.

സംഘം രജിസ്റ്റർ ചെയ്ത ആ വരഷം തന്നെ ഞങ്ങൾ 500 വാഴ നട്ടു. അതോടൊപ്പം പച്ചക്കറി കൃഷി ആരംഭിച്ചു. ഇതിനെല്ലാം കൃഷിഭവനിൽ നിന്ന് സഹായം ഞങ്ങൾക്ക് ലഭിച്ചിരുന്നു. നല്ല ലാഭം ഞങ്ങൾക്ക് ലഭിച്ചു. മൺവെട്ടി ഉപയോഗിച്ച് മണ്ണ് വെട്ടി ഇളക്കാൻ അറിയാത്ത നിരവധി സ്ത്രീകൾ ഞങ്ങളുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. അവർക്ക് ആവകജോലികൾ ഒന്നും അറില്ലയില്ല എന്നാണ് പറയുന്നത്. എന്നാൽ ഇന്ന് ഞങ്ങൾ കമ്മറ്റികൂടാൻ മേൽപ്പറഞ്ഞ അംഗങ്ങളുടെ വസതിയിൽ എത്തുമ്പോൾ വീടിനോട് ചേർന്ന് തന്നെ പച്ചക്കറിയും വാഴയും, ചേനയും ചേമ്പുമൊക്കെ നട്ടിരിക്കുന്നത് കണ്ട് ഞങ്ങൾ അത്ഭുതപ്പെടാറുണ്ട്. അവരെ അധ്വാനശീലരാക്കാൻ കഴിഞ്ഞു എന്നുള്ളത് ഒരു നല്ല കാര്യമായി തോന്നുന്നു.

കുടുംബശ്രീയിൽ അംഗമാകുന്നതും അതിന്റെ പ്രവർത്തനശൈലിയും ആദ്യമൊക്കെ വലിയ എതിർപ്പ് അംഗങ്ങളിൽ പലർക്കും അഭിമുഖീകരിക്കേണ്ടി വന്നിരുന്നു. മക്കളിൽ നിന്നും, കുടുംബനാഥൻമാരിൽനിന്നും ഒക്കെ എതിർപ്പുകൾ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് അവരിൽ നിന്നും വലിയ പ്രശംസയാണ് ലഭിക്കുന്നത്. കുടുംബശ്രീ ഒരു വലിയ പ്രസ്ഥാനമായി വളർന്ന് ഓരോ കുടുംബത്തിനും താങ്ങും തണലുമായി മാറിയിരിക്കുകയാണ്. ബാങ്കിൽ നിന്നും ലഭിക്കുന്ന ലോൺ ഉപയോഗിച്ച് ഞങ്ങൾ മത്സ്യം, പച്ചക്കറി, സ്റ്റേഷനറി, തുണിക്കച്ചവടം (ഓരഡറുകൾ അനുസരിച്ച് തയ്ച് കടകളിൽ എത്തിക്കുക) തുടങ്ങിയ തൊഴിലുകൾ ചെയ്യുന്നു. ആക്ടിവിറ്റി ഗ്രൂപ്പ് ഞങ്ങൾക്ക് ഉണ്ട്. അവർ തുണിക്കച്ചവടം നല്ല രീതിയിൽ ചെയ്യുന്നുണ്ട്. ജെ.എൽ.ജി.യുടെ 3 ഗ്രൂപ്പ് കൈരളി കുടുംബശ്രീക്കുണ്ട്. നല്ല കൃഷി യൂണിറ്റുകളാണ് എല്ലാം. ചീനി,

ചേമ്പ്, വാഴ, പച്ചക്കറി, നെല്ല്, എന്നിവയെല്ലാം ഞങ്ങൾ കൃഷി ചെയ്യുന്നു. അതിൽ നിന്നും ലഭിക്കുന്ന ആദായം കൊണ്ട് ഞങ്ങൾക്ക് ലോൺ അടക്കാൻ കഴിയുന്നു. ഒരു ലക്ഷം രൂപാവീതമാണ് ഞങ്ങൾക്ക് പലിശ ഇല്ലാതെ ലഭിച്ചത്.

സർവ്വീസിൽ ഇരിക്കുമ്പോൾ സാമ്പത്തിക പ്രതിസന്ധികൾ പരിഹരിച്ചിരുന്നത് പി.എഫ് ലോണുകളിലൂടയൊണ്. ഒരു രൂപ പലിശയാണ് ഞങ്ങൾ ഈടാക്കുന്നത്. മറ്റംഗങ്ങൾ കൊള്ളപ്പലിശക്കാരെയാണ് ആശ്രയിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ഇന്ന് അവർക്കും മേല്പ്പറഞ്ഞ ലോണുകൾ മുഖാന്തിരം സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താൻ കുടുംബശ്രീകൾ സഹായകമായി. കുടുംബാംഗങ്ങളെ പ്രതിസന്ധി ഘട്ടങ്ങളിൽ സഹായിക്കാൻ കഴിയുന്നത് ഓരോ സ്ത്രീക്കും അഭിമാനകരമാണ്. "സ്ത്രീ ശാക്തീകരണം" എന്ന ആശയം പ്രാവർത്തികമാകുകയാണ് ഇന്ന്.

നഗരസഭ ഒരുക്കിത്തന്ന ഓണക്കച്ചവട സ്റ്റാളുകൾ ഒരു വലിയ നേട്ടം തന്നെയാണ്. ഞങ്ങളുടെ എല്ലാ അംഗങ്ങളും അതിൽ പങ്കുചേർന്നു. അരിഉണ്ട, വിവിധതരം അച്ചാറുകൾ, ലോഷൻ, തുണിത്തരങ്ങൾ എന്നിവ വിറ്റഴിച്ച് ലാഭം ഉണ്ടാക്കാൻ കഴിഞ്ഞതിൽ ഓരോ അംഗവും സംതൃപ്തരാണ്.

ഓരോ കുടുംബത്തിന്റെയും "കെടാവിളക്കായി" സ്ത്രീകളെ മാറ്റി എടുക്കാൻ "കുടുംബശ്രീ" എന്ന മഹാപ്രസ്ഥാനത്തിന് കഴിഞ്ഞു എന്നുള്ളത് ചാരിതാർഥ ജനകമാണ്.

---

# *വൈകിവന്ന വസന്തം*

4

***കാർത്ത്യായനിയമ്മ***

മൈലം ഗ്രാമപഞ്ചായത്ത്

കുടുംബശ്രീ സിഡിഎസ്സ്

ഞാനൊരു എഴുത്തുകാരിയല്ല. ഭാവസാസമ്പുഷ്ടമായി എഴുതുവാനും അറിയില്ല. സിഡിഎസ്സിന്റെ നിർദ്ദേശം കിട്ടിയപ്പോൾ എന്റെ അനുഭവങ്ങളും എഴുതണമെന്ന് തോന്നി. 42 വയസ്സുള്ള മകന്റെ മുഖത്തേക്ക് നോക്കിയപ്പോൾ ഉള്ളിൽ കിടന്നത് കരച്ചിലിന്റെ രൂപത്തിൽ പുറത്തേക്ക് ഒഴുകി. ഒരു നിമിഷം നിശബ്ദയായി ഞാൻ ഇരുന്നു. പെട്ടെന്ന് കടിഞ്ഞാൺ ഒന്നു വലിച്ചു. എങ്കിലും എനിക്കുമാത്രം കേൾക്കാവുന്ന സ്വരത്തിൽ ഞാൻ ഒന്നു തേങ്ങി. ''അമ്മേ, എനിക്കു വിശക്കുന്നു'' എന്ന വിളികേട്ടു ഞാൻ ഉണർന്നു. ഞാൻ ഇതുവരെ എവിടെയായിരുന്നു എന്ന തോന്നൽ ഉണ്ടായി. മകന് ചോറ് വിളമ്പികൊടുത്ത ശേഷം വീണ്ടും എഴുതാനിരുന്നു.

എനിക്കിപ്പോൾ 73 വയസ്സുണ്ട്. പേര് കാർത്ത്യായനിയമ്മ. താമരക്കുടി മൂന്നാം വാർഡിലെ മഹേശ്വരി കുടുംബശ്രീ സെക്രട്ടറിയാണ്. ഞാനും മാനസികരോഗിയായ മകനും മാത്രമടങ്ങിയതാണ് എന്റെ കുടുംബം. ഒരുപാട് സ്വത്തുക്കൾ ഉള്ള കുടുംബത്തിലെ അംഗമായ എനിക്ക് മകന്റെ ചികിത്സയ്ക്കുവേണ്ടി സ്വത്തുക്കളെല്ലാം വിൽക്കേണ്ടി വന്നു. ഇതിനിടയിൽ ഭർത്താവിന്റെ മരണവും സംഭവിച്ചു. എങ്ങനെ മുന്നോട്ട് നീങ്ങണമെന്ന ചിന്തയിൽ ഇരിക്കുമ്പോഴാണ് എന്റെ യൂണിറ്റിലെ പ്രസിഡന്റ് എന്നോട് ചോദിച്ചത് അമ്മച്ചിക്ക് ലേഹ്യങ്ങളും , തൈലവും, എണ്ണയും ,കുഴമ്പും ഉണ്ടാക്കാൻ അറിയില്ലേ? എന്തിന് തളർന്നിരിക്കണം! ഇതൊരു സംരംഭമായി ഏറ്റെടുത്തൂടെ. വിൽക്കാൻ താമരക്കുടി ചന്തയിൽ പോയാൽ പോരെ. അമ്മച്ചിക്കു പോകാൻ പറ്റില്ലെങ്കിൽ ഞങ്ങൾ ഓരോരുത്തരും പോയിയ വിറ്റഴിച്ചു നൽകാം. ഈ വാക്കുകൾ എനിക്ക് ധൈര്യം നൽകി. അയൽകൂട്ടത്തിൽ നിന്ന് 30,000 രൂപ വായ്പയെടുത്തു. വീട്ടുചെലവിന് മകന്റെ പെൻഷൻ ഉണ്ട്. എനിക്കും അംഗങ്ങൾ വാർദ്ധക്യകാല പെൻഷൻ ഒപ്പിച്ചുതന്നു. കൂടൊത തൊഴിലുറപ്പ് പദ്ധതിയിലും ഞാൻ പോകുന്നുണ്ട്. മരുന്നുകളും ലേഹ്യങ്ങളും ഉണ്ടാക്കാൻ ആവശ്യമായ കൂട്ട് എനിക്ക് അംഗങ്ങൾ വാങ്ങിക്കൊണ്ടുതരും. ആഴ്ചതോറും മരുന്നുകൾ അംഗങ്ങൾ ചന്തയിൽ കൊണ്ടുപോയി വിൽക്കുന്നു. കുറച്ച് വാർഡിലെ മറ്റ് അയൽക്കൂട്ടങ്ങളിലും വിറ്റഴിക്കുന്നു. ഇപ്പോൾ മറ്റു വാർഡുകളിൽ നിന്നും ആവശ്യക്കാർ ഏറെയാണ്. കൂടുതലും വിറ്റഴിയുന്നത് പ്രസവാനന്തര ലേഹ്യങ്ങളും കുറുക്കുമരുന്നുകളുമാണ്. എന്റെ മകന്റേ ചികിത്സയ്ക്ക് ഇപ്പോൾ ആരുടെ മുന്നിലും കൈനീട്ടേണ്ട അവസ്ഥ ഇല്ല. ആദ്യമൊക്കെ അയൽകൂട്ടാംഗങ്ങൾ തന്ന സഹായങ്ങൾക്ക് കണക്കില്ല. ഇപ്പോൾ ചെറിയ ഒരു സമ്പാദ്യം മിച്ചമുണ്ട്. പക്ഷേ ഒരു ദു:ഖം

ബാക്കി നിൽക്കുന്നു. എന്റെ കണ്ടയുമ്പോൾ മകന് ആരുണ്ട്? സമാധാനിക്കാൻ ഇപ്പോൾ വകയുണ്ട്. എന്റെ അയൽക്കൂട്ടസഹോദരിമാരുണ്ടല്ലോ..........

---

## *അപമാനിക്കപ്പെട്ടെങ്കിലും.....!!!!*

5

***സുധാരാകേഷ്,***

തെന്മല ഗ്രാമപഞ്ചായത്ത്

കുടുംബശ്രീ സി.ഡി.എസ്സ്.

എന്റെ പേര് സുധാ രാകേഷ്, ഞാൻ അനുഗ്രഹ കുടുംബശ്രീയുടെ ഇപ്പോഴത്തെ പ്രസിഡന്റാണ്. കഴിഞ്ഞ 12 വർഷമായി ഞാൻ ഇതിലൊരംഗമായി തുടരുന്നു.

ഞാൻ വിപഹിതയാണെങ്കിലും ഭർത്താവിന് എടുത്തു പറയത്തക്ക ജോലിയൊന്നും ഉണ്ടായിരുന്നില്ല. സാമ്പത്തികമായി വളരെയധികം കഷ്ടതയനുഭവിച്ചു കൊണ്ടിരുന്ന സമയത്താണ് ഞങ്ങൾക്കൊരു കുഞ്ഞു ജനിച്ചത്. പ്രസവിക്കേണ്ട തീയതിയ്ക്ക് മൂന്നാഴ്ച മുൻപ് തന്നെ പെട്ടന്നൊരസുഖമുണ്ടാവുകയും ഉടനെ തന്നെ ഓപ്പറേഷൻ ചെയ്ത് കുട്ടിയെ എടുക്കുകയുമായിരുന്നു. ആശുപത്രിയിലടയ്ക്കാൻ കാശില്ലാതെ വിഷമിച്ച സമയത്ത് ഞാനൊരവിവേകം കാണിച്ചു. ആ സമയത്ത് ഞാൻ കുടുംബശ്രീയുടെ പ്രസിഡന്റായിരുന്നു. ഞാനും അന്നത്തെ സെക്രട്ടറിയായിരുന്ന എൻ.രാജമ്മ (എന്റെ അമ്മ)യും ചേർന്ന് 2,000/- രൂപ മറ്റ് അംഗങ്ങളോട് ആലോചിക്കാതെ സമ്പാദ്യത്തിൽ നിന്നും എടുക്കുകയുണ്ടായി. ആ സമയത്തെ ഗതികേടുകൊണ്ട് അങ്ങനെ ചെയ്യേണ്ടിവന്നുപോയതാണ്. ചെയ്തത് 100% തെറ്റാണെന്ന് എനിക്ക് ബോദ്ധ്യമുണ്ടായിരുന്നു. പ്രസവത്തെ തുടർന്നുള്ള വിശ്രമമൊക്കെ കഴിഞ്ഞ് രണ്ട് മാസത്തിനുശേഷമാണ് ഞാൻ വീണ്ടും കുടുംബശ്രീയിലെത്തുന്നത്. വളരെ ക്രൂരമായ കമന്റുകളാണ് എന്റെ കുടംബശ്രീ അംഗങ്ങളിൽ നിന്നും എനിക്ക് കേൾക്കേണ്ടിവന്നത്. എല്ലാവരുംതന്നെ എന്റെ പ്രവൃത്തിയെ വിമർശിച്ചു. കേൾക്കാൻ ബാദ്ധ്യസ്ഥയായതിനാൽ തല കുനിച്ചിരിക്കാനെ എനിക്ക് കഴിയുമായിരുന്നുള്ളു. എന്റെ മനസ്സിനെ ഒരുപാട് വേദനപ്പിച്ച കുടുംബശ്രീ യോഗമായിരുന്നു അത്. തുടർന്ന് കുറേകാലത്തേയ്ക്ക് ഏകദേശം എന്റെ കുഞ്ഞിന്റെ ഒന്നാം പിറന്നാളിന് ശേഷവും വല്ലപ്പോഴുമൊക്കെ അവർ ഈ വിഷയമെടുത്തിടുമായിരുന്നു. കുത്തിനോവിക്കുന്നത് ചിലർക്കൊക്കെ ഒരു രസമായിരുന്നു. ഞാനാരോടും പ്രതികരിച്ചില്ല. ഞാൻ കൃത്യമായി ലോൺ തിരിച്ചടച്ചുകൊണ്ടേയിരുന്നു.

ഇത്രയുമൊക്കെ വിഷയങ്ങൾ നേരിടേണ്ടി വന്നെങ്കിലും എനിയ്ക്കൊരാശ്വാസമുള്ളത് ഇങ്ങനെയൊരു കുടുംബശ്രീ ഉണ്ടായിരുന്നതു കൊണ്ടല്ലേ എനിക്ക് ആശുപത്രിയിൽ നിന്നും നാണക്കേടില്ലാതെ വരാൻ കഴിഞ്ഞത്! കുടുംബശ്രീ അംഗങ്ങലുടെ മനസ്സിൽ

ഇത്തിരിയെങ്കിലും കനിവ് എന്നോട് തോന്നിയിരുന്നതുകൊണ്ടല്ലേ അവർ എന്നെ പിരിച്ചു വിടാതിരുന്നത്! കുറേയൊക്കെ വിട്ടുവീഴ്ചാ മനോഭാവം ഉണ്ടായിട്ടല്ലേ എല്ലാവരും ഇണങ്ങിയും പിണങ്ങിയുമൊക്കെ ഈ പന്ത്രണ്ട് വർഷക്കാലം കഴിഞ്ഞിട്ടും മുന്നോട്ട് പോയ്ക്കൊണ്ടിരിക്കുന്നത്. …..!!!!!

---

## *ഒരു മുത്തശ്ശിക്കഥപോലെ*

6


***ലക്ഷ്മിക,***

തൃക്കരുവ ഗ്രാമപഞ്ചായത്ത്

കുടുംബശ്രീ സി.ഡി.എസ്സ്.


ഒരിക്കൽ ഒരിടത്ത് ……….. കഥ തുടങ്ങുകയായി ഒത്തിരിയിടങ്ങളിൽ ഒരായിരം പേർ കഥ പറഞ്ഞ് തുടങ്ങി നിങ്ങൾ കാതോർക്കുന്നുവോ അനുഭവങ്ങളുടെ ആലയിൽ ഉയിർകൊണ്ട കഥകൾക്കായി.

എങ്കിൽ ആരംഭിക്കട്ടെ

ഒരിക്കൽ ഒരിടത്ത്…….

പുഴയും, നിലാവും, നിഴലും, മഞ്ഞും, മഴയും, മാറിവന്ന ഒരു നാട്ടിൽ. മഴവില്ല് നീലാകാശത്ത് ചിത്രം വരയ്ക്കുന്ന നീല മേഘങ്ങൾ ഉള്ള ഒരു ഗ്രാമത്തിൽ. മാടപ്രാവുകൾ ചേക്കേറിയ, മാറാലകൾ ചിത്രം വരച്ച ഒരു വീട്. ആ വീട്ടിൽ

ഇനി കഥ തുടരട്ടെ……….

നമുക്ക് അവളെ ഗൗരി എന്ന് വിളിക്കാം. ഇനിയും ജീവിക്കണമെന്ന ആഗ്രഹമല്ലാതെ ജീവിതം യാതൊന്നും നൽകിയില്ല. രോഗിയായ ഭർത്താവ്, കുട്ടികൾ കൂട്ടിന് ദാരിദ്ര്യം ജീവിതം അങ്ങനെ എങ്ങനെയോ കടന്ന് പോയികൊണ്ടിരിന്നു. കടലിൽ അകപ്പെട്ട യാനം പോലെ. കരയേതും കാണാതെ. പ്രത്യാശയുടെ പച്ചതുരുത്തുകൾ കാണാമറയത്ത്, കാണാതകലത്ത് നിന്നകാലം. പ്രാരാബ്ധങ്ങൾ പലിശയും കടന്ന് കുടുശ്ശികയായി തീരാതങ്ങനെ കുമിഞ്ഞ് കൂടി.

രോഗിയായ ഭർത്താവിന് ജോലിക്ക് പോകത്തക്ക ആരോഗ്യം ഇല്ലായിരുന്നു. മറ്റു വീടുകളിൽ കൂലിവേല ചെയ്താണ് ഞാൻ കുടുംബം പുലർത്തിയിരുന്നത്. കുട്ടികളുടെ പഠനം ഒരു ഭാരവുമായി. രണ്ട് ആൺകുട്ടികളാണ് എനിയ്ക്ക്. കൃഷ്ണനനും ഗൗതമും. നന്നായി പഠിക്കും. അവരുടെ ഭാവിയിൽ എനിയ്ക്ക് പ്രതീക്ഷയുണ്ട്. പക്ഷേ പഠന ചിലവുകൾ ഒരു കീറാമുട്ടിയായി തീർന്നിരുന്നു. എന്റെ കൂലി എല്ലാറ്റിനുമായി തുലോം തുച്ഛം. സമൂഹത്തിൽ വന്നുകൊണ്ടിരുന്ന മാറ്റങ്ങളും പ്രവർത്തനങ്ങളും ഗൗരിക്കന്യമായിരുന്നു. കാരണം എഴുതാനറിയല്ല, വായിക്കാൻ അറിയില്ല. എന്നും എല്ലാവരുടേയും പിറകിലാണ് നടന്നിരുന്നത്. ഭർത്താവിന്റെ ചികിത്സ കുട്ടികളുടെ പഠനം ചിന്തകൾ മാറാല മനസ്സുമായി ജീവിതം തള്ളി നീക്കികൊണ്ടിരുന്നു.

അന്നൊരിക്കൽ

കർക്കിടകം മേഘങ്ങൾ മാനത്തമ്പിളിയെ മറച്ച രാത്രി. പ്രകൃതിയുടെ കനിവ് മാനത്ത് മഴയായി താഴേക്ക് ചെയ്തിറങ്ങി. രാഘവന് അസുഖം കലശ്ശലായി. രാവേറേയായി. കുട്ടികൾ പേടിച്ച് കരഞ്ഞു. വണ്ടി വിളിക്കണം. കാശില്ല. ആരാണ് സഹായിക്കാൻ. ഞാൻ നിസ്സാഹയായി നിന്നും. എന്തുചെയ്യണമെന്ന് അറിയില്ല. മഴ നനഞ്ഞ് അടുത്ത വീട്ടിലേക്ക് ഓടി. കരഞ്ഞുകൊണ്ട് കാര്യം പറഞ്ഞു. അവർ ദയാലുക്കൾ ആയിരുന്നു. ഫോൺ ചെയ്ത് അവർ ഒരു വണ്ടി വരുത്തി. കുറച്ച് പൈസയും തന്നു. കുട്ടികളോടൊപ്പം ഒരു രാത്രി ആശുപത്രിയിൽ ഭർത്താവിനെ പരിചരിച്ച് നിന്നു. നേരം വെളുത്തു. ഡോക്ടർ വന്നു പോയി. നേഴ്സ് കുറുപ്പടി കൊണ്ടുതന്നു. പുറത്ത് നിന്നും മരുന്ന് എടുക്കണം. പേഴ്സ് തുറന്ന് നോക്കി. പൈസ തികയുമോ ആവോ. ഗൗരി... ആരോ വിളിച്ചത് പോലെ.. തിരിഞ്ഞ് നോക്കി. ലക്ഷ്മിയും ഗിരിജയും. അയൽവാസികളാണ്. അവർ വന്നത് മറ്റൊന്നിനുമല്ലായിരുന്നു. അയൽ പ്രദേശത്തെ കുടുംബിനികൾ പരിച്ചെടുത്ത തുക അവൾക്ക് നൽകുവാനായിരുന്നു. ഒത്തിരി നേരം ഇരുന്നു. പിന്നീട് അവർ മടങ്ങി. നാല് ദിവസങ്ങൾക്ക് ശേഷം രോഗം ഭേദമായി ഞങ്ങൾ വീട്ടിലേക്ക് പോന്നു. ഒരു വൈകുന്നേരം ഞാൻ വീട്ടിലിരിക്കുകയായിരുന്നു. വീട്ടിലേക്ക് മൂന്ന് നാല് സ്ത്രീകൾ കടന്ന് വന്നു. പരിചിതരാണ്. കുടുംബശ്രീ യൂണിറ്റിൽ അംഗമാകാൻ പറയുവാനാണ് വന്നത്. നിരക്ഷരുടെ അറിവ് തുലോംതുച്ഛം. അതിശയത്തോടെ ഗൗരി കേട്ടുനിന്നു. ഞാൻ കുടുംബശ്രീയിൽ അംഗമാകാൻ തീരുമാനിച്ചു. പല സാമ്പത്തിക സഹായങ്ങൾ എനിയ്ക്ക് ലഭിച്ചു. പിന്നുള്ള നാളുകൾ വീണു കിട്ടിയ സൗഭാഗ്യം ആയിരുന്നു. എഴുത്തും വായനയും പഠിച്ചു. പ്ചായത്തിൽ നിന്നും പല ആനുകൂല്യങ്ങളും നേടാൻ എനിയ്ക്ക് കഴിഞ്ഞു. ആദ്യമായി ബാങ്കിൽ പോയി, ഒപ്പിട്ടു. അങ്ങനെ എന്തൊക്കെ. ഗൗരി ഓർക്കുന്നു. ഭർത്താവ് നന്നായിരിക്കുന്നു. കുട്ടികൾ മുതിർന്ന ക്ലാസിൽ നന്നായി പഠിച്ചുപോകുന്നു. കർക്കിടക സന്ധ്യകളിൽ മേൽക്കൂര ചോർന്നില്ല. രാവിൽ മഴയുടെ സംഗീതം കേട്ട് അവൾ സ്വസ്ഥമായി ഉറങ്ങി. ജീവിതം എത്ര മനോഹരം. ഗൗരി പറഞ്ഞു. ആദ്യമായി. വീശിയടിച്ച തെക്കൻകാറ്റ് പുതിയ വിശേഷങ്ങൾ തിരക്കി തിരെപ്പോയി. എന്നും അവരോട് പറയുവാൻ ഗൗരിക്കേറെ കഥകൾ ഉണ്ടായിരുന്നു.

## *അനുഭവങ്ങളേ നന്ദി*

7

***ലീജ.പി,***
ആലപ്പാട് ഗ്രാമപഞ്ചായത്ത്
കുടുംബശ്രീ സി.ഡി.എസ്സ്.

എന്താണ് കുടുംബശ്രീ എന്ന് അിറഞ്ഞു കൂടാതെ ഒരു സാഹചര്യത്തിലാണ് ഞാൻ കുടുംബശ്രീയിലേക്ക് വരുന്നത്. 2004ൽ സുനാമി ഉണ്ടായതിന് ശേഷം പല സംഘടനകളും ആലപ്പാട് ഗ്രാമപഞ്ചായത്തിലേക്ക് വരുകയുണ്ടായി. അതിൽ വേൾഡ് വിഷൻ എന്ന സംഘടനയുടെ ആഭിമുഖ്യത്തിലാണ് 2005 നവംബർ 28-ാം തീയതി ഞങ്ങളുടെ അയൽക്കൂട്ടം 'സ്നേഹധാര' രൂപീകരിച്ചത്. അന്ന് 12 അംഗങ്ങളാണ് ചേർന്നത്. ഇന്ന് നിലവിൽ 14 അംഗങ്ങൽ ഉണ്ട്. ഈ സാഹചര്യത്തിലാണ് ഓരോ പഞ്ചായത്തിലും അയൽക്കൂട്ടങ്ങൾ ഉണ്ടെന്നും അവയുടെ കണക്ക് പരിശോധന ഭാവിയിൽ വരുമെന്നും ഞാൻ അറിഞ്ഞത്. ഞങ്ങളുടെ വാർഡ് മെമ്പറുടെ ശ്രദ്ധയിൽ ഈ കാര്യം അറിയിച്ചു. ഞാൻ ബി.കോം കഴിഞ്ഞ് പി.ജി.ഡി.സി.എയ്ക്ക പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു ആ സമയത്ത്.

2006 തുടക്കത്തിൽ ഒരു ദിവസം വേണുമെമ്പർ അറിയിച്ചു. എത്രയും പെട്ടന്ന് സർട്ടിഫിക്കറ്റുകളുമായി കൊല്ലം കുടുംബശ്രീ ജില്ലാമിഷനിൽ എത്തണമെന്ന്. വിദേശകളുടെ ട്രയിനിംഗ് വരുന്നുണ്ട്. വിദേശയാത്രയ്ക്ക് പോകാനുള്ള അവസരമുണ്ടാകും. അപ്രകാരം ഞാനും ഭർത്താവുമായി കൊല്ലം ജില്ലാമിഷനിൽ ചെന്നു. സാധാരണ ഒരു ഗവൺമെന്റ് ആഫീസിൽ ചെന്നാലുള്ള അനുഭവം മനസ്സിലോർത്ത് കൊണ്ടാണ് ഓഫീസിലേക്ക് ചെന്നത്. അന്ന് അവിടെ ഉണ്ടായിരുന്നത്. സി.എം.സി, ചിത്തർ സർ, എ.ഡി.എം.സി സന്തോഷ് സർ എന്നിവരായിരുന്നു. എന്റെ ജീവിതത്തിലെ മറക്കാനാവാത്ത ഒരനുഭവമായിരുന്നു അത്. അവരുടെ പെരുമാറ്റം എന്ന ഏറെ അത്ഭുതപ്പെടുത്തി. ആ അനുഭവമാണ് കുടുംബശ്രീയിൽ തുടർന്ന് പോകാനുള്ള പ്രചോദനമായത്. അത് എത്ര വിശദാകരിച്ചാലും മതിയാകില്ല.

എന്നെകുറിച്ച് പറയാനാണെങ്കിൽ വീട്ടിൽ കിടന്ന് ബഹളം വയ്ക്കാനല്ലാതെ ആരുടെയെങ്കിലും മുമ്പിൽ സംസാരിക്കാൻ വലിയ ബുദ്ധിമുട്ടായിരുന്നു. അത് ആദ്യം തന്നെ ചിത്തർ സാർ മനസ്സിലാക്കി. ആലപ്പാട് നിന്നും ഞാനും അനിത ചേച്ചിയും ഉണ്ടായിരുന്നു. അനിതചേച്ചിയും ഭർതതാവുമായിട്ടാണ് വന്നത്. ഞങ്ങളുടെ വിവരങ്ങൾ മനസ്സിലാക്കിയിട്ട് ചിത്തർ സാർ പറഞ്ഞു. ഇനി രണ്ടുപേർക്കും ഭക്ഷണം വാങ്ങി കൊടുത്തിട്ട് രണ്ടു ഭർത്താക്കൻമാരും വീട്ടിൽ പോകാൻ. ഞങ്ങളെ കുറച്ച് കഴിഞ്ഞ് വിടാമെന്ന്. ആദ്യം തന്നെ ഒരു പരിശീലനത്തിന്റെ ഭാഗമാക്കുകയായിരുന്നു സാറിന്റെ വാക്കുകൾ എന്ന് പിന്നീടാണ് ഞങ്ങൾക്ക് മനസ്സിലായത്

തിരുവന്തപുരം മരിയാറാണി സെന്റിൽ വച്ച് 5 ദിവസത്തെ പരിശീലനമായിരുന്നു ആദ്യം. കേരളത്തിൽ നിന്നും ഞങ്ങൾ ഉൾപ്പെടെ 9 പേർ (സുനാമി ബാധിത മേഖല) കുടുംബശ്രീയിലെ സ്റ്റാഫുകൾ 6 ആകെ 15 കൊല്ലത്ത് നിന്ന് ഞാൻ, അനിതചേച്ചി, ഡി.എം.സി ചിത്തർ സർ എന്നിവരായിരുന്നു. സ്റ്റേ ട്രെയിനിംഗ് ആയിരുന്നു. സ്റ്റേ ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട് സഹിക്കാൻ പറ്റാത്തത് ആയിരുന്നു. വീട് വിട്ട് ഒരു ദിവസം മാറി നിന്നിട്ടില്ലായിരുന്നു അതിന് മുമ്പ്. അതിന് എന്നെ ഏറെ സഹായിച്ചത് എന്റെ ഭർത്താവ് ആയിരുന്നു. ഇത്രയും പിന്തുണ നൽകുന്ന ഒരാളെ കിട്ടിയതിൽ ഞാൻ ദൈവത്തോട് നന്ദി പറയുന്നു.

ട്രെയിഡ്ക്രാഫ്റ്റ് എന്ന സംഘടനയുടെ നേതൃത്വത്തിലാണ് ഞങ്ങൾക്ക് പരിശീലനം നൽതിയത്. പരിശീലനത്തിന് നേതൃത്വം നൽകിയത് ഇംഗ്ലണ്ടിൽ നിന്നും വന്ന ജോം മാഡവും

ഇറ്റലിയിൽ നിന്നും വന്ന മാഡവും ആയിരുന്നു. നല്ലൊരു അനുഭവമായിരുന്നു ആ പരിശീലന പരിപാടി, അതിന് ശേഷം ഏകദേശം 5 മാസത്തോളം ഒരു വിവരവും ഇല്ലാതിരുന്നു. പരിശീലനം കഴിഞ്ഞ് വരുമ്പോൾ ചിത്തർ സാറിന്റെ നമ്പർ തന്നിട്ട് പറഞ്ഞു ഇടയ്ക്ക് വിളിക്കണം. വിവരങ്ങൾ അറിയാൻ. അങ്ങനെ ഒരു ദിവസം സാറിനെ വിളിച്ചപ്പോൾ അറിഞ്ഞു. ബി.കോം കഴിഞ്ഞ കുറച്ച് പേരെ ഓരോ പഞ്ചായത്തിൽ നിന്നും സെലക്ട് ചെയ്ത് അവർക്ക് ഒരു ടെസ്റ്റ് നടത്തുന്നുണ്ട്. കുടുംബശ്രീയുടെ നേതൃത്വത്തിൽ കൊല്ലത്ത് വച്ച്, ഞങ്ങളുടെ ടെസ്റ്റിൽ പങ്കെടുക്കാൻ സാർ പറഞ്ഞു. അപ്രകാരം ഞങ്ങളും ടെസ്റ്റിൽ പങ്കെടുത്തു. മൊത്തം 60 പേർ ഉണ്ടായിരുന്നു. 21 പേർ ടെസ്റ്റ് പാസായി. 21 പേർക്ക് കൊല്ലത്ത് വച്ച്. 3 ദിവസം അയൽക്കൂട്ടതല ബുക്ക് എഴുതാനും അയൽക്കൂട്ടതല കണക്ക് ആഡിറ്റ് നടത്തുന്നതിനും വേണ്ട പരിശീലനം നൽകി. അതിന് ശേഷം ഓരോ പഞ്ചായത്തിലും അയൽക്കൂട്ടങ്ങൾക്ക് ക്ലാസെടുക്കാൻ വിട്ടു.

ചവറ ബ്ലോക്കിലെ പന്മന ഗ്രാമപഞ്ചായത്തിലാണ് ആദ്യമായി ക്ലാസ്സെടുക്കാൻ പോയത്, രണ്ടു ദിവസമായിരുന്നു ക്ലാസ്സ്. ക്ലാസ്സ് എടുക്കാൻ നേരം മൈക്കിന്റെ മുമ്പിലുള്ള ആ നിമിഷം ഒരിക്കലും മറക്കാൻ കഴിയില്ല. ഇന്നാണെങ്കിൽ മൈക്ക് കൈയ്യിൽ കിട്ടിയാൽ എത്രനേരം വേണമെങ്കിലും സംസാരിക്കാൻ ഞാൻ തയ്യാർ. ഏത് സ്ഥലത്ത് വേണമെങ്കിലും തനിച്ചുപോകാനും പേടിയുമില്ല. അത്രത്തോളം എന്നെ മാറ്റിയതിൽ ചേട്ടൻ, ചിത്തർ സർ, കുടുംബശ്രീ എന്നിവരോട് ഞാൻ കടപ്പെട്ടിരിക്കുന്നു. വീണ്ടും 2006 സെപ്റ്റംബറിൽ വിദേശ ടീം വരുകയും വീണ്ടും വീണ്ടും പലതരത്തിലുള്ള പരിശീലനങ്ങൾ തരുകയും, പരിശീലനത്തിന് ശേഷം അവരുടെ സർട്ടിഫിക്കറ്റും തന്ന് അതിന് ശേഷം ഞങ്ങൾ 15 പേരെകൊണ്ട് കേരളത്തിൽ നിന്നും സെലക്ട് ചെയ്ത 4 എം.ഇ.സി മാർക്ക് പരിശീലനം കൊടുപ്പിക്കുകയും ചെയ്തു.

2008 മാർച്ച് ൽ 7 ദിവസത്തെ സന്ദർശനത്തിനായി ഇറ്റലിയിൽ അവർ കൊണ്ടുപോയി. സ്വപ്നത്തിൽ പോലും ചിന്തിക്കാത്ത കാര്യമാണ് കുടുംബശ്രീ വഴി എനിക്ക് ഉണ്ടായത്. പത്തര മണിക്കൂർ വിമാനത്തിൽ ചെലവഴിച്ച നിമിഷം ഓർക്കുമ്പോൾ ഞാൻ ഇന്നും അത്ഭുതപ്പെടാറുണ്ട്. അത് സ്വപ്നമാണോ എന്ന്. ആ അനുഭവങ്ങൾ എത്ര എഴുതിയാലും തീരുന്നില്ല. ഇറ്റലിയിൽ ആ സമയം മൈക്രോ സംരംഭം ഒരു പാട് വളർന്ന് കഴിഞ്ഞിരുന്നു. ആ മാതൃക കേരളത്തിൽ നടപ്പിലാക്കാൻ വേണ്ടിയും അവിടെ അത് എങ്ങനെയൊക്കെയാണെന്നും മനസ്സിലാക്കാനും വേണ്ടിയാണ് കൊണ്ടുപോയത്. അതിന് ശേഷം എന്തൊക്കെയോ കാരണത്താൽ അത് മുടങ്ങി. വീണ്ടും ആഡിറ്റുമായി കുടുംബശ്രീയിൽ തുടർന്നു. ആഡിറ്റിന് 21 പേർ മതിയാകാതെ വന്നപ്പോൾ കുറച്ച് പേരെ കൂടി ചേർത്തു. അവർക്ക് 7 ദിവസം പരിശീലനം എറണാകുളത്ത് വച്ച് നൽകി. മൊത്തം 32 പേർ ചേർന്ന് കൊല്ലം ജില്ലയിൽ കാസ്സ് എന്ന പേരിൽ ഒരു ആഡിറ്റ് ടീം രൂപീകരിച്ചു. കേരളത്തിൽ എല്ലാ ജില്ലയിലും കാസ്സ് ടീം ഉണ്ട്. കുടുംബശ്രീയിലെ സി.ഡി.എസ്, എ.ഡി.എസ്സ് അയൽക്കൂട്ടം, മൈക്രോ സംരംഭം എന്നിവയുടെ കണക്കുകൾ പരിശോധിക്കുകയും പരിശീലനം കൊടുക്കുകയും ചെയ്യുന്നത്. ഇന്ന് കെ.എ.എ.എസ്.എസ്. ടീം ആണ്. കൊല്ലം ജില്ലയിലെ ക്യാമ്പിന്റെ പ്രസിഡന്റ് ഇന്ന് ഞാനാണ്.

ഏകദേശം 5,000/- രൂപയുടെ വരുമാനം എനിക്കുണ്ട്. (മാസത്തിൽ) കൃത്യമായി എല്ലാ വർഷവും നിലവിലുള്ള അയൽക്കൂട്ടങ്ങൾ ആഡിറ്റിന് വിധേയകരാകുകയാണെങ്കിൽ ഇതിലും വലിയ വരുമാനം കിട്ടും എന്നും തന്നെയാണ് വിശ്വാസം.

ഇന്ന് ഞാൻ എന്താണോ അതിന് എന്നിൽ വിശ്വാസമർപ്പിച്ച് ഈ രീതിയിൽ എത്താൻ സഹായിച്ച കുടുംബശ്രീയോടാണ് ഞാൻ നന്ദി പറയുന്നത്. ഇന്ന് എന്റെ അയൽക്കൂട്ടിത്തിന്റെ ആകെ സമ്പാദ്യം 50,000/- രൂപകഴിഞ്ഞു. 2,50,000/- രൂപ വായ്പയായി അംഗങ്ങൾക്ക് കൊടുത്തിട്ടുണ്ട്. എം./ജി ഇനത്തിൽ 3,200/- രൂപ കുടുംബശ്രീയിൽ നിന്നും ആർ/എഫ് ഇനത്തിൽ 10,000/- രൂപ ബ്ലോക്കിൽ നിന്നും കിട്ടിയിട്ടുണ്ട്. കുടുംബശ്രീയിൽ അംഗമാകാനും കുടുംബശ്രീ വഴി ഒരു വിദേശരാജ്യം സന്ദർശിക്കാനും കുടുംബശ്രീ ആഡിറ്റുമായി ബന്ധപ്പെട്ടു പ്രവർത്തിക്കാനും സാധിച്ചു. എന്റെ ഓരോ വളർച്ചയിലും എന്നെ സഹായിച്ച 2006ൽ ആലപ്പാട് പഞ്ചായത്ത് പ്രസിഡന്റായിരുന്ന രാജദാസ് സാർ, വാർഡ് മെമ്പർ വേണു അണ്ണൻ എന്നിവരെ നന്ദിയോടെ ഓർക്കാൻ കഴിയും, ഞാൻ ഇങ്ങനെയായതിൽ ഇതിൻരെ എല്ലാ ഗുണങ്ങളും ചിത്തർ സാറിന് സമർപ്പിക്കുന്നു. അന്ന് സംസ്ഥാന മിഷനിൽ ഉണ്ടായിരുന്ന, വിനോദ് സാർ, ശ്രീകണ്ഠൻ സാർ, ശിവദാസൻ സാർ, ജഗജീവൻ സർ, ഇ.ഡി.ശാരദ മാഡം എന്നിവരെയെല്ലാം ഓർമ്മിച്ച് കൊണ്ട് നിർത്തുന്നു.

---

## <u>ചാരിതാർത്ഥ്യം</u>

8

**1.ലീല**
**കൊല്ലം നഗരസഭ**
**കുടുംബശ്രീ CDS**

ഞാൻ ലില്ലിപ്പൂവ് എന്ന യൽക്കൂട്ടത്തിലെ ംഗമാണ്. എന്റെ േ ര് ലീല നുഭവങ്ങൾ ഒരു ാടുണ്ടെങ്കിലും വാക്കുകൾ ിശുക്ക് കാട്ടുന്നതി നാൽ ഞങ്ങളുടെ ഡിവിഷനിലുണ്ടായ ഒരു ബാല ീഡന കഥയാണ് ഞാൻ ഇവിടെ റയാൻ ആഗ്രഹിക്കുന്നത്.

എന്റെ യൽക്കൂട്ടത്തിലെ ഒരംഗത്തിന്റെ 10 വയസ്സുള്ള മകൾക്കുണ്ടായ ദുരനുഭവമാണ് ഇത്. ടുത്ത വീട്ടിലെ രണ്ട് കുട്ടികളുടെ ിതാവും മദ്ധ്യവയസ്ക്കനുമായ ഒരാൾ കുട്ടിയെ മിഠായി നൽകി ്ര ലോഭിപ്പിച്ച് ലതവണ ീഡിപ്പിച്ചു. ഇത് ച്ഛനമ്മമാരോട് റഞ്ഞാൽ കൊന്നുകളയുമെന്ന് കുട്ടിയെ റഞ്ഞ് ഭീക്ഷണിപ്പെടുത്തി. ഒരു ദിവസം കൂലിപ്പണിക്കാരായ ച്ഛനമ്മമാർ വീട്ടിൽ ഇല്ലാതിരുന്ന സമയത്ത് കുട്ടിയെ കടയിൽ േ ാകാനെന്ന വ്യാേ ന വിളിച്ചു വരുത്തുകയും ീഡിപ്പിക്കുകയും ചെയ്തു.

ീഡനത്തിനുശേഷം കുട്ടി വീട്ടിൽ വരുകയും സംശയ രമായ ചില മാറ്റങ്ങൾ കുട്ടിയിൽ കണ്ടെത്തിയതിനാൽ മ്മ വിവരം കുട്ടിയോട് ചോദിക്കുകയും, കുട്ടി കാര്യങ്ങൾ മ്മയോട്

തുറന്ന് റയുകയും ചെയ്തു. ഈ വിവരം ഞാൻ റിഞ്ഞ ഉടനെ ഡിവിഷൻ കൗൺസിലറുമായി ബന്ധപ്പെട്ട് േ ാലീസ് സ്റ്റേഷനിൽ കുട്ടിയെ കൂട്ടി േ ാകുകയും തുടർന്ന് വനിതാസെല്ലിൽ രാതി നൽകുകയും ചെയ്തു. കൂടാതെ കോർപ്പറേഷനിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ംഗമായിരുന്നു ബഹു: ( സന്ന ഏണസ്റ്റിനെയും ില്ലാ കളക്ടറേയും വിവരം റിയിച്ചു.

ഇതിന്റെ ഭാഗമായി ല മേഖലകളിൽ നിന്നുള്ള ഉദ്യോഗസ്ഥർമാർ വരികയും കുട്ടിയെയും കുടുംബത്തെയും ബോധവത്ക്കരണം നൽകി ആശ്വസിപ്പിക്കുകയും ചെയ്തു.

ിന്നീട് ( തിയെ നിയമ നട ടികളക്കായി േ ാലീസ് സ്റ്റേഷനിലേക്ക് കൈമാറുകയും ചെയ്തു.

ഈയൊരു ( ശ്നം മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ എനിക്ക് ശക്തി കർന്ന് തന്നത് കുടുംബശ്രീയാണ്. ഈ ( സ്ഥാനത്തിൽ ഞാൻ ംഗമായിരുന്നില്ലെങ്കിൽ വെറുതേ മൂക്കത്ത് വിരൽ വച്ച് ഒരു നെടുവീർപ്പുമയച്ച് ഈ സംഭവത്തെ തിന്റെ വഴിക്കു വിടുമായിരുന്നു.

---

## *ഞങ്ങൾ തന്റേടികളായി , പക്ഷേ.........*

9

***ആനന്ദാ രാജേന്ദ്രൻ***
വെട്ടിക്കവല ഗ്രാമപഞ്ചായത്ത്
കുടുംബശ്രീ സിഡിഎസ്സ്

"ഞാനൊരു കുടുംബശ്രീ അയൽക്കൂട്ടം രൂപീകരിക്കും'', അമ്മ എന്തിനാ തർക്കിക്കുന്നത്!" രാഖി ചോദിച്ചു. രാവിലെ മുതൽ തുടങ്ങിയ വഴക്കാണ്. അമ്മ, "അതേടി, ഞാൻ നിന്റെ അമ്മ ആയതുകൊണ്ടാണ് പറയുന്നത്. ഇവിടെ കുടുംബശ്രീയും വേണ്ട, ഒരു ശ്രീയും വേണ്ട.

ഉള്ള ശ്രീയൊക്കെ മതി. മര്യാദയ്ക്ക് അടങ്ങി ഒതുങ്ങി ജീവിച്ചാൽ മതി.” അമ്മ രാഖിയോട് പറഞ്ഞു.

രാഖി ഒരു കുടുംബശ്രീ യൂണിറ്റ് രൂപീകരിക്കാൻ തുടങ്ങിയപ്പോൾ മുതലാണ് അമ്മയ്ക്ക് പ്രശ്നം. കുടുംബശ്രീയിലൊക്കെ പോയാൽ പെണ്ണുങ്ങൾ അഹങ്കാരികളാകുമെന്നാണ് അമ്മയുടെ വാദം. അമ്മയുടെ സഹോദരനും മറ്റു ബന്ധുക്കളും അമ്മയ്ക്കൊപ്പമുണ്ട്.

എന്നാൽ എന്തുവന്നാലും അയലക്കൂട്ടം രൂപീകരിച്ചിട്ടേ അടങ്ങൂ എന്ന വാശിയിലാണ് രാഖി. എല്ലാ എതിർപ്പുകളേയും അവഗണിച്ചുകൊണ്ട് അവൾ ഒരു അയൽക്കൂട്ടം രൂപീകരിക്കുകയും ചെയ്തു. അയൽക്കൂട്ടം നല്ല രീതിയിൽ പ്രവർത്തിച്ചു തുടങ്ങി. അങ്ങനെയിരിക്കെ ഒരു ദിവസം രാഖിയുടെ മാമന് (അമ്മയുടെ സഹോദരന്) ഒരു ആക്സിഡന്റ് ഉണ്ടായി. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ക്രിട്ടിക്കൽ സ്റ്റേജിലായി. ധാരാളം രക്തം ആവശ്യമായി വന്നു.

എല്ലാവരും ആശുപത്രി വരാന്തയിൽ നിമിഷങ്ങൾ എണ്ണി നിൽക്കുകയായിരുന്നു. അപ്പോഴാണ് ഒരു പരിശീലന പരിപാടിയുടെ കാര്യം പറയാൻ സിഡിഎസ്സ് ചെയർപേഴ്സൺ വിളിക്കുന്നത്. “ചേച്ചീ, ഞാനിപ്പോൾ മെഡിക്കൽ കോളേജിലാണ്. എന്റെ മാമന് ആക്സിഡന്റായി. ധാരാളം രക്തം ആവശ്യമാണ്. ഒ നെഗറ്റീവ് ആയതുകാരണം വളരെ പാടാണ്. എന്തു ചെയ്യും ചേച്ചീ” രാഖി ചെയർപേഴ്സണോട് ചോദിച്ചു. “നീ വിഷമിക്കാതെ, എന്തെങ്കിലും വഴിയുണ്ടോന്ന് നോക്കട്ടെ” ചെയർപേഴ്സൺ പറഞ്ഞു. അവർ ഉടനെ തന്നെ ജില്ലാമിഷനുമായി ബന്ധപ്പെട്ടു. ജില്ലാമിഷൻ സ്റ്റേറ്റ്മിഷന്റെ ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ടു. പ്രോഗ്രാം ഓഫീസർ അടക്കമുള്ള ഒരുകൂട്ടം ആളുകൾ ആശുപത്രിയിൽ വന്ന് രക്തമടക്കം ആവശ്യമുള്ള സഹായങ്ങൾ എല്ലാം ചെയ്തു. എക്സിക്യൂട്ടീവ് ഡയറക്ടറടക്കമുള്ളവർ ആശുപത്രിയിൽ എത്തി വിവരങ്ങൾ അധികൃതരോട് അന്വേഷിച്ചു. ഇതോടെ രാഖിയുടെ മാമന് കുറേക്കൂടി മെച്ചപ്പെട്ട ചികിത്സ ലഭിച്ചു. അദ്ദേഹം അപകടനില തരണം ചെയ്തു.

ബോധം വീണ്ടുകിട്ടിയപ്പോൾ , അദ്ധേഹം അനുഭവിച്ച സഹായസഹകരണങ്ങൾ മറ്റുള്ളവരിൽ നിന്നും അറിഞ്ഞു. കുടുംബശ്രീ എന്നത് കേവലം ഒരു അയൽക്കൂട്ടമോ , പത്തു സ്ത്രീകൾ മാത്രമടങ്ങുന്നതോ അല്ലെന്നും, ഇതൊരു കൂട്ടായ്മയുടെ മഹാപ്രസ്ഥാനമാണെന്നും അദ്ദേഹത്തിന് മനസ്സിലാക്കാൻ കഴിഞ്ഞു. ഈ സംഘടനയിൽ പട്ടിണിക്കാർ മുതൽ ധനികർ വരെയുണ്ട്. വിദ്യാഭ്യാസമില്ലാത്തവർ മുതൽ ഉയർന്ന വിദ്യാധനികർവരെയുണ്ട്. എന്തിനും ഏതിനും കൂട്ടായ്മയുടെ ശക്തിയുണ്ട്. അദ്ദേഹം രാഖിയെ വിളിച്ച് അരികിൽ നിർത്തി പറഞ്ഞു “മോളെ, മാമനോട് ക്ഷമിക്ക്, കുടുംബശ്രീയിൽ പ്രവർത്തിച്ചാൽ സ്ത്രീകൾ തന്റേടികളായിപ്പോകുമെന്ന് മാമൻ കരുതി. പുരുഷൻമാരെ അനുസരിക്കാത്ത ധിക്കാരികളാകുമെന്ന് മറ്റുള്ളവർ പറയുന്നത് കേട്ട് മാമനും തെറ്റിധരിച്ചു. മാമനോട് ക്ഷമിക്കൂ മോളെ”

രാഖി പറഞ്ഞു, “മാമൻ പറഞ്ഞത് ശരിയാണ്. കുടുംബശ്രീ എന്ന മഹാപ്രസ്ഥാനത്തിൽ അണിചേർന്നുകഴിഞ്ഞാൽ ഞങ്ങൾ സ്ത്രീകൾ തന്റേടികളാകും, പക്ഷെ തന്റേടിയുടെ അർത്ഥം പുരുഷനെ അനുസരിക്കാത്തവൾ എന്നല്ല, ‘തന്റെ ഇടം കണ്ടെത്തിയവൾ ’എന്നാണ്, പണ്ട് സ്ത്രീകൾ ജീവിച്ചിരുന്ന വീടിന്റെ പിന്നാമ്പുറങ്ങളിൽ പോലും ഇടം കണ്ടെത്താനാകാതെ കഴിഞ്ഞപ്പോൾ മനസ്സിൽ ഒരുക്കിയെടുത്ത നിശ്ശബ്ദ വിപ്ലവത്തിന്റെ പുതിയ ഏടുകളിലൂടെ ഇന്ന് സ്വന്തം വീടിന്റെ മാത്രമല്ല, ഒരു സമൂഹത്തിന്റെ മധ്യത്തിൽതന്നെ ഞങ്ങൾ ഇടം കണ്ടെത്തി. മഹാനായ ഗാന്ധിജിയുടെ വാക്കുകളിൽ സ്ത്രീകൾ അരങ്ങത്തേക്ക് വരാനുള്ള ആഹ്വാനമു

ണ്ടായിരുന്നു. ഞാൻ നിമിത്തം എന്റെ മാമനെ ജീവിതത്തിലേക്ക് തിരിച്ചു കിട്ടിയപ്പോൾ, അതിന് ഇടയാക്കിയ എന്റെ കുടുംബശ്രീ പ്രസ്ഥാനത്തെ ഞാൻ കൂടുതൽ കൂടുതൽ സ്നേഹിച്ചു പോകുന്നു." പറഞ്ഞു നിർത്തിയപ്പോൾ രാഖി കരയുന്നുണ്ടായിരുന്നു. രാഖിയുടെ അമ്മയും.

## *ജീവിതവഴികളിൽ കാലിടറാതെ...............*

10

***ഉഷാകുമാരി***

കുളത്തൂപ്പുഴ ഗ്രാമപ്പഞ്ചായത്ത്,

കുടുംബശ്രീ സി.ഡി.എസ്സ്.

കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിൽ അമ്പതേക്കർ എന്ന മലയോര ഗ്രാമത്തിലാണ് ഞാൻ ജനിച്ചുവളർന്നത്. എന്റെ പേര് ഉഷാകുമാരി. ഒരുകാലത്ത് പുറംലോകവുമായി യാതൊരുബന്ധവുമില്ലാതെ വനത്താൽ ചുറ്റപ്പെട്ട കിടന്നിരുന്ന ഒരു കുഗ്രാമമാണിത്. സമൂഹവുമായി ബന്ധമില്ലാതെ ഒറ്റപ്പെട്ട തരത്തിലാണ് എന്റെ കുടുംബവും ജീവിതം കഴിച്ചുകൂട്ടിയിരുന്നത്. അങ്ങനെയിരിക്കെ എന്റെ വിവാഹം കഴിയുകയും തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ എന്ന സ്ഥലത്തേക്ക് ഞാൻ താമസം ആക്കുകയും ചെയ്തു. ഭർത്താവ് കുറച്ച് ദിവസങ്ങൾക്കകം ഗൾഫിലേക്ക് പോയി. മൂന്നു വർഷത്തോളം ജീവിതം അല്ലലില്ലാതെ കഴിഞ്ഞുപോയി. പെട്ടെന്നാണ് ജീവിതം തകിടംമറിഞ്ഞത്. ഭർത്താവിനെക്കുറിച്ച് രണ്ട് വർഷത്തോളം യാതൊരു വിവരവുമില്ലായിരുന്നു. മാനസികമായി തകർന്നുപോയ ഞാൻ

മുഖ്യമന്ത്രിക്ക് പരാതി നൽകുകയും പ്രവാസി ഇന്ത്യാക്കാരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന നോർക്കയുമായി ബന്ധപ്പെട്ട് സർക്കാർ എന്റെ ഭർത്താവിനെ നാട്ടിൽ എത്തിച്ചു തരികയും ചെയ്തു. ഈ സമയത്ത് എന്റെ അമ്മ അടുത്തുള്ള അയൽക്കൂട്ടത്തിൽ ചേരണമെന്നു പറഞ്ഞു. കുടുംബത്തിലെ മുഴുവൻ ആളുകളും എതിർത്തിട്ടും അമ്മ സമഭാവന എന്ന കുടുംബശ്രീയിൽ അംഗമായി. മാസങ്ങൾ കഴിഞ്ഞുപോയി ഞാൻ എന്റെ ആദ്യത്തെ കുഞ്ഞിനെഗർഭം ധരിക്കുകയും എസ്.എ.റ്റി ആശുപത്രിയിൽവച്ച് ഞാൻ അഞ്ചുവർഷം കാത്തിരുന്നുകിട്ടിയ കുഞ്ഞ് രമിക്കുകയും ചെയ്തു. മാനസികമായി ഞാൻ ആകെതളർന്നു. ശരിക്കും ഭ്രാന്താവസ്ഥയിലായി. ഇതിനിടെ ഭർത്താവ് കൊണ്ടുവന്ന പൈസയും കുറച്ച് ബാങ്ക് ലോണും എടുത്ത് ചെറിയ ഒരു വീടും വസ്തുവും വാങ്ങി. കടുംനാൾക്കുനാൾ വർദ്ധിച്ചുവന്നു. ഈ സാമയത്താണ് എന്റെ അമ്മ കുടുംബശ്രീയിൽ അംഗങ്ങളെ എടുക്കുന്ന വിവരം പറയുന്നത്. ആദ്യം ഞാൻ എതിർത്തെങ്കിലും കുടുംബശ്രീയിൽ ചേരാൻതന്നെ തീരുമാനിച്ചു. പിന്നെ പതിവായി ഞാൻ കുടുംബശ്രീ മീറ്റിംഗുകളിൽ ഭങ്കെടുത്തു. എന്റെ മാനസിക നിലയിൽ ഞാൻതന്നെ അറിയാതെ മാറ്റങ്ങൾ വരാൻഡ തുടങ്ങി. അയൽക്കൂട്ട ചർച്ചകളിൽ പങ്കെടുക്കുമ്പോൾ എന്റെ ദുഃഖങ്ങൾ പലപ്പോഴും ഞാൻ മറന്നുപോയി. അതിനെ തുടർന്ന് വാർഡിലെ ജനങ്ങൾക്കിടയിൽ സന്നദ്ധ പ്രവർത്തക എന്ന നിലയിൽ പ്രവർത്തിച്ചു തുടങ്ങി. അങ്ങനെ പതുക്കെ പതുക്കെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഞാനിറങ്ങിത്തിരിച്ചു. കൊള്ളപ്പലിശക്കാരെ ഒഴിവാക്കി കുടുംബശ്രീ വഴി ലോണെടുക്കുകയും എന്റെ സാമ്പത്തിക ബാദ്ധ്യതകൾ ഒഴിവാക്കുകയും ചെയ്തു. പിന്നീട് ബാലാരിഷ്ടതകളിൽ മുങ്ങിയ ഗ്രൂപ്പിന്റെ പ്രസിഡന്റായി എന്നെ തെരഞ്ഞെടുത്തതും. അതോടുകൂടി കുടുംബശ്രീ സംവിധാനത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കി കൂടുതൽ കുടുതൽ സ്ത്രീകളെ കുടുംബശ്രീ യൂണിറ്റുകൾ ഉണ്ടാക്കുന്നതിനു പ്രേരിപ്പിക്കുകയും, കുടുംബശ്രീയുടെ സൂഗമമായ നടത്തിപ്പിനുവേണ്ടി കണക്ക് എഴുതാൻ അവരെ പരിശീലിപ്പിക്കുകയും ചെയ്തു. ഈ സമയത്താണ് ആശാവർക്കർമാരെ തിരഞ്ഞെടുക്കുന്നു എന്ന് എന്റെ സഹോദരി അറിയിക്കുന്നത്. അപേക്ഷ കൊടുക്കേണ്ട അവസാന തീയതി ഞാൻ അപേക്ഷ നൽകി. ഇന്റർവ്യൂവിൽ പങ്കെടുത്തു. കുടുംബശ്രീവഴി സമൂഹത്തിലെ എല്ലാവിധ കാര്യങ്ങൾക്കും പങ്കെടുത്തതിനാൽ വാർഡ് മെമ്പർ ഇന്റർവ്യു സമയത്ത് എനിക്ക് അനുകൂലമായി മാർക്കിട്ടു. പ്രതിഫലേച്ഛ കൂടാതെ ആരോഗ്യ പ്രവർത്തനങ്ങളിൽ പങ്കെടുത്തതിനാൽ എനിക്ക് ഇന്റർവ്യൂവിൽ ഒന്നാം സ്ഥാനനം ലഭിക്കുകയും ആശാവർക്കറായി എന്നെ തിരഞ്ഞെടുക്കുകയും ചെയ്തു. ഇന്ന് എന്റെ പ്രവർത്തനമണ്ഡലം വിശാലമാണ്. ഞാൻ ഓരോ കുടുംബത്തിലും നിത്യസന്ദർശകയായി മാറി. കാലചക്രം തിരിഞ്ഞുകൊണ്ടിരുന്നു. പഞ്ചായത്ത് തിരഞ്ഞെടുപ്പ് സമാഗതമായി. എന്റെ വാർഡ് വനിതാ വാർഡായി മാറി. എ.ഡി.എസ്സ് മീറ്റിംഗുകളിൽ മറ്റ് ഗ്രൂപ്പുകളിലെ അംഗങ്ങൾ തെരഞ്ഞെടുപ്പിൽ നിൽക്കണമെന്ന് സ്നേഹത്തോടെ ആവശ്യപ്പെട്ടു. പട്ടികജാതി പട്ടികവർഗ്ഗക്കാർ തിങ്ങിപ്പാർക്കുന്ന, വികസനത്തിൽ പിന്നോക്കമായി പ്രദേശമാണ് ഈ വാർഡ്. 50 ശതമാനത്തിലധികംപേരും ചോർന്നൊലിക്കുന്ന കുടിലുകളിലാണ് താമസിക്കുന്നത്. ഇപ്പോഴും വാഹനസൗകര്യം

എത്താത്ത 6 മേഖലകൾ ഇവിടെയുമുണ്ട്. എല്ലാവരുടേയും നിർബന്ധത്തിനുവഴങ്ങി തെരഞ്ഞെടുപ്പിൽ നിൽക്കുകയും പഞ്ചായത്തിലെ തന്നെ വൻഭൂരിപക്ഷത്തിൽ വിജയിക്കുകയും ജനപ്രതിനിധിയാവുകയും ചെയ്തു. ഇന്ന് ഞാൻ സ്ത്രീകളുടെ പ്രശ്നങ്ങളിൽ സജ്ജീവമായി ഇടപെടുന്നു. അവയ്ക്കെല്ലാം ഒരു പരിധിവരെ പരിഹാരം കാണുന്നു എനിക്ക് സാധിക്കുന്നു. സ്കൂൾ പഠനം നിർത്തി വീട്ടിൽ നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ചൈൽഡ് ലൈനുമായി ബന്ധപ്പെട്ട് വെൽഫയർ സെന്റർ വഴി തുടർപഠനവും സുരക്ഷിതത്വവും നൽകാൻ കഴിഞ്ഞു. പീഢനത്തിന്റെ വക്കുവരെ എത്തിയ നിർധനരായ രണ്ട് പെൺകുട്ടികളെ രക്ഷിക്കാൻ കഴിഞ്ഞത് എനിക്ക് ആത്മസംതൃപ്തിപകരുന്നു. ഇന്ന് ഞാൻ സമൂഹത്തിന്റെ മുഖ്യധാരയിലാണ്. പഞ്ചായത്തിലെ കുടുംബശ്രീ ഗ്രൂപ്പുകൾക്ക് സ്ത്രീപദവി സ്വയം പഠനം എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സെടുക്കുന്ന ആർ.പി ആണ്. പത്ത് വർഷത്തിനുള്ളിൽ എനിക്ക് ഉണ്ടായ മാറ്റംവളരെ വലുതാണ്. അടുക്കളയിൽ ഒതുങ്ങികഴിഞ്ഞിരുന്ന ഞാൻ ഇന്ന് സമൂഹത്തിന്റെ മുഖ്യധാരയിലാണ്. എന്നെ ഞാനാക്കി മാറ്റിയ കുടുംബശ്രീ സംവിധാനത്തോട് ഞാനെന്നും കടപ്പെട്ടിരിക്കുന്നു.

---

## *വനകല്ലോലിനി*

11

***സുജാത.വി.***

പൂതക്കുളം സിഡിഎസ്സ്

പൂതക്കുളം ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിലെ ശ്രീ വിനായക കുടുംബശ്രീ യൂണിറ്റിലെ സെക്രട്ടറിയാണ് ഞാൻ. വളരെ സന്തോഷം നിറഞ്ഞ കുടുംബാന്തരീക്ഷത്തിലാണ് ഞാൻ ജനിച്ചു വളർന്നത്. സ്പോർട്സിൽ സ്കൂൾ ലെവൽ ചാമ്പ്യനും സ്റ്റേറ്റ് മീറ്റിലും , എസ്സ്.എൻ.വിമൻസ് കൊളജിൽ നിന്നും ഇന്റർ കോളേജ് ബാറ്റ്മിന്റെൻ ചാമ്പ്യൻഷിപ്പിൽ രണ്ടാം സ്ഥാനവും , വാക്കിംഗ് ഒന്നാം സ്ഥാനവും നാഷണലിൽ (പഞ്ചാബിൽ) 93 ൽ പങ്കെടുക്കാനുള്ള ഭാഗ്യവും ലഭിച്ചു. പ്രീഡിഗ്രിക്ക് ശേഷം സിംഗപ്പൂരിൽ പോയി. എന്റെ അമ്മയുടെ മൂത്ത സഹോദരൻ സിംഗപൂർ സിറ്റിസൺ ആയിരുന്നു. എന്റെ കുട്ടിക്കാലം

മുതൽക്കേ എന്റെ വിദ്യാഭ്യാസത്തിനും മറ്റും എന്ത് ആവശ്യങ്ങൾക്കും മാമന്റെ സഹായത്തിലാണ് ഞാൻ വളർന്നത്. അച്ഛന് സർവ്വേയിലായിരന്നു ജോലി. അവിടെ വച്ച് നല്ല ഒരു കല്യാണ ആലോചന വന്നു. പക്ഷെ അമ്മക്ക് ഒരേ നിർബന്ധം നാട്ടിലുള്ള ചെറുക്കനെ കൊണ്ട് മാത്രമേ കല്യാണം കഴിപ്പിക്കാവൂ എന്ന്. ഞാൻ തിരികെ നാട്ടിൽ വന്നു. കമ്പ്യൂട്ടർ പഠനം നടന്നുകൊണ്ടിരിക്കുന്ന സമയത്ത് അച്ഛൻ ഈ ആലോചന കൊണ്ടു വന്നു. നല്ല വെളുത്ത പയ്യൻ. ഗൾഫിൽ ട്രെയിലർ ഡ്രൈവറാണ്.

ഞാൻ നായർ കുടുംബത്തിലെ അംഗവും അദ്ദേഹം കുറുപ്പും. 2001 ജനുവരിയിൽ വളരെ ആർഭാടമായി 60 പവന്റെ സ്വർണ്ണം ഇട്ട് കല്യാണം നടത്തി. മൂന്നു മാസ്ത്തെ ലീവ് മാത്രമേയുള്ളൂ എന്ന് അദ്ദേഹം പറഞ്ഞു. വളരെ നല്ല പെരുമാറ്റമായിരുന്നു. കല്യാണ ദിവസം കൂട്ടുകാർക്ക് കമ്പനിക്ക് വേണ്ടി കുറച്ചു മദ്യം കഴിച്ചു എന്നാണ് എന്നോട് പറഞ്ഞത് എന്നാൽ അദ്ദേഹത്തിന്റെ ബന്ധുക്കൾ പറഞ്ഞത് അയാൾ സ്ഥിരം മദ്യപിക്കാറുണ്ടെന്നാണ്. അത് കേട്ടപ്പോൾ എന്റെ കണ്ണുകളിൽ ഇരുട്ട് കയറുന്നതുപോലെ തോന്നി. സ്വന്തമായി വീടും തറയുമുള്ള പയ്യനാണെന്നാണ് അച്ഛൻ പറഞ്ഞത്. എന്നാൽ കരാർ ആയതേയുള്ളൂ. എന്റെ പകുതി സ്വർണ്ണം, വീടും തറയും വാങ്ങുന്നതിനും കുറച്ചു സ്വർണ്ണം വിറ്റത് അമ്മാവി അമ്മയുടേയും നാത്തൂൻമാരുടെയും സ്വർണ്ണങ്ങൾ പണയത്തിൽ നിന്നും എടുക്കുന്നതിനും വിനിയോഗിച്ചു. അപ്പോഴെല്ലാം എന്നോട് ഭയങ്കര സ്നേഹം ആയിരുന്നു. എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായാൽ എന്റെ അനുജത്തിമാരെ ബാധിക്കും എന്ന് ഭയന്ന് ആരോടും പരാതി പറഞ്ഞില്ല.

രണ്ടുമാസം കഴിഞ്ഞ് എനിക്ക് കുട്ടികളെ പ്രസവിക്കാനുള്ള കഴിവില്ല എന്നും പറഞ്ഞ് ചെറിയ ചെറിയ പ്രശ്നങ്ങൾ ഉണ്ടാക്കി. എന്നെ വിട്ടു പോകുന്നതിലുള്ള വിഷമം ആയതുകൊണ്ടാണ് മദ്യം കഴിക്കുന്നത് എന്ന് പറഞ്ഞു. തുടർന്ന് സൗദിയിലേക്ക് തിരിച്ചു പോയി. ഒരു വർഷം കഴിഞ്ഞപ്പോൾ അവിടെ നിന്നും ഫോൺ വന്നു. ട്രെയിലർ മറിഞ്ഞു. ഞാൻ ഒളിവിലാണ്. 25000 രൂപ അയച്ചുതരണം. എന്നാലേ നാട്ടിൽ വരാൻ പറ്റുള്ളൂ എന്ന് പറഞ്ഞു. എന്റെ മാല പണയം വച്ച് രൂപ അയച്ചു കൊടുത്തു. നാട്ടിൽ വന്നു വീടും വസ്തുവും പണയം വച്ചു. ആട്ടോ എടുത്തു. കുടിച്ചു ആട്ടോ ഓടിച്ചു വണ്ടി മറിഞ്ഞു. കാലിന്റെ തുണ്ട് വിരൽ നിശേഷം ഒടിഞ്ഞു പോയി. രണ്ടാഴ്ച കൊട്ടിയം ഹോളി ക്രോസ്സിൽ കിടിന്നു. കുറേ നാൾ നല്ല ജീവിതമായിരുന്നു. ഞാൻ ഒരു മകളെ പ്രസവിച്ചു. അപ്പോൾ സന്തോഷം കൊണ്ട് മദ്യപാനം തുടങ്ങി. ഞാൻ വീട്ടിൽ ഇല്ലാതിരുന്നതുകൊണ്ട് ആ വീട് സുഹൃത്തുക്കളുമായി ചേർന്ന് ഒരു മദ്യഷാപ്പാക്കി.

എന്റെ വീട്ടിലും വന്നു വെറുതെ പ്രശ്നങ്ങൾ ഉണ്ടാക്കി. അച്ഛൻ ഇടപെട്ടു പ്രശ്നങ്ങൾ പറഞ്ഞു തീർത്തു. വീട്ടു സാധനങ്ങൾ പണയം വച്ച് കുടിക്കുക. സാധനങ്ങൾ വിൽക്കുന്നത് ഒരു പതിവ് ശീലമാക്കി. എന്റെ വീട്ടിലേക്ക് താമസം മാറ്റി. വീണ്ടും ഒരുമിച്ചു ജീവിക്കാൻ തുടങ്ങി. മദ്യപാപം നിർത്താൻ വേണ്ട ലഹരി മോചന കേന്ദ്രങ്ങളിൽ ചിക്ത്സ തേടി. രണ്ടാമത്

പ്രസവിച്ചത് ഒരു മകനെയാണ്. വീണ്ടും സന്തോഷിക്കാൻ മദ്യം കഴിച്ചു. കൂടാതെ ശാരീരകാമയി ഉപദ്രവിക്കാൻ തുടങ്ങി. മാനസികമായും വളരെ അധികം പീഡനങ്ങൾ അനുഭവിക്കേണ്ടി വന്നു. എനിക്കും എന്റെ പിഞ്ചുമക്കൾക്കും ആ വീട്ടിൽ കിടന്നു ഉറങ്ങാനോ ഭക്ഷണം പാകം ചെയ്തു കഴിക്കുവാനോ പറ്റാത്ത അവസഥയായി. അയലത്തുള്ളവർ എനിക്കും മക്കൾക്കും ഭക്ഷണം തന്നു സഹായിച്ചു. രാത്രി 1 മണി 2 മണി സമയങ്ങളിൽ ആണ് കൂടുതലായി ഉപദ്രവിക്കുന്നത്. എനിക്ക് ഉറങ്ങാൻ ഭയമായിരുന്നു. കുറ്റിക്കാടുകളിലും മറ്റും ഞാനും എന്റെ കുഞ്ഞുങ്ങളും അയാളെ ഭയന്ന് ഒളിച്ചിരിക്കുമായിരുന്നു. ബാങ്കിൽ ലോൺ തിരിച്ചടക്കാതിരിക്കുന്നത് കൊണ്ട് ജപ്തി നോട്ടീസ് വന്നു. നിസ്സാര വിലക്ക് 25 സെന്റും, തറയും വീടും വിൽക്കേണ്ടി വന്നു. എല്ലാം നഷ്ടപ്പെട്ട് ഞങ്ങൾ വീട്ടിൽ താമസത്തിന് വന്നു.

അച്ഛൻ സുഖമില്ലാതെ മരിച്ചു. ഇയാളുടെ ശല്യം കാരണം അമ്മയും അനുത്തിയുടെ കൂടെ താമസം മാറി. അമ്മയും സഹോദരങ്ങളും ബന്ധം ഒഴിയാൻ നിർബന്ധപ്പിച്ചു. പക്ഷെ എനിക്ക് അതിന് കഴിഞ്ഞില്ല. വീണ്ടും ഞങ്ങൾ ഒറ്റക്കായി. ഒരു ജോലക്കും പോകാരെ വീട്ടിലെ സാധനങ്ങൾ എല്ലാം വിറ്റു പെറുക്കി കുടിക്കും. ചോറ് വയ്ക്കുന്ന കലം പോലും. ഒരു ദിവസം എന്നെ ഒരുപാട് ഉപദ്രവിച്ചു. എന്നെ കൊല്ലാൻ ശ്രമിച്ചു. എന്റെ തലയിലൂടെ മണ്ണെണ്ണ ഒഴിച്ചു. എന്റെ മക്കൾ നിലവിളിച്ചു. അടുത്തുള്ള ആളുകൾ ഓടിക്കൂടിയതുകൊണ്ട് മാത്രം ഞാൻ രക്ഷപ്പെട്ടു. ഇതെല്ലാം അറിയാവുന്ന തൊട്ടടുത്ത അംഗൻവാടി ടീച്ചർ എന്നോട് പറഞ്ഞു. ''ഇനി എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായാൽ എന്നെ വിളിക്കണം.'' അങ്ങനെ ടീച്ചർ അവരുടെ കൂട്ടുകാരിയുടെ വീട്ടിൽ എന്നെയും കുട്ടികളെയും താമസിപ്പിച്ചു. എന്റെ അവശതയെല്ലാം മാറിയപ്പോൾ പോലീസിൽ കേസ് കൊടുത്തു. വീണ്ടും ഒത്തു തീർപ്പായി. ഇനി ഉപദ്രവിക്കില്ല എന്ന് പറഞ്ഞു.

ഞാനും മക്കളും വളരെ ദാരിദ്ര്യത്തിലായിരുന്നു. അയലത്തുള്ള ഒരു കുടുംബശ്രീ അംഗവും തൊഴിലറപ്പിന് പോകുന്ന ഒരു ചേച്ചിയും എന്നോട് നീ നാണക്കേട് വിചാരിക്കാതെ തൊഴിലുറപ്പിന് വരാൻ പറഞ്ഞു. അങ്ങനെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ അംഗമായി. എന്റെ കഷ്ടപ്പാടിനു പരിഹാരമായി. മേറ്റ് ആകാൻ വേണ്ടി ഞാൻ കുടുംബശ്രിയിൽ അംഗമായി. ഞാൻ അതിന്റെ സെക്രട്ടറിയായി. എഡിഎസ്സ് ആയി, മേറ്റ് ആയി. സ്കൂളിലെ പി.റ്റി.എ. പ്രസിഡന്റായി. ഇപ്പോൾ കുടുംബശ്രി ചെയർപേഴ്സണായി. കുടുംബശ്രീ നടത്തുന്ന പരിശീലനങ്ങളിൽ പങ്കെടുത്തതിനാൽ എനിക്ക് ഒരുപാട് കാര്യങ്ങൾ പഠിക്കാനും അതോടൊപ്പം മനസ്സിന് നല്ല ധൈര്യം സമ്പാദിക്കാനും സാധിച്ചു. പഞ്ചായത്തുമായി ഇടപെട്ടപ്പോൾ അവിടെ നടപ്പിലാക്കുന്ന പെൻഷനുകൾ അർഹതപ്പെട്ടവർക്ക് ലഭ്യമാക്കാൻ വേണ്ട സഹായങ്ങൾ ചെയ്യാൻ കഴിഞ്ഞു. എന്റെ വാർഡിലെ അറിയപ്പെടുന്ന വ്യക്തിയാകാൻ സാധിച്ചു. ആത്മഹത്യയെ കുറിച്ച് മാത്രം ചിന്തിച്ചു എടന്ന എനിക്ക് മറ്റുള്ളവരെ പോലെ ജീവിക്കാൻ സഹായിച്ചത് ഈ കുടുംബശ്രി പ്രസ്ഥാനത്തിലൂടെയാണ്.

ഗാർഹിക പീഡന നിയമത്തെ കുറിച്ച് മനസ്സിലാക്കാൻ കഴിഞ്ഞത്കൊണ്ട് എന്നെയും കുഞ്ഞുങ്ങളെയും ഉപദ്രവിക്കാതിരിക്കാനുള്ള പ്രൊട്ടക്ഷൻ ഓർഡർ കോടതിയിൽ .നിന്നും വാങ്ങാൻ കഴിഞ്ഞു.

മദ്യപാനിയുടെ ഭാര്യ ആയതുകൊണ്ട് സഹതാപത്തോടൊപ്പം ബന്ധുനങ്ങളുടെ പുശ്ചവും ഒറ്റപ്പെടലും അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. ഇപ്പോൾ രണ്ടര വർഷമായിട്ട് ചിലവിന് ഒന്നും കിട്ടിയില്ലെങ്കിലും ഉപദ്രവത്തിൽ നിന്നും ഞാനും മക്കളും രക്ഷപെട്ടു. അമ്മ വീടും തറയും അനുജത്തിയുടെ ഭർത്താവിന് എഴുതി കൊടുത്തതിനാൽ ഞാനും മക്കളും അവിടെ നിന്ന് ഇറങ്ങേണ്ട അവസ്ഥ വന്നു. ഒരു ചേച്ചി ഞങ്ങളുടെ രക്ഷകയായി എത്തി. എന്റെ ജാതിയല്ല. അവർക്കും മറ്റാരും ഇല്ല. കൂടൊത വളരെ അവശത അനുഭവിക്കുന്നവരും ആയിരുന്നു. അവരുടെ വീടും ജപ്തിയുടെ വക്കിൽ നിൽക്കുന്നു. ഞാൻ കുടുംബശ്രീയിൽ നിന്നും ലോൺ എടുത്തു അവരുടെ ജപ്തി ഒഴിവാക്കി. അങ്ങനെ അവരുടെ വസ്തു സെന്റിന് 30000/– രൂപയ്ക്ക് 7 സെന്റ് വാങ്ങി. ഒന്നര സെന്റ് അവരുടെ പേരിലും വളരെ ചെറിയ വീടാണ്. ഉറപ്പിലാത്ത കതകും പൊട്ടിപൊളിഞ്ഞ ഷീറ്റും . എന്നാലും സമാധാനമായി കയറി കിടക്കാമായിരുന്നു. ഇന്നെനിക്ക് വളരെ സന്തോഷം തോന്നുന്നു. പഞ്ചായത്തിൽ വീട് അനുവദിച്ചു. അന്തിയുറങ്ങാൻ സുരക്ഷിതമായ ഒരു വീടുണ്ടായി.

ചെയർപേഴ്സൺ ആയതുകൊണ്ട് പ്രശ്നങ്ങൾ ഉള്ള കുടുംബങ്ങളിൽ നേരിട്ട് ചെല്ലാനും അവർക്ക് സാന്ത്വനമേകാനും കഴിഞ്ഞു. എന്റെ പഞ്ചായത്തിൽ ഉണ്ടായിരുന്ന ഒരു കള്ള്ഷാപ്പ് പൂട്ടിക്കാൻ ഞങ്ങളുടെ കൂട്ടായ്മയിലൂടെ സാധിച്ചു. സ്ത്രീജനങ്ങൾ മാത്രം താമസമുള്ള ഏരിയയായിരുന്നു. കുടിയൻമാരുടെ ശല്യം വളരെ കൂടിതലായിരുന്നു. മിക്ക കുടുംബ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കാൻ സാധിച്ചു. വാർഡ്തലത്തിൽ പാട്ടകൃഷിയിലൂടെ ഞാൻ ഉൾപ്പടെ ഒരുപാട് ചേച്ചിമാർക്ക് വരുമാനം നേടാൻ സാധിച്ചു. ജൈവകൃഷിയിലൂടെ ശുദ്ധമായ പച്ചക്കറികൾ ലഭ്യമാക്കാൻ സാധിച്ചു. ഊർജ്ജ്യശ്രീ കലാജാഥ ടീമിൽ പ്രവർത്തിക്കാൻ സാധിച്ചതിനാൽ ഒരുപാട് അറിവുകൾ നേടാനും വലിയ ആളുകളുമായി പരിചയപ്പെടുവാനും സാധിച്ചു. എന്റെ വ്യക്തി ജീവിതത്തിലും മാറ്റങ്ങൾ ഉണ്ടാക്കാനും സാധിച്ചു. ഇതിലൂടെ സന്ദേശങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുവാനും ജില്ലയിലെ 75 സിഡിഎസ്സും സന്ദർശിക്കുവാനും അതോടൊപ്പം വരുമാനവും ലഭിച്ചു. ഏറെ സന്തോഷമുള്ള ദിനങ്ങളായിരുന്നു.

ഞങ്ങളുടെ എല്ലാ ഉയർച്ചക്കും പിന്നിൽ നല്ലവരായ ഒരുപാട് പേരുടെ പിൻബലമുണ്ട്. എനിക്കും മക്കൾക്കും ആ ചേച്ചിക്കും ഒരു പുതിയ ജീവിതം തന്ന കുടുംബശ്രീ സംഘടനയ്ക്കും നല്ലവരായ പഞ്ചായത്ത് പ്രസിഡന്റിനും സിഡിഎസ്സ് അംഗങ്ങൾക്കും നല്ലവരായ അയൽക്കാർക്കും, സുഹൃത്തുക്കൾക്കും ഞങ്ങളുടെ ജീവിതം കടപ്പെട്ടിരിക്കുന്നു.

## *എന്നെ ഞാനാക്കിയ ശ്രീ*

12

***ജലജാ വിജയൻ,***

അഞ്ചൽ ഗ്രാമപഞ്ചായത്ത്

കുടുംബശ്രീ സി.ഡി.എസ്സ്.

അഞ്ചൽ പഞ്ചായത്തിലെ 18ാം വാർഡിൽ ഏറം തെക്കേക്കരഭാഗം കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന നന്ദനം എന്ന കുടുംബശ്രീ യൂണിറ്റ് അംഗമാണ് ഞാൻ. നാട്ടുകാരുടെയും വീട്ടുകാരുടെയും എതിർപ്പിനെ വകവയ്ക്കാതെ സ്നേഹ ബന്ധത്തിലൂടെയുള്ള എന്റേയും ഭർത്താവ് വിജയന്റെയും വിവാഹജീവിതം വെറും പൂജ്യത്തിൽ നിന്നാണ് ആരംഭിച്ചത്. സമൂഹത്തിന്റെ മുൻപിൽ നല്ല നിലയിൽ ജീവിക്കുന്നതിന് സാമ്പത്തികവും പരസ്പര ധാരണയും അനിവാര്യമായ ഘടകമാണെന്ന് മനസ്സിലാക്കിയ ഞാൻ ഭർത്താവിന്റെ വരുമാനം മാത്രം നോക്കിയിരിക്കാതെ കോഴി, ആടുമാടുകൾ മുതലായവയെ വളർത്താനും അവയിൽ നിന്നുള്ള ലാഭവും ഭർത്താവിന്റെ വരുമാനത്തിന്റെ ഭാഗവും മാറ്റി ചിട്ടിയും മറ്റും നടത്തി ജീവിച്ചുവരികയായിരുന്നു.

ഇങ്ങനെയിരിക്കുന്ന വേളയിലാണ് അഞ്ചൽ പഞ്ചായത്തിൽ കുടുംബശ്രീ യൂണിര്റുകളുടെ രജസ്ട്രേഷൻ നടക്കുന്ന വിവരം അറിയാൻ കഴിഞ്ഞത്. ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ മനസ്സിലാക്കിയപ്പോൾ ഇത് വനിതകൾക്ക് നല്ല ഒരു വികസനത്തിൻരെ

പാതയായി തീരുമെന്ന് എനിക്ക് മനസ്സിലായി. എന്റെ വീടിന്റെ പരിസരങ്ങളിലുള്ള വീട്ടിലെ പുരുഷന്മാരെ ആദ്യംതന്നെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കുകയും അവരുടെ ഭാര്യമാരെ പങ്കെടുപ്പിച്ച് 15 പേരടങ്ങുന്ന ഒരു ഗ്രൂപ്പ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. സമീപ പ്രദേശങ്ങളിലെ ആളുകളിൽ നിന്നും വളരെ അധികം വിമർശനങ്ങളും ആക്ഷേപങ്ങളും കേൾക്കേണ്ടി വന്നെങ്കിലും ഞങ്ങളുടെ ഗ്രൂപ്പിന്റെ ചിട്ടയായ പ്രവർത്തനങ്ങളും പരസ്പര സ്നേഹവും ധാരണയും വിശ്വാസ്യതയും കൂട്ടായ്മയും എല്ലാം മനസ്സിലാക്കി ഇതിനെ എതിർത്തു നിന്നവർ ഇങ്ങോട്ട് വരികയും അവരെകൂടി ഗ്രൂപ്പുകൾ കൂടാൻ സഹായിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ആദ്യനാളുകളിൽ ഈ ഗ്രൂപ്പിന്റെ സെക്രട്ടറിയായിരുന്നു ഞാൻ. ആദ്യമൊക്കെ കുടുംബശ്രീയിലെ പ്രവർത്തനങ്ങൾ എങ്ങനെ ആകണം എന്നതിന് പഞ്ചായത്ത് തലങ്ങളിൽ തന്നെ ഒരു വ്യക്തതയില്ലാതിരുന്ന വേഴയിലാണ് അഞ്ചൽ ഗ്രാമപഞ്ചായത്തിൽ സി.ഡി.എസ്സ് നിലവിൽ വരുന്നത്. അതിനുശേഷം എ.ഡി.എസ്സിന്റെ വാർഡുതലത്തിലുള്ള പ്രവർത്തനത്തെപ്പറ്റി ഒരു ധാരണകിട്ടി. ആദ്യ എ.ഡി.എസ്സ് സെക്രട്ടറി ആയി വാർഡുതലത്തിൽ ചുമതലയേറ്റു ഞാൻ പ്രവർത്തനമാരംഭിച്ചു.

ഈ അവസരത്തിൽ അഞ്ചൽ പഞ്ചായത്തിന്റെ എല്ലാമുക്കിലും മൂലയിലുമുള്ള വനിതകളുമായും വിവിധ സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക മേഖലകളിൽ പ്രവർത്തിക്കുന്നവരുമായും മറ്റും പരിചയപ്പെടാനും അവരുടെ എല്ലാം സഹായസഹകരണങ്ങൾ വേണ്ട അവസരങ്ങളിൽ പങ്കുവയ്ക്കാനും എനിക്ക് സാധിക്കുകയുണ്ടായി. എന്റെ പൊതുജനങ്ങളുമായുള്ള ഇടപെടൽ, എല്ലാ കർമ്മരംഗങ്ങളിലും സ്നേഹം, സഹിഷ്ണത, എളിമ എന്നിവയെല്ലാം കാത്തു സൂക്ഷിച്ച് പ്രവർത്തിക്കാൻ കഴിഞ്ഞതും തികച്ചും സമൂഹത്തിൽ ഒരു വ്യക്തിത്വം ഉണ്ടാക്കി എടുക്കുവാനും കഴിഞ്ഞത് കഴിഞ്ഞ 14 വർഷക്കാലമായി കുടുംബശ്രീ യൂണിറ്റിൽ വന്നു പ്രവർത്തിക്കാൻ ഇടയായതുമൂലമാണെന്ന് ഞാൻ അടിവരയിട്ട് പറയട്ടെ.

അതുപോലെ തന്നെ ആതുര ശുശ്രൂഷാ രംഗത്തും ഞാൻ പ്രവർത്തിച്ചു വരുന്നു. ജീവിതം വഴിമുട്ടി ഒരുമാർഗ്ഗവുമില്ലാതെ വന്ന ഒരു കുടുംബത്തിന് എന്റെ സ്വന്തം പുരയിടത്തിൽ രണ്ട് സെന്റ് വസ്തു എഴുതികൊടുത്ത് ഒരു കൊച്ചു വീടുവച്ചു കൊടുക്കുകയും ആ കുടുംബത്തിലെ മൂത്ത പയ്യനെ ഒരു തൊഴിൽ പഠിപ്പിച്ച് കുടുംബത്തെ പോറ്റുന്ന ചുമതല അവനെ ഏൽപ്പിക്കുകയും ഇളയ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുവേണ്ട സഹായ സഹകരമങ്ങൾ നടത്തിപ്പോരുകയും ചെയ്യുന്നു. ഇന്ന് അവർക്ക് സമൂഹത്തിൽ ഒരു അഡ്രസ്സ് ഉണ്ടാക്കിക്കൊടുക്കാൻ സാധിച്ചതിൽ ഞാൻ അങ്ങേയറ്റം അഭിമാനിക്കുന്നു. ഇതിന്റെ പേരിൽ എനിക്ക് ഒരുപാട് വിമർശനങ്ങളും ഏൽക്കേണ്ടിവന്നിട്ടുണ്ട്.

പ്രായപൂർത്തിയായ ഒരു മകളേയും കൂട്ടി വയസ്സായ ഒരു അച്ഛനും അമ്മയും തമിഴ്നാട്ടിൽ നിന്നും കേരളത്തിൽ എത്തിപ്പെടുകയും മരണം അല്ലാതെ വേറൊരു വഴിയില്ല എന്ന കരളലിയിക്കുന്ന കഥ കേൾക്കാൻ ഇടയാവുകയും അവരെ നേരിൽ കാണുകയും അവരുടെ ജീവിത പശ്ചാത്തലങ്ങൾ മനസ്സിലാക്കുകയും ചെയ്ത ഞാൻ പനയഞ്ചേരിയിൽ പ്രവർത്തിച്ചു വരുന്ന അർപ്പിത ചാരിറ്റബിൾ ട്രെസ്റ്റിൽ വിവരമറിയിക്കുകയും അവർക്കുവേണ്ട

എല്ലാ സൗകര്യങ്ങളും ഒരുക്കികൊടുക്കുകയും ചെയ്തു. അർപ്പിത അവരെ ജന സാനിദ്ധ്യത്തിൽ നിയമപരമായി ഏറ്റെടുത്തു സഹായിച്ചുവരുന്നു. ഈ കർമ്മ രംഗങ്ങളിലെല്ലാം പ്രവർത്തിക്കാൻ സാധിച്ചുവരുന്നു. ഈ കർമ്മ രംഗങ്ങളിലെല്ലാം പ്രവർത്തിക്കാൻ സാധിച്ചതിൽ ഞാൻ ദൈവത്തിനോട് കടപ്പെട്ടിരിക്കുന്നു.

രാഷ്ട്രീയ, സാമൂദായിക, സാംസ്കാരിക രംഗങ്ങളിലെ നേതാക്കന്മാരുമായും ഉന്നതതല ബന്ധങ്ങളും മറ്റും ഉണ്ടായതെല്ലാം ഈ കുടുംബശ്രീ രംഗത്ത് പ്രവർത്തിച്ചതിന്റെ ഫലമായാണ്. അതുപോലെ തന്നെ വെറും പൂജ്യത്തിൽ നിന്നും തുടങ്ങിയ കുടുംബജീവിതം 30 വർഷത്തോളമായപ്പോൾ എല്ലാവരിലും അസൂയാലുലാക്കാത്ത തരത്തിലാക്കി മാരാനും എനിക്ക് കഴിഞ്ഞു. കൂടുമ്പോൾ ഇമ്പമുള്ളതാണെല്ലോ കുടുംബം. അത് തീർത്തും ഞങ്ങൾ അന്വർഥമാക്കിയിരിക്കുന്നു.

എന്റെ ജീവിതത്തെ അങ്ങേഅറ്റം മാറ്റിമറിച്ച ഒരു സംഭവമായിരുന്നു ഭർത്താവിന്റെ പെട്ടെന്നുള്ള വേർപാട്. ജീവിതത്തിൽ ഒരിക്കലും തിരിച്ചുവരാൻ കഴിയാത്തവിധം തളർന്ന എന്നെ വീണ്ടും കർമ്മരംഗത്തേക്കും കൊണ്ടുവരുവാൻ സഹായിച്ചത് കുടുംബശ്രീയാണ്. കുടുംബശ്രീയിൽ എത്തപ്പെടാതിരുന്നെങ്കിൽ സത്യത്തിൽ ഇന്നു ഞാൻ ജീവിച്ചിരിക്കുമോ എന്നത് ഒരു ചോദ്യചിഹനമായി കാണുന്നു.

---

## *സധൈര്യം മുന്നോട്ട്*

13

***സുധീര,***
കൊറ്റങ്കര ഗ്രാമപഞ്ചായത്ത്
കുടുംബശ്രീ സി.ഡി.എസ്സ്.

ഒരുപാട് പ്രതിസന്ധിഘട്ടങ്ങളിലൂടെ കുടുംബശ്രീയിൽ എത്തിപ്പെട്ട ഒരു വ്യക്തിയാണ് ഞാൻ. കാരണം വീട്ടിലെ അന്തരീക്ഷം തന്നെ സാമദ്യപിച്ച് ലക്കുകെട്ട് നടക്കുന്ന ഭർത്താവും 25ഉം, 23ഉം വയസ്സുള്ള വിവാഹപ്രായമെത്തിയ പെൺമക്കളും ഒക്കെ എന്റെ വഴികളിൽ തടസ്സമായിനിന്നു. ഞാൻ പുറത്തുപോയി ഒരു ജോലിയും ചെയ്യാൻ സമ്മതിക്കാത്ത ആളാണ് എന്റെ ഭർത്താവ്. 18-ാം വയസ്സിലായിരുന്നു എന്റെ വിവാഹം. വിവാഹം കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞപ്പോൾ എനിക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു ജോലി ശരിയായി. പക്ഷേ സംശയക്കാരനായ എന്റെ ഭർത്താവ് എന്നെ വിട്ടില്ല. എപ്പോഴും ഞാൻ വീട്ടിലുണ്ടായിരിക്കണം. എങ്ങും പോകാൻ പാടില്ല. ആരോടും മിണ്ടാൻ പീടില്ല. (ബന്ധുക്കളായ പുരഷന്മാരോട് പോലും) ആരും ഇങ്ങോട്ട് വരാൻ പാടില്ല. ഇങ്ങനെ എത്രനാൾ ഞാൻ എന്റെ മക്കൾക്ക് വേണ്ടി ക്ഷണഇച്ചു ജീവിച്ചു എന്നറിയുമോ? പട്ടിണി

മർദ്ദനം, ആക്ഷേപം, കള്ളം ചെയ്തു എന്ന് പറയൽ – ഇതൊക്കെ എനിക്ക് സഹിക്കേണ്ടിവന്നു. എന്തു സഹിച്ചാലും മോഷ്ടിച്ചു എന്നു പറഞ്ഞാൽ എനിക്ക് ഒട്ടും സഹിക്കാൻ പറ്റാത്തതായിരുന്നു. അങ്ങനെയിരിക്കെയാണ് ഞാൻ കുടുംബശ്രീയിൽ പ്രവവർത്തിക്കാൻ തീരുമാനിച്ചത്. 20 അംഗങ്ങളെ കണ്ടുപിടിച്ചു. പക്ഷേ ഒരു ഞായറാഴ്ച 18 അംഗങ്ങളെ എത്തിച്ചേർന്നുള്ളു. അന്നു തന്നെ വാർഡ് മെമ്പറിന്റെ അദ്ധ്യക്ഷതയിൽ കുടുംബശ്രീ രൂപീകരിച്ചു. യൂണിറ്റിന് ശ്രീഭദ്ര എന്ന പേരുമിട്ടു. ഓരോ ഞായറാഴ്ചയും തെറ്റാതെ 3 മണിക്ക് 18 അംഗങ്ങളുമായി ഓരോരുത്തരുടെയും വീട്ടിൽ വച്ച് മീറ്റിംഗ് കൂടാൻ തീരുമാനിച്ചു. ഏതോ നിധികുംഭത്തിന്റെ ഉടമയായി എന്നു പറഞ്ഞതുപോലെ കുടുംബശ്രീയുടെ പ്രസിഡന്റായി ഞാൻ മാറി ബാങ്കിൽ പോയി അക്കൗണ്ട് എടുക്കണമെന്ന് മെമ്പർ പറഞ്ഞതിൻ പ്രാകരം ഞങ്ങൾ കുണ്ടറ സിൻഡിക്കേറ്റ് ബാങ്കിൽ മാനേജറെകാണാൻ പോയി ബാങ്കിൽ ചെന്ന സമയം മുതൽ എന്റെ മനസ്സിൽ പെരുമ്പറ കൊട്ടുന്നതുപോലെ പടപട ശബ്ദമായിരുന്നു. ആശബ്ദം എന്റെ ചെവിയിൽ കേൾക്കാമായിരുന്നു. ഞാൻ വിയർത്ത് ക്ഷീണിച്ച്, വിറച്ചു. പുതിയ അക്കൗണ്ട് എടുക്കാൻ വന്നവരെമാനേജർ ക്ഷണിച്ചു. ഞാനും സെക്രട്ടിറിയും മാനേജരുടെ മുറിയിൽ ഇരുന്നു. സെക്രട്ടറി ബി.എ പഠിച്ചതാണ്. ഞാൻ വെറും എസ്.എസ്.എൽ.സി തോറ്റതും!!!. ഭൂമിയിലൂള്ള എല്ലാ ദൈവങ്ങളേയും വിളിച്ച് കാരണം മനേജർ എന്തെങ്കിലും ഇംഗ്ലീഷിൽ ചോദിച്ചാൽ തിരിച്ച് പറയാൻ എനിക്ക് ഒന്നു അറിയില്ല. പക്ഷേ, എല്ലാം ശുഭമായി പര്യവസാനിച്ചു. തുടക്കം അതായിരുന്നെങ്കിൽ പോലും പിന്നെ ഞാൻ എന്റെ വാർഡിൽ കുടുംബശ്രീ രൂപീകരിച്ചു. ഇതിനിടയ്ക്ക് എന്റെ മൂത്ത മകളുടെ വിവാഹം കഴിഞ്ഞു. ഞാൻ കുടുംബശ്രീയുടെ സജീവ പ്രവർത്തകയായിമാറി. യൂണിറ്റുകൾ ഒന്നിനു പുകേ ഒന്നായി കുടുംബശ്രീകൾ രൂപീകരിച്ചു. എ.ഡി.എസ് വന്നു. അപ്പോൾ ഞാൻ എ.ഡി.എസ് സെക്രട്ടറിയായി. വീണ്ടും പുതിയ കുടുംബശ്രീ രൂപീകരിക്കാൻ ശ്രമിച്ചു. പക്ഷേ കശുവണ്ടി ഫാക്ടറികളിൽ പോയി ജോലിചെയ്താൽ കൂലി നല്ലതു കിട്ടും. ഇപ്പോൾ പിന്നെ പേടിയൊന്നുമില്ല. മീറ്റിംഗിലും, വീടുകളിലും, ക്ലബ്ബുകളിലും, പൊതുസ്ഥലങ്ങളിലും, ഈശ്വരപ്രാർത്ഥന, സ്വാഗതം, ആശംസാ, റിപ്പോർട്ട് അവതരണം, കൃതജ്ഞത തുടങ്ങി കുടുംബശ്രീ വാർഷിക വേളയിൽ കായിക കലാമത്സരങ്ങൽ വരെ നടത്തിയും, അനൗൺസ്മെന്റ് ചെയ്തും, കുടുംബശ്രീമേള നടത്തിയും വീട്ടിൽ ഭർത്താവിനോട് വഴക്കിട്ടും ഞാൻ താരമായി മാറി. തൊഴിലാറപ്പ് പദ്ധതി വന്നപ്പോൾ ഞാൻ മേറ്റായി. തൊഴിലാളികളോട് കഴിപറഞ്ഞും, കാര്യം പറഞ്ഞും, വഴക്കടിച്ചും, പിണങ്ങിയും ഒക്കെ എന്റെ ജീവിതം ഇപ്പോൾ സി.ഡി.എസ് മെമ്പർ സ്ഥാനത്ത് എത്തി നിൽക്കുന്നു. പക്ഷേ വീട്ടിൽ കലഹത്തിന് കുറവുണ്ടോ! അതുമില്ല!!

എന്റെ വാർഡിലെ പല കുടുംബശ്രീകളിലും പല കുടുംബ വഴക്കിനും പരിഹാരം കാണാൻ എന്നെ വിളിച്ചുകൊണ്ടു പോയിട്ടുണ്ട്. എന്റെ മക്കൾ പറയുന്നത് 'ഈ വീട്ടിൽ കലഹമൊഴിഞ്ഞിട്ട് നേരമില്ല. നേരേ നോക്കിയാൽ കീരിയും പാമ്പുമാണ്' അപ്പോൾ ഭർത്താവിന്റെ മകൻ 'ഓ അവൾ കുടുംബശ്രീയിലെ കുണാണ്ടറ, ഇവിടെ മെമ്പറുണ്ട്,

അയാൾക്ക് ഒരു ജോലിയുമില്ല. അതും കൂടി ഇവളാ നോക്കുന്നത്. നിന്റെ കുടുംബശ്രീ കൊലശ്രീയാ. കുടുംബം കലക്കുന്ന കോലശ്രീ' എന്ന് പറഞ്ഞ് ആക്ഷേപിക്കുകയും മർദ്ദിക്കുകയും, ചീത്തവിളിക്കുകയും ചെയ്യും. കുടുംബകൊടതി മുഖാന്തിരം പല നടപടികളുമുണ്ട്. ഞാൻ നിയമനടപടികളിലേക്ക് പോകാത്തത് മറ്റൊന്നും കൊണ്ടല്ല. എനിക്ക് 31 വയസ്സുള്ള ഒരു മകളുണ്ട്. അതിന്റെ ഭാവി എവിടെ ചെന്നെത്തും എന്ന് ഒരു എത്തും പിടിയുമില്ല. ഇത്തരം വൃത്തികെട്ട ഭാക്ഷയും പ്രവൃത്തിയും ഒരിക്കലും ഇന്നത്തെ കാലത്ത് ഒരു സ്ത്രീയും സഹിക്കില്ല. കാരണം നിയമവലികളുണ്ട്. ഞാൻ എന്റെ ഭർത്താവിന്റെ പേരിൽ നടപടി സ്വീകരിച്ചാൽ എന്റെ മകളെ വിവാഹം കഴിക്കാൻ ഒരു പയ്യനും തയ്യാറാവില്ല എന്ന് നല്ലതുപോലെ അറിയാം. ഇവിടെയൊക്കെ കുടുംബശ്രീയാണ് എനിക്ക് മനോവീര്യം പകർന്നുതരുന്നത്.

ഞാൻ 2009 മുതൽ തൊഴിലുറപ്പ് പദ്ധതിയിൽ മേറ്റായി പ്രവർത്തിച്ചുവരുന്നു.

എന്റെ വാർഡിലാണ് ഏറ്റവും വലിയ കുളമുള്ളത്. ഏകദേശം 30 സെന്റിലാണ് കുളമുള്ളത്. കുമിളിയിൽ കുളമെന്നാണ് അറിയപ്പെടുന്നത്. ഞാൻ ഇവിടെ ജനിച്ചു വളർന്ന ആളാണ്. എന്റെ കുട്ടിക്കാലം മുതലേ കുമിളിയിൽ കുളമെന്ന് കേട്ടാൽ പേടിയായിരുന്നു. കാരണം അവിടെ യക്ഷിയുണ്ടെന്നും, യക്ഷി കൂവുന്നത് കേൾക്കാമെന്നും എല്ലാവരും പറയുമായിരുന്നു. ഇത് പറയാൻ കാരണം ഞങ്ങൾ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി 2009 ൽ കുമിളിയിൽ കുളം വൃത്തിയാക്കാൻ പ്രോജക്ട് എടുത്തു. എസ്റ്റിമേറ്റ് എടുക്കുവാൻ തുടങ്ങിയപ്പോഴെ വീടുകളിൽ നിന്ന് എതിർപ്പുകൾ ഉണ്ടായിരുന്നു. അതിലുപരി കുമളികുളത്തിന് പരിസരത്ത് ജയന്തി കോളനിയുണ്ട്. കോളനിയിൽ താമസിക്കുന്നവർ പറഞ്ഞു ഈ കുളത്തിൽ ഇഴജന്തുക്കൾ ഒരുപാടുണ്ട്. നിങ്ങൾ ഇറങ്ങുന്നത് സൂക്ഷിച്ചുവേണമെന്ന്. കേരളപുരത്ത് പ്രവർത്തിക്കുന്ന ഹോട്ടലുകളിലെയും, കടകളിലെയും അഴുക്ക് മുഴുവൻ കുളത്തിലാണ് ഇടുന്നത്. ഇതെല്ലാം അിറഞ്ഞിട്ടും ഞങ്ങൾ കുളം വൃത്തിയാക്കാൻ തീരുമാനിച്ചു. 16 പേരടങ്ങുന്ന തൊഴിലാളികളും, വാർഡ് മെമ്പറും കൂടി കുളം വൃത്തിയാക്കാൻ തുടങ്ങി. പഞ്ചായത്തിൽ നിന്നും ഉദ്യോഗസ്ഥർ വന്നു കണ്ടിട്ട് പറഞ്ഞു. 'ഇത് കുമിളിയിൽ കുളമല്ലല്ലോ, കുമിളിയിൽ കാടല്ലേ' എന്ന്! ഏതായാലും ചുറ്റുമുള്ള കാടെല്ലാം വെട്ടി മാറ്റിയതിന് ശേഷം കുളത്തിലിറങ്ങുന്ന സമയം തൊഴിലാളികളുടെ എണ്ണം കുറഞ്ഞു. പ്ലാസ്റ്റിക്ക് ബാഗുകൾ, ചാക്കുകൾ, പട്ടിയും, എലിയും ചത്തതും എല്ലാം കൊണ്ടും കുളം വൃത്തിഹീനമായിരുന്നു. ഉള്ള തൊഴിലാളികളുമായി ഞാൻ കുളത്തിലിറങ്ങാൻ തുടങ്ങിയപ്പോൾ കുളത്തിന് ചുറ്റും ആളുകൾ കൂടി നിന്ന് ഞങ്ങളെ കളിയാക്കുകയും ഞങ്ങൾ ഏതു തരത്തിലുള്ള വസ്ത്രം ഇട്ട് വേണം (പറയാൻ കൊള്ളില്ല) കുളത്തിലിറങ്ങാൻ എന്നു പരിഹസിക്കുകയും ചെയ്തു. എന്തു വന്നാലും തിരിച്ച് കയറുന്ന പ്രശ്നമില്ലെന്നു വിചാരിച്ച് കുളത്തിലിറങ്ങി കുളം വൃത്തിയാക്കി. എല്ലാം കഴിഞ്ഞപ്പോൾ ഈ പരിഹസിച്ചവർ തന്നെ വന്ന് ഞങ്ങളെ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. കുടുംബശ്രീയിലിറങ്ങി പ്രവർത്തിച്ചതിലുള്ള എന്റെ മറക്കാനാവാത്ത അനുഭവമാണിത്.

## *അണയാത്ത ദീപം*

14

***രമണി***

***മൈലം ഗ്രാമപഞ്ചായത്ത്***

***കുടുംബശ്രീ സിഡിഎസ്സ്***

പാവപ്പെട്ട ഒരു കുടുംബമായിരുന്നു എന്റേത്. എന്റെ ഭർത്താവിന്റെ വരുമാനം കൊണ്ടായിരുന്നു ഞാനും രണ്ട് മക്കളും അടങ്ങുന്ന കുടുംബം ജീവിച്ചത്. എന്റെ ഭർത്താവ്

തെങ്ങ് കയറ്റ തൊഴിലാളി ആയിരുന്നു. ഒരു ദിവസം അദ്ദേഹം തെങ്ങിൽ നിന്നും കാൽ വഴുതി വീഴുകയും കാലും കൈയും ഒടിയുകയും ചെയ്തു. മുന്നോട്ടുള്ള ജീവിതം വഴിമുട്ടി എന്തുചെയ്യണമെന്നെനിക്കൊരു എത്തും പിടിയും കിട്ടിയില്ല.

പട്ടിണി എന്തെന്നറിയാതിരുന്ന എന്റെ മക്കൾ കറിയില്ലാത്ത പച്ചച്ചോറിനു മുൻപിൽ ഇരുന്ന് വിഷമിക്കുന്നത് ഞാൻ കണ്ടു. ഭർത്താവിന്റെ കൈയ്യും കാലും പ്ലാസ്റ്റർ ഇട്ട് കിടക്കുകയാണ്. മറ്റ് വരുമാനമാർഗ്ഗങ്ങളൊന്നുമില്ല. ഒരു ദിവസം എന്റെ മോൾ സ്കൂളിൽ നിന്ന് വന്ന് കരഞ്ഞു. വിവരം തിരക്കിയപ്പോൾ ഇൻസ്ട്രമെന്റ് ബോക്സ് ഇല്ലാതെ നാളെ ക്ലാസ്സിൽ കയറേണ്ടെന്ന് അദ്ധ്യാപകൻ പറഞ്ഞുവെന്ന്. എന്റെ ഹൃദയം പൊട്ടിപ്പോയി. ഭർത്താവിന്റെ വരുമാനം കൊണ്ട് ജീവിരുന്ന എനിക്ക് സ്കൂൾ വിദ്യാഭ്യാസമൊന്നും കിട്ടിയിട്ടില്ലായിരുന്നു. അതിനാൽ വീട്ടിൽ ഒതുങ്ങി കൂടി ജീവിതമായിരുന്നു എന്റേത്.

ഞാൻ അടുത്തുള്ള പൂജാ കുടുംബശ്രീയിൽ അംഗമായിരുന്നു പക്ഷേ ഭർത്താവിന്റെ അസുഖത്തോടെ മീറ്റിംഗുകളിൽ എനിക്ക് പോകവാൻ പറ്റാതായി. യൂണിറ്റിൽ നിന്നെടുത്ത വായ്പ കുടിശ്ശികയായിരുന്നു. യൂണിറ്റിന്റെ പ്രസിഡന്റും സെക്രട്ടറിയും കൂടി എന്നെ കാണാനെത്തി. ഭർത്താവിന് അപകടം പറ്റിയപ്പോൾ അവരെല്ലാവരും കൂടി കുറച്ച് രൂപ പിരിച്ചെനിക്ക് തന്നിരുന്നു. അതുകൊണ്ട് എന്റെ വീട്ടിലെ ബുദ്ധിമുട്ടുകൾ അവരെ ഞാൻ അറിയിച്ചിരുന്നില്ല. കൂടാതെ യൂണിറ്റംഗങ്ങൾ മിക്കവരും വയലിനക്കരെയാണ് താമസം. എന്റേ മകളുടെ കരച്ചിൽ കേട്ടുകൊണ്ടുവന്ന അവർ വിവരം തിരക്കി. വിഷമത്തോടെ ഞാൻ അവരോട് കാര്യം പറഞ്ഞു.

ഇത്രയും ബുദ്ധിമുട്ടുന്ന കാര്യം അവർ അറിഞ്ഞിരുന്നില്ല. കുറേ നേരം കഴിഞ്ഞ് യാത്രപറഞ്ഞ് അവർ പോയി. പിറ്റേന്ന് രാവിലെ ഒരു ചേച്ചി വിളിക്കുന്നമ്മേ എന്ന് മോളുടെ വിളികേട്ട് ഇറങ്ങി വന്ന ഞാൻ കണ്ടത് കൈയ്യിലൊരു പൊതിയുമായി ചിരിച്ചുകൊണ്ട് നിൽക്കുന്ന ഞങ്ങളുടെ കുടുംബശ്രീ സെക്രട്ടറിയെയാണ്. മോളുടെ കയ്യിൽ കൊടുത്ത പൊതി അവൾ തുറന്ന് നോക്കി. അവളുടെ കുഞ്ഞി കണ്ണുകൾ സന്തോഷത്തോടെ വിടരുന്നത് ഞാൻ കണ്ടു. ക്യാമലിന്റേ ഒരു ഇൻസ്ട്രമെന്റ് ബോക്സ്. സ്വർഗ്ഗം കിട്ടിയ പ്രതീതിയായിരുന്നു എന്റെ മോൾക്ക്. അറിയാതെ ഞാൻ കരഞ്ഞുപോയി. ഇങ്ങനെയൊക്കെയില്ലങ്കിൽ നമ്മൾ കുടുംബശ്രീക്കാരെന്ന് പറയുന്നതിലെന്തർത്ഥമെന്നാണ് എന്നെ ആശ്വസിപ്പിച്ചുകൊണ്ട് സെക്രട്ടയി പറഞ്ഞത്.

അയൽക്കൂട്ടത്തിലെ രണ്ടു ചേച്ചിമാർ ചേർന്ന് പലഹാരങ്ങൾ നിർമ്മിക്കുന്നുണ്ടായിരുന്നു. ഇത് വിൽക്കുന്ന ജോലി അവർ എന്നെ ഏൽപ്പിച്ചു. വീടുകൾ തോറും കയറിയിറങ്ങി ഞാനത് വിറ്റു. വിശന്നു കരയുന്ന മക്കളായിരുന്നു അപ്പോൾ എന്റെ മനസ്സിൽ. ആദ്യമൊക്കെ നാണക്കേടും പ്രയാസവും തോന്നിയെങ്കിലും പിന്നീടതു മാറി. അടുത്തുള്ള വാർഡുകളിലും പഞ്ചായത്തുകളിലേയ്ക്കും എന്റെ കച്ചവട മേഖല വളർന്നു. പിന്നെ ഞങ്ങളുടെ ജംഗ്ഷനിലുള്ള ഒരുമുറി കട ഒഴിഞ്ഞു കിടക്കുന്നതറിഞ്ഞ ഞാനത് വാടകയ്ക്കെടുത്തു. ചെറിയ ചായക്കടയും പലഹാരങ്ങളുമായി കച്ചവടം ആരംഭിച്ചു. ഇപ്പോൾ വളർന്ന് ഒരു ബേക്കറിയായി മാറി.

എന്റെ ഭർത്താവ് സുഖം പ്രാപിച്ച് എന്നോടൊപ്പം ബേക്കറിയിൽ കച്ചവടത്തിന് സഹായിക്കുന്നു. മക്കളിൽ ഒരാൾ എഞ്ചിനീയറിംഗിനും ഒരാൾ പ്ളസ്ടൂവിനും പഠിക്കുന്നു. ഞാനിന്ന് സന്തുഷ്ടകുടുംബജീവിതം നയിക്കുന്നു. കുടുംബശ്രീ തെളിച്ചു തന്ന ദീപം ഏറ്റുവാങ്ങി അണയാതെ കാത്തു സൂക്ഷിക്കുകയാണ് ഞാനിപ്പോൾ.

## *സംഘബോധത്തിന്റെ കെടാവിളക്ക്*

15

ചെല്ലമ്മ.എസ്സ്
കരുനാഗപ്പള്ളി സിഡിഎസ്സ്,
കുടുംബശ്രീ

ഞാനൊരു റിട്ടേർഡ് അദ്ധ്യാപികയാണ്. പെൻഷനാകുന്നതിനുമുൻപ് തന്നെ ഞാൻ കുടുംബശ്രീയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിച്ചിരുന്നു. കാരണം സർവ്വീസിൽ നിന്ന് വിരമിച്ച് ഇനി വിശ്രമ ജീവിതം നയിക്കണമെന്ന് സുഹൃത്തുക്കൾ ആശംസിച്ചിരുന്നു. എന്നാൽ അങ്ങനെ ഒതുങ്ങിക്കൂടി ഒരു ജീവിതം എനിക്കില്ലായിരുന്നു. അങ്ങനെയുള്ള എനിക്ക് കുടുംബശ്രീ ഒരു നല്ല വഴികാട്ടിയായിത്തീർന്നു. സമൂഹത്തിൽ ഇറങ്ങി പ്രവർത്തിക്കാനും ചുറ്റുമുള്ള കുടുംബങ്ങളിലെ പ്രവർത്തനങ്ങളറിയാനും കഴിഞ്ഞു.

2004 ലാണ് കൈരളി കുടുംബശ്രീ ഞങ്ങൾ രൂപീകരിച്ചത്. ഇന്ന് ഞങ്ങൾക്ക് ഒരു ലക്ഷത്തി പതിനയ്യായിരത്തി അഞ്ഞൂറ് രൂപ സമ്പാദ്യവും ഓരോ അംഗത്തിനും ഏഴായിരത്തി എഴുന്നൂറ് രൂപ സ്വന്തം സമ്പാദ്യവും ഉണ്ട്. ആഴ്ചതോറും നിക്ഷേപിക്കുന്ന ഒരു ചെറിയ തുക ഇത്രയും വലിയ ഒരു സംഖ്യയായി ലഭിച്ചതിൽ ഓരോ അംഗത്തിനും വലിയ സംതൃപ്തി ഉണ്ട്. അങ്ങനെ നല്ല സമ്പാദ്യശീലം വളർത്തിയെടുക്കാൻ അംഗങ്ങൾക്ക് കഴിഞ്ഞു.

സംഘം രജിസ്റ്റർ ചെയ്ത ആ വരഷം തന്നെ ഞങ്ങൾ 500 വാഴ നട്ടു. അതോടൊപ്പം പച്ചക്കറി കൃഷി ആരംഭിച്ചു. ഇതിനെല്ലാം കൃഷിഭവനിൽ നിന്ന് സഹായം ഞങ്ങൾക്ക് ലഭിച്ചിരുന്നു. നല്ല ലാഭം ഞങ്ങൾക്ക് ലഭിച്ചു. മൺവെട്ടി ഉപയോഗിച്ച് മണ്ണ് വെട്ടി ഇളക്കാൻ അറിയാത്ത നിരവധി സ്ത്രീകൾ ഞങ്ങളുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. അവർക്ക് ആവകജോലികൾ ഒന്നും അറില്ലയില്ല എന്നാണ് പറയുന്നത്. എന്നാൽ ഇന്ന് ഞങ്ങൾ കമ്മറ്റികൂടാൻ മേൽപ്പറഞ്ഞ അംഗങ്ങളുടെ വസതിയിൽ എത്തുമ്പോൾ വീടിനോട് ചേർന്ന് തന്നെ പച്ചക്കറിയും വാഴയും, ചേനയും ചേമ്പുമൊക്കെ നട്ടിരിക്കുന്നത് കണ്ട് ഞങ്ങൾ അത്ഭുതപ്പെടാറുണ്ട്. അവരെ അധ്വാനശീലരാക്കാൻ കഴിഞ്ഞു എന്നുള്ളത് ഒരു നല്ല കാര്യമായി തോന്നുന്നു.

കുടുംബശ്രീയിൽ അംഗമാകുന്നതും അതിന്റെ പ്രവർത്തനശൈലിയും ആദ്യമൊക്കെ വലിയ എതിർപ്പ് അംഗങ്ങളിൽ പലർക്കും അഭിമുഖീകരിക്കേണ്ടി വന്നിരുന്നു. മക്കളിൽ നിന്നും, കുടുംബനാഥൻമാരിൽനിന്നും ഒക്കെ എതിർപ്പുകൾ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് അവരിൽ നിന്നും വലിയ പ്രശംസയാണ് ലഭിക്കുന്നത്. കുടുംബശ്രീ ഒരു വലിയ പ്രസ്ഥാനമായി വളർന്ന് ഓരോ കുടുംബത്തിനും താങ്ങും തണലുമായി മാറിയിരിക്കുകയാണ്. ബാങ്കിൽ നിന്നും ലഭിക്കുന്ന ലോൺ ഉപയോഗിച്ച് ഞങ്ങൾ മത്സ്യം, പച്ചക്കറി, സ്റ്റേഷനറി, തുണിക്കച്ചവടം (ഓരഡറുകൾ അനുസരിച്ച് തയ്ച് കടകളിൽ എത്തിക്കുക) തുടങ്ങിയ തൊഴിലുകൾ ചെയ്യുന്നു. ആക്ടിവിറ്റി ഗ്രൂപ്പ് ഞങ്ങൾക്ക് ഉണ്ട്. അവർ തുണിക്കച്ചവടം നല്ല രീതിയിൽ ചെയ്യുന്നുണ്ട്. ജെ.എൽ.ജി.യുടെ 3 ഗ്രൂപ്പ് കൈരളി കുടുംബശ്രീക്കുണ്ട്. നല്ല കൃഷി യൂണിറ്റുകളാണ് എല്ലാം. ചീനി, ചേമ്പ്, വാഴ, പച്ചക്കറി, നെല്ല്, എന്നിവയെല്ലാം ഞങ്ങൾ കൃഷി ചെയ്യുന്നു. അതിൽ നിന്നും ലഭി

ക്കുന്ന ആദായം കൊണ്ട് ഞങ്ങൾക്ക് ലോൺ അടക്കാൻ കഴിയുന്നു. ഒരു ലക്ഷം രൂപാവീത മാണ് ഞങ്ങൾക്ക് പലിശ ഇല്ലാതെ ലഭിച്ചത്.

സർവ്വീസിൽ ഇരിക്കുമ്പോൾ സാമ്പത്തിക പ്രതിസന്ധികൾ പരിഹരിച്ചിരുന്നത് പി.എഫ് ലോണുകളിലൂടയൊണ്. ഒരു രൂപ പലിശയാണ് ഞങ്ങൾ ഈടാക്കുന്നത്. മറ്റംഗങ്ങൾ കൊള്ള പ്പലിശക്കാരെയാണ് ആശ്രയിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ഇന്ന് അവർക്കും മേല്പ്പറഞ്ഞ ലോണുകൾ മുഖാന്തിരം സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താൻ കുടുംബശ്രീകൾ സഹായകമാ യി. കുടുംബാംഗങ്ങളെ പ്രതിസന്ധി ഘട്ടങ്ങളിൽ സഹായിക്കാൻ കഴിയുന്നത് ഓരോ സ്ത്രീക്കും അഭിമാനകരമാണ്. “സ്ത്രീ ശാക്തീകരണം” എന്ന ആശയം പ്രാവർത്തികമാകുക യാണ് ഇന്ന്.

നഗരസഭ ഒരുക്കിത്തന്ന ഓണക്കച്ചവട സ്റ്റാളുകൾ ഒരു വലിയ നേട്ടം തന്നെയാണ്. ഞങ്ങളുടെ എല്ലാ അംഗങ്ങളും അതിൽ പങ്കുചേർന്നു. അരിഉണ്ട, വിവിധതരം അച്ചാറുകൾ, ലോഷൻ, തുണിത്തരങ്ങൾ എന്നിവ വിറ്റഴിച്ച് ലാഭം ഉണ്ടാക്കാൻ കഴിഞ്ഞതിൽ ഓരോ അംഗവും സംതൃപ്തരാണ്.

ഓരോ കുടുംബത്തിന്റെയും “കെടാവിളക്കായി” സ്ത്രീകളെ മാറ്റി എടുക്കാൻ “കുടുംബ ശ്രീ” എന്ന മഹാപ്രസ്ഥാനത്തിന് കഴിഞ്ഞു എന്നുള്ളത് ചാരിതാർഥ ജനകമാണ്.

# പോരാട്ടത്തിൽ തളരാതെ

16

സംഗീത
ആര്യങ്കാവ് ഗ്രാമപഞ്ചായത്ത്
കുടുംബശ്രീ സിഡിഎസ്സ്

കുടുംബശ്രീ ആരംഭിച്ച കാലയളവിൽതന്നെ രൂപീകരിച്ചതാണ് ഞങ്ങളുടെ അയൽക്കൂട്ടവും. എന്റെ ഗ്രൂപ്പിൽ 14 പേർ ഉണ്ടെങ്കിലും രണ്ടോ മൂന്നോ പേർക്ക് മാത്രമേ അക്ഷരാഭ്യാസമുള്ളൂ. എങ്കിലും കുടുംബശ്രീയുടെ ആദ്യകാല പ്രവർത്തനങ്ങളിലെ സമ്പാദ്യം പിരിക്കുന്ന പ്രവണതയാണ് എന്നെ കുടുംബശ്രീയിൽ ചേരാൻ പ്രേരിപ്പിച്ച ഘടകം. ഒന്നുമില്ലെങ്കിലും ആഴ്ചതോറും 20 രൂപ മിച്ചം പിടിച്ചാൽ ഭാവിയിലേക്ക് ഉപകരിക്കുമല്ലോ എന്ന ചിന്തയാണ് ഇതിലേക്ക് എന്നെ പ്രേരിപ്പിച്ചത്. ഇതിന്റെ മറ്റു വശങ്ങളെക്കുറിച്ച് ചിന്തിക്കുവാൻ എനിക്കന്ന് അറിയില്ലായിരുന്നു. എന്നാൽ ഗ്രൂപ്പ് കൂടി സമ്പാദ്യം നിക്ഷേപിക്കാൻ തുടങ്ങിയതോടെ ഇതിൽ നിന്ന് കുറേ നേട്ടങ്ങൾ ഞങ്ങൾക്കുണ്ടാകുമെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. സമ്പാദ്യം വളർത്തുകയും അത്യാവശ്യത്തിന് ആരുടേയും കാല് പിടിക്കാതെ വായ്പ എടുക്കുവാനും കഴിയുമെന്ന് മനസ്സിലായി. കൂടാതെ മറ്റുള്ളവരുമായി സഹകരിക്കുവാനും ബാങ്കിലെ കാര്യങ്ങൾ മനസ്സിലാക്കാനും സാധിച്ചു. പല നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും അതിലൊന്നും ഞങ്ങൾക്ക് എക്കാലവും അഭിമാനിക്കാവുന്നതാണ്.

കുറേ വർഷങ്ങൾക്കു മുൻപ് ഏകദേശം 2004-2005 വർഷം ആര്യങ്കാവ് പഞ്ചായതത് വാറ്റ് ചാരായത്തിന് കുപ്രസിദ്ധി നേടി നിൽക്കുന്ന സമയം. ഏതു നാട്ടിൽ ചെന്ന് ഞങ്ങൾ ആര്യങ്കാവുകാരാണെന്ന് പറഞ്ഞാലും ആദ്യം ചോദിക്കുന്ന ചോദ്യം വാറ്റ് കേന്ദ്രത്തിൽ നിന്നല്ലേ വരുന്നതെന്നായിരുന്നു. പല സ്ഥലത്തും ഇതിന്റെ പേരിൽ ഞങ്ങൾ നാണം കെട്ടിട്ടുണ്ട്. ഞങ്ങളുടെ പ്രദേശത്തും ഇതുപോലെ വാറ്റ് ചാരായമുണ്ടാക്കി വിൽക്കുന്ന ഒരാളുണ്ടായിരുന്നു. ഞങ്ങളുടെ പ്രദേശത്താണെങ്കിൽ കൂടുതൽ ആൾക്കാരും കൂലിപ്പണിക്കാരാണ്. അന്നന്ന് ജോലി ചെയ്ത് കൊണ്ട് വന്ന് ഭക്ഷണം കഴിക്കുന്ന ആൾക്കാർ. വാറ്റ് ചാരായം പെരുകിയതിനുശേഷം വീട്ടിൽ കൊണ്ടു വരേണ്ട രൂപയുടെ മുക്കാൽ പങ്കും അയാളുടെ വീട്ടിലേക്കാണ് പോയിരുന്നത്. പല വീടുകളിലിം ദിവസവും അടിയും വഴക്കുമാണ്. ഒടുവിൽ സ്ത്രീകൾക്ക് സഹിക്കാൻ കഴിയാതായി.കുറേ പേർ പ്രതിഷേധിച്ചെങ്കിലും അയാളുടെ മുൻപിൽ ധൈര്യപൂർവ്വം നിൽക്കുവാൻ ആരു തയ്യാറായില്ല. ഒടുവിൽ ഞങ്ങൾ ഗ്രൂപ്പിൽ 14 അംഗങ്ങളും ഒരുമിച്ച് നിന്ന് അയാളെ എതിരിടാൻ തീരുമാനിച്ചു. കാരണം അംഗങ്ങളിലെ പല വീടുകളിലും ഈ പ്രശനമുണ്ടായിരുന്നു. ഞങ്ങൾ

ചെന്ന് അയാളോട് സംസാരിച്ചു. ഇനി ഇങ്ങനെ തുടരാൻ പറ്റില്ലെന്നും തുടരാൻതന്നെയാണ് തീരുമാനമെങ്കിൽ അറിയിക്കേണ്ടവരെ അറിയിക്കുമെന്ന് താക്കീത് നൽകി ഞങ്ങൾ തിരികെ പോന്നു. പക്ഷെ അയാൾ പിൻമാറാൻ തയ്യാറായില്ല. ഞങ്ങൾ വന്നതിന്റെ പിന്നാലെ അയാൾ സ്വന്തം വീട്ടിലെ സാധനങ്ങൾ നശിപ്പിക്കുകയും അത് ഞങ്ങൾ ചെയ്തതതാണെന്ന് കാണിച്ച് 14 പേർക്കുമെതിരേ പോലീസ് പരാതി നൽകുകയും ചെയ്തു. അങ്ങനെ ഞങ്ങള പോലീസ് സ്റ്റേഷനിൽ കയറേണ്ട സാഹചര്യംവരെ ഉണ്ടായി. ഓരോ അംഗങ്ങളുടെ വീട്ടിൽ ഇതിന്റെ പേരിൽ പ്രശ്നങ്ങൾ ഉണ്ടായി. എന്നാൽ ഞങ്ങൾ തോറ്റ് പിന്മാറാൻ തയ്യാറായില്ല. അയാൾക്കെതിരെ ഞങ്ങൾ നിയമസഹായം തേടി. ഞങ്ങളോടൊപ്പം അടുത്ത ഗ്രൂപ്പുകാരും സഹായിക്കാൻ മുന്നോട്ട് വന്നു. പോലീസ് അന്വേഷണം നടതതുകയും അയാളെ കസ്റ്റടിയിലെടുക്കുകയും ചെയ്തു. അങ്ങനെ ആ ഒരു പ്രദേശത്തെ പ്രശ്നം അവസാനിപ്പിക്കാൻ ഞങ്ങൾക്ക് സാധിച്ചു.ഇപ്പോൾ അയാൾ എല്ലാ ദുശ്ശീലങ്ങളും ഉപേക്ഷിച്ച് സ്വന്തമായി വ്യാപാരം നടത്തി കുടുംബത്തോടൊപ്പം സ്വസ്ഥമായി ജീവിക്കുന്നു. അയാൾക്ക് ഞങ്ങളോട് പകയൊന്നുമില്ല. ഞങ്ങൾക്ക് അയാളോടും. ഒരാളുടെ ജീവിതം നേർവഴിയാക്കാനും കൂടാതെ കുറേ കുടുംബങ്ങൾക്ക് സമാധാനമുണ്ടാക്കാനും ഞങ്ങൾക്ക് സാധിച്ചത് കുടുംബശ്രീയിൽ വന്നതിനുശേഷമാണ്. അതിന് എക്കാലത്തും ഞങ്ങൾ കുടുംബശ്രീയോട് നന്ദിയുള്ളവരായിരിക്കും.

## *കുടുംബസുഹൃത്ത്*

17

സരസ്വതിയമ്മ

നെടുമ്പര ഗ്രാമപഞ്ചായത്ത്

കുടുംബശ്രീ സിഡിഎസ്സ്

എന്റെ പേര് സരസ്വതിയമ്മ വയസ്സ് 50 വിദ്യാഭ്യാസം 9–ാം ക്ലാസ്സ്. ഞാൻ മയൂര കുടുംബശ്രീയിലെ 15 അംഗങ്ങളിൽ ഒരാളാണ്. എന്റെ ഭർത്താവും ഞങ്ങളുടെ മൂന്നു കുട്ടികളും 70 വയസ്സുള്ള എന്റെ അച്ഛനും ഉൾപ്പെടുന്നതാണ് ഞങ്ങളുടെ കുടുംബം. ഭർത്താവ് മൈക്കാടിനും കൃഷിപ്പണികൾക്കും ഇടക്കിടെ പോകും. അച്ഛൻ അവശനാണ്. മരുന്നും പരിചരണവും എപ്പോഴും വേണം.

ഞാൻ കുടുംബശ്രീയിൽ അംഗമാകുന്നതിനുമുൻപ് എല്ലാം കൊണ്ടും ഒരു ദയനീയ ജീവിതമായിരുന്നു ഞങ്ങളുടേത്. ആഹാരം, ആരോഗ്യം, കുട്ടികളുടെ വിദ്യാഭ്യാസം ഇവക്കെല്ലാം ആവശ്യമായ സാമ്പത്തികമില്ലാതെ ഞങ്ങൾ വല്ലാതെ കഷ്ടപ്പെട്ടിരിക്കുന്നു. 2010 ൽ ഞാൻ കുടുംബശ്രീ അംഗമായി. അന്ന് എഡിഎസ്സ് ആയിരുന്ന ശ്രീകലചേച്ചി ഞങ്ങളുടെ വാസസ്ഥലത്തുള്ള മിക്ക വീടുകളിലും അടിക്കടി സന്ദർശിച്ച് സ്ത്രീകളുടെ നിസ്സഹായാവസ്ഥക്ക് കുടുംബശ്രീ പ്രവർത്തനങ്ങളിലൂടെ പല മാറ്റങ്ങുമുണ്ടാക്കാമെന്ന് പറഞ്ഞു തരുമായിരുന്നു. ആദ്യമൊക്കെ എന്നെപ്പോലെ എന്റേ വരിസരവാസികളായ പല സ്ത്രീകൾക്കും അതിൽ താല്പര്യമോ വിശ്വാസമോ തോന്നിയിരുന്നില്ല. എന്നാൽ അങ്ങിങ്ങ് അയൽക്കൂട്ടങ്ങൾ നടക്കുന്നതിനെപ്പറ്റിയും അതിലെ അംഗങ്ങളിൽ പലർക്കും സ്വയം വീട്ടു

മൃഗങ്ങളെ വളർത്തിയും വീട്ടുവളപ്പിൽ കൃഷി ചെയ്തുമൊക്കെ ചെറിയ തോതിൽ വരുമാനമുണ്ടാക്കുവാനുള്ള ലോണും സബ്സിഡിയും മറ്റും ലഭിക്കുന്നുണ്ടെന്നുള്ള കാര്യംവും അറിഞ്ഞു. കൂടാതെ ആഴ്ചയിൽ ഒരിക്കൽ കുടുംബശ്രീ അംഗങ്ങൾ കുട്ടികളുമൊത്ത് ഒത്തുകൂടാറുണ്ടെന്നുമൊക്കെയുള്ള വിവരങ്ങൾ അറിഞ്ഞപ്പോൾ എനിക്കതിലേറെ ആകർഷണം തോന്നി. അങ്ങനെ ഞാനും അതിൽ അംഗമായി.

ഞാൻ ഇതിനകം പലതവണകളിലായി ഒന്നരലക്ഷം രൂപാ കുടുംബശ്രീ ലോണായി എടുത്തിട്ടുണ്ട്. ആദ്യം ആടും കോഴിയും വളർത്തിത്തുടങ്ങി. ഒൻപതാവാർഡിലെ കുടുംബശ്രീ യൂണിറ്റ് ഒരു പലഹാര നിർമ്മാണയൂണിറ്റ് സ്ഥാപിക്കുകയും ഉല്പന്നങ്ങൾ ഇതര കുടുംബശ്രീ യൂണിറ്റുകളിലൂടെ വില്പന നടത്തികൊണ്ടുമിരുന്നു. കൂടാതെ മറ്റു പല യൂണിറ്റുകളും മൊത്തവിലയിൽ വീട്ടുസാധനങ്ങൾ വാങ്ങി അംഗങ്ങൾ വഴി ഗ്രാമത്തിലെല്ലാം വില്പന നടത്തി ലാഭമുണ്ടാക്കുന്നുമുണ്ടായിരുന്നു. ഞങ്ങളുടെ വീട് നിൽക്കുന്ന കുന്നിൻചരുവിന് മുന്നിൽ നീണ്ടു കിടന്നതരിശുനെൽപാടത്തിൽ ഞങ്ങളുടെ വാർഡിലെ കുടുംബശ്രീ യൂണിറ്റ് അംഗങ്ങൾ കൂട്ടായി നിലം പാട്ടത്തിനെടുത്ത് സംഘകൃഷി ചെയ്ത് നെല്ലും പച്ചക്കറിയും വാഴ, മരച്ചീനി കിഴങ്ങുവർഗ്ഗങ്ങൾ മുതലായവയും ഉല്പാദിപ്പിച്ചു. ജൈവകൃഷി രീതി അവലംബിച്ചതിനാൽ ഉല്പന്നങ്ങൾക്ക് പ്രിയമേറി. സമീപത്ത് ആഴ്ചതോറും നടക്കുന്ന വിഎഫ്പിസികെ യുടെ വിപണിമൂലവും കുടുംബശ്രീ സംഘടിപ്പിക്കുന്ന മേളകളിലും ഉല്പന്നങ്ങൾ വിറ്റഴിച്ചു ഞങ്ങളുടെ ഗ്രാമത്തെ സംബന്ധിച്ചിടത്തോളം കൃഷിയുടെ പുനരുദ്ധാരണം തന്നെയായിരുന്നു അത്. .വലലേകളിൽ നെൽച്ചെടികളുടേയും പച്ചക്കറികളുടെയും പച്ചത്തുരുത്തുകൾ രൂപപ്പെട്ടു. തോടുകളിലും കുളങ്ങളിലും തെളിനീർ നിറഞ്ഞു. നയനമനോഹരമായ പ്രഭാതങ്ങൾ ഗ്രാമത്തിൽ വീണ്ടും അനുഭവപ്പെട്ടു തുടങ്ങി.

അങ്ങനെയിരിക്കെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രാബല്യത്തിൽ വന്നു. സ്ത്രീശാക്തീകരണത്തെ ലക്ഷ്യമിട്ടു കൊണ്ട് സർക്കാർ തലത്തിൽ നടപ്പാക്കുന്ന പദ്ധതികളിൽ ഒന്നാണ് അതെന്ന് മനസ്സിലാക്കി. താരതമ്യേന വേതനം കുറവാണെങ്കിൽ പോലും തൊഴിലുറപ്പു പദ്ധതിദ മുഖധാരയിലെത്തി ജീവിതം കൈവരിക്കാൻ പാടുപെടുന്ന സ്ത്രീകൾക്ക് ശരിക്കും പ്രശംസനീയമായ പ്രചോദനം നൽകുന്നതായി തുടരുന്നു. അതിൽകൂടി മറ്റാനുകൂല്യങ്ങളായ കുറഞ്ഞ വിലക്കുള്ള അരി മറ്റു ഭക്ഷ്യവസ്തുക്കൾ ആരോഗ്യ ഇൻഷ്വറൻസു പദ്ധതി മൂലം നൽകുന്ന ചികിത്സാ സഹായങ്ങളും ലഭിച്ചു തുടങ്ങി. അതൊക്കെ എന്നെപ്പോലുള്ളവരുടെ ജീവിത നിലവാരം ഉയർത്തുവാൻ പര്യാപ്തമായിവയായിത്തുടരുന്നു.

എന്റെ ഭർത്താവ് മുൻപൊക്കെ കുടുംബ കാര്യങ്ങളിൽ ചുമതലവഹിക്കാൻ താല്പര്യം കാട്ടിയിരുന്നില്ല. അതു മാത്രമല്ല, ഉണ്ടാക്കുന്നതിൽ നല്ലൊരു പങ്ക് ലഹരി പദാർത്ഥങ്ങൾക്കായി ചിലവാക്കുകയും കുടുംബത്തിന്റെ സൈ്വരതക്കു ഭംഗം വരുത്തുകയും ചെയ്തിരുന്നു. ഈ അവസ്ഥതന്നെയായിരുന്നു ഞങ്ങളുടെ ചുറ്റുമുള്ള പല വീടുകളിലും.

കുടുംബശ്രീയിലൂടെയുള്ള എന്റെയും അയൽവീടുകളിലെ സ്ത്രീകളുടേയും പ്രവർത്തനങ്ങളും അതിലൂടെ കൈവരിച്ച സാമ്പത്തിക മാറ്റങ്ങളെയും ശ്രദ്ധിച്ച എന്റെ ഭർത്താവുൾപ്പടെ പല കുടുംബനാഥൻമാരിലും നല്ല മാറ്റങ്ങളുണ്ടായി. അവർക്ക് കുടുംബകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധയും താല്പര്യവുമുണ്ടായി തുടങ്ങി. അലസതയും ലഹരി ഉപയോഗവും അവരിൽ കുറഞ്ഞുവന്നു. ഞങ്ങളുടെ വാസസ്ഥലത്തിനു സമീപം നടത്തിവന്ന അരിഷ്ടക്കട വരുത്തിതീർത്ത വിനാശങ്ങൾ പറഞ്ഞാൽ തീരുകയില്ലാ. കുടുംബശ്രീ അതിൽ ഇടപ്പെതിനാൽ ആ കട പൂട്ടിക്കാൻ സാധിച്ചു.

കൃത്യമായി അയൽക്കൂട്ടങ്ങൾ കൂടുകയും കണക്കുകൾ അവതരിപ്പിച്ച് ഏവരേയും വിശ്വാസത്തിലെടുത്തു കൊണ്ടും, എല്ലാം പ്രശ്നങ്ങളും, വ്യക്തിപരമായിപോലും ചർച്ചചെയ്തും പ്രശ്നപരിഹാരങ്ങൾ കണ്ടും പരസ്പരസഹായത്തോടെ എന്റെ ഗ്രാത്തിലെ കുടുംബശ്രീ പ്രവർത്തനങ്ങൾ തുടർന്നു കൊണ്ടിരിക്കുന്നു. കുട്ടികളുടെ വിദ്യാഭ്യാസ വളർച്ചക്കും കലാപരവും കായികവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനും ബാലസഭകൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കാനും വയോധികർക്കും സ്ഥായിയായ രോഗബാധിതർക്കും ചികിത്സാസഹായം എത്തിക്കുന്നതിനും ഈ കൂട്ടായ്മകൾക്കു കഴിയുന്നുണ്ട്.

നാലാളൊരുമിച്ചുകണ്ടാൽ വായ്തുറക്കാൻ പേടിതോന്നിയിരുന്ന എനിക്ക് ഇന്ന് കുടുംബശ്രീ വേദികളിൽ നിന്ന് ഉറക്കെ സംസാരിക്കാനും ജനപ്രതിനിധികളെയും അധികാരികളെയും സമീപിച്ച് പൊതു പ്രശ്നങ്ങൾവരെ അറിയിച്ചു പരിഹാരം തേടാനും ധൈര്യം തോന്നുന്നുണ്ട്.

എന്റെ കുട്ടികളിൽ ഒരാൾ ഇന്ന് സംഗീതം അഭ്യസിക്കുന്നു. മകൻ ഐ.റ്റിഐ. പാസായി ഗൾഫിൽ ജോലി ചെയ്യുന്നു. ഇളയമകൾ കോളേജിൽ പഠിക്കുന്നു. വിദ്യാഭ്യാസപരമായ ഇത്തരം ഉയർച്ച എന്നെപ്പോലെയുള്ള എന്റെ ഗ്രാമവാസികളിൽ പലർക്കും ഉണ്ടായിട്ടുണ്ട്. ഈ ഉയർച്ച ഗ്രാമത്തിന്റെ പൊതുവായ ഉയർച്ചയുടെ സൂചനയായിത്തന്നെ കണക്കാക്കാം. ഇതിനെല്ലാം കാരണം കുടുംബശ്രീ പ്രവർത്തനങ്ങൾതന്നെ അതിൽ നേതൃത്വം വഹിക്കുന്ന പെൺകരുത്തുകളായിട്ടുള്ളവർക്ക് അതിന്റെ അഭിനന്ദനമർഹിക്കുന്നു എന്ന സത്യത്തെ ഇവിടെ സ്മരിച്ചു കൊള്ളട്ടെ. .....

# *സ്വർഗ്ഗത്തിലേയ്ക്കൊരു യാത്ര*

18

***അംബുജം,***
കരവാളൂർ ഗ്രാമപഞ്ചായത്ത്
കുടുംബശ്രീ സി.ഡി.എസ്സ്.

ഞാൻ അംബുജം കരവാളൂർ ഗ്രാമപഞ്ചായത്ത് 'ചിന്ത' കുടുംബശ്രീയൂണിറ്റിലെ ഒരംഗമാണ്. ആലപ്പുഴ ജില്ലയിലെ മുഹമ്മയിലെ ഒരു സാധാരണ കുടുംബത്തിൽ ജനിച്ചവളർന്ന ഞാൻ വിവാഹിതയായി ഭർത്താവിന്റെ നാടായ കരവാളൂർ പഞ്ചായത്തിലേയ്ക്ക് വരുമ്പോൾ ീ പ്രദേശവുമായി പൊരുത്തപ്പെടുവാൻ കഴിയുമെന്ന് ഒട്ടും കരുതിയിരുന്നില്ല. കുറേശ്ശെ നാടും നാട്ടാരുമായി അടുത്തു തുടങ്ങിയപ്പോഴാണ് 'കുടുംബശ്രീ' എന്ന സംഘടനയെക്കുറിച്ചും ഇതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അിറഞ്ഞത്.

കുടുംബശ്രീയിൽ എനിക്കും അംഗമാകണമെന്ന് ഭർത്താവിനോട് പറഞ്ഞപ്പോൾ ആദ്യം കിട്ടിയത് ചെകിടത്തൊരടിയായിരുന്നു. അമ്മായിയമ്മയും നാത്തൂന്മാരും എന്നെ ഇതിന്റെ പേരിൽ 'ആട്ടക്കാരി' എന്ന് വളിച്ച് കുറ്റപ്പെടുത്തി. എങ്കിലും ആ ആഗ്രഹം ഞാൻ മനസ്സിൽവച്ചു.

ഒരുദിവസം ഉച്ചതിരിഞ്ഞ് മറ്റാരും വീട്ടിലില്ലായിരുന്ന സമയത്ത് ഞാൻ കിണറ്റിൽനിന്നും വെള്ളം കോരുന്നവഴിക്ക് കാൽവഴുതി ആഴമുള്ള ആ കിണററിൽവീണു. ശബ്ദംകേട്ട് അയൽവീട്ടിൽ ഒത്തുചേർന്നിരുന്ന കുടുംബശ്രീയിലെ ചേച്ചിമാർ ഓടിവരുകയും നിലവിളിച്ച് ആളെക്കൂട്ടി എന്നെ രക്ഷിക്കുകയും ചെയ്തു. എന്റെ ഭർത്താവ് വിവരമറിഞ്ഞ് ഓടിയെത്തിയപ്പോൾ സ്വന്തം സഹോദരിമാരെപ്പോലെ എന്നെ പരിചരിക്കുന്ന അയൽക്കൂട്ടാംഗങ്ങളെയാണ് കണ്ടത്. അന്ന് രാത്രി അദ്ദേഹം എന്നോടു പറഞ്ഞു. 'നീ തീർച്ചയായും കുടുംബശ്രീയിൽ ചേരണം' എന്ന്!!!!

പിറ്റേന്നുതന്നെ ഞാൻ 'ചിന്ത' കുടുംബശ്രീയിലെ ഒരംഗമായിമാറി. മറ്റുള്ളവരുടെ സുഖദുഃഖങ്ങൾ പരസ്പരം പങ്കുവയ്ക്കുകയും കഴിയുന്ന സഹായം ചെയ്തുകൊടുക്കുകയും ചെയ്യാറുണ്ട് ഞങ്ങൾ. എന്റെ കുടുംബശ്രീ യൂണിറ്റിലെ എല്ലാവരും തികച്ചും സാധാരണക്കാരാണ്. അവരിൽ പലർക്കും ഞാൻ പണം പലിശയില്ലാതെ കടംകൊടുക്കാറുണ്ട്. എന്റെ യൂണിറ്റിലെ സുമതിച്ചേച്ചിക്ക് യൂട്ടറസിന്റെ ോപ്പറേഷൻ ചെയ്യേണ്ടി വന്നപ്പോൾ സാമ്പത്തികമായു ആളായുംനിന്ന് സഹായിക്കാൻ കഴിഞ്ഞത് ഒരു വലിയകാര്യമായി ഞാൻ കാണുന്നു. ഇതൊക്കെ എന്റെ അമ്മായിഅമ്മ വലിയ വിഷയമാക്കികൊണ്ടുവന്നപ്പോഴും

കുടുംബശ്രീ അംഗങ്ങളെല്ലാം എന്റെ വീട്ടിലേത്തി കാര്യങ്ങൾ അവർക്ക് മനസ്സിലാക്കി കൊടുക്കുകയും ചെയ്തു.

ഒരിക്കൽപ്പോലും ചന്തയിൽ പോയിട്ടില്ലാത്ത ഞാൻ കഴിഞ്ഞ 'ഓണച്ചന്തയ്ക്ക്' ഏത്തെക്കുല, ചേന, ചേമ്പ്, കാച്ചിൽ എന്നിവ കമ്പോളത്തിലെത്തിച്ച് വിൽപ്പന നടത്തിയതും ലാഭം കൊയ്തതും ഇന്നോർക്കുമ്പോൾ ഒരു മഹാസംഭവമായി തോന്നുന്നു. ചിലപ്പോഴൊക്കെ കണ്ണാടിയിൽ നോക്കിനിന്ന് ഞാൻ സ്വയം പറയും 'കുടുംബശ്രീയിൽ ചേർന്ന ശേഷം നീ ഒരു സംഭവമായി മാറിയല്ലോടി' എന്ന്. ഇത് കേട്ട് എന്റെ അമ്മായിയമ്മ അലറിവിളിക്കാറുണ്ട്. 'ഈ മുധേവിക്ക് ഭ്രാന്തായേ!' എന്ന്. അപ്പോഴും മനസ്സിൽ ഞാൻ സന്തോഷിക്കും. കാരണം കുടുംബശ്രീ എന്നെ സത്യത്തിൽ 'ശ്രീദേവി' ആക്കുകയായിരുന്നല്ലോ?

ദിവസവും രാത്രിയിൽ മദ്യപിച്ചെത്തി വഴക്കിടുന്ന എന്റെ ഭർത്താവിന് ഞാൻ തൊഴിലുറപ്പിനു പോയതുമുതൽ വഴക്കിടാൻ അതോരു കാരണമായിത്തീർന്നു. എന്റെ കുടുംബശ്രീ സുഹൃത്തുക്കളുടെ ഭർത്താക്കന്മാർ ഇടപെട്ട് അദ്ദേഹത്തെ നേർവഴിക്കു കൊണ്ടുവന്നതും എനിക്ക് മറക്കാൻ കഴിയില്ല. ഇങ്ങനെ നോക്കുമ്പോൾ എനിക്കും മക്കൾക്കും കുടുംബശ്രീ തന്നത് അണയാത്ത വെളിച്ചമാണെന്ന് പറയേണ്ടിവരും.

## *ഇന്ന് ഞാൻ സന്തുഷ്ടയാണ്.......*

19

***റാഹേൽ തിങ്കൾകരിക്കം***

കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്

കുടുംബശ്രീ സി.ഡി.എസ്സ്

കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിലെ തിങ്കൾകരിക്കം എന്ന പ്രദേശത്താണ് ഞാൻ താമസിക്കുന്നത്. എന്റെ പേര് റാഹേൽ വളരെ പാവപ്പെട്ട ഒരു കുടുംബത്തിലെ ആറ് മക്കളിൽ ഇളയ ആളാണ് ഞാൻ. എനിക്ക് മുന്നിലായി നാല് ജ്യോഷ്ഠത്തിമാരും ഒരു ആങ്ങളയും ഉണ്ട്. എന്റെ ചെറുപ്പത്തിലേ അച്ചൻ ഞങ്ങളെ ഉപേക്ഷിച്ച് മറ്റൊരു സ്ത്രീയോടൊപ്പം പോയി. അമ്മ ക്യാൻസർ രോഗിയാണ്. സഹോദരൻ വിവാഹം കഴിച്ച് വേറെ കുടുംബമായി ഞങ്ങളുടെ തൊട്ടടുത്ത് താമസിക്കുന്നു. നാല് സഹോദരിമാരും നിത്യരോഗികളാണ്. എന്റെ വീട് ഓലമേഞ്ഞ പച്ചക്കട്ടകെട്ടിയതാണ്. കുടിക്കാൻ വെള്ളത്തിന് ഒരു കിലോമീറ്ററോളം നടന്ന് പൊതു കിണറിനെ ആശ്രയിക്കണം. ഇതാണ് എന്റെ അവസ്ഥ.

ഈ കുടുംബത്തിന്റെ ചുമതല മുഴുവൻ ചെറുപ്രായത്തിൽ നിറഞ്ഞമനസ്സോടെ ഏറ്റെടുക്കേണ്ടിവന്ന ഹതഭാഗ്യയാണ് ഞാൻ. അമ്മയുടെയും സഹോദരിമാരുടെയും ചികിത്സാ ചെലവ്, അവരുടെ ഭക്ഷണം, വസ്ത്രം എല്ലാം എന്റെ ഉത്തരവാദിത്തമായി മാറി. പല ദിവസങ്ങളിലും പട്ടിണഇയായിരുന്നു. ഉള്ള ഒരു സഹോദരൻ സ്വന്തം കാര്യത്തിനപ്പുറം മറ്റൊന്നും ചിന്തിക്കുന്ന ആളായിരുന്നല്ല. ഈ അവസ്ഥയിൽ എന്തെങ്കിലും ഒരു ജോലി തരപ്പെടുത്താൻ ഞാൻ പരിശ്രമിച്ചു. പക്ഷേ വിദ്യാഭ്യാസ അവസ്ഥ മോശമായിരുന്നതാനാൽ മെച്ചപ്പെട്ട ജോലികളൊന്നും എനിക്ക് ലഭിക്കില്ലെന്ന് ബോദ്ധ്യപ്പെട്ടതുകൊണ്ട് ഒടുവിൽ വീട്ടുജോലിക്ക് പോകുവാൻ തീരുമാനിച്ചു. അങ്ങനെ ഞങ്ങളുടെ പ്രദേശത്തെ ഏറ്റവും സമ്പന്നനും സർക്കാർ ഉദ്യോഗസ്ഥനുമായ ഒരു വ്യക്തിയുടെ കുടുംബത്തിൽ വീട്ടുജോലിക്ക് പോയി തുടങ്ങി അവിടെനിന്നും ലഭിക്കുന്ന ചെറിയ വരുമാനംകൊണ്ട് എന്റെ കുടുംബം പുലിർന്നുവന്നു. ഒരു ദിവസം ഞാൻ ജോലികഴിഞ്ഞ് വീട്ടിലേക്ക് വന്നപ്പോൾ കുറെ ചേച്ചിമാർ

ചിരിച്ച് വർത്തമാനമൊക്കെ പറഞ്ഞ് പോകുന്നത് കണ്ടു. ഒരു പക്ഷേ ഇതുപോലെ നിറഞ്ഞു ചിരിക്കാൻ എനിക്ക് കഴിയാതിരുന്നതുകൊണ്ടാകാം ഞാൻ അവരെ അസുയയോടെ നോക്കി അവർ എവിടെപ്പോയി എന്നന്വേഷിച്ചപ്പോൾ കുടുംബശ്രീ യോഗത്തിന് പോയിട്ട് വരികയാണെന്നും സ്ത്രീകളുടെ ഒരു സംഘടനയാണ് കുടുംബശ്രീ എന്നും നീയും താല്പര്യമുണ്ടെങ്കിൽ ചേർന്നുകൊള്ളാനും എന്റെ സമീപവാസിയായ ചേച്ചി എന്നോട് പറഞ്ഞു. അങ്ങനെ ഞാനും കുടുംബശ്രീയിൽ അംഗമായി.

എനിക്ക് കിട്ടുന്ന ചെറിയ ശമ്പളത്തിന്റെ ചെറിയ ഒരു വിഹിതം ഞാൻ നിക്ഷേപമായി ഗ്രൂപ്പിൽ നൽകി വന്നു. ബന്ധുക്കളോ നാട്ടുകാരോ സുഹൃത്തുക്കളോ ആരുംതന്നെ കടന്നുവരാതിരുന്ന എന്റെ വീട്ടിൽ അങ്ങനെ വല്ലപ്പോഴുമെങ്കിലും ഗ്രൂപ്പ് യോഗത്തിനായി ആളുകൾ എത്തിതുടങ്ങി. ഇത് എനിക്കും കുടുംബത്തിനും ആരൊക്കെയോ ഉണ്ട് എന്ന തോന്നൽ എന്നിലുളവാക്കി. എന്റെ ജീവിതത്തിൽ അതുവരെ ഞാനനുഭവിച്ചിട്ടില്ലാത്ത സന്തോഷം എനിക്കുണ്ടായി.

എന്റെ സാഹചര്യങ്ങൾ മനസ്സിലാക്കിയ ഞങ്ങളുടെ ഗ്രൂപ്പ് അംഗങ്ങൾ എല്ലാവരും ചേർന്ന് ഒരു ആടിനെ വാങ്ങി എനിക്ക് തന്നു. കൂടാതെ അമ്മയ്ക്കും ജ്യേഷ്ഠത്തിമാർക്കുമായി മരുന്നുവാങ്ങാനും മറ്റുമായി ചെറിയ സാമ്പത്തിക സഹായങ്ങളും നൽകി വന്നു. ഒരു ദിവസം കുടുംബശ്രീ യോഗത്തിനായി ചെന്ന ഞാൻ വളരെ മൂകമായി ഇരിക്കുന്നത് ശ്രദ്ധച്ച ഞങ്ങളുടെ കുടുംബശ്രീയുടെ പ്രസിഡന്റായ ചേച്ചി എന്നോട് ചോദിച്ചു. എന്താണ് നിനക്ക് ഇത്ര വിഷമം? എന്തോ കാര്യമായി നിന്നെ അലട്ടുന്നുണ്ടല്ലോ. എന്നോട് പറയാൻപറ്റുന്നതാണെങ്കിൽ ഒരു സഹോദരിയെന്ന നിലയ്ക്ക് നീ എന്നോട് പറയുക. ഒടുവിൽ ചേച്ചിയുടെ നിർബന്ധത്തിന് വഴങ്ങി എനിക്ക് ആ ദുരനുഭവം വിവരിക്കേണ്ടി വന്നു.

ഞാൻ ജോലിക്കുപോകുന്ന വീട്ടിലെ സാർ അന്ന് അവധിയിലായിരുന്നു. അവിടുത്തെ അമ്മയും അച്ഛനും ബന്ധുവീട്ടിൽ പോയിരുന്നു. സാറിൻരെ ഭാര്യയും അവിടെ ഇല്ലായിരുന്നു. ജോലിയിലേർപ്പെട്ട എന്നെ മദ്യപിച്ച് അവശനായ സാർകടന്നുപിടിച്ചു. ദുർബലയായ എന്നെ എന്റെ എതിർപ്പു മറികടന്ന് ബലമായി അദ്ദേഹം കീഴ്പെടുത്തി. ഈ സംഭവം എനിക്ക് വീട്ടിലോ മറ്റുള്ളവരോടോ പറയാൻ ഭയമായിരുന്നു. ജോലി കഴിഞ്ഞ് വീട്ടിലെത്തിയ ഞാൻ ആത്മഹത്യയെപ്പറ്റിയാണ് ചിന്തിച്ചത്. എന്നാൽ എന്റെ അമ്മയേയും സഹോദരങ്ങളെയും ഈ നിലയിൽ വിട്ടിട്ട് പോകാൻ മനസ്സിനുവദിച്ചില്ല. രമിക്കുന്നെങ്കിൽ ഒരുമിച്ചെന്നും നാളെ ഒരു തീരുമാനം അന്തിമമായി എടുക്കാം എന്നും തീരുമാനിച്ച് ഞാനുറങ്ങാൻ കിടന്നു. പിറ്റേന്ന് ഞാൻ ജോലിക്ക് പോയില്ല. വീട്ടിൽ സുഖമില്ലയെന്നു കാരണം പറഞ്ഞു. ഉച്ചയോടെ കുടുംബശ്രീ മീറ്റിംഗിനായി പോയി. തുടർന്നാണ് ചേച്ചിയുടെ ചോദ്യവും എന്റെ ഹൃദയംപൊട്ടിയുള്ള മറുപടിയും. എന്റെ അവസ്ഥ കേട്ട ചേച്ചി എന്നെ ആശ്വസിപ്പിച്ചു. വാർഡ് മെമ്പറെ വിവരം അറിയിച്ചു. നിയമപരമായി അയാൾക്കെതിരെ നീങ്ങാനാണ് എല്ലാവരും എന്നെ ഉപദേശിച്ചത്. സമൂഹത്തിലെ സ്വാധീനവും സമ്പത്തുമുള്ള അവർക്കെതിരെ നീങ്ങാൻ എനിക്ക് കഴിയുമായിരുന്നില്ല. തുടർന്ന് എന്റെ ജീവിതത്തിൽ എന്റെ കുടുംബശ്രീ ഗ്രൂപ്പും വാർഡ് മെമ്പറും എനിക്ക് താങ്ങും തണലുമായി. എനിക്ക് പഞ്ചായത്തിൽ നിന്നും വീടിനും

കിണറിനും പൈസ അനുവദിച്ചു. തുടർന്ന് തൊഴൽ കാർഡ് എടുത്ത ഞാൻ തൊഴിലുറപ്പ് പദ്ധതിയിൽ അംഗമായി. കൂടാതെ സി.ഡി.എസ്സിൽ നിന്നും ആശ്രയാ പദ്ധതിയിലൂടെ ഭക്ഷണവും പാലീയേറ്റീവ് കെയർ പദ്ധതിയിലൂടെ അമ്മയ്ക്ക് ചികിത്സാ സഹായവും ലഭിച്ചു.

എനിക്കിപ്പോൾ ഒരാടിൽ നിന്നും 30 ആടുവരെയായി സാമാന്യം ഭേദപ്പെട്ട വരുമാനം ഇതിൽ നിന്നും ലഭിക്കുന്നുണ്ട്. സെൻട്രൽ ബാങ്കിൽ അക്കൗണ്ട് എടുത്ത് ചെറിയ രീതിയിൽ നിക്ഷേപവും നടത്തുന്നു. കുടുംബശ്രീ എന്ന മഹത്തായ ഈ സംരംഭത്തിന്റെ ഭാഗമായി എന്നതുകൊണ്ടു മാത്രം തിരിച്ചുകിട്ടിയതാണ് എന്റെ ജീവിതം. എന്നും കുടുംബശ്രീയോട് കടപ്പെട്ടിരിക്കുന്നു. ഇന്ന് എനിക്ക് വിഷമങ്ങളില്ല. പോരായ്മകളിൽ സഹായിക്കാൻ ബന്ധുക്കൾ... അങ്ങനെ എല്ലാം.... ഞാൻ സന്തുഷ്ടയാണ്........

---

## *വെളിച്ചം വീണ വഴിത്താരകൾ*

20

ഷീബ അനിൽ
കുമ്മിൾ ഗ്രാമപഞ്ചായത്ത്
കുടുംബശ്രീ സിഡിഎസ്സ്

നനു നനുഞ്ഞ ഈ സായം സന്ധ്യയിൽ കുളിർ തെന്നലേറ്റ് ഉമ്മറക്കോലായിൽ ഷീബ അനിൽ എന്ന ഞാൻ അനന്തതയിൽ മിഴി നട്ടിരിക്കുന്നു. എന്റെ മനസ്സ് 14 വർഷത്തിനപ്പുറത്തേക്ക് കടന്നു പോകുകയാണ്. പിന്നെ ഇപ്പുറത്തേയ്ക്കും. വീട്ടമ്മയും കലാകാരിയും മാത്രമായിരുന്ന എന്നെ ഇന്നത്തെ ഞാനാകാൻ സഹായിച്ച കുടുംബശ്രീ എന്ന വൻ വൃക്ഷത്തെ സ്മരിച്ചുകൊണ്ടുള്ളൊരു അനുഭവക്കുറിപ്പിലേക്ക്...........................

ഞാൻ ജനിച്ചത് ഇടുക്കി ജില്ലയിൽ ചോറ്റുപാറ എന്ന സ്ഥലത്ത് ഒരു സാധാരണ കുടുംബത്തിലാണ്. കലാകാരനായ അച്ഛനും വീട്ടമ്മയായ അമ്മയും ഇളയ സഹോദരിയും അടങ്ങുന്ന കുടുംബം. അച്ഛന്റെ ഓടിനടന്നുള്ള കലാപ്രവർത്തനം മൂലം കേരളത്തിൽ വിവിധ സ്ഥലങ്ങളിൽ താമസിക്കാനുള്ള അവസരം ലഭിച്ചു. പഠനം പത്താംതരം എത്തിയപ്പോൾ തന്നെ 5 സ്കൂളുകളിൽ പഠിക്കാൻ അവസരം. പഠനസമയത്തെല്ലാം സമൂഹത്തിൽ ഒരുവിധം ഇടപഴകാനുള്ള അവസരവും സ്വാതന്ത്ര്യവും ലഭിച്ചിരുന്നു. സാമൂഹ്യ ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദത്തിനുശേഷം വിവാഹം. ഇനറെ വിവാഹസമയത്ത് എനിക്ക് ബി.എഡ്ന് അഡ്മിഷനും ശരിയായിരുന്നു. എന്നാൽ എന്റെ പഠനം അവിടെ അവസാനിച്ചു. കൂലിപ്പണിക്കാരനായ ഭർത്താവും രണ്ട് പെൺകുട്ടികളും. ജീവിതം എവിടെയൊക്കെയോ തട്ടിയും മുട്ടിയും പോകുന്ന സമയം രണ്ടാമത്തെ കുക്കിയ്ക്ക് ആറ് മാസം പ്രായമുള്ളപ്പോൾ ഭർത്താവിന്റെ കാലിനു സംഭവിച്ച അപകടം എന്റെ ജീവിതത്തെ തകിടം മറിച്ചു. കുടുംബം

പുലർത്താൻ ഞാൻ എന്റെ കലാപ്രവർത്തനം പുനരാരംഭിച്ചു. സമൂഹവുമായി എനിക്ക് ഇടപഴകാൻ വീണ്ടും അവസരം ലഭിച്ചു. ഈ സമയത്താണ് കുമ്മിൽ വാർഡിലെ "“ഉഷസ്” കുടുംബശ്രീ യൂണിറ്റിൽ അംഗമാകുന്നത് യൂണിറ്റിന്റേ ചെറിയ സംരംഭങ്ങളിൽ ഞാനും അംഗമായി. ഭർത്താവിന്റെ നീണ്ടനാളത്തെ ചികിൽസകൾക്കായി വാങ്ങിയ കടങ്ങൾ വീട്ടാൻ തുടങ്ങി. പിന്നീട് യൂണിറ്റിൽ സെക്രട്ടറി, എഡിഎസ്സ് സെക്രട്ടറി, സിഡിഎസ്സ് മെമ്പർ, ബാലസഭ കൺവീനർ, ജില്ലാമിഷൻ ആർ.പി. സിഡിഎസ്സ് ചെയർപേഴ്സൺ വരെ എത്തി. ഇതിനു പിന്നിൽ എനിക്ക് പ്രേരകശക്തിയായതിൽ അനേകം പേരുണ്ട്. എന്നിരുന്നാലും കുമ്മിൾ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.എം.നസീർ സാറിനെ ഓർമ്മിപ്പിക്കാതെ തരമില്ല. ഒരു പക്ഷെ അദ്ദേഹത്തിന്റെ പ്രേരണയില്ലായുരുന്നെങ്കിൽ പല വിഷമ ഘട്ടത്തിലും ഞാൻ കുടുംബശ്രീയിൽ നിന്നും വിട്ടുപോയിരുന്നേനെ.

ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു എന്റെ പഠനം വിവാഹത്തോടെ അവസാനിച്ചുവെന്ന്. എന്നാൽ ഇക്കഴിഞ്ഞ 14 വർഷങ്ങളായി എന്റെ പഠനം തുടർന്നുകൊണ്ടേയിരിക്കുന്നു. വിവിധ മേഖലകളെക്കുറിച്ച്, വിവിധ പ്രശ്നങ്ങളെകുറിച്ച്, വിവിധ വിഷയങ്ങളെ കുറിച്ച് ഒക്കെ ഞാൻ പഠിക്കുകയാണ്. കണക്കിൽ കേവലം മാത്രമായിരുന്ന എനിക്ക് യൂണിറ്റുകളിലെ കണക്കുകൾ കൈകാരം ചെയ്യാൻ സാധിച്ചു. സഭാകമ്പം ഇല്ലാതിരുന്ന ട്യൂട്ടോറിയൽ അദ്ധ്യാപികയായിരുന്ന എനിക്ക് വേദികളിൽ അത്യാവശ്യം സംസാരിക്കാൻ കഴിഞ്ഞിരുന്നു. എന്നാൽ ഇന്ന് വേദികളിൽ ഏത് വിഷയത്തെ കുറിച്ചും അറപ്പില്ലാതെ സംസാരിക്കാൻ കഴിയുന്നത് പ്രവർത്തകയായതുകൊണ്ടു മാത്രമാണെന്ന് അഭിമാനപൂർവ്വം ഞാൻ ഓർമ്മിക്കുന്നു.

കുടുംബശ്രീയുമായി ബന്ധപ്പെട്ട് ബാലസഭാ പ്രവർത്തനം അറിവിന്റെ ലേകത്തേയ്ക്ക് ആഴ്ന്നിറങ്ങാൻ സഹായകമായി. ഈ അവസരത്തിൽ എനിക്ക് പ്രേരകശക്തിയായ എന്റെ പ്രിയകൂട്ടുകാരിയും കൊല്ലം ജില്ലാമിഷൻ ജെൻഡർ കൺസൾട്ടന്റുമായ ആർ.ബീനയെ ഓർക്കുന്നു. ബാലളയുടെ ജില്ല ആർ പി ആയതോടെ വെക്കേഷൻ ക്ലാസ്സുകളസിൽ ഇംഗ്ലീഷ് അദ്ധ്യാപികയായി. സഹവാസ ക്യാമ്പുകളിൽ ദിവസങ്ങളോളം അനേകം പഞ്ചായത്തുകളിൽ കുട്ടികളോടൊപ്പം ചെലവഴിക്കാൻ അവസരം ലഭിച്ചു. ഞാൻ നാടൻപാട്ടുകളോടു കൂടുതൽ അടുത്തുദ പ്രകൃതിയെ മുൻപത്തേക്കാൾ നിരീക്ഷിക്കാനും ഭാഗ്യം ലഭിച്ചു. ഈ അവസരങ്ങളെല്ലാം എനിക്കക്ക് ലഭിക്കാൻ എന്റെ പേര് ജില്ലാമിഷനിൽ നിർദ്ദേശിച്ച ചെയർപേഴ്സൺ ഓമനയേയും എനിക്ക് ലഭിച്ച ഭാഗ്യത്തിൽ ഞാൻ ഓർമ്മിക്കുന്നു.

കൂടുതൽ അറിവ് നേടാനും സാമ്പത്തികമായി എനിക്ക് പുരോഗതിയിലേയ്ക്ക് പോകാനും ഇത്തരം പ്രവർത്തനങ്ങൾ സഹായകമായി എന്നുള്ളത് അഭിമാനകരമാണ്. ഈ സാമ്പത്തിക മുന്നേറ്റം എന്റെ കുടുംബത്തിന്റെ പുരോഗതിക്ക് സഹായകമായി. ആയതിനാൽ എന്റെ ഭർത്താവ്, കുട്ടികൾ, മാതാപിതാക്കൾ ഇവരെല്ലാം കുടുംബശ്രീയെ സ്നേഹിക്കാനും അംഗീകരിക്കാനും തയ്യാറായി. ഇത്തരം പ്രവർത്തനങ്ങളിൽ ഇവരും തുണയായി. കുടുംബശ്രീ വഴി മറ്റിതര പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരങ്ങളും ലഭിച്ചു. സമൂഹത്തിൽ നല്ല സുഹൃത്ത് ബന്ധങ്ങൾ നേടാൻ സാധിച്ചു.

കുടുംബശ്രീയിലെ 3 പൂക്കൾ കൊണ്ട് അർത്ഥമാക്കുന്നതുപോലെ സാമ്പത്തികമായും സ്ത്രീശാക്തീകരണത്തോടൊപ്പം സാമൂഹികശാക്തീകരണവും നേടാൻ എനിക്ക് തീർച്ചയായും കഴിഞ്ഞു.

ഞാൻ കുടുംബശ്രീ പ്രവർത്തകയായതിൽ ഏറ്റവും അഭിമാനം തോന്നിയ ഒരു നിമിഷത്തെ കുറിച്ചു കൂടി ഓർത്തുപോകുന്നു. ആ വർഷം ബാലസഭാ ക്യാമ്പുകൾ ഓരോ പഞ്ചായത്തിനും 3 ദിവസം നിശ്ചയിക്കപ്പെട്ടിരുന്നു. ഇത്തിക്കര, ചടയമംഗലം, ക്ലസ്റ്ററിലാണ് ഞാൻ പങ്കെടുത്തത്. ആ വർഷത്തെ ക്യാമ്പിൽ രണ്ടു ദിവസം ക്ലാസ്സ് എനിക്കും മൂന്നാം ദിവസം ക്ലാസ്സുകൾ ആർ.പി. ബീനയ്ക്കും നിശ്ചയിക്കപ്പെട്ടു. കല്ലുവാതുക്കൽ പഞ്ചായത്തിൽ മൂന്നാം ദിവസം ക്ലാസ്സ് എടുക്കേണ്ടത് ബീനയായിരുന്നു. പക്ഷെ ബീന മെഡിക്കൽ കോളേജിൽ അഡ്മിറ്റാണ്. ക്ലാസ്സ് ഞാൻ എടുത്തേ മതിയാവൂ. നക്ഷത്രങ്ങളാണ് വിഷയം. എനിക്കാണെങ്കിൽ ആകാശത്ത് ഇവയുടെ സ്ഥാനം കൃത്യമായി അറിയാനും വയ്യ. ഞാൻ സകല ശക്തിയും സംഭരിച്ച് ബീനയുടെയും എഡിഎംസി ശങ്കർ സാറിന്റേറയും ധൈര്യത്തിൽ ക്ലാസ്സെടുത്തു. മൂന്നാം ദിവസം കല്ലുവാതുക്കൽ പ്രസിഡന്റ് എന്നെ അഭിനന്ദിച്ചപ്പോൾ എനിക്ക് കുടുംബശ്രീയെക്കുറിച്ച് അഭിമാനം വർദ്ധിച്ചു.

കുടുംബശ്രീ എന്ന സംഘടന കുടുംബത്തിലെ ശ്രീയായി കുടുംബങ്ങളിൽ ഐശ്വര്യത്തിന്റെ പൊൻവെട്ടം ചൊരിയുന്ന നിറദീപമായി മാറുകയാണ്. വീടുകളിലെ അകത്തളങ്ങളിൽ കഴിഞ്ഞിരുന്ന നമ്മെ സമൂഹത്തിലെ ചാലക ശക്തിയായി ഉന്നമനത്തിലേയ്ക്കെത്തിക്കാൻ സഹായിച്ചു. ഞങ്ങൾ സ്ത്രീകൾക്ക് അശാകേന്ദ്രമായ കുടുംബശ്രീ എന്റെ പഠനയാത്ര അനുസ്യൂതം തുടരാൻ വഴിവിളക്കാകുമെന്ന ദൃഢ പ്രതീക്ഷയോടെ ഞാൻ സ്നേഹിക്കുന്ന കുടുംബശ്രീയെ ഓർമ്മിച്ചു കൊണ്ട് നിർത്തുന്നു.

---

## *ജീവിതം എന്ത്; എങ്ങനെ !*

21

*സുലേഖ*
*ചിതറ ഗ്രാമപഞ്ചായത്ത്,*
*കുടുംബശ്രീ സിഡിഎസ്സ്*

പ്രകൃതി സൗന്ദര്യത്തിന്റെ നിറകുടമായ താഴ്‌വാരമെന്ന മലയോരഗ്രാമം . കുന്നും മലയും കാട്ടരുവിയും പൂമരങ്ങളും വയലേലകളും കൊണ്ട് മനംകവരുന്ന ആ കൊച്ചു ഗ്രാമത്തിൽ ഒരു കൊച്ചു പൂത്തുമ്പിയെപ്പോലെ പാറിപ്പറന്നു നടന്ന ബാല്യം. മനസ്സിൽ ഒരു കുളിർ തെന്നലായി ആ ഓർമ്മ ഇന്നും മായാതെ നിൽക്കുന്നു. അച്ഛന്റെ വീട്ടിലും അമ്മയുടെ വീട്ടിലും ആദ്യത്തെ കൺമണി. എല്ലാവർക്കും എന്നെ ഇഷ്ടമായിരുന്നു. എല്ലാവരുടേയും പ്രിയപ്പെട്ടവളായിരുന്നു. പക്ഷേ ഏറെ നാൾ ആ പൂത്തുമ്പിക്ക് പാറിപ്പറന്നു നടക്കാനായില്ല. ഇളയകുട്ടികളെ നോക്കേണ്ട ചുമതല അവളിൽ അടിച്ചേൽപ്പിക്കപ്പെട്ടു. ഇളയ ആറ് സഹോദരങ്ങൾ. അമ്മയ്ക്ക് വീട്ട് ജോലി ചെയ്യണം. ആ സമയം ഞാൻ കുട്ടികളെ നോക്കണം.

സ്കൂളിൽ പോയി തുടങ്ങി. സ്കൂളിൽ പോകുന്നതിനു മുൻപും സ്കൂൾ വിട്ടു വന്നാലും ഇഷ്ടംപോലെ ജോലി. ഒന്നു കുളിക്കാനോ, ഒന്നു ഓടി നടക്കാനോ പോലും സമയം കിട്ടാറില്ല. ഒന്നുറക്കെ ചിരിക്കാൻ പോലും മറന്ന ബാല്യം അങ്ങനെ നഷ്ടമായിക്കൊണ്ടിരുന്നു. ജോലിത്തിരക്കു കാരണം എന്നും സ്കൂളിൽ താമസിച്ചു ചെല്ലുന്ന കുട്ടി ഞാനായിരുന്നു. ടീച്ചറിൽ നിന്ന് ശിക്ഷ വേറെയും.

ആ വീർപ്പുമുട്ടലിൽ ഒരല്പം ആശ്വാസം തോന്നിയിരുന്നത് അച്ഛന്റെ സ്നേഹം മാത്രമായിരുന്നു. എത്ര ജോലി ചെയ്താലും അമ്മയ്ക്ക് മതിയാകില്ല. എപ്പോഴും വഴക്കും കുറ്റപ്പെടുത്തലും മാത്രം.

അച്ഛന്റെ അദ്ധ്വാനത്തിൽ നിന്നു കിട്ടുന്ന ഒരൊറ്റവരുമാനം മാത്രമായിരുന്നു ഒൻപത് അംഗങ്ങളുള്ള ഞങ്ങളുടെ കുടുംബത്തിന്റെ ഏക ആശ്രയം. എങ്കിലും അച്ഛൻ എനിക്ക് ഇഷ്ടപ്പെട്ട വസ്ത്രം വാങ്ങി തന്നിരുന്നു. എന്നും ഇല്ലെങ്കിലും വല്ലപ്പോഴും നല്ല ഭക്ഷണം വയറു നിറച്ചു തന്നിരുന്നു. അച്ഛന് എന്നോടായിരുന്നു മക്കളിൽ ഏറ്റവും ഇഷ്ടം.

അങ്ങനെ ബാല്യവും കൗമാരവും കഴിഞ്ഞു. ഹൈസ്കൂൾ വിദ്യാഭ്യാസം ആരംഭിച്ചു. അഞ്ചാറ് കിലോമീറ്റർ നടന്നുവേണം സ്കൂളിൽ പോകാനും വരാനും. വീട്ടിലെ ജോലകളെല്ലാം തീർത്ത് ഇറങ്ങുമ്പോൾ തന്നെ കൂട്ടുകാരികളെല്ലാം പോയിക്കഴിയും. പിന്നെ പുസ്തകക്കെട്ടും ചുമന്ന് ഓട്ടമാണ്. പഠിക്കാൻ മിടുക്കിയല്ലായിരുന്നെങ്കിലും എല്ലാ ക്ലാസ്സിലും ജയിക്കുമായിരുന്നു. എസ്സ.എസ്സ്.എൽ.സിക്ക് ക്ലാസ്സിൽ എട്ട് പേരാണ് ജയിച്ചത്. അതിൽ ഒരാൾ ഞാനായിരുന്നു. ജയിച്ചാൽ കോളജിൽ അയക്കാമെന്ന് അച്ഛൻ പറഞ്ഞിരുന്നു. എന്നാൽ ഞങ്ങളുടെ ജിവിതത്തിൽ മറക്കാനാവാത്ത ചില പ്രശ്നങ്ങൾ ഉണ്ടായി. മാന്യനും ജനസമ്മതനാം സത്സ്വഭാവിയുമായ അച്ഛൻ അവിചാരിതമായി ഒരു കേസിൽ പ്രതിയായി.

അതോടെ അച്ഛൻ മാനസ്സികമായും സാമ്പത്തികവുമായി വളരെ തളർന്നു. കേസിൽ നിന്ന് രക്ഷപ്പെട്ടെങ്കിലും അച്ഛൻ ഒരു മാനസ്സിക രോഗിയായി. അതോടെ കുടുംബാന്തരീക്ഷം തന്നെ മാറി. വീട്ടിൽ പ്രശ്നങ്ങളും തുടങ്ങി. മാനസ്സികതകരാറാണ് അച്ഛനെന്ന് ഞങ്ങൾക്കാർക്കും അറിയില്ലായിരുന്നു.

വീണ്ടും കടബാധ്യതകളും മറ്റും കൂടാൻ തുടങ്ങി. പറഞ്ഞ അവധിക്ക് കടം വാങ്ങിയ പൈസ കൊടുക്കാൻ പറ്റാതെ വന്നപ്പോൾ അച്ഛൻ ആത്മഹത്യ ചെയ്തു. അതോടെ ഞങ്ങൾ ഏഴ് മക്കളും അമ്മയും അശരണരായി. കുറ്റപ്പെടുത്താനല്ലാതെ ഒരാശ്വാസവാക്കുകൊണ്ട് സമാധാനിപ്പിക്കാൻ പോലും ആരും ഉണ്ടായില്ല. ഏഴ് മക്കളെ വളർത്താൻ നിവർത്തിയില്ലാതെ അമ്മ ഒരു കുപ്പി വിഷത്തിൽ എട്ട് ജീവൻ അവസാനിപ്പിക്കാമെന്ന് പറഞ്ഞു. പക്ഷെ ഞാൻ സമ്മതിച്ചില്ല. ഞങ്ങൾ എട്ടു പേരും അംഗവൈകല്യമൊന്നും ഉള്ളവരായിരുന്നില്ല. എത്ര കഷ്ടപ്പെട്ടും ജോലി ചെയ്ത് ജിവിക്കുമെന്ന് ഞാൻ പറഞ്ഞു. അന്ന് ഞങ്ങളുടെനാട്ടിൽ കറണ്ടോ, മില്ലുകളോ ഉണ്ടായിരുന്നില്ല. ദിവസവും രണ്ടും മൂന്നും പറ നെല്ലു പുഴുങ്ങി ഉണക്കി ഉരലിൽ കുത്തി വിറ്റ് കിട്ടുന്ന ലാഭം കൊണ്ട് ഞങ്ങൾ ജീവിച്ചു. സഹോദരൻമാരും അവരെക്കൊണ്ട് ആവുന്ന ജോലി ചെയ്തു. ഞങ്ങൾ അന്തസ്സായി ജീവിച്ചു. അതിനിടയിൽ ഞാൻ ഹിന്ദി വിദ്വാൻ പാസ്സായി. എന്നാൽ ഒരു ജോലിക്കു വേണ്ടി ശ്രമിക്കാനോ ഒന്നിനും ആളും സമയവും ഇല്ലായിരുന്നു.

എനിക്ക് വയസ്സ് 24 ആയി. അമ്മയുടെ അച്ഛൻ കുറച്ചു പുരയിടം ഓഹരിയായി അമ്മക്ക് കൊടുത്തു. ആ ഇടയ്ക്ക് എനിക്ക് ഒരു വിവാഹാലോചന വന്നു. എന്നോട് ഒരു വാക്കുപോലും ചോദിക്കാതെ ഒരു ഏക്കർ 25 സെന്റ് പുരയിടവും കുറച്ച് സ്ഥലവും നൽകാമെന്ന് അമ്മ വാക്കുകൊടുത്തു. ഒരു യുവതി എന്ന നിലയിൽ പ്രണയ സ്വപ്നങ്ങളോ മറ്റിഷ്ടങ്ങളോ ഒന്നും ഉണ്ടായിരുന്നില്ല. അതുകൊണ്ട്തന്നെ ബന്ധുക്കൾ തീരുമാനിക്കുന്ന കല്യാണം എനിക്കിഷ്ടമായിരുന്നു. എന്നാൽ അമ്മയ്ക്ക് കിട്ടിയിരുന്ന പകുതി പുരയിടം എനിക്ക് എഴുതിവയ്ക്കാമെന്നു പറഞ്ഞതിനോട് എനിക്കെതിർപ്പായിരുന്നു. അമ്മ എന്നെ സമാധാനപ്പെടുത്തി. അങ്ങനെ ആ കല്യാണംനടന്നു. മദ്രാസിൽ ഒരു ചെറിയ കട നടത്തുന്ന ആളായിരുന്നു ഭർത്താവ്. എന്നേയും കൂടെ കൊണ്ട് പോയി. ഒരു വർഷം അവിടെ താമസിച്ചു. അപ്പോൾ അവിടെ വച്ച് അവിചാരിതമായി അദ്ദേഹത്തിന് വിദേശത്തുപോകാൻ ഒരവസരം കിട്ടി. എന്നെ നാട്ടിലാക്കിയിട്ട് അദ്ദേഹം ഗൾഫിൽ പോയി. ആ സമയം എന്റെ വീട്ടിലായിരുന്നു താമസം. എന്റെ അമ്മയേയും സഹോദരങ്ങളേയും രക്ഷപ്പെടുത്തണമെന്നായിരുന്നു എന്റെ ആഗ്രഹം. രണ്ട് സഹോരൻമാരെ ഗൾഫിൽ കൊണ്ടുപോയി. ഒര് സഹോരനെ പഠിപ്പിച്ച് ജോലിയായി. ഒരനുജത്തി ഉള്ളതിനെ കല്യാണം കഴിപ്പിച്ചയച്ചു. ആ വസ്തു എഴുതി വച്ച് കല്യാണം നടത്തിയശേഷം അമ്മയ്ക്ക് ഞാൻ ആ കുടുംബത്തിന്റെ ബാധ്യതമൊത്തം ചെയ്താലും മതിയാവില്ല. വെറുമൊരു കറവപ്പശുപോലെ മാത്രമാണ് അമ്മ എന്നെ കാണുന്നത്. അവരുടെ സുഖത്തിനുവേണ്ടി, അവരുടെ സ്വാർത്ഥമായ ഏതൊരാഗ്രഹവും ഞാൻ സാധിച്ചുകൊടുക്കണം. ഇല്ലങ്കിൽ ആത്മഹത്യചെയ്യുമെന്ന് ഭീക്ഷണിപ്പെടുത്തി അവർ സാധിച്ചെടുക്കും.

ഇതിനിടയിൽ രണ്ട് സ്കൂളുകളിൽ നിന്ന് എനിക്ക് ജോലിതരാമെന്ന് പറഞ്ഞു. എന്നാൽ ഞാൻ ജോലിക്ക് പോകുന്നത് ഭർത്താവിന് ഇഷ്ടമല്ലായിരുന്നു. അതുകൊണ്ട്തന്നെ കുടുംബത്തിന്റെ സന്തോഷത്തിനുവേണ്ടി ജോലി എന്ന ആ സ്വപ്നവും ഉപേക്ഷിക്കേണ്ടിവന്നു. ഇതിനിടയിൽ ഞങ്ങൾക്ക് മൂന്ന് മക്കളായി. രണ്ട് പെണ്ണും ഒരാണും.

എന്റെ വീട്ടിൽ ഒരു സ്വസ്ഥതയും ഇല്ലാതായപ്പോൾ അമ്മ തന്ന പുരയിടതതിൽ രണ്ട് കൊച്ചു മുറികളുള്ള ഒരു കൊച്ചുവീടു വച്ചു. ഞങ്ങൾ അതിൽ താമസമായി. അവിടേയും അമ്മ സമാധാനം തന്നില്ല. ഞാൻ കന്നുകാലി വളർത്തലും വീട്ടുജോലിയും, മക്കളുടെ കാര്യവും , പുരയിടത്തിലെ  ജോലിയും എല്ലാംകൂടി വിശ്രമമില്ലാതെ പണിയെടുത്തും വീട്ടാവശ്യം കഷ്ടിച്ചുമാത്രം ചെലവാക്കിയും ഭർത്താവ് അയക്കുന്ന  പൈസയും മിച്ചം വച്ചും കുറച്ചു പുരയിടവും നിലവും വാങ്ങി. വാങ്ങിയതെല്ലാം ഭർത്താവിന്റെ മാത്രം പേരിലായിരുന്നു. ഞാൻതന്നെയാണ് വാങ്ങിയത്. അതിന്ശേഷം സാമാന്യം നല്ല ഒരു വീട് വയ്ക്കാൻ സാധിച്ചു. അപ്പോഴേക്കും ഭർത്താവ് വിധേശജോലി മതിയാക്കി നാട്ടിൽ വന്നു. ഞങ്ങളുടെ പുരയിടത്തിൽതന്നെ രണ്ട് മുറി കടവച്ചു. ചെറിയ കച്ചവടവും കന്നുകാലി വളർത്തലുമായി കാലം കഴിഞ്ഞു.

മൂത്ത മകളെ ഒരു ഗൾഫുകാരന് കല്യാണം കഴിച്ചുകൊടുത്തു. മരുമകൻ തന്നെ മകനേയും ഗൾഫിൽ കൊണ്ടു പോയി. ഇത്രയൊക്കെ ആയിട്ടും എനിക്ക് വിശ്രമം എന്നൊന്നില്ലാതെ ഞാൻ ജോലി ചെയ്തുകൊണ്ടിരുന്നു. അമ്മയെപ്പേലെതന്നെ ഭർത്താവും എത്ര ജോലി ചെയ്താലും തൃപ്തി വരില്ല. കുറ്റപ്പെടുത്തലുകളും വഴക്കുമല്ലാതെ ഒന്നുമില്ല. എല്ലാം ഞാൻ സഹിക്കും. ഇതിനിടയിൽ ഭർത്താവ് മദ്യാപാനം തുടങ്ങി. ആദ്യമൊക്കെ ഞാൻ ചോദിക്കുമ്പോൾ പറയും നീ വഴക്കു പറഞ്ഞാൽ ഞാൻ കാശുകൊടുത്തു കുടിക്കും. ഇതൊരാൾ വാങ്ങി തന്നതാണെന്നും. അതു പേടിച്ച് ഞാൻ ഒന്നും മിണ്ടില്ല. റബ്ബർ വെട്ടാൻ ഉണ്ടായിരുന്നു. അതിന്റെ കാശും കടയിലെ വരുമാനവും കന്നുകാലികളിൽ നിന്നു കിട്ടുന്ന വരുമാനവും എല്ലാം ഉണ്ടായിരുന്നു. കുറേ കൂട്ടുകാരും മദ്യപാനവും കൂടിയായിപ്പോൾ വർഷംതോറും ലക്ഷകണക്കിനു രൂപയുടെ കടബാധ്യതകൾ ഉണ്ടാകാൻ തുടങ്ങി. ആദ്യമൊക്കെ കടക്കാരോട് ഭർത്താവിനെ ശല്യം ചെയ്യരുത് ഞാൻ തരാം എന്നു പറഞ്ഞു ഭൂപണയബാങ്കിൽ പുരയിടം ഈട് വച്ച് കടം എടുത്ത് കടക്കാർക്കു കൊടുത്തു. അതു കൂടിയായപ്പോൾ ഭർത്താവിന് ആശ്വാസമായി. വീണ്ടും വീണ്ടും കടം വാങ്ങാൻ തുടങ്ങി. ചെയ്യുന്നതു തെറ്റാണെന്നും മറ്റുള്ളവർ കുറ്റ്പ്പെടുത്തുമെന്നും ഭയന്ന് കുടിക്കുന്നതും കടം വരുത്തുന്നതും എന്റെ കുറ്റം കൊണ്ടാണെന്ന് വരുത്തിതീർക്കാൻ വേണ്ടി നാട്ടുകാരോട് മുഴുവൻ എന്നെക്കുറിച്ച് മനസ്സാവാചാ അറിയാത്ത കുറ്റങ്ങളും അപവാദങ്ങളും പറയാൻ തുടങ്ങി. കരയാനല്ലാതെ എതിർത്തൊന്നും സംസാരിക്കാൻ പോലും കഴിയാതെ പലപ്പോഴും ജീവിതം അവസാനിപ്പിക്കാമെന്നു വിചാരിച്ചു. എന്നാൽ എന്റെ കുട്ടികളെ ഓർത്ത് വേണ്ടെന്നു വച്ചു.

ആ ഇടയ്ക്കാണ് കുടുംബശ്രീ ആരംഭിച്ചത്. ഞാൻ ഒരംഗമായി ചേർന്നു. അന്നുവരെ രൂപപോലും സ്വന്തംപേരിൽ സമ്പാദ്യമില്ലാതിരുന്ന എനിക്ക് സ്വന്തം പേരിൽ

സമ്പാദ്യമായി. അത് എനിക്കൊരു പ്രചോദനമായി. മാത്രവുമല്ല. ഏതു നേരവും എന്തിനു ഞാൻ ജീവിക്കണം എന്ന ചിന്തയുമായി നടന്ന എനിക്ക് കുടുംബശ്രീയിൽ നിന്ന് കിട്ടിയ പ്രയോജനകരമായ ചില ക്ലാസ്സുകൾ ,മറ്റുള്ളവരുടെ ദു;ഖങ്ങൾ, ഇതൊക്കെ എന്നെ വളരെയധികം ചിന്തിപ്പിച്ചു. അങ്ങനെ ഞാൻ സ്ത്രീയാണെങ്കിലും ഞാനൊരു മനുഷ്യനാണെന്നും, ഈ ഭൂമിയിൽ മരണം വരെ ജിവിക്കാനുള്ള അവകാശം എനിക്കും ഉണ്ടെന്നുള്ള തിരിച്ചറിവും ഏത് വെല്ലുവിളിയേയും നേരിടാനുള്ള ആത്മധൈര്യവും എനിക്കുണ്ടായി.

ഒരു സ്ത്രീയെക്കുറിച്ച് എന്തൊക്കെ അപവാദങ്ങൾ പറയാമോ അതൊക്കെ എന്റെ ഭർത്താവ് എന്നെക്കുറിച്ച് പറഞ്ഞിട്ടും ഒരു തെറ്റും ചെയ്തിട്ടില്ല എന്ന മനസ്സിന്റെ ഉറച്ച വിശ്വാസവും, ഇതിൽ അംഗമായി ചേർന്നതിനുശേഷമുള്ള കൊച്ചു കൊച്ചു സമ്പാദ്യവുമായി ഞാൻ ജീവിക്കുന്നു.

ജീവിതാനുഭവം കൊണ്ട് സമൂഹത്തിൽ നിന്ന് ഓടിയൊളിക്കാനുള്ള ഒരു പ്രവണത എനിക്ക് ഉണ്ടായിരുന്നു. ഇന്നത് മാറി. സദസ്സിൽ നിന്ന രണ്ട് വാക്ക് സംസാരിക്കാനും നമ്മുടെ അവകാശങ്ങൾ ചോദിച്ചു വാങ്ങാനും മറ്റുമുള്ള ധൈര്യവും ഈ കുടുംബശ്രീയിൽ വന്നതിനുശേഷമാണ് എനിക്ക് കിട്ടിയത്. ഇതിൽ വന്നില്ലായിരുന്നു എങ്കിൽ ഞാൻ വിലപ്പെട്ട ജീവൻ എന്നേ അവസാനിപ്പിച്ചേനേ.

കുടുംബശ്രീക്കും കുടുംബശ്രീ മിഷനും എന്റെ ഒരായിരം നന്ദി.

## *സാന്ത്വനമായി..... "സാന്ത്വനം"*

22

***ബിനുമോനിച്ചൻ***

കൊട്ടാരക്കര സിഡിഎസ്സ് കുടുംബശ്രീ,

കൊല്ലം

എന്റെ പേര് ബിനു മോനിച്ചൻ, ഇടുക്കി ജില്ലയിലെ കട്ടപ്പനയ്ക്കടുത്ത് ചപ്പാത്ത് എന്ന് സ്ഥലത്താണ് ഞാൻ ജനിച്ചത്. മാതാപിതാക്കൾക്ക് ഞങ്ങൾ രണ്ട് മക്കൾ. മൂത്തത് ഞാൻ. എന്റെ ഇളയത് ഒരു സഹോദരൻ. കൂലിപ്പണിക്കാരായ മാതാപിതാക്കൾ വളരെ അദ്ധ്വാനിച്ചാണ് ഞങ്ങളെ വളർത്തിയത് പ്രി-ഡിഗ്രിവരെ എന്നെ പഠിപ്പിച്ചു തടുർന്ന് ഒന്നര വർഷത്തെ എ.എൻ.എം കോഴ്സ് പാസായ എന്നെ പഠനം തീരുന്നതിനു മുൻമ്പുതന്നെ വിവാഹം കഴിപ്പിച്ചു.

എന്റെ ഭർത്താവ് ഒരു ഡ്രൈവറായിരുന്നു. വിവാഹത്തിനുശേഷം അദ്ദേഹം ഒരു മദ്യപാനിയാണെന്ന് ഞാൻ തിരിച്ചറിഞ്ഞു. പിന്നീടുള്ള ജീവിതം വളരെ ദുരിതം നിറഞ്ഞതായിരുന്നു. ആരംഭത്തിൽ തന്നെ ജീവിതം മടുത്തുതുടങ്ങി ആറ് മാസത്തിനുശേഷം ഞാൻ ഗർഭിണിയായി എന്നാൽ പ്രശ്നങ്ങൾ കാരണം എനിക്ക് ജീവിക്കേണ്ട എന്ന തീരുമാനത്തിൽ ഞാൻ വർക്ക് ചെയ്തിരുന്ന ആശുപത്രിയിൽ പോയി ഞാൻ അവിടെനിന്നും കുറെ ഉറക്കഗുളികകൾ എടുത്തു എത്രയുണ്ടെന്ന് ഞാൻ വീട്ടിൽ വന്ന് എണ്ണിനോക്കിയപ്പോൾ 36 എണ്ണം ഉണ്ടായിരുന്നു. അത് ഞാൻ ഭർത്താവിനെ കാണിച്ചു ഇനിയും പ്രശ്നങ്ങൾ ഉണ്ടായാൽ ഇത് കഴിച്ച് ഞാൻ മരിക്കുമെന്ന് പറഞ്ഞു ഞാൻ അത് സൂക്ഷിച്ചുവെച്ചു. എന്നാൽ അദ്ദേഹം മദ്യപിച്ച് ഒരു ദിവസം എന്നെ വീട്ടിൽ പറഞ്ഞ് വിട്ടിട്ട് അത് എടുത്തുകഴിച്ചു. കുറച്ച് ദിവസം ഹോസ്പിറ്റലിൽ കിടക്കേണ്ടിവന്നു. ജീവിതത്തിൽ പ്രശ്നത്തിന് യാതൊരുകുറവും

ഉണ്ടായിരുന്നില്ല. അങ്ങനെ ഞാൻ ഒരു പെൺകുഞ്ഞിനെ പ്രസവിച്ചു. വീട്ടിലും പ്രശ്നങ്ങൾ ആയപ്പോൾ ഞങ്ങൾക്ക് വെറെ വീട് വെച്ച് താമസിക്കേണ്ടതായിവുന്നു. സ്വന്തമായി വണ്ടിയുണ്ടായിരുന്ന ഞങ്ങൾക്ക് ദാരിദ്ര്യം മൂലം അത് വിൽക്കേണ്ടിവന്നു. എന്നിട്ടും കടം തീരാതെ വന്നപ്പോൾ വീടു വിറ്റ് വാടകയ്ക്ക് താമസിക്കേണ്ടിവന്നു. ഇതിനിടയിൽ ഞങ്ങൾക്ക് ഒരു മോൻകൂടി ജനിച്ചു വീട്ടിലെചിലവ് നടത്തുവാൻ ഞാൻ കൂലിപ്പണിക്ക് പോകേണ്ടിവന്നു. മദ്യപിച്ച് വാടക വീട്ടിന്റെ ഉടമസ്ഥനെ ചീത്തപറഞ്ഞതുമൂലം ഞങ്ങൾ അവിടെനിന്നും മാറണം എന്ന് ഉടമസ്ഥൻ പറഞ്ഞു. എങ്ങോട്ട് പോകണം എന്നറിയാത്ത ആവസ്ഥ. ഇനി ജീവിക്കണ്ട എന്ന് ഞാൻ തീരുമാനിച്ചു. രണ്ടു കുഞ്ഞുങ്ങളെയുംകൊണ്ട് മരിക്കാം എന്ന് തീരുമാനിച്ച നിമിഷം. ഞങ്ങളുടെ അടുത്ത് താമസിക്കുന്ന ഒരാൾ കൊട്ടാരക്കരയിൽ താമസിക്കുന്നുണ്ട്. അദ്ദേഹം എന്നെ ഒരുപാട് ഉപദേശിക്കുകയും ഞങ്ങളെ കൊട്ടാരക്കരയിൽ വന്നുതാസിക്കാൻ പറയുകയും അങ്ങനെ ഞങ്ങൾ ഒന്നും കാണാതെ കൊട്ടാരക്കരയിൽവന്നു. 2002ൽ ഞങ്ങൾ കൊട്ടാരക്കരയിൽ താമസം തുടങ്ങി.

വാടക വീട്ടിൽ താമസിച്ചുകൊണ്ട് ഞങ്ങൾ ജീവിതം ആരംഭിച്ചു. ഞങ്ങൾ രണ്ടുപേർക്കും ജോലി ഇല്ല. എന്നാൽ എനിക്ക് എങ്ങനെയും ജീവിക്കണം എന്ന വാശിയായിരുന്നു. അങ്ങനെ ഞാൻ പല വീടുകളിലും ജോലിക്ക്പോയി രണ്ടും, മൂന്നും വീടുകളിൽ ഞാൻ ജോലിക്ക് പോകുമായിരുന്നു. 2004ൽ എനിക്ക് ഗൾഫിൽ പോകുവാൻ അവസരംവന്നു. 5000/- രൂപ ശമ്പളത്തിൽ ഞാൻ 3 വർഷം ഗൾഫിൽ ജോലിചെയ്തു. വീണ്ടും വീട്ടിലെ പ്രശ്നങ്ങൾ കാരണം എനിക്കവിടെ നിൽക്കാൻ പറ്റാത്ത അവസ്ഥയിൽ ഞാൻ തിരികെ നാട്ടിൽവന്നു. വീണ്ടും വീട്ടുജോലിക്ക് പോയിത്തുടങ്ങി.

മോള് +2 വിന് പഠിത്തം തീരാറായ സമയത്ത് ഞാൻ വീണ്ടും ഗൾഫിൽ പോയി 8000/- രൂപ ശമ്പളത്തിൽ രണ്ട് വർഷം ഞാൻ നിന്നു. 2007 മുതൽ 2010വരെ 2010 മാർച്ചിൽ വനിതയിൽ വന്ന സാന്ത്വനം എന്ന ജോലിയെകുറിച്ച് അറിയാൻ ഇടയായി.

2010 നവംമ്പറിൽ ഞാൻ നാട്ടിൽ വന്നു പഞ്ചായത്തിൽ തിരക്കിയപ്പോൾ കൊട്ടാരക്കര പഞ്ചായത്തിൽ സ്വാന്തനം വർക്കർ ഇല്ല എന്ന് മനസ്സിലായി. തുടർന്ന് കുടുംബശ്രീ ജില്ലാ മിഷനിലും, അവിടെനിന്നും സ്റ്റേറ്റ് മിഷനുമായും ബന്ധപ്പെട്ടു. അങ്ങനെ ചെയർപേഴ്സൺവഴി ജില്ലാമിഷനിൽ കത്ത് കൊടുക്കുകയും താമസിക്കാതെ ട്രെയിനിംഗിന് വിളിക്കുകയും എനിക്ക് സാന്ത്വനം വർക്കറായി ജോലികിട്ടുകയും ചെയ്തു. 7500/- രൂപ അങ്ങനെ സബ്സിഡിയോടെ ലോൺ ലഭിക്കുകയും ചെയ്തു. എന്റെ അവസ്ഥക്ക് മാറ്റം വന്നുതുടങ്ങി. ഭർത്താവിന് സ്ഥിരമായി ജോലി ഇല്ല. ഉണ്ടെങ്കിൽ തന്നെ അത് മുഴുവൻ മദ്യപിക്കുന്ന അവസ്ഥ. അതിന്റെ നടുവിൽ എനിക്ക് പിടിച്ചുനിൽക്കാൻ സാധിക്കുന്നത് സ്വന്തമായി ജോലി ഉള്ളതുകൊണ്ടാണ്.

ഇന്നെനിക്ക് 15000/- ത്തോളം രൂപ ശമ്പളമുണ്ട്. സഞ്ചരിക്കുവാൻ ടൂവിലറുണ്ട്. മോളെ ബി.എസ്സ്.സി നേഴ്സിംഗിന് പഠിപ്പിക്കുന്നു. മോന്റെ പഠിത്തം, വീട്ടിലെ എല്ലാ കാര്യങ്ങളും ഞാൻതന്നെയാണ് നോക്കുന്നത് എന്ന് എനിക്ക് അഭിമാനത്തോടെ പറയുവാൻ സാധിക്കും.

കൂടാതെ കുറേ ആളുകൾക്ക് ആശ്വാസം നൽകുന്നതിനും പല ഉന്നതരുമായി സഹകരിക്കുവാനും സാധിക്കുന്നു. ഏത് ഓഫിസിൽ വേണമെങ്കിലും പോകാം എവിടെ കണ്ടാലും സാന്ത്വനം പ്രവർത്തകയാണെന്നും തിരിച്ചറിയുന്നു. അനേകർക്ക് രോഗം കണ്ടുപിടിക്കുന്നതിനും പലരേയും തക്കസമയത്ത് ഡോക്ടറുടെ അടുക്കൽ എത്തിക്കാനും സാദിച്ചിട്ടുണ്ട. ഇന്ന് എനിക്ക് തിരിഞ്ഞു നോക്കുമ്പോൾ അഭീമാനം തോന്നുന്നു. ഒരുപക്ഷേ ഈ ജോലി അല്ലായിരുന്നെങ്കിൽ ഇതൊന്നും സാധിക്കുമായിരുന്നില്ല. മറ്റേതൊരു ജോലി ലഭിച്ചാലും ഇതുപോലെ ഒരു തുക എനിക്ക് ലഭിക്കുകയുമില്ല. ഇതിനെല്ലാം കാരണമായ കുടുംബശ്രീയോടും, ഹെൽത്ത് ആക്ഷൻ ബൈ പീപ്പിൾ എന്ന ആരോഗ്യ സംഘടനയോടും ഞാൻ എന്നും കടപ്പെട്ടിരിക്കുന്നു.

## *നിമിഷം, ധന്യം*

23

*വത്സലാ വാമൻ,*

ഓച്ചിറ ഗ്രാമപഞ്ചായത്ത്

കുടുംബശ്രീ സി.ഡി.എസ്സ്.

എന്റെ ഭർത്താവിന് ജോലി ഇല്ലാതിരുന്നതിനാൽ യാതൊരു വരുമാനവും ഞങ്ങൾക്ക് ഉണ്ടായിരുന്നില്ല. കുടുംബശ്രീയിൽ വന്നതിന് ശേഷം കോഴികളെ വളർത്തി അതിന്റെ മുട്ടവിറ്റ് ആഴ്ചപ്പിരിവ്, മാസവരി മുതലായവ അടയ്ക്കുകയും ലിങ്കേജ് ലോമ് എടുത്ത് നൈറ്റി, പാവാട, മുതലായവ കച്ചവടം ചെയ്യുകയും ചെയ്തു. അതിൽ നിന്നും ആദായം എടുത്ത് ഇന്ന് എന്റെ വീട്ടിലെ ചില്ലറകാര്യങ്ങളൊക്കെ നടക്കുന്നുണ്ട്. ഞങ്ങൾക്ക് മാച്ചിംഗ് ഗ്രാന്റ്, റിവോൾവിംഗ് ഫണ്ട്, ലിങ്കേജ് ലോൺ എന്നിവ പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്.

കുടുംബശ്രീയിൽ വരുന്നതിനു മുൻപ് ബ്ലേഡ്കാരിൽ നിന്നും അണ്ണാച്ചിമാരിൽ നിന്നും വൻ പലിശ കൊടുത്ത് പൈസ വാങ്ങിയിരുന്ന ഞങ്ങൾ ഇന്ന് വെറും ഒരു രൂപ പലിശ നിരക്കിൽ കുടുംബശ്രീയിൽ നിന്ന് ഞങ്ങളുടെ പൈസ തന്നെ എടുക്കുന്നു. അതിന്റെ പലിശയും ഞങ്ങൾക്ക് തന്നെ കിട്ടുന്നു. വെറും പത്തുരൂപ നിരക്കിൽ തുടങ്ങിയ ആഴ്ച സമ്പാദ്യം ഇന്ന് ആളൊന്നിന് രണ്ടായിരം രൂപ വീതമായി.

ഞങ്ങൾക്ക് രണ്ടു തവണയായി ഒരു ലക്ഷം ലോണായി കിട്ടിയിട്ടുണ്ട്. അതുപയോഗിച്ച് ഞങ്ങൾ നൈറ്റി, വെളിച്ചെണ്ണ, തേയില, സോപ്പ് മുതലായവ കച്ചവടം ചെയ്യുന്നുണ്ട്. അതിന്റെ ലാഭവിഹിതം കുടുംബശ്രീ അംഗങ്ങൾ പങ്ക് വെച്ചെടുക്കാറുണ്ട്. ഞങ്ങളുടെ ശ്രീപ്രിയ കുടുംബശ്രീ ഒരുവിധം നല്ല രീതിയിൽ നടക്കുന്നുണ്ട്.

ഞങ്ങളുടെ കുടുംബശ്രീ വളരെ ഒത്തൊരുമയോടും സഹായസന്നദ്ധമനോഭാവത്തോടും കൂടിയാണ് മുന്നോട്ട് പോകുന്നത്. കുടുംബശ്രീയിൽ ഓരോ അംഗങ്ങളുടെയും വ്യക്തിപരമായ

പ്രശ്നങ്ങൾ യോഗസ്ഥലത്ത് തന്നെ ചർച്ച ചെയ്യുകയും അതിനു വേണ്ട പരിഹാര നടപടികൾ കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്നു.

കുടുംബശ്രീ വഴിയുള്ള ആനുകൂല്യങ്ങൾ ഞങ്ങൾ പരമാവധി വിനിയോഗിക്കുന്നു. കുടുംബശ്രീ വന്നതിനുശേഷം സ്ത്രീകൾക്ക് സാമ്പത്തികമായും സാമൂഹികമായും ഉയരുവാനും പരസ്പര സൗഹാർദ്ദം വളർത്തുവാനും സാധിച്ചു. അതുപോലെ നല്ല അറിവും ലഭിച്ചു. കുടുംബശ്രീയിൽ വന്നതിനുശേഷം എല്ലാ അംഗങ്ങളും അവരവരുടെ വീടും പരിസരവും പണ്ടത്തേക്കാൾ ഭംഗിയായി സൂക്ഷിക്കുവാനും അതായത് കൊതുകുകൾ പെരുകാതെ വീട്ടിലും പരസരത്തുമുള്ള ചിരട്ടകൾ, പാത്രങ്ങൾ മുതലായവ എടുത്തു കളഞ്ഞ്, കിണറുകൾ ക്ലോറിനേഷൻ ചെയ്യുവാനും സ്ത്രീകൾ പരമാവധി ശ്രദ്ധിക്കുന്നുണ്ട്. അതുകൊണ്ട് കൊതുകിൽ നിന്നുള്ള ശല്യം പരമാവധി കുറഞ്ഞിട്ടുണ്ട്.

കുടുംബശ്രീയിൽ ഞാൻ വന്നതിനുശേഷം ക്ലോറിനേഷൻ, സാനിറ്റേഷൻ, മന്തുരോഗത്തിന് പ്രതിരോധ മരുന്ന് നൽകൽ തുടങ്ങി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. ശ്രീപ്രിയയിൽ എല്ലാ അംഗങ്ങൾക്കും ഓണത്തിന് ബോണസ് കിട്ടുന്നുണ്ട്. അതുപോലെ ചിട്ടി നടത്തുന്നതുകൊണ്ട് അങ്ങനെയും ഒരു ആദായം കുടുംബശ്രീ വഴി കിട്ടുന്നുണ്ട്.

കുടുംബശ്രീ അംഗങ്ങളുടെ വീടുകളിൽ കല്യാണം, വാസ്തുബലി മുതലായ ചടങ്ങുകൾ നടക്കുമ്പോൾ ഞങ്ങൾ പരസ്പരം സഹായിക്കാറുണ്ട്. അതുപോലെ ആളൊന്നുക്ക് 50 രൂപാ വീതം പിരിച്ച് കൊടുക്കാറുണ്ട്.

കഴിഞ്ഞ ഓണം ഞങ്ങൾക്ക് വളരെ ദുഃഖം നിറഞ്ഞതായിരുന്നു. ഞങ്ങളുടെ ഒരംഗം അകാലത്തിൽ മരണപ്പെട്ടത് ഞങ്ങളെ വളരെ ദുഃഖത്തിലാഴ്ത്തി. കഴിഞ്ഞ ഓണത്തിനുശേഷം ഞങ്ങൾക്ക് ബിസിനസ്സും വളരെ കുറവായിരുന്നു. പരസ്പരം ശത്രുതയിൽ കഴിഞ്ഞിരുന്ന അയൽക്കാർ കുടുംബശ്രീയിൽ വന്നതിനുശേഷം ഇന്ന് വളരെ സൗമ്യതയിൽ കഴിയുന്നുണ്ട്. കൂടാതെ അയൽ വഴക്കുകൾ കുറഞ്ഞു. പരസ്പരം അറിവുകൾ കൈമാറുന്നതുകൊണ്ട് എല്ലാ തരത്തിലും സ്ത്രീകൾക്ക് അറിവും ഐക്യവും ഉണ്ടായി.

അതുപോലെ ഞങ്ങളുടെ അവകാശങ്ങൾ ചോദിച്ചു വാങ്ങിക്കാൻ ഉള്ള കഴിവ് കുടുംബശ്രീ വഴിയാണ് സാധിച്ചത്. പണ്ട് അടുക്കളയിൽ മാത്രം ഒതുങ്ങിക്കൂടി കഴിഞ്ഞിരുന്ന സ്ത്രീകൾ ഇന്ന് സമൂഹത്തിലെ എല്ലാ നല്ല കാര്യങ്ങളിലും മുന്നിട്ടിറങ്ങുവാൻ സാധിച്ചത് കുടുംബശ്രീ നിലവിൽ വന്നതിനുശേഷം ആണെന്ന് നിസ്സംശയം പറയാം. സാധാരണക്കാരായ സ്ത്രീകളുടെ ഇന്നത്തെ എല്ലാ ഉയർച്ചയ്ക്കും കാരണം കുടുംബശ്രീ ഒന്നുതന്നെയാണ്.

സമൂഹത്തിലെ എല്ലാ തലങ്ങളിലും സ്ത്രീകൾക്ക് മുന്നിട്ടിറങ്ങുവാനും സാമ്പത്തിക ഭദ്രത നിലനിർത്തുവാനും ഐക്യതയോടെ കഴിയുവാനും അവരുടെ അഭിപ്രായങ്ങൾ തുറന്നു സംസാരിക്കുവാനും വേദി ഒരുക്കുന്നതിന് കുടുംബശ്രീയ്ക്കു കഴിഞ്ഞു.

ഇന്ന് എനിക്ക് തന്റേടത്തോടെ സമൂഹത്തിൽ പൊതുപ്രവർത്തനങ്ങൾക്ക് ഇറങ്ങുവാൻ കഴിഞ്ഞത് കുടുംബശ്രീ നിലവിൽ വന്നതിനുശേഷം ആണ്. കുടുംബശ്രീ അംഗങ്ങൾക്ക് സമൂഹത്തിൽ എവിടെ ചെന്നാലും അർഹമായ സ്ഥാനം കിട്ടുന്നുണ്ട്.

ക്യാൻസർ രോഗികൾക്ക് ചികിത്സാസഹായം ചെയ്യുക. താഴേക്കിടയിൽ ഉള്ളവരെ സമൂഹത്തിന്റെ മുമ്പിൽ എത്തിക്കുക. സാമ്പത്തികമായി തകർന്ന അവസ്ഥയിൽ ഉള്ളവരെ സഹായിക്കുക, എങ്ങനെയും ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുക മുതലായ നല്ല കാര്യങ്ങൾ കുടുംബശ്രീവഴി നടത്തുക.

സ്ത്രീകളുടെ സന്തോഷത്തിനും ഐക്യത്തിനും പരസ്പര സൗഹാർദ്ദത്തിനും സാമ്പത്തിക ഉയർച്ചയ്ക്കും എല്ലാം കുടുംബശ്രീവളരെ സഹായം ചെയ്തിട്ടുണ്ട്. ഈ സംരംഭത്തിന്റെ ഭാഗമാകാൻ കഴിഞ്ഞ നിമിഷം ധന്യമായി ഞാൻ കരുതുന്നു.

---

## *സൃഷ്ടി ശക്തികൾ*

24

***രാജേശ്വരി രാജേന്ദ്രൻ,***
വെളിയം ഗ്രാമപഞ്ചായത്ത്
കുടുംബശ്രീ സി.ഡി.എസ്സ്.

ഇന്നലകളിൽ ഞങ്ങളീയാംപാറ്റകൾ
മുഖ്യദാരാക്കളരിയിലെത്താത്തവർ
അശരണർ ആലംബഹീനർ
കുടുംബത്തിന് താങ്ങായി നിൽക്കുവാൻ
സർവ്വം സഹയെപ്പോലെയെല്ലാം സഹിപ്പവൾ
ഇവൾ വീടിൻ കെടാവിളക്കായ് എരിഞ്ഞ് തീരേണ്ടവർ
പുരുഷാധിപത്യ ചങ്ങളയാൽ ബന്ധിതയായവൾ
ജോലിയും കൂലിയുമില്ലാത്ത അടിമ
മദ്യപിച്ചെത്തുന്ന ഭർത്തൃ പീഢകൾ
നിശബ്ദമേറ്റു വാങ്ങേണ്ടവൾ
നിശബ്ദമേററ വാങ്ങേണ്ടവൾ
പുരുഷന്റെ മുന്നിൽ ചില്ലറ –
തുട്ടുകൾക്കായി കൈ നീട്ടുന്നയാചകി
പകലന്തിയോളം പരന്തഭോജി
ആസുരതയുടെ ചടുലതാളങ്ങൾ പെയ്തിറങ്ങുന്നത് നിശബ്ദം

മനസ്സിലെരിയുന്ന അഗ്നി സ്ഫുലിംഗങ്ങളുണ്ടെങ്കിലും
അത് കൊളുർത്താനൊരു തിരിനാളമില്ലാതെ
യന്ധമാരത്തിൻ നടവിൽ
നിലയില്ലാക്കയത്തിൽ പ്പെട്ടുഴയുന്നവൾ
ഇന്നവളാകെ മാറിയിരിക്കുന്നു
ശ്രീലകങ്ങളിൽ ശ്രീ നിറയ്ക്കാൻ
സുഖദുഃഖവളപ്പൊട്ടുകൾ വാരിക്കൂട്ടി
അധ്വാന പാതയിൽ ചുവടുറപ്പിച്ചു
പൊരുതും മനസ്സുമായ് നിവർന്നുനില്പവൾ
കുടുംബശ്രീ പകർന്നു നൽകിയ കെടാത്തിരി
കൈക്കുമ്പിളിൽ നിധിയായ്ക്കാത്ത്
ഇന്നലകളിലെ കാള സർപ്പങ്ങളെ
കരാള നിയമങ്ങളെ കാറ്റിൽപ്പറത്തി
സ്വാതന്ത്ര്യത്തിൻ മണ്ണിൽ പുതു വസന്തം
വിരിയിച്ച് ആത്മാഭിമാനമോടെ സർവ്വർക്കും തണലേകുവാനായി
വടവൃക്ഷമായി മണ്ണിനെ പ്രണയിച്ച്
പ്രകൃതിയെ പ്രണമിച്ച്, സംരക്ഷിച്ച്
പ്രാണനിൽ നന്മയാവാഹിച്ച്
നാടിനൂർജ്ജദായനികളായ്
വിജയപാഥകളിലവൾ നിറഞ്ഞു നിൽപ്പു
സൃഷ്ടിശക്തികൾ തൻകരുത്തായ്
ഒരിക്കലും പതറാത്ത, വറ്റാത്ത
സൃഷ്ടി ശക്തികൾ.

## *തീച്ചൂളയിലെ ചിത്രശലഭം*

സ്മിതാ കൃഷ്ണൻ
ചിതറ ഗ്രാമപഞ്ചായത്ത്
കുടുംബശ്രീ സിഡിഎസ്സ്

25

അനുഭവങ്ങളുടെ നെരിപ്പോടിൽ വെന്തെരിയുന്ന ഒരുപാട് സ്ത്രീകഥാപാത്രങ്ങൾ നമ്മുടെ നാട്ടിലുണ്ട്. അതിൽ ഒരംഗമായ ഞാൻ എന്റെ അനുഭവങ്ങൾ പങ്ക് വയ്ക്കുന്നതിലൂടെ ഇതിലൊരേടാകാൻ ശ്രമിക്കുകയാണ്. ഞാനൊരു സാധാരണ കുടുംബത്തിലെ അംഗമാണ്. എന്റെ അച്ഛനും അമ്മയും വളരെയധികം കഷ്ടപ്പെട്ടാണ് എന്നെയും എന്റെ അനുജത്തിയേയും വളർത്തിയത്. ഞങ്ങൾ ജനിച്ചതു മുതൽ ഇന്നു വരെയും അച്ഛന്റേയും അമ്മയുടേയും കഷ്ടപ്പാടിന് ഒരറുതി വന്നിട്ടില്ല. എപ്പോഴും എന്റെ മനസ്സിൽ ഒരു നൊമ്പരമായി കിടക്കുന്നത് ഈ കഷ്ടപ്പാടാണ്.

ഞാൻ അറിയാറായ കാലം മുതൽക്കു തന്നെ അച്ഛന്റെ കഷ്ടപ്പാടുകൾ കണ്ടാണ് ഞാൻ വളർന്നത്. ഞങ്ങളുടെ വിദ്യാഭ്യാസത്തിനുവേണ്ടി കഷ്ടപ്പെടുന്നതിനിടയിലും, സമ്പന്നരുടെ മക്കൾ സ്കൂളിൽ വരുന്നതിൽ നിന്ന് ഒരു പടി പോലും പിന്നിലോട്ട് പോകാത്ത രിതിയിൽ ഞങ്ങളെ സ്കൂളിലേയ്ക്ക് അയയ്ക്കുന്നതിനു വേണ്ടി അച്ഛൻ ചോര നീരാക്കി കഷ്ടപ്പെടുന്നത് ഞാൻ കണ്ടു. ഇത്രയും കഷ്ടപ്പെടുന്നതിനിടയിലും എന്നെ ഒരു ബിരുദധാരിയാക്കി. അതോടൊപ്പം അനുജത്തിയെ പോളി ടെക്നിക് ഡിപ്ളോമയ്ക്ക് ചേർക്കുകയും ചെയ്തു.

ഇപ്പോൾ ഞാൻ കുടുംബജീവിതം നയിക്കുകയാണ്. എന്നെ ഒരു കുടുംബിനിയാക്കാനും അദ്ദേഹം വളരെയധികം ബുദ്ധിമുട്ടി. കുടുംബജീവിതം ഭദ്രമാക്കാനുള്ള തത്രപ്പാടിനിടയിൽ സ്വന്തമായി ഒരു വീടുണ്ടാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. മകളായ

എനിക്ക് വിവാഹാലോചനകൾ വരുന്നതിനിടയിൽ സ്വന്തമായി ഒരു വീടില്ലാത്തതിന്റെ മാനസിക സംഘർഷം അച്ഛനോടൊപ്പം തന്നെ ഞാനും നന്നായറിഞ്ഞിട്ടുണ്ട്. വിവാഹ മാർക്കറ്റിൽ സ്ത്രീധനത്തിന്റെ സ്ഥാനത്തെക്കുറിച്ച് പ്രത്യേകിച്ച് എടുത്തു പറയേണ്ടതിന്റെ ആവശ്യമില്ലല്ലോ. സത്യം പറഞ്ഞാൽ സന്തോഷത്തോടെ വിവാഹത്തിൽ പങ്കെടുക്കേണ്ട എന്റെ മനസ്സിൽ എപ്പോഴും അച്ഛന്റെ അവസ്ഥകളെ കുറിച്ചായിരുന്നു ചിന്ത. സ്വന്തമായി വീടില്ലാത്തതിന്റെ ദു:ഖം ഒരു വശത്ത്, കല്യാണച്ചെലവിനുവേണ്ട പണം സംഘടിപ്പിച്ചതിന്റെ വിഷമം മറ്റൊരു വശത്ത്. ഈ വിഷമങ്ങൾക്കിടയിലും എന്റെ വിവാഹം നടന്നു.

എന്റെ വിദ്യാഭ്യാസ സമയത്ത് ഹൃദ്രോഹിയായ എന്റെ അമ്മയെ വീട്ടുകാര്യങ്ങളിൽ കൂടുതൽ സഹായിക്കാൻ എനിക്ക് കുറച്ചു സമയമേ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളൂ. ഡിഗ്രി പഠനം കഴിഞ്ഞ് അമ്മയെ സഹായിച്ചു നിൽക്കുന്നതിനിടയിലാണ് എന്റെ വിവാഹം. അപ്പോഴേക്കും അമ്മയുടെ അസുഖം മൂർച്ഛിച്ചിരുന്നു. പിന്നീട് ഞാനനുഭവിച്ച മാനസ്സിക സംഘർഷം എനിക്ക് പറഞ്ഞറിയിക്കാൻ കഴിയില്ല.

വിവാഹം കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞപ്പോഴേക്കും അമ്മയ്ക്ക് ശ്വാസം മുട്ടും മറ്റ് അസ്വസ്ഥതകളും ഏറി വന്നു. ഞാനപ്പോൾ ബി.എഡ്. കോഴ്സിന് പഠിക്കുകയായിരുന്നു. പിന്നീടും ഒന്നു രണ്ട് തവണ അസുഖം കൂടി വന്നു. തിരുവനന്തപുരം ശ്രീചിത്രയിലായിരുന്നു ചികിത്സ. ഹൃദയ വാൽവ് മാറ്റി വയ്ക്കുന്ന ശസ്ത്രക്രിയയാണ് പരിഹാരം എന്ന് ഡോക്ടർമാർ പറഞ്ഞു. പണം സംഘടിപ്പിക്കാൻ എന്ന് കഴിയുമോ അന്ന് ശസ്ത്രക്രിയ തീരുമാനിക്കാം എന്നായിരുന്നു അവരുടെ ഭാഗത്തെ അഭിപ്രായം. ഞങ്ങളുടെ വിദ്യാഭ്യാസം, എന്റെ വിവാഹം ഇതിനൊക്കെ കടം വാങ്ങിയതു പോരാഞ്ഞ് അമ്മയുടെ ആശുപത്രി ചെലവിന് വേണ്ടി ഏകദേശം ഒരു ലക്ഷം രൂപ അച്ഛൻ വീണ്ടും സംഘടിപ്പിച്ചു. ഇതു കൂടാതെ ബാങ്ക് വായ്പയെടുത്തതിന്റെ കടം വേറേയും ഉണ്ട്. ടാപ്പിംഗ് തൊഴിലാളിയായ എന്റെ അച്ഛന് ഈ കടങ്ങളെല്ലാം വീട്ടാൻ ഇനി എങ്ങനെ സാധിക്കും എന്നാലോചിച്ചു കൊണ്ടു മനസംഘർഷം ഓരോ നിമിഷവും ഞാൻ അനഭവിക്കുന്നു.

ശസ്ത്രക്രിയ കഴിഞ്ഞ് എന്റെ അമ്മ ഇപ്പോൾ ഒരുവിധം സുഖം പ്രാപിച്ചു വരുന്നു. വീട്ടുജോലികൾ അല്പാൽപ്പം ചെയ്തു തുടങ്ങി. എനിക്കെന്തു തന്നെ വന്നാലും അവർക്ക് ഒരു ആപത്തും വരുത്തരുതേ എന്ന് ഓരോ നിമിഷവും ഞാൻ ദൈവത്തോട് പ്രാർത്ഥിക്കുന്നു.

എന്റെ വിവാഹശേഷം ഞാൻ ഒരു കുടുംബശ്രീയിൽ അംഗമായി 17 അംഗങ്ങളുള്ള സൗപർണ്ണിക എന്ന സംഘത്തിൽ ഞാനും ഇപ്പോൾ ഒരംഗമാണ്. സാമ്പത്തികമായുള്ള ധനസഹായം ലക്ഷ്യമായുള്ള ഈ സംഘത്തിൽ സമ്പാദ്യം കൂടി വരുന്നതനുസരിച്ച് കുടുംബത്തിലെ സാമ്പത്തിക ബുദ്ധിമുട്ടുകൾക്ക് കുറെയൊക്കെ പരിഹാരം കണ്ടെത്തുവാൻ കഴിയുന്നുണ്ട്. ഇപ്പോഴെനിക്ക് ചിതറ ജി.എച്ച്.എസ്സ്.എസ്സ് ൽ ദിവസ വേതനാടിസ്ഥാനത്തിൽ അധ്യാപികയായിജോലിയുണ്ട്. സ്കൂൾ തലത്തിൽ ഞാൻ യുവജനോത്സവ മത്സരങ്ങളിലൊക്കെ പങ്കെടുക്കുമായിരുന്നു. പിന്നീടിങ്ങോട്ട് ഇത്തരത്തിൽ ഒന്നിനും പങ്കെടുക്കാതിരുന്ന എനിക്ക് കുടുംബശ്രീ വാർഷി ആഘോഷവുമായി ബന്ധപ്പെട്ട്

ഗാനം ആലപിക്കുന്നതിനും ഒരു പുസ്തക പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് കഥയും കവിതയുമൊക്കെ എഴുതാനുള്ള അവസരവും കിട്ടി.

കുടുംബശ്രീയിൽ നിന്നും ചെറിയ ധനസഹായത്തോടൊപ്പം തന്നെ വലിയ ബാങ്ക് വായ്പകളൊക്കെ എടുക്കാൻ കഴിയുന്നതു കൊണ്ട് പാവപ്പെട്ട ഒരുപാട് കുടുംബങ്ങൾക്ക് വലിയ തുകകൾ സമാഹരിക്കാൻ കഴിയുകയും അതുവഴി പല വലിയ കാര്യങ്ങൾക്കും ഒരു പരിഹാരം കണ്ടെത്താൻ കഴിയുകയും ചെയ്യുന്നുണ്ട്. എനിക്കും ഇതൊരു സഹായമാകുന്നുണ്ട്.

മുൻകാലങ്ങളിൽ ഒരു കുടുംബം പുലർത്തുന്നതിന് സ്ത്രീകൾക്ക് കാരയമായി ഒന്നും ചെയ്യാൻ കഴിയുമായിരുന്നില്ല. എന്നാൽ ഇന്ന് ഈ അവസ്ഥയ്ക്ക് കാര്യമായ മാറ്റം സംഭവിച്ചിട്ടുണ്ട്. അടുക്കള ജോലകൾ ചെയ്ത് സമയം ചെലവഴിച്ചിരുന്ന സ്ത്രീകൾ പലരും ഇന്ന് അരങ്ങത്തേക്ക് ഇറങ്ങുന്നുണ്ട്. കുടുംബശ്രീ സംരംഭങ്ങളിൽ പ്രവർത്തനം ആരംഭിച്ച പല സ്ത്രീകൾക്കും കുടുംബത്തിനു വേണ്ടി ഇന്ന് പലതും ചെയ്യാൻ കഴിയുന്നുണ്ട്. സാമ്പത്തിക ഇടപാടുകളിൽ പുരുഷന്മാരോടൊപ്പം പങ്കു വഹിക്കാൻ ഇന്ന് സ്ത്രീകൾക്കും കഴിയുന്നുണ്ട്. ഇനിയും സ്ത്രീകൾക്ക് സമൂഹത്തിന് കാര്യമായ മാറ്റം വരുത്താൻ തീർച്ചയായും സാധിക്കും.

---

## *മറക്കുടമാറ്റിയ മനസ്വിനി*

26

***സാവിത്രി അന്തർജനം,***

ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്

കുടുംബശ്രീ സി.ഡി.എസ്സ്.

ശൂരനാട് തെക്ക് പഞ്ചായത്തിലെ കിടങ്ങയംവടക്ക് വാർഡിലെ നിറപറ കുടുംബശ്രീ അംഗമാണ് ഞാൻ. നല്ല ഒരു ബ്രാഹ്മണകുടുംബത്തിൽ ജനിച്ചെങ്കിലും ഇതിന്റെതായ ഒരു നന്മകളും അനുഭവിക്കാൻ യോഗമുണ്ടായിട്ടില്ല. വിവാഹശേഷം ഭർത്താവും മക്കളും ഒത്ത് നല്ലരീതിയിൽ ജീവിക്കാം എന്ന് കരുതിയെങ്കിലും വിധി എന്നെ അവിടെയും തോൽപ്പിച്ചു. ഭർത്താവ് രണ്ട് ആൺമക്കളെയും കൊണ്ട് സ്വന്തം സുഖംനോക്കി മറ്റൊരു സ്ത്രീയ്ക്കൊപ്പം സ്ഥലം വിട്ടു. ജീവിതവഴികളിൽ ഞാൻ ഏകാകിനിയായി. ഇങ്ങനെയിരിക്കുമ്പോഴാണ് കുടുംബശ്രീ പ്രസ്ഥാനത്തിന് തുടക്കംകുറിച്ച് അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നത്. ഞാനും അയൽക്കൂട്ടത്തിൽ അംഗമായി ഇതിൽവന്ന ശേഷം എന്റെ വിഷമങ്ങളും പ്രയാസങ്ങളും മറക്കുവാൻ സാധിച്ചു. അയൽക്കൂട്ടത്തിൽ നിന്നും ലോൺ എടുത്ത് പശുവിനെവാങ്ങി അതിലൂടെ ഒരു ഉപജീവിനകമാർഗ്ഗം ഉണ്ടായി.

പിന്നീട് രൂപശ്രീ ആക്ടിവിറ്റി ഗ്രൂപ്പ് രൂപീകരിക്കുകയും ചെറിയതോതിൽ സംരംഭങ്ങൾ ചെയ്യുകയും ചെയ്തു. അങ്ങനെ പല പദ്ധതികളിൽ ഏർപ്പെട്ടത് വഴി മാനസികമായി ഒരുപാട് സന്തോഷം ഉണ്ടായിപിന്നീട് സി.ഡി.എസ്സ് അംഗമായി പ്രവർത്തിക്കുവാനും തൊഴിലുറപ്പിന്റെ മേറ്റാവുന്നതിനും സാധിച്ചു. തൊഴിലുറപ്പിൽ പങ്കെടുത്തവരെ ഡൽഹിയിൽ കൊണ്ടുപോയപ്പോൾ അതിൽ ഒരു അംഗമാകുന്നതിനും എനിക്കും സാധിച്ചു. എല്ലാം കുടുംബശ്രീ പ്രസ്ഥാനത്തിന്റെ അനുഗ്രഹമായിട്ടാണ് ഞാൻ കാണുന്നത്. ഭർത്താവും മക്കളുംപോലും തിരിഞ്ഞ് നോക്കാതിരുന്ന എന്നെ കുടുംബശ്രീ ഒരു മനസ്വിനിയാക്കി മാറ്റുകയായിരുന്നു.

---

# ഒറ്റയടിപ്പാതയിലെ വേറിട്ട പെ ൺ സ്വരം

27

ചാത്തന്നൂർ ഞ്ചായത്ത്

കുടുംബശ്രീ സി.ഡി.എസ്

വിവാഹശേഷമാണ് ഞാൻ കുടുംബശ്രീയിൽ ംഗമാകുന്നത്. ഒരു ദിവസം ഭർതൃഗൃഹത്തിൽ തനിച്ചിരുന്നപ്പോൾ യൽ വീട്ടുകാർ കുടുംബശ്രീക്ക് ഒരുങ്ങിപ്പോകുന്നത് കണ്ട് ഞാൻ ങ്ങോട്ട് ചെന്നു വർ വരുന്നോ എന്ന് ചോദിച്ചപ്പോൾ എന്റെ ഉള്ളിൽ ഇരുന്ന് ആരോ േ ാകണം, േ ാകണം എന്നു റയുന്നതു േ ാലെ തോന്നി. മ്മായി മ്മയുടെ നുവാദം വാങ്ങി ഞാനും േ ായി. വിടെ ചെന്നപ്പോഴാണ് മനസ്സിലായത് യൽക്കൂട്ട രൂ ീകരണ കമ്മിറ്റിയാണ് നടക്കാൻ േ ാകുന്നതെന്ന്. എന്റെ മ്മ സ്വയംസഹായസംഘത്തിന്റെ സെക്രട്ടറി ആയതിനാൽ കാര്യങ്ങൾ ഗ്രഹിക്കുവാൻ എനിക്ക് ഒരു ്യാസവും ഇല്ലായിരുന്നു. തുകൊണ്ട് തന്നെ വിടെ കൂടിയിരുന്നവർക്ക് ഞാൻ കാര്യങ്ങൾ റഞ്ഞ് മനസ്സിലാക്കിക്ക ടുത്തു. ഇതു കണ്ട വാർഡ് മെമ്പർ ശ്രീമതി നബീസത്ത് ഷാ ഹാൻ

എന്റെ കഴിവ് ആദ്യമായി തിരിച്ചറിഞ്ഞു. ങ്ങനെ 'സഹായി' എന്നു നാമകരണം ചെയ്ത യൽക്കൂട്ടത്തിന്റെ സെക്രട്ടറിയായി ഞാൻ തെരഞ്ഞെടുക്കപ്പെട്ടു. ിന്നീട് ഇതുവരെ തിരിഞ്ഞുനോക്കേണ്ട വസ്ഥ ഈശ്വരൻ ഉണ്ടാക്കിയിട്ടില്ല. 'സഹായി' എന്ന വാക്കിന്റെ ർത്ഥം ൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് ിന്നീട് വന്ന യൽക്കൂട്ടങ്ങളെ കണക്ക് ഠിപ്പിക്കുന്ന ചുമതല ഞാൻ സന്തോഷത്തോടെ ഏറ്റെടുത്തു. ന്ന് വളരെ കുറച്ച് യൽക്കൂട്ടങ്ങളേ ഞങ്ങളുടെ ഞ്ചായത്തിൽ ്ര വർത്തിക്കുന്നതായിട്ടുണ്ടായിരുന്നുള്ളൂ. ഞ്ചായത്ത്തലത്തിൽ ഒരു രിശീലനവും ലഭിക്കാത്തതിനാൽ ന്നത്തെ സി.ഡി.എസ് ചെയർേ ഴ്സണു കണക്കു നല്ല വശമില്ലായിരുന്നു. ചെയർേ ഴ്സണു കണക്ക് റഞ്ഞ് കൊടുക്കാനുള്ള ഒരു ഭാഗ്യം കൂടി എനിക്ക് ലഭിച്ചു. സ്വാഭാവികമായും എനിക്ക തിരക്ക് കൂടി. ഒരു ദിവസം നാലും ഞ്ചും യൽക്കൂട്ടങ്ങളെ കണക്ക് ഠിപ്പിക്കണം; വർ എഴുതി തെറ്റിച്ച കാര്യങ്ങൾ എവിടെയാണെന്ന് മനസ്സിലാക്കി തിരുത്തുന്ന ്ര വൃത്തി ത്ര എളുപ്പമല്ല. ഭർത്താവും ഭർത്താവിന്റെ വീട്ടുകാരും നല്ല രീതിയിൽ സഹകരിച്ചതുകൊണ്ടാണ് സമയം കണ്ടെത്തി ഇത് സാധ്യമായത്.

ഒരു രസകരമായ സംഭവം എഴുതാം. കണക്ക് ഠിക്കുന്നതിന് ഓട്ടോറിക്ഷാ ിടിച്ച് വളരെ ആളുകൾ വരും . തിൽ ഒരു ചേച്ചിക്ക് എത്ര റഞ്ഞ് കൊടുത്താലും മനസ്സിലാവുകയില്ല. ിന്നെയും റയും , ക്ഷേ രക്ഷയില്ല. രാവിലെ മുതൽ വൈകിട്ടുവരെ റഞ്ഞ്കൊടുത്തിട്ടും

മനസ്സിലാവുകയില്ല. സ്വഭാവികമായും ഠിപ്പിച്ച എനിക്ക് മനസ്സിൽ ദേഷ്യം തോന്നി. ഒഴിവാക്കാൻ വേണ്ടി നാളെ വരൂ എന്ന് റഞ്ഞ് വിട്ടു. മ്മയുമായി ( മ്മായിയമ്മ) ഞാൻ ഈ വിഷയം ചർച്ച ചെയ്തു. എനിക്ക് ഇനി ആ ചേച്ചിയെ ഠിപ്പിക്കാൻ വയ്യ. ഞാൻ തോറ്റു എന്നു റഞ്ഞു. മ്മ ഠിപ്പിക്കുവാൻ എന്നെ നിർബന്ധിച്ചു. ിന്നീട് ആ വിഷയം വിട്ടു. ിറ്റേന്ന് ആ ചേച്ചി വരുന്നത് കണ്ട് ഞാൻ ടുക്കളയിൽ ഒളിച്ചിരുന്നു. മ്മയെ റഞ്ഞുവിട്ടു ഇല്ല എന്നു റയാൻ മ്മ േ ായിട്ട് തിരികെ വന്ന് റഞ്ഞു വര് േ ായി, വേറേ ആരോ നിന്നെ കാണാൻ വന്നിട്ടുണ്ടെന്ന് . ഞാൻ ചെന്ന് നോക്കുമ്പോൾ ആ ചേച്ചി ചിരിച്ച മുഖത്തോടെ ്ര തീക്ഷയോടെ എന്നെ നോക്കി നിൽക്കുന്നു. മ്മയുടെ കുസൃതി ഓർത്ത് ഞാൻ ൊ ാട്ടിച്ചിരിച്ചു േ ായി. തിരിഞ്ഞു നോക്കിയപ്പോൾ, മ്മയും ൊ ാട്ടിച്ചിരിക്കുകയാണ്. എന്നെ റ്റിച്ച സന്തോഷം . ക്ഷേ, മ്മയുടെ തീരുമാനം ആയിരുന്നു ശരി. എന്റെ നിരന്തര രിശ്രമം മൂലം ആ ചേച്ചി കണക്കു ഠിച്ചു. മറ്റൊരു രസം, സമൂഹത്തിൽ ഉന്നതതലത്തിൽ ഇരിക്കുന്ന ഒരു വ്യക്തിയുടെ ഭാര്യയാണ് ആ ചേച്ചി എന്നതാണ്.

ടുത്ത എ.ഡി.എസ് തെരഞ്ഞെടുപ്പിൽ ഞാൻ നടത്തിയ ്ര വർത്തനങ്ങൾ വിലയിരുത്തപ്പെടുകയും എ.ഡി.എസ്. സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ിന്നീട് സി.ഡി.എസ്. മെമ്പർ, സി.ഡി.എസ്. ചെയർ േ ഴ്സൺ എന്നീ നിലകളിൽ എത്തിച്ചേർന്നു. ചെയർേ ഴ്സൺ വേദികളിൽ ്ര സംഗിക്കണമല്ലോ. എനിക്ക് ഒട്ടും വശമില്ലാത്ത ണിയായിരുന്നു ത്. SIRD യിലെ ട്രെയിനി സി.ഡി.എസ്. ചെയർ േ ഴ്സൺ ആയപ്പോൾ വിടുത്തെ ബാച്ചിലെ ട്രയിനികൾക്ക് രിചയപ്പെടുത്തുന്നതിനായി ക്ഷണിച്ചു. ്ര സംഗിക്കണം എനിക്ക് ഉറക്കമില്ല. ഞാൻ ഡയറക്ടർ സുരേഷ് സാറിനെ വിളിച്ച് ഒഴിവാക്കാൻ നോക്കി. സാർ വിട്ടില്ല ദിവസം ടുക്കും തോറും ടെൻഷൻ, ഉറക്കമില്ല. ഇത് മനസിലാക്കിയ ചേട്ടൻ (ഭർത്താവ്) എന്നെ ആ മഹത്തായ കല ഠിപ്പിക്കുന്ന ചുമതല ഏറ്റെടുത്തു എഴുതി തന്ന് ഠിപ്പിച്ചു. ഞാൻ ഒപ്പിച്ചെടുത്തു. നല്ല കൈയ്യടിയൊക്കെ കിട്ടി. ഞ്ചായത്തിൽ കർഷക ദിനം ആചരിക്കുന്നു (ചിങ്ങം1) ്ര സംഗിക്കണം. തും മൈക്കിലൂടെ മുട്ടിടി തുടങ്ങി, വീണ്ടും ഉറക്കമില്ലാത്ത രാത്രികൾ. എങ്ങനെ ചിന്തിക്കുവാൻ തുടങ്ങി. ചേട്ടൻ കുറച്ച് ബുക്കുകൾ വാങ്ങിത്തന്നു.ഇത് വായിക്കാൻ റഞ്ഞു.വായിച്ചു. ചെറിയ ഒരു ധൈര്യം കിട്ടി. മറ്റൊരു ഭാഗ്യവും ഉണ്ടായി. മൈക്ക് ഓപ്പറേറ്ററായ എന്റെ ഭർത്താവിന്റെ കയ്യിൽ നിന്നും മൈക്ക് വാങ്ങി ്ര സംഗിക്കാനുള്ള ഭാഗ്യം ലഭിച്ച ഏക സി.ഡി.എസ്. ചെയർ േ ഴ്സൺ ഒരു ക്ഷേ ഞാനായിരിക്കും !! തുകൊണ്ട് തന്നെ ദ്ദേഹം തെറ്റുകൾ കണ്ടെത്തി

തിരുത്തിതരുമായിരുന്നു.ഞാൻ ഒരുവിധം ്ര സംഗിച്ച് ഒപ്പിച്ചു. ക്ഷേ എന്റെ േ ടി മാറിയത് ഒരാളുടെ വാക്കുകളിലൂടെയാണ്. ഞങ്ങളുടെ എം.എൽ.എ ആയിരുന്ന ഡ്വ.എൻ. നിരുദ്ധൻ സാർ ദ്ദേഹത്തിന്റെ വാക്കുകൾ ഇതായിരുന്നു " ല വേദികളിൽ നമ്മൾ ഒരുമിച്ചു എങ്കിലും തിരക്ക് കാരണം ്ര സംഗം കേൾക്കാൻ സാധിച്ചില്ല. ക്ഷേ ഞാൻ റിയുന്നുണ്ട്, നന്നായി. നല്ലതുേ ാലെ ്ര വർത്തിക്കണം", എനിക്ക് ്ര ചോദനമായി ഈ വാക്കുകൾ ിന്നീട് കിട്ടുന്ന ബുക്കുകൾ സംഘടിപ്പിച്ച് ഠിച്ച് എഴുതി വയ്ക്കാതെ ്ര സംഗിക്കുവാൻ രിശീലിച്ചു. ചേട്ടൻ എവിടെ േ ായിട്ട് വന്നാലും ഒരു ബുക്ക് കയ്യിൽ കാണും. എനിക്ക് വിലപ്പെട്ട ഒരു റിവ് കൊണ്ട് വന്ന് തരും. ഇന്നും ത് തുടരുന്നു.

സി.ഡി.എസ്. ചെയർ േ ഴ്സൺ ആയിരുന്നപ്പോൾ നിരവധി േ ർക്ക് ല സഹായങ്ങളും ചെയ്ത്കൊടുക്കുവാനുള്ള വസരം ലഭിക്കുകയുണ്ടായി. തിൽ മനസ്സിൽ തട്ടിയ നുഭവം ഇതാണ്. ഭർത്താവിന്റെ ീഡനത്തിന് ഇരയായ ഒരമ്മയുടെയും 13 വയസ്സ് ്ര ായമുള്ള മക്കളുടെയും കഥ.ഭർത്താവിന്റെ ീഡനം 13 വർഷം കൊണ്ട് ുറം ലോകത്തെ റിയിക്കാതെ മക്കളുടെ ഭാവിക്ക് വേണ്ടി എല്ലാം നിശബ്ദം സഹിച്ച ഒരു സഹോദരിയും വരുടെ ച്ഛനും മ്മയും കൂടെ ഒരു ദിവസം എന്റെ വീട്ടിലേക്ക് വന്നു.വിവാഹബന്ധം വേർ െ ടുത്തണം.കുട്ടിയെ മാന്യമായി വളർത്താനുള്ള മാർഗ്ഗം.. ഇതായിരുന്നു ആവശ്യം. ച്ഛനും മ്മയും സംസാരിക്കുമ്പോഴും ആ സഹോദരി ഒന്നും മിണ്ടാതെ എന്നെത്തന്നെ നോക്കിയിരിക്കുകയായിരുന്നു. ടുത്ത സമയത്താണ് കുടുംബശ്രീ ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമത്തെക്കുറിച്ച് റിവ് കർന്നുതന്നിരുന്നത്. എനിക്ക് കിട്ടിയ കൈ ുസ്തകം കൊടുത്തിട്ട് ആ സഹോദരിയോട് വായിച്ച് മനസ്സിലാക്കി രണ്ട് ദിവസം കഴിഞ്ഞ് വരുവാൻ ആവശ്യപ്പെട്ട് റഞ്ഞ് വിട്ടു. എന്റെ മനസ്സിൽ നിന്നും ആമുഖം മായുന്നില്ലായിരുന്നു. ത് നുഭവിക്കുന്ന ്ര ശ്നങ്ങൾ മനസ്സിലാക്കിയപ്പോൾ എങ്ങനെയും വരെ സഹായിക്കണം എന്ന ചിന്ത എന്നിൽ ഉടലെടുത്തു. കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർ ചിത്തൻ സാറിന്റെ സഹായത്തോടെ സാമ്പത്തികമായി ചെലവഴിക്കാൻ നിവർത്തിയില്ലാത്തവർക്ക് ' സംരക്ഷണ ഉദ്യോഗസ്ഥൻ' വഴി താമസിച്ചിരുന്ന വീടും സ്ഥലവും കുട്ടിയുടെ സംരക്ഷണ വും ലഭിച്ചത്. കൂടാതെ ആ സഹോഗരിയെ സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കൈ ിടിച്ച് കൊണ്ട് വരാൻ വേണ്ടി ഒരു ഭാഗമാകാൻ കഴിഞ്ഞതിൽ ഞാൻ ഭിമാനിക്കുന്നു. ഇന്ന് ആ കുട്ടി ഐസ്ക്രീം ഫാക്ടറിയിൽ നല്ല ശമ്പളത്തോടെ േ ാലി ചെയ്യുന്നു. എവിടെ വച്ച് കണ്ടാലും സ്നേഹത്തിന്റെ ുഞ്ചിരി സമ്മാനിക്കുന്നു.

സി.ഡി.എസ്. ചെയർ േ ഴ്സൺ ആയിരിക്കുമ്പോൾ ന്നത്തെ ഞ്ചായത്ത് ു സിഡന്റ് ശാരിക ടീച്ചർ എന്നെ എന്നെ വളരെയധികം സഹായിച്ച ഒരു വ്യക്തിയായിരുന്നു. ഞ്ചായത്തും സി.ഡി.എസ്സും തമ്മിൽ നല്ലൊരു ബന്ധം നിലനിർത്താൻ തിനാൽ കഴിഞ്ഞിരുന്നു. ആ സമയത്താണ് ന്യൂട്രിമിക്സ് എന്ന സംരഭത്തിനു വേണ്ടി രിശീലനം നൽകുന്നതിനായി മിഷനിൽ നിന്നും റിയിപ്പ് കിട്ടിയത്.17 വാർഡുകളിലേയ്ക്കും സന്ദേശം കൈമാറി.എന്റെ വാർഡിൽ നിന്നും 3 േ ർ മാത്രമാണ് ട്രെയിനിംഗിൽ ങ്കെടുക്കാൻ മുന്നോട്ട വന്നത്. ഇനി രണ്ട് േ രെ കൂടി വേണം. ടീച്ചറിനോട് ഞാൻ കാര്യങ്ങൾ റഞ്ഞു. പ്പോൾ ടീച്ചർ ചോദിച്ചു സിന്ധുവിന് എന്തുകൊണ്ട് ൊ ായ്ക്കൂടാ, സേവനം മാത്രം മതിയോ എന്ന് ! ചെയർേ ഴ്സൺ ആയതിനാൽ ഞ്ച് ദിവസം മാറിനിൽക്കാൻ കഴിയില്ല എന്ന എന്റെ വാക്കുകളൊന്നും ടീച്ചർ കേട്ടില്ല. നിരന്തരം എന്നെ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. എന്റെ ഭർത്താവിനെ വിളിപ്പിച്ച് ട്രെയിനിംഗിന് വിടണമെന്ന് സമ്മതിപ്പിച്ചു. ഞാൻ റഞ്ഞിട്ടാണോ ടീച്ചർ സമ്മതം വാങ്ങിയതെന്ന് ചേട്ടൻ ചോദിക്കുമ്പോഴാണ് ഈ വിവരം ഞാൻ റിയുന്നതുതന്നെ . ടീച്ചർ എന്നോട് ചോദിച്ചല്ല തു ചെയ്തത്. എത്ര റഞ്ഞിട്ടും ട്രെയിനിംഗിന് േ ാകാൻ തയ്യാറായില്ല. പ്പോൾ ടീച്ചർ റഞ്ഞു ഞ്ചായത്തു ു സിഡന്റ് എന്ന നിലയിൽ കുടുംബശ്രീയുടെ എന്ത് ു ശ്നവും ഞ്ച് ദിവസം ഞാൻ നോക്കിക്കൊള്ളാം. സി.ഡി.എസ്സിന്റെ ചെയർേ ഴ്സൺ സംരംഭം ആരംഭിക്കുന്നതിന്റെ ആവശ്യകതളെക്കുറിച്ച് ു സംഗിച്ചാൽ മാത്രം േ ാര ു വൃത്തിയിലൂടെയാണ് മാതൃകയാകേണ്ടത് . എന്നെ ു കോ ിക്കുവാൻ വേണ്ടി റഞ്ഞ വാക്കുകൾ എന്റെ ീവിതം തന്നെ മാറ്റി മറിച്ചു. ിറ്റേദിവസം ട്രെയിനിംഗിന് േ ാകണം . ഒരാളെക്കൂടി ഒപ്പിക്കണം. ന്ന് വൈകിട്ട് ഞാനും ഭർത്താവും കൂടി ഞങ്ങളുടെ യൽക്കൂട്ടത്തിന്റെ ു സിഡന്റിനെ േ ായിക്കണ്ട് കാര്യങ്ങൾ റഞ്ഞ് മനസ്സിലാക്കിച്ചു.ഞാൻ േ ാകുന്നെങ്കിൽ കൂടെ വരാമെന്ന് ആ ചേച്ചി സമ്മതിച്ചു. ക്ഷേ എനിക്ക് 2500 രൂ നീ നൽകണമെന്ന് ആ ചേച്ചി എന്നോട് വിഷമത്തോടെ ആവശ്യപ്പെട്ടു. ഒരു രൂ േ ാലും എടുക്കാൻ ഇല്ലാത്ത വസ്ഥ ! ൊ ട്ടെന്ന് തന്നെ ടിയന്തര കമ്മിറ്റി വിളിച്ചു ചേർത്ത് 2500 രൂ യൽക്കൂട്ടത്തിൽ നിന്നും വായ് നുവദിച്ച് നൽകി. പ്പോൾ എനിക്ക് റിയത്തില്ലായിരുന്നു ഒരു കുടുംബത്തെ ആത്മഹത്യ എന്ന ാ ത്തിൽ നിന്നും ഞാൻ കരകയറ്റി എന്ന് . ിന്നീട് സംരഭത്തിൽ നിന്ന് ു തീക്ഷച്ചതിലും കൂടുതൽ ലാഭം ഉണ്ടാക്കാൻ ഞങ്ങൾക്ക് കഴിഞ്ഞു. പ്പോഴാണ് ആ ചേച്ചി റയുന്നത് മോളേ , നീ എന്നെ

ട്രെയിനിംഗിനു േ ാകാൻ വിളിക്കാൻ വന്നപ്പോൾ ീവിക്കാൻ നിവൃത്തി ഇല്ലാത്തതിനാൽ ആത്മഹത്യ ചെയ്യാൻ എടുത്ത കയർ കട്ടിലിൽ വച്ചിട്ടാണ് ഞാൻ വന്ന് കതക് തുറന്നതെന്ന് !! ഞാൻ ദൈവത്തിന് തുല്യമായി നിന്നെ കാണുന്നു എന്ന് റഞ്ഞപ്പോൾ എന്റെ കണ്ണുകൾ റിയാതെ നിറഞ്ഞുേ ായി.

ഞങ്ങൾ ഞ്ച് േ ർ ചേർന്ന് ട്രെയിനിംഗിന് സെന്ററിൽ േ ായിട്ട് വന്നപ്പോൾ സമൂഹം ഞങ്ങളെ മോശമായി ചിത്രീകരിച്ച നുഭവം വരെ ഞങ്ങൾക്ക് ഉണ്ടായിട്ടും എങ്ങനെയും സംരംഭം ആരംഭിക്കണമെന്ന ലക്ഷ്യത്തിൽ ഉറച്ച് നിന്നു. തിനു കാരണം, ഞങ്ങളുടെ യൽക്കൂട്ടം തുടങ്ങി 6 മാസം കഴിഞ്ഞപ്പോൾ മുതൽ ചെറിയ ചെറിയ വരുമാനദായക ്ര വർത്തനങ്ങൾ ഞങ്ങൾ നടത്തിയിരുന്നു. തിൽ ്ര ധാനപ്പെട്ടത് ഗോതമ്പ്, രി എന്നിവ െ ാടിച്ച് വിൽക്കുകയായിരുന്നു. ഞങ്ങളുടെ ്ര ദേശത്ത് ഒരു കിലോമീറ്റർ കലെയാണ് െ ാടിപ്പ് മില്ല് ഉള്ളത്. തലച്ചുമടായി ആണ് സാധനങ്ങൾ െ ാടിക്കാൻ കൊണ്ടുേ ാകുന്നത്.മണിക്കൂറുകൾ കാത്തുനിന്നാലും എല്ലാവർക്കും െ ാടിച്ച് കൊടുത്തിട്ടേ ഞങ്ങൾക്ക് െ ാടിച്ചുതരൂ. കാരണം കൂടുതൽ െ ാടിക്കുന്നതിനാൽ മറ്റുള്ളവർക്കുള്ള കൂലിയിൽ നിന്നും ഒരു രൂ കുറച്ചാണ് ഞങ്ങൾക്ക് െ ാടിച്ചുതരുന്നത്. ഒരു ദിവസം കാത്തുനിന്നു സന്ധ്യ ആയിട്ടാണ് െ ാടിച്ചുകിട്ടിയത്. വീട്ടിൽ ചെല്ലുമ്പോൾ വിടെ കിട്ടുന്ന വഴക്ക് ഓർത്തപ്പോൾവിഷമമോ,ദേഷ്യമോ ഒക്കെ തോന്നി. കൂടെ വന്ന ചേച്ചിയോട് ഞാൻ റഞ്ഞു ഇവരെ നമ്മൾ ആശ്രയിക്കുന്നതുകൊണ്ടല്ലേ ഇങ്ങനെ. നമുക്ക് എങ്ങനെയെങ്കിലും ഒരു െ ാടിപ്പ് മില്ല് തുടങ്ങണം. എന്റെ ഈ വാശി ഇന്ന് ഞങ്ങളുടെ സ്ഥാ നത്തെ രണ്ട് മൂന്ന് മെഷീനറികൾ ഉള്ള നല്ല സ്ഥാ നമാക്കി വളർത്താൻ സഹായിച്ചു.

ങ്ങനെ ന്യൂട്രിമിക്സ് സംരംഭത്തിനുള്ള ്ര ാരംഭനട ടികൾ ആരംഭിച്ചു. ല തടസ്സങ്ങളും ഇതിനിടയിൽ ഉണ്ടായതിനാൽ കുറച്ച് കാലതാമസം നേരിടേണ്ടി വന്നു സംരംഭം ആരംഭിക്കുവാൻ. പ്പോൾ വ്യക്തി രമായ ല കാരണങ്ങൾ റഞ്ഞ് 3 േ ർ ിരിഞ്ഞുേ ായി. ിന്നീട് മൂന്ന് ംഗങ്ങളെ ഞങ്ങളുടെ യൽക്കൂട്ടത്തിൽ നിന്നും നിർബന്ധിച്ച് വിളിച്ച് കൊണ്ട് വന്നു യൂണിറ്റ് ആരംഭിച്ചു. യൂണിറ്റ് ആരംഭിക്കുമ്പോൾ ത്തന്നെ ഞങ്ങളുടെ വരുമാനത്തിനു രി മഹത്തായ ലക്ഷ്യം കൂടി മിഷനെന്ന േ ാലെ ഞങ്ങൾക്കും ഉണ്ടായിരുന്നു. േ ാഷകക്കുറവ് നേരിടുന്ന കുഞ്ഞുങ്ങൾക്ക് വൃത്തിയായും സമയബന്ധിതമായും േ ാഷകാഹാരം എത്തിക്കുക എന്നുള്ളത്. ഈ ലക്ഷ്യം കൈവരിക്കണമെങ്കിൽ ശാരീരികമായും മാനസികമായും ഞങ്ങൾ നല്ല ർപ്പണ ബോധത്തോടെ നല്ല ദ്ധ്യാനം കാഴ്ചവയ്ക്കണമായിരുന്നു. സംസ്കൃത സാധനം

കൃത്യസമയത്ത് കിട്ടാതെ വരുക, മെഷിനറി ണിമുടക്കുക, കറന്റ് ഇല്ലാതെ വരിക, വി ണ ന മേളകളിൽ ങ്കെടുക്കേണ്ടി വരുക, ഇങ്ങനെ െ ട്ടെന്ന് ഉണ്ടാകുന്ന ല കാരണങ്ങൾ ഉണ്ടെങ്കിൽ േ ാലും രാത്രിയെന്നോ കലെന്നോ വ്യത്യാസമില്ലാതെ േ ാലി ചെയ്ത് കൃത്യ സമയത്ത് ംഗൻവാടികളിൽ േ ാഷകാഹാരം എത്തിക്കുന്ന യൂണിറ്റാണ് ഞങ്ങളുടേത്.

ഈ ടുത്ത സമയത്ത് ഇത്രയും ഉത്തരവാദിത്വം ഉള്ള ഒരു സ്ഥാ നത്തിൽ നിന്നും യൂണിറ്റിന്റെ നുവാദം ഇല്ലാത്ത ഒരു വ്യക്തി ടിയന്തിര ്രാധാന്യം ഇല്ലാത്ത ഒരു കാര്യത്തിനു യൂണിറ്റ് ്ര വർത്തിച്ചിരുന്ന സമയത്ത് ഇറങ്ങിപ്പോയ ഒരു സംഭവം യൂണിറ്റിന്റെ ്ര വർത്തനത്തെ തകരാറിലാക്കി. യൂണിറ്റിൽ ആകെ ്ര ശ്നങ്ങളായി. യൂണിറ്റിലെ മറ്റംഗങ്ങൾ ീവിതം നിലനിർത്താൻ വേണ്ടി കലന്തിയോളം ണിയെടുക്കുമ്പോൾ ഒരാൾ സ്വന്തം താൽ ര്യങ്ങൾക്ക് വേണ്ടി യൂണിറ്റിൽ നിന്നും ഇറങ്ങിപ്പോയ ്ര വർത്തിയെ ന്യായീകരിക്കുവാൻ ഒരംഗം േ ാലും തയ്യാറായില്ല. യൂണിറ്റിന്റെ ്ര വർത്തനം നിലച്ചു. മഹത്തായ ലക്ഷ്യം ഉൾക്കൊണ്ട് ്ര വർത്തിക്കുന്ന യൂണിറ്റിന്റെ കൺവീനറായ ഞാൻ ധർമ്മസങ്കടത്തിലായി. നാളെ ഒരു തീരുമാനം ഉണ്ടാക്കാം എന്ന എന്റെ ഉറപ്പിന്മേൽ യൂണ ിറ്റിലെ മറ്റ് ംഗങ്ങൾ ഇറങ്ങിപ്പോയ ംഗത്തിന്റെ േ ാലി കൂടി വളരെ വൈകി ആണെ ങ്കിലും ചെയ്തുതീർത്തു. ിറ്റേ ദിവസം രാവിലെ യൂണിറ്റിലെ ഒരംഗത്തിന്റെ ഭർത്താവ് വീട്ടിൽ വന്ന് റിയിച്ചത് ഇങ്ങനെയായിരുന്നു. ഈ ്ര ശ്നത്തിന് നട ടിയുണ്ടായില്ലെങ്കിൽ എന്റെ ഭാര്യയ്ക്കും തോന്നിയതുേ ാലെ ഉല്ലാസയാത്ര േ ാകാമല്ലോ എന്നാണ്. യൂണ ിറ്റിനു വിള്ളലൽ സംഭവിക്കുന്നത് മനസ്സിലാക്കിയ ഞാൻ യൂണിറ്റിൽ ടിയന്തിര കമ്മിറ്റി വിളിച്ച് ചേർത്ത് ഈ വിഷയം ചർച്ചയ്ക്ക് വച്ചു. ഒരേ സ്വരത്തിൽ വന്ന ്ര തികരണം ഒരു മാസം ഈ ംഗത്തിനെ ുറത്ത് നിർത്തണമെന്നും േ ാഷകാഹാരം സമയത്ത് നൽകേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കണമെന്നുമായിരുന്നു. എന്റെ േ ക്ഷ മാനിച്ച് ഒരു മാസം എന്നുള്ളത് ത്ത് ദിവസത്തേയ്ക്ക് എന്ന് കുറച്ച് ഒരു താക്കീതായി സസ്െ ന്റ് ചെയ്തു. സസ്െ ന്റ് ചെയ്യുമ്പോൾ എന്റെ ലക്ഷ്യം ഇതാണ് . ഇനി മേലിൽ ഉത്തരവാദിത്വം ഇല്ലാതെ െ രുമാറരുത് . " ഞാൻ ഇനി ഇങ്ങനെ ചെയ്യില്ല " എന്ന ഒറ്റ വാചകത്തിൽ തീരേണ്ട കാര്യം ില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ വാക്കിനെ േ ാലും മാനിക്കാതെ സംസ്ഥാനതലത്തിൽ വരെ ഭർത്താവിനെയും വീട്ടുകാരെയും ഇറക്കി ്ര ശ്നമുണ്ടാക്കി യൂണിറ്റ് ൂട്ടിച്ചു. ഏതൊക്കെ രീതിയിൽ സ്വാധീനം ചെലുത്താമോ, ആ രീതികൾ ഒക്കെ ഉ യോഗിച്ച് ഭർത്താവിനെയും ഭർത്താവിന്റെ ച്ഛനെയും മുൻനിർത്തി യൂണിറ്റ് നശിപ്പിക്കുവാൻ വേണ്ടി , എന്നെ ഇല്ലാതാക്കുമെന്നും തെറ്റായ മാർഗ്ഗത്തിൽ സഞ്ചരിച്ച് ണം സമ്പാദിക്കുന്ന സ്ത്രീയെ സമൂഹം വിളിക്കുന്ന േ ര് വരെ എന്നെ വിളിച്ച്

രസ്യമായി മാനിച്ചു. സത്യവും നീതിയും മുൻനിർത്തി യൂണിറ്റ് നടത്തിയിരുന്ന ഞാൻ എന്റെ യൂണിറ്റിലെ ംഗങ്ങളുടെ നിലനിൽപ്പിന് വേണ്ടി മുട്ടാത്ത വാതിലുകളും കയറാത്ത ഓഫീസുകളും ചുരുക്കം. ഇത്ര മാനം സഹിച്ചപ്പോഴും എനിക്ക് ഉറച്ച വിശ്വാസം ഉണ്ടായിരുന്നു. ഞാൻ ചെയ്യുന്നത് 100% ശരിയാണെന്ന് . വ്യക്തമായി രേഖകൾ സൂക്ഷിക്കുന്ന എനിക്ക് ത് എല്ലായിടത്തും തെളിയിക്കുവാൻ സാധിച്ചു. കുടുംബശ്രീ മിഷൻ എന്ന വലിയ സംവിധാനം രണ്ട് ഭാഗവും മനസ്സിലാക്കി ശ്നം രിഹരിച്ചു. എനിക്ക് താങ്ങായി നിന്നു. ഇപ്പോഴും സഹോദരിമാരെ, എനിക്ക് നിങ്ങളോട് ചോദിക്കാനുള്ള ചോദ്യമിതാണ് ?' എന്താണ്

ഞാൻ ചെയ്ത തെറ്റ്? ' വിളിച്ചുകൊണ്ട് വന്ന് േ ാലി കൊടുത്തതോ? തോ ട്ടിണ ിയിലും ദുരിതത്തിലും നിൽക്കുന്ന യൂണിറ്റിലെ മറ്റുള്ള ംഗങ്ങൾക്ക് സംരക്ഷണം നൽകുന്നതോ?

ീയ സഹോദരി .... നീ റയാൻ മടിച്ച ഒരു വാചകമാണ് ഇത്രയും ശ്നങ്ങൾക്ക് കാരണമായത്. ത് തന്നെയാണ് നിന്റെ ദുരിതത്തിനും കാരണമെന്ന് നീ മനസ്സിലാക്കുന്ന ഒരു ദിവസം വരും. കാരണം ുറത്ത് നിന്ന് നിന്നെ േ ാത്സാഹിപ്പിച്ച ആർക്കും ഒരു നഷ്ടവും സംഭവിച്ചിട്ടില്ല. ക്ഷേ, നിനക്ക് സംഭവിച്ച നഷ്ടത്തെക്കുറിച്ച് നീ ഇപ്പോൾ ചിന്തിക്കില്ല. ത് നീ മനസ്സിലാക്കുമ്പോഴേക്കും ഒരു ാട് വൈകിപ്പോയിട്ടുണ്ടാവും.

ഇത് വായിക്കുന്ന ച്ഛനമ്മമാരേ ...... ഒരിക്കലും നിങ്ങൾ ശ്നത്തിന്റെ സത്യാവസ്ഥ മനസ്സിലാക്കാതെ എടുത്ത് ചാടരുതേ..... ച്ഛനും മ്മയും മക്കൾക്ക് മാതൃകയാകേണ്ടവരല്ലേ? തെറ്റൽ നിന്നും ശരിയിലേക്ക് ആദ്യമായി കൈ ിടിച്ച് നടത്തുന്നവർ തന്നെ ഒരിക്കലും തെറ്റു ചെയ്യാൻ മക്കളെ േ രിപ്പിക്കരുതേ.... ആ ച്ഛനും മ്മയും ഒന്നു ചിന്തിച്ച് െ രുമാറിയിരുന്നെങ്കിൽ മറുഭാഗത്തും ഒരു മകളും മകനും ഉണ്ടെന്നു ഒരു നിമിഷം ചിന്തിച്ചിരുന്നെങ്കിൽ, ഈ ശ്നത്തിന്റെ രൂക്ഷതയെങ്കിലും കുറയ്ക്കാമായിരുന്നു. ീയ മാതാ ിതാക്കളെ, നിങ്ങൾക്ക് തിനു കഴിയാതെ േ ായല്ലോ.

ഈ സംഭവത്തിനു ശേഷം എന്റെ യൂണിറ്റിനെ കൊല്ലം ില്ലയിലെ ഏറ്റവും നല്ല ന്യൂട്രിമിക്സ് യൂണിറ്റായി മിഷൻ തെരഞ്ഞെടുത്തു. കൂടാതെ ആന്ധ്രയിൽ നിന്നും മന്ത്രി ഞങ്ങളുടെ യൂണിറ്റ് സന്ദർശിക്കുന്നതിനു വേണ്ടി എത്തി. ഈ നേട്ടങ്ങൾ ഒക്കെയും ഞങ്ങൾ സഹിച്ച ത്യാഗത്തിനു കരമായി ഈശ്വരൻ തന്ന സമ്മാനമായി ഞങ്ങൾ കരുതുന്നു. ഈ സന്തോഷാവസരത്തിൽ ' കുടുംബശ്രീ ' എന്ന മഹാ സ്ഥാനത്തെയും തിനു ഞങ്ങൾക്ക് വഴി ഒരുക്കി തന്ന് ചോദനം നൽകിയ ന്നത്തെ ഡി.എം.സി ചിത്തൻ സാറിനെയും എ.ഡി.എം.സി സന്തോഷ് സാറിനേയും ഒരിക്കലും മറക്കാൻ എനിക്ക് കഴിഞ്ഞിട്ടില്ല. കാരണം, എന്റെ ീവിതത്തിന്റെ ഗതി മാറ്റിമറിച്ച രണ്ട്

വ്യക്തിത്വത്തിന്റെ ഉടമകളാണ് വർ. എന്റെ മനസ്സിൽ ഈശ്വരനോടൊപ്പം ഈ മുഖങ്ങൾ ഉണ്ടാകും. തു ോലെതന്നെ, ഇപ്പോൾ ഞങ്ങളെ സഹായിക്കുന്ന ില്ലാ മിഷൻ ഡി.എം.സി കൃഷ്ണകുമാർ സാർ, മറ്റ് ഉദ്യോഗസ്ഥർ, സംസ്ഥാന മിഷനിലെ ഉദ്യോഗസ്ഥർ, ഇവരെയെല്ലാം നന്ദിയോടെ സ്മരിക്കുന്നു. കാരണം, ഞങ്ങളെക്കാൾ കൂടുതൽ ഞങ്ങളുടെ ( ശ്നങ്ങൾ മനസ്സിലാക്കി ( വർത്തിക്കുന്ന ഒരു ടീം ആണ് കുടുംബശ്രീ മിഷന്റെ ണിയറയിൽ ( വർത്തിക്കുന്നത് എന്ന് ഞാൻ മനസ്സിലാക്കി. വളരെ നന്ദി. വാക്കുകൾക്കും പ്പുറത്താണ് ( സ്ഥാനത്തോടുള്ള എന്റെ സ്നേഹം. മഹത്തായ ഈ ( സ്ഥാനം വഴിയൊരുക്കിത്തന്നതുകൊണ്ട് മാത്രമാണ് എനിക്ക് ഇങ്ങനെ ആയിത്തീരാൻ കഴിഞ്ഞത് . ( ിയപ്പെട്ട സഹോദരിമാരെ, ആ മഹത്തായ ( സ്ഥാനത്തിന്റെ ആശയം ൂർണ്ണമായും ഉൾക്കൊണ്ട് ( വർത്തിക്കാൻ നിങ്ങൾക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു. ( തിസന്ധികളിൽ തളരാതിരിക്കാനുള്ള ഊർജ്ജമാണ് കുടുംബശ്രീ എന്നുകൂടി തിരിച്ചറിഞ്ഞ് ( വർത്തിക്കുവിൻ. ഞങ്ങളുടെ സംരംഭത്തെക്കുറിച്ച് ഞാൻ കണ്ട സ്വ ്നം സാക്ഷാത്കരിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള എന്റെ ൈ ത്രയാത്ര തുടരുന്നു. എല്ലാ കുടുംബശ്രീ ( വർത്തകർക്കും എന്റെ ഹൃദയം നിറഞ്ഞ ഭാവുകങ്ങൾ....

28

ഷീലാധജഗധരൻ
തൊടിയൂർ ഗ്രാമപഞ്ചായത്ത്,
തൊടിയൂർ സിഡിഎസ്സ്.

തൊടിയൂർ ഗ്രാമപഞ്ചായത്തിലെ അമല കുടുംബശ്രീയിലൂടയൊണ് ഞാൻ ഈ മഹാപ്രസ്ഥാനത്തിൽ അംഗമായത്. വളരെ ചുരുങ്ങിയ കാലമേ ആയുള്ളൂ എങ്കിലും കുടുംബജീവിതത്തിന്റെ ഘടനയിലും സാമൂഹ്യജിവിതത്തിലും ജീവിതവീക്ഷണത്തിലും ജീവിത വീക്ഷണത്തിലും അനുദിനം പരിവർത്തനം നടത്താൻ ഈ പ്രസ്ഥാനത്തിന് കഴിയുന്നുണ്ട്. അടുക്കളയിലൂടെ പിന്നാമ്പുറങ്ങളിലേക്ക് തളളപ്പെട്ട് വിഷാദരോഗത്തിന് അടിമകളായിക്കജിഞ്ഞിരുന്ന സ്ത്രീകളെ ഒന്നിപ്പിക്കാനും, സമഭാവനയിലൂടെയും സഹവർത്തിത്വത്തിലൂടെയും സമൂഹനന്മ ലക്ഷ്യമാക്കി പ്രവർത്തിപ്പിക്കാനും എനിക്ക് കഴിഞ്ഞു. ഇഷ്ടാനിഷ്ടങ്ങളിലും ജീവിതവീക്ഷണങ്ങളിലും വ്യത്യസ്ഥരായ ഞങ്ങൾ എങ്ങനെ ഇണങ്ങിപ്പോകുന്നു എന്നതിൽ പുരുഷന്മാർ പോലും ഇപ്പോൾ അസൂയപ്പെട്ട് പോകുന്നു. ബോധപൂർവ്വം പരിശ്രമിച്ചാൽ തമ്മിൽ പൊരുത്തപ്പെടാനും പ്രയോജനകരമായി ജീവിക്കാനും കഴിയും എന്ന് കുടുംബശ്രീയിലൂടെ എനിക്ക് മനസ്സിലായി. സ്വന്തം വ്യക്തിത്വത്തിന്റെ വസ്തു നിഷ്ഠമായ ഒരു ഉൾക്കാഴ്ച എനിക്ക് ലഭിച്ചു. ചിന്താസ്വാതന്ത്ര്യത്തോടെ,വിശ്വാസസ്വാതന്ത്ര്യത്തോടെ ഒന്നിച്ച് പല പ്രവർത്തനങ്ങൾക്കും മുന്നിട്ടിറങ്ങുവാൻ എനിക്ക് കഴിഞ്ഞു.

തൊടിയൂർ ഗ്രാമപഞ്ചായത്തിലെ സാക്ഷരതാപ്രവർത്തനത്തിലൂടെ അവാർഡ് ജേതാവാകാൻ എന്റെ എളിയ പ്രവർത്തനത്തിന് കഴിഞ്ഞു. ഇപ്പോഴും സാക്ഷരതാപ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു. സാമൂഹികവും സാംസ്ക്കാരികവുമായ എല്ലാ പ്രവർത്തനങ്ങളിലും നേതൃത്വം കൊടുക്കുവാനുള്ള ആത്മവിശ്വാസവും കരുത്തും എനിക്ക് ലഭിച്ചു.

എന്റെ നേതൃത്വത്തിൽ ലീഗൽ സർവ്വീസ് സൊസൈറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് സ്ത്രീകൾക്ക് ബോധവത്ക്കരണം കൊടുക്കാൻ കഴിഞ്ഞു. ഉപഭോക്തൃ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. വില്ലേജിലെ ഓഫീസറെ വിളിച്ച് വസ്തുസംബന്ധമായ കാര്യങ്ങളെക്കുറിച്ച് ക്ളാത് എടുപ്പിച്ചു. ഇപ്പോൾ എന്റെ കുടുംബശ്രീ യൂണിറ്റിലെ സ്ത്രീകളെ ഒരു തരത്തിലും ആർക്കും കബളിപ്പിക്കാൻ സാധിക്കാത്തതരത്തിൽ ബോധവത്ക്കരണം നടത്തി. ഉപഭോക്തൃ പ്രസ്ഥാനത്തിലെ വനിതാവിഭാഗം ചീഫ് ആയി ഞാൻ പ്രവർത്തിക്കുന്നു.

എന്റെ ഏറ്റവും വലിയ നേട്ടമായി ഞാൻ കാണുന്നത് കഴിഞ്ഞ 4 വർഷമായി 4 രൂപ പലിശയ്ക്ക് വസ്തു പണയപ്പെടുത്തി കടത്തിൽപ്പെട്ട് ജീവിതം വഴിമുട്ടി നിന്ന എന്റെ കുടുംബശ്രീ അംഗത്തെ ആ ദു:സ്ഥിതിയിൽ നിന്ന് കരകയറ്റാൻ എനിക്ക് സാധിച്ചു എന്ന

താണ്. എന്റെ യൂണിറ്റിലെ എന്നല്ല ഏതൊരു കുട്ടിക്കും പഠിക്കാനുള്ള അവസരം നിഷേധിക്കപ്പെട്ടാൽ എന്റെ യൂണിറ്റ് സഹായഹസ്തവുമായി അവിടെ എത്തും. എന്റെ നേതൃത്വത്തിൽ ഞങ്ങൾ ഹരിവിപ്ളവം തന്നെ നടത്തിക്കൊണ്ടിരിക്കുന്നു. ഞങ്ങളുടെ അംഗങ്ങളുടെ അംഗങ്ങളെ കൃഷിയിൽ തത്പരരാക്കാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനം കൊള്ളുന്നു. അവർക്കും ആവശ്യമായ വിത്തും വളവും ചോദിച്ച് മേടിച്ച് കൊടുക്കാൻ എനിക്ക് കഴിഞ്ഞു. അന്യം നിന്നുപോയ ഔഷധച്ചെടികളെ കണ്ടെത്തി വളർത്താൻ ഞങ്ങൾ താത്പര്യം കാണിച്ചു തുടങ്ങിയിരിക്കുന്നു.

നിരാശയുടേയും ദൈന്യതയുടെയും മുഖവുമായി എന്റെ മുന്നിലെത്തുന്ന ഓരോ സ്ത്രീയേയും ധൈര്യത്തോടെ മുന്നേറാനുള്ള ഉപദേശം കൊടുക്കാനും എളിയ സഹായം കൊടുക്കാനും എനിക്ക് കഴിയുന്നു. മായം ചേർത്ത ഭക്ഷണസാധനങ്ങൾക്കു പകരം ശുദ്ധവും ഗുണമേന്മയുള്ളതുമായ പച്ചക്കറിയുത്പ്പാദിപ്പിക്കാൻ ഇടവേളകൾ ഞങ്ങൾ ഉപയോഗിക്കുന്നു.

പഞ്ചായത്തിലെ ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കാൻ എനിക്ക് ഒരവസരം ലഭിച്ചത് ഞങ്ങൾ ഈ കുടുംബശ്രീയിൽ വന്നതുകൊണ്ടാണ്. പ്രകൃതിയുമായി കൂടുതൽ ഇടപഴകുവാനും ഓരോ സസ്യങ്ങളേയും സൂഷ്മമായി പഠിക്കുവാനും മനസ്സിലാക്കുവാനും അത് എന്നെ സഹായിച്ചു. പഞ്ചായത്തിലെ ശുചിത്വനിർമ്മാർജ്ജന പരിപാടിയിൽ ഞാനും ഒരംഗമാണ്. പഞ്ചായത്തിലേയും ബ്ളോക്കിലേയും വർക്കിംഗ് ഗ്രൂപ്പ് അംഗമാകാനും, പ്രോജക്ട് എഴുതി ഉണ്ടാക്കാനും എനിക്കു കഴിഞ്ഞു. കൃഷിഭവന്റെ നേതൃത്വത്തിൽ നടന്ന നാട്ടുകൂട്ടം പരിപാടിയിൽ നാടൻ കലാരൂപം അവതരിപ്പിക്കാൻ എനിക്ക് കഴിഞ്ഞതിൽ ഞാൻ അഭിമാനിക്കുന്നു.

ഞങ്ങളുടെ വാരഡിൽ കുഞ്ഞാറ്റ എന്ന ബാലസഷ രൂപീകരിക്കുകയും അവർക്ക് കലാപരവും വിദ്യാഭ്യാസപരവുമായി എല്ലാ സഹായവും ചെയ്തുകൊടുക്കുന്നു.

ഏകാന്തതയ്ക്ക് ഒരു പരിഹാരമെന്ന നിലയിലയിൽ ഞാൻ വന്നു ചേർന്ന കുടുംബശ്രീയുടെ മാസ്മരികത എന്നെ വല്ലാതെ ആകർഷിച്ചു.

പ്രായോഗിക ബോധത്തിന്റെ പരകോടിയിൽ വികാരങ്ങൾ സ്വയം വാർത്തുകളഞ്ഞ്, അടുക്കളയിലെ ചില്ലുപാത്രങ്ങളിൽ താളം പിടിച്ചും, പൊടിയിലും പിന്നാമ്പുറങ്ങളും ഒതുങ്ങിയ എനിക്ക് മനോഹരമായി പാടാനും, ആടുവാനും, കവിത ചൊല്ലുവാനും ഒക്കെ കഴിയുമെന്ന് വിളിച്ചറിയിച്ചത്, അതിന് വേദി ലഭിച്ചത് കുടുംബശ്രീയിലൂടെയാണ്. എന്നിൽ ഉറങ്ങിക്കിടന്ന നാടൻപാട്ടുകളുടെ ശീലുകളെ തട്ടിയുണർത്തി ഒരു നാട്ടു കൂട്ടത്തിന്റെ മുമ്പിൽ അവതരിപ്പിക്കാൻ എനിക്ക് കഴിഞ്ഞത് ഈ മഹാപ്രസ്ഥാനത്തിലൂടെയാണ്.

വെന്തുനീറുന്ന അനവധി പ്രശ്നങ്ങളിൽ നിന്ന് എന്നെ കരകയറ്റിയത് എന്റെ യൂണിറ്റംഗങ്ങളാണ്. എന്റെ അമ്മയെ പരിചരിക്കാനും സാന്ത്വനം ഏകാനും, വിദ്യാസമ്പന്നരായ എന്റെ കുടുംബശ്രീ അംഗങ്ങൾ സഹായിച്ചത് ഒരിക്കലും ഞാൻ വിലകുറച്ച് കാണില്ല. ഞങ്ങളുടെ കൂട്ടത്തിലുള്ള ഏതൊരാൾക്കും ആൾ സഹായം ആവശ്യമുള്ളപ്പോൾ ഞങ്ങൾ അവിടെ ഓടിയെത്തുന്നു.

എന്റെ വീട്ടിലുണ്ടായ മരണത്തിൽ എന്റെ പഞ്ചായത്തിലെ എല്ലാ മെമ്പറന്മാരും എത്തുകയും, സാന്ത്വനം ഏകുകയും ചെയ്തത് ഞാൻ കുടുംബശ്രീയിൽ അംഗമായതു കൊണ്ടാണ്. ഒരാളിന്റെ പ്രശ്നത്തെ ഞങ്ങൾ സ്വന്തം പ്രശ്നമായി കണ്ട് പരിഹാരം തേടും. ഏറ്റവും പ്രധാനപ്പെട്ട നേട്ടമായി ഞാൻ കാണുന്നത് കടം മേടിക്കുന്ന ശീലം മാറ്റി ഉള്ള തിൽ മിച്ചം പിടിക്കാനുള്ള മിതവ്യയ ശീലം വളർത്തിയെടുത്തു എന്നുള്ളതാണ്. പല തത്തിലുള്ള ലോണുകൾ കാട്ടി പരസ്യത്തിലൂടെയും ആർഭാടജീവിതം നയിക്കുവാനും അതിലൂടെ ഞങ്ങളുടെ സമ്പത്തും സമാധാനവും തട്ടിയെടുക്കുന്ന മൈക്രോഫൈനാൻസുകളെ ഞങ്ങൾ പൂർണ്ണമായി ഒഴിവാക്കിയിരിക്കുന്നു. ഞാനും കുറച്ചു സ്ത്രീകളും ചേർന്ന് ഒരു അഗ്രിക്കൾച്ചറൽ നഴ്സറിയും, ബൊക്ക നിർമ്മാണയൂണിറ്റും തുട ങ്ങിയിരിക്കുന്നു. ദാരിദ്ര്യം അനുഭവിക്കുന്ന പെൺകുട്ടികളുടെ വിവാഹ ചെലവ് ചുരു ക്കാനും, വിവാഹം ഭംഗിയാക്കാനും കൂടിയാണ് സ്ത്രീ കൂട്ടായ്മയിലൂടെ ഞാൻ ശ്രമിച്ചത്. അതിൽ ഞാൻ വിജയിക്കുകയും ചെയ്തിരിക്കുന്നു.

നിറഞ്ഞ ധൈര്യത്തോടെ പുരുഷനൊപ്പം മുന്നിട്ടു നിൽക്കാനും പ്രവർത്തിക്കുവാനും എനിക്ക് കഴിഞ്ഞു. ചങ്കൂറ്റം പോലെ തലയുയർത്തി ആത്മാഭിമാനത്തോടെ സംസാരിക്കാൻ എനിക്ക് കഴിയുമാറാക്കിയത് കുടുംബശ്രീ പ്രവർത്തനമാണ്. കുടുംബശ്രീ പ്രവർത്തനത്തി ലൂടെ ഒരു വിരുന്നുകാരിയായി ആ ഗ്രാമത്തിലേക്ക് ചേക്കേറിയ ഞാനിന്ന് ആ ഗ്രാമത്തിന്റെ മൊത്തത്തിലുള്ള കളിക്കൂട്ടുകാരിയായിരിക്കുന്നു. എൗ പ്രസ്താനത്തെ തകർക്കാതിരി ക്കാൻ നാം ഓരോരുത്തരും ശ്രമിക്കണം. ഇതിന്റെ ഉയർച്ചയ്ക്കും നിലനിൽപ്പിനുമായി എന്ത് ത്യാഗം സഹകരിക്കാനും ഞാൻ തയ്യാറാണ്. ഈ കുടുംബശ്രീയിൽകൂടി ജീവിച്ച് മരിക്കണമെന്നാണ് എന്റെ വലിയ ആഗ്രഹം. ഞാൻ ജീവിക്കുന്ന വലിയ വീടായ സമൂഹവു മായി പൊരുത്തപ്പെട്ടുപോകുന്നതിൽപരം വലിയ ഭാഗ്യം മറ്റെന്താണ്.

ജീവനും, വേദനയും, സന്തോഷവുമുള്ള സ്ത്രീയുടെ സ്പന്ദനങ്ങൾ അറിയാൻ കഴി യുന്ന ഒരേ ഒരു പ്രസ്ഥാനമാണ് നമ്മുടെ കുടുംബശ്രീ.

## *കാടിറങ്ങി ശ്രീത്വത്തിലേക്ക്..............................*

29

***ചെല്ലമ്മ***
കുളത്തുപ്പുഴ സി.ഡി.എസ്സ്

കുളത്തൂപ്പുഴ പഞ്ചായത്തിലെ വില്ലുമല പട്ടികവർഗ്ഗ കോളനിയിൽ ജനിച്ചുവളർന്ന യുവതിയാണ് ഞാൻ. പണ്ടതൊട്ട് ഞാൻ ഉൾപ്പെടുന്ന ആദിവസി സമൂഹം പുറംലോകവുമായി യാതൊരുബന്ധവുമില്ലാതെ വന്നതിനുള്ളിൽ നിന്നും മലഞ്ചരക്ക് സാധനങ്ങൾ ശേഖരിച്ച് വിറ്റ് ജീവിച്ചു വരികയായിരുന്നു. കൂടാതെ എന്റെ വീട്ടിൽ ആദിവാസിയല്ലാത്ത ഒരാൾ വരികയാണെങ്കിൽ വീടിന്റെ ഏതെങ്കിലും മൂലയിൽ ഓടിയൊളിക്കുകയും പ്രായപൂർത്തിയായാൽ ഒരു സ്ത്രീയും വെളിയിൽ ഇറങ്ങുക പോലുമില്ലാത്ത കാലം. എന്റെ രണ്ട് കുട്ടികളെയുംകൊണ്ട് മലഞ്ചരക്കെടുക്കാൻ കാട്ടിൽ കയറിപ്പോയി കഴിഞ്ഞാൽ ഒരുമാസം കഴിഞ്ഞാണ് തിരിച്ച് ഇറങ്ങിവരുന്നത്. അത് വിറ്റ് കിട്ടുന്ന പൈസയ്ക്ക് സാധനങ്ങൾ വാങ്ങി അത് തീർന്നു കഴിഞ്ഞാൽ കുട്ടികൾക്ക് നല്ലരീതിയിൽ ഭക്ഷണം കൊടുക്കുവാനോ വിദ്യാഭ്യാസം കൊടുക്കുവാനോ, നല്ല വസ്ത്രങ്ങൾ വാങ്ങിക്കൊടുക്കുവാനോ എനിക്ക് സാധിച്ചിട്ടില്ല. എന്റെ വീടിന്റെ തൊട്ട് അയൽപക്കത്ത് പതിനഞ്ച് സ്ത്രീകൾ ഒരു മിച്ചിരുന്ന് കമ്മിറ്റി കൂടുന്നതും പരസ്പരം സന്തോഷത്തോടുകൂടി സംസാരിക്കുന്നതും ഞാൻ കൊതിയോടെ നോക്കിക്കാണുമായിരുന്നു. കുടുംബശ്രീ എന്താണെന്നോ ഇതിന്റെ പ്രയോജനം എന്താണെന്നോ ഭർത്താവ് കാണാതെ ചോദിച്ച് മനസ്സിലാക്കി. ഞാൻ എന്റെ ഭർത്താവിനോട് കുടുംബശ്രീയിൽ അംഗമാകുന്ന കാര്യം സംസാരിച്ചു. കുടുംബശ്രീയിൽ എന്നും വഴക്കാണെന്നും അവിടെ വരുന്ന സ്ത്രീകൾ ഭർത്താവിനെ അനുസരിക്കാതെ വരുകയാണെന്നും പറഞ്ഞ് എന്നെ ഇതിൽ നിന്നും അദ്ദേഹം പിന്തിരിപ്പിച്ചു. എനിക്ക് കുടുംബശ്രീയിൽ പോകണമെന്ന് നിരന്തരം ചോദിച്ചിട്ടും സംശയരോഗിയായ ഭർത്താവ് എന്നെ വീടിന് വെളിയിൽ വിട്ടില്ല. ആദിവാസി സ്ത്രീകൾ വീട്ടിനുള്ളിൽ ഇരുന്നാൽമതി എന്ന് തീർപ്പ് കല്പിച്ചു.

അങ്ങനെ എന്റെ കുഞ്ഞിന് മഞ്ഞപ്പിത്തം മൂർച്ഛിച്ചു. ആദിവാസികൾ പച്ചില മരുന്നുകളാണ് ഉപയോഗിച്ച് വന്നിരുന്നത്. എന്റെ കുഞ്ഞിനും പച്ചിലമരുന്ന് കൊടുത്തിട്ട് രോഗം ഭേദമായില്ല. ഈ അസുഖവിവരം അിറഞ്ഞ് കുടുംബശ്രീയിലെ അംഗങ്ങൾ എന്റെ കുഞ്ഞിനെ ആശുപത്രിയിൽ എത്തിക്കുന്നതിനുള്ള രൂപയും വണ്ടിക്കൂലിയും ഒക്കെതന്ന് സഹായിച്ചു. ആശുവത്രിയിൽ ഇട്ടുകൊണ്ടു പോകാൻ വസ്ത്രംപോലും ഇല്ലാത്ത എന്റെ കുട്ടിക്ക് വസ്ത്രം വാങ്ങി ആശുപത്രിയിലെത്തിച്ച് അസുഖം ഭേദമാക്കി. ഇതോടെ കുടുംബശ്രീയിൽ പോകുന്നതിന് എന്റെ ഭർത്താവ് മൗനസമ്മതംതന്നു. അങ്ങനെ ഞാൻ 2000ത്തിൽ സമദർശനി കുടുംബശ്രീയിൽ അംഗമായി. കുടുംബശ്രീയിൽ ആദ്യംപോയപ്പോൾ ഭർത്താവിന്റെ വീട്ടുകാർ എതിർപ്പുകളൊക്കെ പറഞ്ഞെങ്കിലും വകവയ്ക്കാതെ ഞാൻ പോകാൻ

തുടങ്ങി. ആഴ്ചതോറുമുള്ള പിരിവുപോലും കൊടുക്കാൻ പറ്റാതെ വന്നപ്പോൾ മലഞ്ചര ക്കിനും ഫോറസ്റ്റ് പണിക്കുംപോയി സമ്പാദ്യം അടച്ചു. എന്റെ കുട്ടികൾ അഞ്ചും, ഏഴും വയസ് പ്രായമുള്ള കുട്ടികളാണ്. ഇവർക്ക് വിദ്യാഭ്യാസം കൊടുക്കുവാൻ സാധിച്ചിരുന്നില്ല. കുടുംബശ്രീയിൽ വന്നതിനുശേഷം കുട്ടികളെ സ്കൂളിൽ വിടാൻ സാധിച്ചു. കുടുംബശ്രീ യിൽ നിന്ന് വായ്പ തന്ന് വിദ്യാഭ്യാസം ചെയ്യുന്ന പ്രായം കഴിഞ്ഞ കുട്ടികളെ സ്കൂളിൽ വിട്ടു. കുടുംബശ്രീയിൽ വന്നതിനശേഷം ആണ് പഞ്ചായത്ത് ആഫീസ് എന്നൊരു സ്ഥാപ നമുണ്ടെന്ന് അിറഞ്ഞതും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് ഉണ്ടെന്നും അറിഞ്ഞത്. പഞ്ചായത്തിൽ ആദ്യമായി പോയി തൊഴിലുറപ്പിന് അപേക്ഷ കൊടുക്കുകയും തൊഴിലുറ പ്പിൽ പണിക്ക് പോയി ദാരിദ്ര്യം ഇല്ലാത്ത അവസ്ഥയിലാണ് ഇന്ന് കൈലിയും ബ്ലൗസും മാത്രം ധരിച്ചിരുന്ന ഞാൻ ആദ്യമായി സാരിയുടുക്കുന്നതും സെറ്റ്സാരിയുടുക്കുന്നതും കുടുംബശ്രീയിൽ വന്നതിനുശേഷമാണ്. എന്റെ കുട്ടികൾ ആദ്യകാലങ്ങളിൽ കമ്മറ്റി കൂടു ന്നതിനുവേണ്ടി ആൾക്കാർ വരുമ്പോൾ ഓടി ഒളിക്കുമായിരുന്നു. ഇപ്പോൾ അതിൽ നിന്നും ഒക്കെ മാറ്റം ഉണ്ടായി. കാട്ടിനുള്ളിൽ മലഞ്ചരക്ക് സാധനങ്ങൾ ശേഖരിച്ച് അർദ്ധപട്ടിണി യിൽ കഴിഞ്ഞിരുന്ന എന്റെ കുടുംബം ഇന്ന് സന്തോഷകരമായി ജീവിക്കുന്നു. എന്റെ കുട്ടി കൾ മികച്ച രീതിയിൽ വിദ്യാഭ്യാസം ചെയ്യുന്നു. ഇതിനെല്ലാം കുടുംബശ്രീ അംഗങ്ങളോടും കുടുംബശ്രീ പ്രസ്ഥാനത്തോടും ഞാൻ കടപ്പെട്ടിരിക്കുന്നു.

## *നക്ഷത്രത്തിളക്കം*

30

***ഷാഹിദ,***
ചവറ ഗ്രാമപഞ്ചായത്ത്
കുടുംബശ്രീ സി.ഡി.എസ്സ്.

ഞാൻ ചവറ ഗ്രാമപഞ്ചായത്തിൽ കൊട്ടുകാട് 8–ാം വാർഡിൽ 28.10.2002ൽ രൂപീകരിച്ചു മൈത്രി കുടുംബശ്രീയുടെ പ്രസിഡന്റും, ഈ വാർഡിലെ സി.ഡി.എസ് മെമ്പറും ആണ്. ഞാൻ കുടുംബശ്രീയിൽ വന്നതിനുശേഷം ഒരുപാട് നല്ല അനുഭവങ്ങളും, നേട്ടങ്ങളും ഉണ്ടായിട്ടുണ്ട്. ആദ്യമായി മീറ്റിംഗ് എന്താണെന്നുള്ളതിനെ കുറിച്ച് പഠിച്ചു. കുടുംബശ്രീ എന്താണെന്നും ത്രിതല പഞ്ചായത്ത് എന്താണെന്നും, പഞ്ചായത്തിൽ നിന്നും ബ്ലോക്കിൽ നിന്നും എന്ത് കിട്ടുമെന്നുള്ള അറിവ് നേടാനും അതെല്ലാം യഥാസമയം അയൽക്കൂട്ടങ്ങളിൽ എത്തിയ്ക്കുവാൻ കഴിഞ്ഞു. ഞാൻ ഈ കുടുംബശ്രീയിൽ വന്നതിനു ശേഷം ഒരുപാട് കാര്യങ്ങൾ കുടുംബശ്രീയിൽ നിന്നും ജനങ്ങളിൽ എത്തിയ്ക്കുവാനും, ആശ്രയ പദ്ധതിയിൽ, സ്ത്രീപദവി, സ്വയപഠനം, സ്വയപഠനത്തിന്റെ ആർ.പി.ഐ എന്നിവയിൽ പ്രവർത്തിയ്ക്കാൻ കഴിഞ്ഞു. ഗ്രാമസഭാ മാസ്റ്റർ ഫെസിലിയേറ്ററായി മാസ്റ്റർ കർഷകയായി എന്നിങ്ങനെ ഒരു പാട് ഉയർച്ചയുള്ള അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

പിന്നെ എനിയ്ക്ക് മറക്കാൻ പറ്റാത്ത ഒരു അനുഭവം ഞാൻ കുടുംബശ്രീയുടെ എ.ഡി.എസ്. ആയതിനുശേഷം കുടുംബശ്രീയിൽ നിന്നും ഭവനശ്രീ വായ്പ നൽകുന്നതായി അറിഞ്ഞു. 2 സെന്റ് ഭൂമിയുള്ള കുടുംബശ്രീ അംഗങ്ങൾക്ക് ഭവന വായ്പയായി 50000/– രൂപ വീതം ലോൺ നൽകുന്നതായി അറിഞ്ഞു. അത് എന്റെ വാർഡിലെ പാവപ്പെട്ട ഭവന രഹിതരായ 12 അംഗങ്ങൾക്ക് വാങ്ങികൊടുക്കാൻ എനിയ്ക്ക് കഴിഞ്ഞു. എല്ലാ അംഗങ്ങളും കൃത്യമായി 2 വർഷവും ലോൺ തുക അടയ്ക്കാൻ കുടുംബശ്രീ ചെയർപേഴ്സണനെ ഏൽപ്പിച്ചു. നിർഭാഗ്യം എന്നു പറയാം ഒരു ദിവസം കുടുംബശ്രീചെയർ പേഴ്സൺ ആത്മഹത്യ ചെയ്തു. പിന്നെ കുടുംബശ്രീയിലെ കണക്ക് പരിശോധിച്ചപ്പോൾ ഈ തുക ഒന്നും ബാങ്കിൽ അടഞ്ഞിട്ടില്ല. കയർതൊഴിലാളികളായ പാവങ്ങൾ സമനില തെറ്റിയ മാതിരി എന്റെ വീട്ടിൽ വരികയും ഞാനും കൂടി ചേർന്നാണ് ഈ കള്ളത്തരം കാണിച്ചതെന്ന് പരയുകചെയ്തു. ഈ പ്രശ്നം എന്റെ മനസ്സിനെ വല്ലാതെ തളർത്തി. എന്നാലും എനിയ്ക്ക് അവരോട് യാതൊരു പിണക്കമോ വൈരാഗ്യമോ തോന്നിയില്ല. ഞാൻ പിന്നെ ഇതിന്റെ കാരണം എന്തെന്ന് കണ്ടുപിടിക്കുന്നതിനായി ജില്ലാ മിഷൻ, ജില്ലാ കള്കടർ എന്നിവർക്ക് പരാതി നൽകി. ഈ അംഗങ്ങളിൽ ഒരാൾ കാൻസർ രോഗിയായിരുന്നു. രണ്ടുപേർ വിധവകളായിരുന്നു. ഇതെല്ലാം കൂടിയായപ്പോൾ ഇതിന്റെ സത്യാവസ്ഥ എന്തെന്ന് അറിഞ്ഞതിനുശേഷം മാത്രമേ സമാധാനമായി ഉറങ്ങിയുള്ളു.

പിന്നെ എന്റെ മനസ്സിനെ സന്തോഷമാക്കുന്ന വാർത്തയാണ് കേട്ടത്. ഈ എല്ലാ അംഗങ്ങളുടെയും വായ്പ തുക പലിശ സഹിതം കുടുംബശ്രീമിഷൻ തിരിച്ചടച്ച് പ്രമാണം ഒരു ഫംഗ്ഷന് തിരികെ നൽകി. ഇവർ എല്ലാം പിന്നെ എന്നോട് നന്ദിയും പറഞ്ഞു.

പിന്നെ മറ്റൊരു അനുഭവം കയർപിരി ഇല്ലാതെ പട്ടിണി കിടക്കുന്ന പാവപ്പെട്ട സ്ത്രീകൾക്ക് മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിവലിയ ഒരു അനുഗ്രഹമായി. പാവപ്പെട്ട സ്ത്രീകൾക്ക് അവർ അദ്ധ്വാനിയ്ക്കുന്ന പണം അവരുടെ കയ്യിൽ തന്നെ കിട്ടും. കൂടാതെ എനിയ്ക്ക് ഒരു ഗമയുമായി. കാരണം 40 തൊഴിലാളികളുടെ മേറ്റായി എനിയ്ക്ക് ഒരു ഉദ്യോഗപദവിയായി. ഈ തൊഴിലുറപ്പ് പദ്ധതിയിൽ പ്രവർത്തിയ്ക്കുന്നതുമൂലം ഈ വാർഡിലെ ജനങ്ങളുടെ സ്നേഹവും പിന്തുണയും മുണ്ടായി.

കൂടാതെ ഈ വാർഡിന്റെ പൊതു കാര്യങ്ങളിൽ ഇടപെടാൻ കഴിഞ്ഞു. എന്റെ പഞ്ചായത്ത് അല്ലാത്ത മറ്റൊരു പഞ്ചായത്തിലെ അഞ്ച് പെൺമക്കളുള്ള അച്ഛൻ ഇല്ലാത്ത (എസ്.ടി) കുടുംബത്തിലെ വിവാഹ പ്രായം കഴിഞ്ഞിട്ടും വിവാഹം കഴിയ്ക്കാൻ നിവർത്തിയില്ലാത്ത എന്റെ കുടുംബശ്രീയിലെ അംഗത്തിന്റെ അനുജത്തിയുമായ കുട്ടിയെ കണ്ട് അപേക്ഷ എഴുതികൊടുത്തു. ഒരു ലക്ഷം രൂപയും 10 പവൻ സ്വർണ്ണം, ചെറുക്കനും പെണ്ണിനും വിവാഹക്കോടിയും കല്യാണ ചെലവ് ഉൾപ്പെടെ നൽകുവാൻ കരുണാലയം പ്രവർത്തകർ തയ്യാറായി. ഈ കുട്ടിയ്ക്ക് ഒരു വരനെ കണ്ടു പിടിച്ചു അതന്റെ വിവാഹം മംഗളമായി നടത്തുവാൻ കഴിഞ്ഞു. ഇത് എനിയ്ക്ക് നല്ല ഒരനുഭവമായി എന്റെ ഹൃദയത്തിൽ തിളങ്ങി നിൽക്കുന്നു. ഇതിനെല്ലാം എനിയ്ക്ക് ധൈര്യം പകർന്നു തന്നത് കുടുംബശ്രീയാണ് സംരംഭത്തിനു കിട്ടിയ ട്രെയിനിംഗിൽ ഞാൻ ഒരു എം.ബി.യെ കാരിയാണെന്നുപോലും തോന്നിയിട്ടുണ്ട്. പിന്നെ കുടുംബശ്രീയിൽ നിന്നും ലിംങ്കേജ്, മാച്ചിംഗ് ഗ്രാന്റ്, പലിശ സബ്സിഡി ലോമ്, എന്നിങ്ങനെ പലവിധ ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ട്. കൂടാതെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി നിസാരമായി കാണുന്നില്ല. ഞങ്ങളുടെ വാർഡിലെ മറ്റ് അംഗങ്ങളെല്ലാം സർക്കാർ ജോലിയായികാണുന്നു. ഇതെല്ലാം നേടിതന്ന കുടുംബശ്രീയ്ക്ക് നന്ദയുണ്ട്. കുടുംബശ്രീ തലയ്ക്കു മുകളിൽ തിളങ്ങി നിൽക്കുന്ന നക്ഷത്രത്തെപ്പോലെ എന്നും തിളങ്ങി നിൽക്കട്ടെ. എന്ന് ആശംസിച്ചുകൊണ്ട് നിർത്തുന്നു.

---

## *കർമ്മഫലം*

31

***ഷീജാബിജു,***

കരുനാഗപ്പള്ളി നഗരസഭ
കുടുംബശ്രീ സി.ഡി.എസ്സ്.

ഞാൻ ഷീജാബിജു. കൊല്ലം ജില്ലയിലെ കരിക്കോട് എന്ന പ്രദേശത്താണ് ഞാൻ ജനിച്ച് വളർന്നത്. 1999 ഏപ്രിൽ 19-ാം തീയ്യതി കരുനാഗപ്പള്ളി താലൂക്കിൽ അയണിവേലിക്കുളങ്ങര തെക്ക് വിവാഹം കഴിച്ചുകൊണ്ടു വന്നു. ഭർത്താവ് ബിജു പെയിന്റിംഗ് തൊഴിലാളിയാണ്.

1999 ൽ ഏപ്രിൽ മാസം മുതലാണ് കരുനാഗപ്പള്ളി എന്ന ഗ്രാമം നേരിൽ കാണുന്നത്. 2000 കാലഘട്ടത്തിലാണ് ജനകീയാസൂത്രണ പദ്ധതി നിലവിൽ വന്നതിന് ശേഷമാണ് ഞാങ്ങൾ പട്ടികജാതിക്കാർ ചേർന്നുള്ള ഒരു സ്ത്രീശക്തി നിലവിൽ വന്നത്. ആദ്യം ഇതിൽ 16 അംഗങ്ങളുണ്ടായിരുന്നു. ഇതിൽ 3 അംഗങ്ങൾ മരണപ്പെടുകയും 3 അംഗങ്ങൾ പിൻമാറുകയും ചെയ്തതുമൂലം ഞങ്ങൾ ഇപ്പോൾ 10 പേർ മാത്രമാണ് നിലവിൽ ഉള്ളത്.

ഈ കാലയളവിൽ 2 ഗ്രൂപ്പുകൾ മാത്രമാണ് എന്റെ വാർഡിൽ ഉണ്ടായിരുന്നത്. പിന്നെ 17 കുടുംബശ്രീ ഗ്രൂപ്പുകൾ ആയി. എ.ഡി.എസ്സ് അംഗമായും എ.ഡി.എസ്സ് പ്രസിഡന്റായും ഞാൻ പ്രവർത്തിച്ചിരുന്നു.

ഗ്രാമപഞ്ചായത്ത് നഗരസഭ ആയപ്പോൾ വാർഡ് വിഭജനം മൂലം 19, 20 ഡിവിഷനുകളായി മാറുകയും എന്റേത് 20-ാം ഡിവിഷൻ ആക്കുകയും ചെയ്തു. 207 കുടുംബങ്ങൾ മാത്രമാണ് നിലവിൽ ഉള്ളത്. 20ാം ഡിവിഷനിൽ 4 ഗ്രൂപ്പുകൾ മാത്രമാണ് ഉണ്ടായിരുന്നത്. ഉടൻ തന്നെ കൗൺസിലറുടെ സഹായത്തോടെയും, പഴയ സി.ഡി.എസ്സ് മെമ്പറിന്റെ സഹായത്തോടെയും പുതിയ 8 ഗ്രൂപ്പുകൾ രൂപപ്പെടുത്തുകയും ചെയ്തു. പുതിയ 8 ഗ്രൂപ്പുകളും, പഴയ ഗ്രൂപ്പുകളും ഇപ്പോൾ നല്ല രീതിയിൽ പ്രവർത്തനം നടത്തുകയും ചെയ്യുന്നു. 11 ഗ്രൂപ്പുകൾ സംഘകൃഷി നടത്തുകയും ചെയ്യുന്നു.

എന്റെ വാർഡിലെ ക്യാൻസർ രോഗികൾക്കും, ഹൃദ്രോഗം ഉള്ളവർക്കും ഞങ്ങൾ ചികിത്സാധനസഹായം നൽകുന്നു. കുടുംബശ്രീയിൽ വന്നതിനു ശേഷമാണ് ഉദ്യോഗസ്ഥർ, ബാങ്ക് മാനേജർ എന്നിവരോടും സമസ്തമേഖലയിലെയും വ്യക്തികളോടും ഭയമോ, ആശങ്കയോ ഇല്ലാതെ നമ്മുടെ കാര്യങ്ങൾ തുറന്നു സംസാരിക്കുവാനും ഭയമില്ലാതെ ഓഫീസുകളിൽ കയറി ചെല്ലാനും മൈക്കിന്റെ മുമ്പിൽ പേടി ഇല്ലാതെ സംസാരിക്കുവാനും എനിക്ക് കഴിയുന്നത്.

കുടുംബശ്രീയിൽ പ്രവർത്തിച്ചതിന് ശേഷം പലരുടേയും ദുഃഖങ്ങൾ പങ്കുവയ്ക്കൽ, ആശ്വാസം പകരൽ എന്നിവയിൽ നിന്നും പലരുടേയും ജീവിതത്തിന്റെ ഭാഗമാകുവാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. വാർഡ് കൗൺസിലർ സ്ഥലത്തില്ലാത്തപ്പോൾ പലരും എന്നെ സമീപിച്ച് അവരുടെ ആവശ്യങ്ങളും മറ്റ് പ്രശ്നങ്ങളും പറയുകയും അവർക്ക് വേണ്ടുന്ന സഹായങ്ങൾ നഗരസഭ വഴി നേടിയെടുക്കുവാനും കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീ മൂലം സ്ത്രീകൾ ഞാൻ, എന്റേത് എന്ന കാഴ്ചപ്പാടിൽ നിന്നും ഞങ്ങൾ ഞങ്ങളുടേത് എന്ന കാഴ്ചപ്പാടിലേക്ക് മാറിയിരിക്കുന്നു.

ഞാൻ ഒരിക്കൽ കരുനാഗപ്പള്ളിയിലേക്ക് ഓട്ടോയിൽ സഞ്ചരിച്ചപ്പോൾ ഓട്ടോക്കാരൻ ആരുമായോ മൊബൈലിൽ ക്യാൻസർ രോഗത്താൽ ചികിത്സയിൽ ഇരിക്കുന്നവർക്ക് ബെനവലന്റ് എന്ന ഒരു പദ്ധതിയിൽ ഉൾപ്പെടുത്തി കാരുണ്യാ ലോട്ടറിയുടെ ചികിത്സാ സഹായം നൽകുന്നു എന്നുള്ള കാര്യം സംസാരിക്കുന്നത് കേട്ടു. ഞാൻ അദ്ദേഹവുമായി കാര്യങ്ങൾ ചോദിച്ചറിയുകയും അദ്ദേഹത്തിന്റെത ഫോൺ നമ്പർ വാങ്ങുകയും ചെയ്തു. അദ്ദേഹത്തിന്റെ പേര് വ്യക്തമല്ല 'തെന്നല' എന്നാണ് അറിയപ്പെടുന്നത് എന്ന് പറഞ്ഞു. ഈ ഫോണിൽ വിളിച്ച് അദ്ദേഹത്തിന്റെ കൈയ്യിൽ നിന്നും 2 ഫോം വാങ്ങിച്ച് എന്റെ വാർഡിൽ 2 പേർക്ക് കൊടുത്തു. ഇപ്പോഴും അവർക്ക് ചികിത്സാ ധനസഹായം കിട്ടുന്നുണ്ട്.

കുടുംബശ്രീയുടെ തിരഞ്ഞെടുപ്പിൽ വാർഡിലും, വാർഡ് എ.ഡി.എസ് തിരഞ്ഞെടുപ്പിലും മുൻനിരയിൽ എത്തുവാൻ എനിക്ക് കഴിഞ്ഞു. എ.ഡി.എസ്സ് തിരഞ്ഞെടുപ്പിൽ ഹാളിൽ കയറിയപ്പോൾ വിറയലും, വയറ്റുവേദനയും ഉണ്ടാവുകയും ചെയ്തു. എന്നാൽ 47 വോട്ടുകൾക്ക് ഞാൻ ജയിച്ചു. സി.ഡി.എസ്സ് തെരഞ്ഞെടുപ്പിലും 33 ഡിവിഷനിലും നിന്നുള്ള സി.ഡി.എസ്സിൽ നിന്ന് 33 വോട്ടിൽ നിന്നും 17 വോട്ടു ലഭ്യമായി എനിക്ക് കരുനാഗപ്പള്ളി നഗരസഭ കുടുംബശ്രീ സി.ജി.എസ്സ് വൈസ് ചെയർപേഴ്സൺ ആകുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതെല്ലാം എന്റെ കുടുംബശ്രീ പ്രവർത്തനത്തിലും, വ്യക്തിജീവിതത്തിലും ഒരിക്കലും മറക്കാനാവാത്ത അനുഭവങ്ങളാണ്.

'കർമ്മം ചെയ്താൽ ഫലമുണ്ടാകും............"

# ഇടവഴികളിൽ വീണ കാല്പാടുകൾ......

32

ലില്ലിക്കുട്ടി
മൈലം ഗ്രാമപഞ്ചായത്ത്
കുടുംബശ്രീ സിഡിഎസ്സ്

കുടുംബശ്രീ ആഫീസിൽ നിന്നും അനുഭവകഥ എഴുതണമെന്ന നിർദ്ദേകമുണ്ടായപ്പോൾ ആദ്യം എനിക്ക് ചിരിയാണ് വന്നത്. രണ്ട് പുസ്തകം എഴുതിയാലും തീരാത്ത കഥകൾ എന്റെ ജീവിതത്തിലുള്ളപ്പോൾ അനുഭവകഥയ്ക്ക് എന്ത് പഞ്ഞം!!

ഞാൻ കുടുംബശ്രീയിൽ വന്നിട്ട് 7 വർഷക്കാലമായി. എന്റെ ഭർത്താവിന് കുടുംബശ്രീ എന്ന് കേട്ടാൽ കലിയായിരുന്നു. അടുത്ത വീട്ടിലെ ചേച്ചി കൂടുംബശ്രീയിൽ അംഗമാകാൻ എന്നെയും വന്ന് വിളിച്ചപ്പോൾ അന്ന് എന്റെ ഭർത്താവ് ആ ചേച്ചിയെ വിളിച്ച തെറി ഇന്നും എന്റെ കാതിൽ മുഴങ്ങികേൾക്കുന്നു. !!

ശരിക്കും കുടിയനായ ഭർത്താവ്. ഒരാൺകുട്ടിയുമുണ്ട്. കൂലിവേല ചെയ്തുകിട്ടുന്നതിൽ പകുതിയും ഷാപ്പിൽ കൊടുക്കുവാനെയുള്ളു. എന്റെയും മകന്റെയും കാര്യത്തിൽ ഒരു ശ്രദ്ധയും ഇല്ല. പൈസചോദിച്ചാൽ അടിയും തൊഴിയും ബാക്കി. അടിയെ പേടിച്ച് മിണ്ടാൻ പോലും പോകില്ല. ചില ദിവസങ്ങളിൽ പട്ടിണി കിടന്നിട്ടുണ്ട്.

ഒരു ദിവസം ഭർത്താവ് രാത്രി കള്ളും കുടിച്ച് ഷാപ്പിൽ നിന്ന് ഇറങ്ങി മകന് പലഹാരവുമായി വീട്ടിലേക്ക് വരുന്ന വഴി വീട്ടിൽ നിന്ന് വളരെ അകലെയല്ലാത്ത ഒരു പൊട്ടകിണറ്റിൽ കാൽ വഴുതി വീണു. ആരോ നിലവിളികേട്ട് രക്ഷിച്ച് ആശുപത്രിയിൽ എത്തിച്ചു.

വലത് കാൽ ഒടിഞ്ഞു. തലയ്ക്ക് ഏഴ് സ്റ്റിച്ചിടേണ്ടതായി വന്നു. കാലിന് ഓപ്പറേഷൻ വേണ്ടി വന്നു. അന്ന് താലിമാല വിറ്റാണ് ഓപ്പറേഷൻ നടത്തിയത്. ഈ സമയങ്ങളിൽ ആശുപത്രിയിൽ ഞങ്ങൾക്ക് വേണ്ടുന്ന ആഹാരസാധനങ്ങൾ എത്തിക്കുവാനും എന്റെ കുട്ടിയെ നോക്കാനും ഒരു കുടുംബശ്രീ ചേച്ചിയുണ്ടായിരുന്നു.

ചേച്ചിയുടെ ആത്മാർത്ഥത കണ്ടിട്ടാകണം കുടുംബശ്രീയിൽ ചേർന്നുകൊള്ളാൻ ഭർത്താവ് പറഞ്ഞു. എനിക്ക് വളരെയധികം സന്തോഷം തോന്നി. അങ്ങനെ ഞാനും കുടുംബശ്രീയിൽ അംഗമായി.

മൂന്നുമാസങ്ങൾ കടന്നുപോയതറിഞ്ഞില്ല അദ്ദേഹം ഒരുവിധം സുഖം പ്രാപിച്ചുവന്നു. കൂടാതെ കള്ളുകൂടി നിശേഷം നിർത്തി എന്ന സന്തോഷവാർത്ത കൂടി എഴുതികൊള്ളട്ടെ.

മകൻ മൂന്നാം ക്ലാസ്സിലായി. ഇതിനിടെ ഞാൻ രണ്ടാമതും ഗർഭം ധരിച്ചു. ഇടയ്ക്കിടെ എന്നെ സഹായിക്കാൻ പാലക്കാട് കോളേജിൽ പഠിക്കുന്ന എന്റെ അനുജത്തി എത്തി. മാസങ്ങൾ പലതു കഴിഞ്ഞു. ഞാൻ ഒരു പെൺകുഞ്ഞിന് ജന്മം നൽകി. ഈ സമയം എന്റെ അച്ഛനോ, അമ്മയോ , സഹോദരനോ എന്നെ തിരിഞ്ഞു നോക്കിയില്ല. അനുജത്തി മാത്രം സഹായത്തിന്. ഇടയ്ക്കെപ്പോഴൊ ഭർത്താവിൻമേൽ അനിയത്തി സ്വാതന്ത്ര്യം എടുക്കുന്നതായി തോന്നി. ആ സംശയം ബലപ്പെട്ടു. തിരികെ കോളേജിലേക്ക് പോകാൻ ഞാൻ പറഞ്ഞെങ്കിലും അവൾ കൂട്ടാക്കിയില്ല. ഒരു തണുപ്പൻ മട്ട്. അവൾക്ക് പഠിക്കണമെന്ന് ആഗ്രഹം കുറഞ്ഞുവരുന്നതായും കണ്ടു. എന്നോടും കുഞ്ഞിനോടും ഒരകൽച്ച. എന്തെങ്കിലും പറഞ്ഞാൽ ദേഷ്യപ്പെടുന്ന അവസ്ഥ. ഞാൻ ആ.കെ അസ്വസ്ഥനായി. അവളരെ വിളിച്ച് ഞാൻ ചോദ്യം ചെയ്തു.

അവസാനം അവൾ ആ സത്യം പറഞ്ഞു ഒന്നരമാസം അവൾ ഗർഭിണിയാണെന്ന്. ആ വാർത്ത അറിഞ്ഞ ഞാൻ ഞെട്ടിപ്പോയി. കൂടാതെ എന്റെ ഭർത്താവിനെ വിട്ടുപിരിയാൻ പറ്റില്ല എന്ന് അവൾ കരഞ്ഞ് പറഞ്ഞപ്പോൾ ഭൂമി രണ്ടായി പിളർന്ന് അതിലേക്ക് താണ് പോയിരുന്നു എങ്കിൽ എത്രനന്നായേനെ എന്ന് ഞാൻ ആശിച്ചു.

ഒരു സുപ്രഭാതത്തിൽ ഭർത്താവിനേയും അനുജത്തിയേയും കാണാതായി. ഞാൻ ആകെ വിഷമിച്ചു. രണ്ടു കുട്ടികളേയും കെട്ടിപ്പിടിച്ച് ഞാൻ കരഞ്ഞു. എന്റെ അയൽക്കൂട്ട സഹോദരിമാർ ഓടിയെത്തി. അവരെന്നെ ആശ്വസിപ്പിച്ചു. ഒരു മാസത്തേക്ക് വേണ്ട എല്ലാ വീട്ടുസാധനങ്ങളും വീട്ടിലെത്തിച്ചു. തളർന്ന് ഇങ്ങനെ ഇരിക്കാതെ അവരുടെ മുന്നിൽ നല്ലതായി ജീവിച്ച് കാണിച്ച് കൊടുക്കാൻ അവർ എന്നെ ഉപദേശിച്ചു.

എനിക്കും തോന്നി എന്റെ കൂടപ്പിറപ്പ് തന്നെ എന്നെ ഈ വിധമാക്കി. സ്വന്തം കാലിൽ നിൽക്കാൻ ഒരു ജോലി ആവശ്യമായി വന്നു. ഞാൻ അയൽക്കൂട്ട സെക്രട്ടറിയോട് പറഞ്ഞു. അവർ എനിക്ക് വേണ്ടി ജോലി അന്വേഷിച്ചുകൊണ്ടിരുന്നു. ഇതിനിടയിൽ കശുവണ്ടിപ്പരിപ്പ് എടുത്ത് വീട്ടിലിരുന്ന് തന്നെ ജോലി ചെയ്യാനും തുടങ്ങി. ഇങ്ങനെയിരിക്കെ ഞാൻ സിഡിഎസ്സ് മെമ്പറും ആയി.

ഒരിക്കൽ പഞ്ചായത്താഫീസിൽ എം.ഐ.എസ്സ്.ചെയ്യാൻ വന്നിരിക്കെ എന്റെ കഥ കേട്ട അക്കൗണ്ടന്റ് എനിക്ക് പ്രൈവറ്റ് സ്ഥാപനത്തിൽ ഒരു ജോലി തരപ്പെടുത്തി തരുകയും ചെയ്തു. ഇപ്പോൾ അല്ലലില്ലാതെ എന്റെ കുടുംബം മുന്നോട്ട് പോകുന്നു. ഇതിനെല്ലാം എന്നെ സഹായിച്ചതും നേർവഴികാട്ടിത്തന്നതും എന്റെ കുടുംബശ്രീയാണ്.

---

# *ജന്മസാഫല്യം*

33

***നദീറ സൈയ്ഫുദ്ദീൻ***
കുളത്തൂപ്പുഴ സി.ഡി.എസ്സ്

തിരുവനന്തപുരം ജില്ലയിൽ ഇടവ ഗ്രാമപഞ്ചായത്തിൽ കാപ്പിൽ എന്ന ഒരു ചെറിയ ഗ്രാമത്തിൽ സാധാരണ ഒരു മുസ്ലീം കുടുംബത്തിലെ പത്താമത്തെ പുത്രിയായിട്ടാണ് ഞാൻ ജനിച്ചത്. പ്രകൃതിരമണീയമായ ഒരു ഗ്രാമമാണ് എന്റേത്. കടലും കായലും സംഗമി ക്കുന്ന കാപ്പിൽ എന്ന കൊച്ചുഗ്രാമം. കുടുംബത്തിലെ എല്ലാവരുടേയും പൊന്നോമനയായി ട്ടാണ് ഞാൻ വളർന്നത്. ആ കാലഘട്ടത്തിൽ പ്രത്യേകിച്ച് മുസ്ലീം സമുദായത്തിലെ സ്ത്രീകൾ വീട്ടുനുള്ളിൽ നിന്നും പുറത്ത് ഇറങ്ങാത്ത ഒരു സാഹചര്യമാണ് ഉണ്ടയിരുന്ന ത്. ഒരു മുസ്ലീം സ്ത്രീ ഒറ്റയ്ക്ക് പുറത്ത് ഇറങ്ങിയാൽ അവർ എന്തൊ വലിയ അപരാധം ചെയ്ത രീതിയിലാണ് എല്ലാവരും നോക്കികാണുന്നത്. 1993ൽ എന്റെ വിവാഹം കഴിഞ്ഞു. കൊല്ലം ജില്ലയിൽ കുളത്തുപ്പുഴ പഞ്ചായത്തിൽ പോലീസ് കോൺസ്റ്റബിളായ സൈഫുദ്ദീ നാണ് എന്നെ വിവാഹം കഴിച്ചത്. അവരുടെ കുടുംബവും ഒരു യാഥാസ്ഥിതിക മുസ്ലീം കുടുംബമാണ്. ഭർത്താവ് ഒരു പോലീസ് ഉദ്യോഗസ്ഥനാണെങ്കിൽ പോലും എനിക്ക് അധിക സ്വാതന്ത്ര്യമൊന്നുമില്ലായിരുന്നു. 2001–02 കാലഘട്ടത്തിലാണ് ഞാൻ കുടുംബശ്രീ യിൽ എത്തുന്നത്. എന്റെ അയൽപക്കത്തുള്ള കൂട്ടുകാരാണ് എന്നെ കുടുംബശ്രീയിൽ കൊണ്ടുവന്നത്. പക്ഷേ എന്റെ കുടുംബത്തിൽ ആർക്കുംതന്നെ ഈ തീരുമാം അത്ര ഇഷ്ട മായിരുന്നില്ല. ഇതൊന്നും നല്ല ആളുകൾക്ക് ചേർന്നതല്ല. നീ ഇനിലൊന്നും ചേരരുത് എന്നായിരുന്നു ഇവരുടെ വാദം. ഈ എതിർപ്പുകളെയെല്ലാം അവഗണിച്ചുകൊണ്ടാണ് ഞാൻ കുടുംബശ്രീയിൽ വന്നത്. എന്റെ ജീവിതത്തിൽ ഒരിക്കലും മറക്കാൻ പറ്റാത്ത ഒരനു ഭവം നിങ്ങളുമായി പങ്ക് വയ്ക്കുകയാണ്. എന്റെ വിവാഹം കഴിഞ്ഞ് വർഷങ്ങളോളം കുട്ടി കളില്ലാതെ അതിന്റെ ചികിത്സയ്ക്കായി ഞാനും എന്റെ ഭർത്താവും കൂടെ ആശുപത്രിയിൽ

പോകുന്നതിനുവേണ്ടി ബസ്റ്റോപ്പിൽ എത്തിയപ്പോൾ പ്രതീക്ഷിച്ച ബസ് പോയി കഴിഞ്ഞു. അതുകൊണ്ട് അടുത്ത ബസ്സിലെ ആദ്യത്തെ യാത്രക്കാർ ആകേണ്ടി വന്നു.

ബസ് പുറപ്പെടാൻ സമയമാകാത്തതിനാൽ ബസിലെ വിരവിലെണ്ണാവുന്ന യാത്രക്കാരെ നല്ലതുപോലെ ശ്രദ്ധിച്ചു. അതിലെ യാത്രക്കാരിയായ ആ പേൺകുട്ടിയേയും ഞങ്ങളുടെ എതിർവശത്തെ സീറ്റിൽ ആയിരുന്നു. ആ പെൺകുട്ടി ഇരുന്നത്. അത്ര ശ്രദ്ധിക്കത്തക്ക സൗന്ദര്യം ഉണ്ടായിരുന്നില്ലെങ്കിലും അവളുടെ ഓജസ്സുറ്റ കണ്ണുകളും തുടുത്തു. ചവന്ന കവിൾത്തടങ്ങളും കണ്ടപ്പോൾ എന്റെ സതീർത്ഥ്യയെ ഓർമ്മിക്കും വിധമായിരുന്നു. തോളറ്റംവരെമാത്രം മുടി ഫാഷനായിരുന്ന ഈ കാലത്ത് പക്ഷേ...... അവളുടെ നീളൻമുടി മെടഞ്ഞ് മുന്നിലേക്കിട്ടിരുന്നു. ക്ലിപ്പും സീറ്റും തമ്മിൽ ചേർന്ന് പുറംവേദനിക്കുന്നതിനാലാവാം അവൾ മുടി മുന്നിലേക്കിട്ടിരുന്നത്. വെള്ള ചുരിദാർ ഇട്ടിരുന്നതുകൊണ്ടാകാം അവളുടെ മുടി കൂടുതൽ ഭംഗിയായി തോന്നിയത്. അവളുടെ അസ്വസ്തത ഉളവാക്കുന്ന ഇരിപ്പും കൂടെക്കൂടെയുള്ള വാച്ചിലോട്ടുള്ള നോട്ടവും കണ്ടാൽ അറിയാം, എവിടെയോ അത്യാവശ്യാമായി പോകുകയാണമെന്ന്.

ബസ് പുറപ്പെടാനുള്ള ബല്ല് കണ്ടക്ടർ കൊടുത്തപ്പോൾ യാത്രക്കാർ തിക്കിതിരക്കി ബസിനുള്ളിലേക്ക് കയറാൻ തുടങ്ങി. തിരക്ക് കാരണം ആ കുട്ടിയിലുള്ള എന്റെ ശ്രദ്ധ പിന്നെ എങ്ങോട്ടോ ആയിപ്പോയി. ബസ് പുറപ്പെട്ടു കഴിഞ്ഞു. അടുത്ത സ്റ്റോപ്പിൽ ബസ് നിർത്തിയപ്പോൾ അവിടെ നിന്നും ഒരു പ്രായമായ സ്ത്രീ കയറി ആ പെൺകുട്ടിയുടെ സീറ്റിൽ ഇരുന്നു. വീണ്ടും ബസ് പല സ്റ്റോപ്പുകളിലും നിർത്തുകയും ആളുകൾ കയറുകയും ചെയ്തു. സൈഡ് സീറ്റും ചെറിയ കാറ്റുമുള്ളതിനാൽ ഞാനൊരു മയക്കത്തിലേക്ക് അറിയാതെ വഴുതിവീണു.

ഒരു പെൺകുട്ടിയുടെ അലമുറയിട്ട കരച്ചിൽ കേട്ടാണ് ഞാനുണർന്നത്. ഞാൻ ശ്രദ്ധിച്ചു. അതേ അവൾ ആ പെൺകുട്ടിയായിരുന്നു. ബസ് സ്റ്റോപ്പിലല്ലാതെ നിർത്തിയിട്ടിരിക്കുകയും ആൾക്കാരുടെ പിറുപിറുക്കലും. ഞാനിവരുടെ ആരുമല്ല. ഞാൻ കോളേജിൽ പോകാൻ വന്നതാണ്. എനിക്ക് ഭ്രാന്തില്ല. ഇതാ എന്റെ ഐഡന്റിറ്റി കാർഡ്, ഇതെങ്കിലും ഒന്ന് നോക്കണേ... ഇതൊന്നും കേൾക്കാത്ത മട്ടിൽ കണ്ടക്ടറും ഏതാനും യാത്രക്കാരും ചേർന്ന് അവളെ പിടിച്ച് വെളിയിലാക്കാൻ ശ്രമിക്കുന്നു. പെൺകുട്ടി കുതറി പിന്നോട്ട് മാറാനും നോക്കുന്നു. ആ പ്രായമായ സ്ത്രീ കരഞ്ഞ്കോണ്ട് വെളിയിൽ നിന്ന് അവളെ പുറത്തേക്ക് ആക്കാൻ നോക്കുന്നു. ഇത് വിധിയാണ്. ഇവരുടെ അച്ഛൻ എന്നെ ഉപേക്ഷിച്ച് പോയിട്ട് 15 വർഷമായി ഇപ്പോൾ ദാ ഇങ്ങനെയും.

ഞാൻ ആടുത്തിരുന്ന സ്ത്രീയോട് കാര്യംതിരക്കി. അപ്പോൾ അവർ പറഞ്ഞു ആ പെൺകുട്ടിക്ക് ഭ്രാന്താണ് അവളുടെ അമ്മയാണ് കൂടെയുള്ളത്. കോളേജിൽ പോകുന്നുവെന്നു പറഞ്ഞാണ് മകളെ അവർ ഭ്രാന്താശുപത്രിയിലേക്ക് കൊണ്ടുവന്നത്. ഹോസ്പിറ്റൽ ജംഗ്ഷൻ എത്തിയപ്പോൾ അവർ ഇറങ്ങിയില്ല. അതാ എല്ലാവുരും ചേർന്ന്

പിടിച്ചിറക്കാൻ നോക്കുന്നത്. ഇതുപോലെ ഓരോ മാരണങ്ങൾ വന്ന് വണ്ടിയിൽ കയറി മറ്റുള്ളവരെ ബുദ്ധിമുട്ടിക്കുന്നത് ശരിയാണോ? ഇവർക്ക് ഒരു ടാക്സി പിടിച്ച്പോകരുതോ.

അവർ പറഞ്ഞത് എല്ലാം കേട്ടില്ല. ഏതോ ഒരു പ്രത്യേക ശക്തിയുടെ പ്രേരണയാലെന്ന പോലെ ഞാൻ മറ്റുള്ളവരെ തട്ടിമാറ്റി ബസ്സിന്റെ ഫുഡ്ബോർഡിൽ വരെയെത്തിയ പെൺകുട്ടിയെ ഒരാൾക്കൂട്ടത്തിനോടും സംസാരിച്ചിട്ടില്ലാത്ത ഞാൻ ഒരുൾപ്രേരണയോടെ പറഞ്ഞു. ഞാൻ ശ്രദ്ധിച്ചതാണ് ബസ്സ്റ്റാന്റിൽ നിന്നേ ഈ കുട്ടി ഞങ്ങളുടെ കൂടെ ബസ്സിൽ ഉണ്ടായിരുന്നു. ഇവർ അടുത്ത സ്റ്റോപ്പിൽ നിന്നാണ് കയറിയത്. അപ്പോൾ പെൺകുട്ടി ഒരാശ്വാസത്തോടെ, ഞാനിത് ഇവരോട് പറഞ്ഞിട്ട് കേൾക്കുന്നില്ല. ചേച്ചി. എനിക്ക് ഭ്രാന്താണെന്ന് പറഞ്ഞ് ഈ സ്ത്രീയോടൊപ്പം തള്ളിവിടുകയാണ് ഇവരെല്ലാം. ഞാൻ ഉച്ചത്തിൽ സംസാരിച്ചപ്പോൾ എന്റെ ഭർത്താവും എന്നോടൊപ്പം ചേർന്നു. ഇതേയും ആയപ്പോഴേക്കും ആ സ്ത്രീ അവരെ കോണ്ടുപോകാൻ എന്നപ്പോലെ അവിടെ നിർത്തിയിട്ടിരുന്ന ഒരു മാരുതി ഓമിനിയിൽ കയറി പെട്ടന്ന് സ്ഥലം വിട്ടു. കറുത്ത ഗ്രാസ്സ് ഇട്ടിരുന്നതിനാൽ ആ വണ്ടിയിലുള്ള മറ്റുള്ളവരെ ആർക്കും കാണാൻ കഴിഞ്ഞിരുന്നില്ല. കാര്യങ്ങളെല്ലാം ഒരുവിധം മനസ്സിലാക്കിയ യാത്രക്കാർ സഹതാപത്തോടെ ആ കുട്ടിയെ നോക്കി അപ്പോൾ കണ്ടക്ടർ ചോദിച്ചു. പിന്നെ നിങ്ങളുടെ ടിക്കറ്റ് അവരാണല്ലോ എടുത്തത്. രണ്ട് ഹോസ്പിറ്റൽ ജംഗ്ഷൻ എന്നു പറയുകയും ചെയ്തു. മാത്രമല്ല ഹോസ്പിറ്റൽ ജംഗ്ഷൻ അടുത്ത് എത്താറായപ്പോൾ ഞങ്ങളോട് ഇങ്ങനെ പറയുകയും ചെയ്തു. ഇത് എന്റെ മകളാണ് അവൾക്ക് മാനസിക അസുഖമാണ്. കോളേജിൽ പോകാനാണെന്നു പറഞ്ഞുകോണ്ട് വന്നതാ നിങ്ങൾ ഒന്നു സഹായിക്കണേയെന്ന്. ഒരു നിമിഷത്തിന്റെ വ്യത്യാസത്തിൽ ഒരപകടത്തിൽ നിന്ന് രക്ഷനേടാൻ കഴിഞ്ഞുവെന്ന സത്യം അംഗീകരിക്കാൻ പ്രയാസപ്പെട്ട വിറയലോടെയും, തോണ്ടയടച്ച ശബ്ദത്തിലും അവൾ പറഞ്ഞു. അവർ എന്റെ അടുത്ത് വന്നിരുന്നിട്ട് എവിടെയാണ് ഇറങ്ങേണ്ടതെന്നും, മോളുടെ പേര് എന്താണെന്നും എന്തിനാണ് പഠിക്കുന്നതെന്നും ചോദിച്ചശേഷം മോളെ എന്റെ കയ്യിൽ ചില്ലറയില്ല അതിനാൽ ഞാൻ ടിക്കറ്റ് എടുക്കാമെന്നും മോളുടെ കയ്യിലുള്ള ചില്ലറ പൈസ ഇങ്ങ് തന്നാൽ മതിയെന്നും പറഞ്ഞു. ഇടയ്ക്ക് അവർ തന്നാൽ മതിയെന്നും പറഞ്ഞു. ഇടയ്ക്ക് അവർ തന്നാൽ മതിയെന്നും പറഞ്ഞു. ഇടയ്ക്ക് അവർ ആർക്കോ ഫോൺ ചെയ്യുകയും ചെയ്തു. ഇത്രയും പറഞ്ഞ് അവൾ എന്റെ ദേഹത്തേക്ക് വീഴുകയായിരുന്നു. ചേച്ചീ....... നിങ്ങളെ ദൈവമാണ് അയച്ചത്, ഇല്ലെങ്കിൽ ഞാനിപ്പോ...... അത്രയും പറയാനേ അവൾക്ക് കഴിഞ്ഞുള്ള.

അപ്പോഴേക്കും പോലീസ് ഉദ്യോഗസ്ഥനായ എന്റെ ഭർത്താവ് ഒമിനിയുടെ നമ്പർ നോട്ട് ചെയ്യുകയും അടുത്ത പോലീസ് സ്റ്റേഷനിൽ വിവരം അറിയിക്കുകയും ചെയ്തിരുന്നു. തുടർന്ന് പ്രതികളെ പോലീസ് കൈയ്യോടെ പിടികൂടി. പിന്നോട്ട് അറിയാൻ

കഴിഞ്ഞത് അതൊരു വൻപെൺവാണിഭ സംഘമായിരുന്നുവെന്നും ആ സ്ത്രീ അതിലെ കണ്ണിയായിരുന്നുവെന്നുമാണ്.

പെൺവാണിഭ കേസുകളിലെ ഇരകളായ പെൺകുട്ടികളെ ഓർമ്മച്ച് സഹതപിക്കുകയും നിരത്തുകൾതോറും അവരുടെ അവസ്ഥ വിവരിച്ച് ഘോരഘോരം പ്രസംഗിക്കുന്നവരുമായ സ്ത്രീസംഘടനകൾ ഒന്നു ശ്രദ്ധിക്കുക അവരെ ഈ വഴികളിലേക്ക് തള്ളിവിടുന്നതിന്റെ മുഖ്യപങ്കും സ്ത്രീതന്നെയാണ് വഹിക്കുന്നതെന്ന്. ….. നമ്മൾ ഓരോ സ്ത്രീയെ സാമ്പത്തിക ലാഭമോർത്ത് മറ്റൊരു സ്ത്രീയെ വഞ്ചിക്കാതിരുന്നാലും കൃത്യസമയത്ത് പെൺകുട്ടികളെയെങ്കിലും ഇതുപോലെ നമുക്ക് രക്ഷിക്കാൻ സാധിച്ചേക്കും.

ഒരു കുഞ്ഞില്ലാത്ത വിഷമം പറഞ്ഞ് സർവ്വശക്തനോട് കണ്ണുകൾ നിറഞ്ഞ് പ്രാർത്ഥിക്കുമ്പോൾ മറ്റൊരു കുഞ്ഞിനെ വലിയൊരാപത്തിൽ നിന്നും രക്ഷിച്ച ചാരിതാർത്ഥ്യം ഇന്നും എനിക്ക് കരുത്ത് നൽകുന്നു.

ഒരുപക്ഷേ കുടുംബശ്രീ സംഘടനാ സംവിധാന രുംഗത്ത് ഞാൻ കടന്നുവരുന്നതിന് മുമ്പേയാണ് ഈ സംഭവം നടന്നതെങ്കിൽ ഞാനും ആബസിലെ സാധാരണ യാത്രക്കാരേപ്പോലെയിരുന്ന് തലയിൽ സാരി പുതച്ച് ഒന്നുകൂടെ വലിച്ചിട്ട് ഇരുന്നുറങ്ങുമായിരുന്നു. അത് എന്റെ കുറ്റമല്ല. എന്നെപ്പോലെ പ്രതികരണശേഷി നഷ്ടപ്പെട്ട സ്ത്രീസമൂഹത്തിന്റെ പൊതുവായുള്ള പ്രശ്നമാണ്. എന്നാലിന്ന് വിഷയങ്ങളിൽ ഇടപെടുന്നതിനും അതിലെ ന്യായാന്യായങ്ങൾ ബോദ്ധ്യപ്പെട്ട് പ്രവർത്തിക്കുന്ന തിനും എനിക്ക് കരത്തുണ്ടായിരിക്കുന്നു. ഇതാണ് ശരിയായ ശാക്തീകരണം. അതുതന്നെയാണ് കുടുംബശ്രീ ലക്ഷ്യവും……

# ( ായം തളർത്താത്ത കർമ്മവീര്യം

34

**ഇ ചെല്ലമ്മയമ്മ**

**ശാസ്താംക്കോട്ട ഗ്രാമഞ്ചായത്ത്**

**കുടുംബശ്രീ സി ഡി എസ്**

കൊല്ലം ില്ലയിൽ ശാസ്താംക്കോട്ട ഗ്രാമഞ്ചായത്തിൽ മിക്കര കിഴക്ക് ത്താം വാർഡിൽ ( വർത്തിക്കുന്ന തനിമ കുടുംബശ്രീ യൂണിറ്റിലെ ഒരംഗമാണ് ഞാൻ. എന്റെ േ ര് ഇ.ചെല്ലമ്മയമ്മ.

ഞങ്ങളുടെ യൂണിറ്റ് ( വവർത്തനം ആരംഭിച്ചിട്ട് ഈ വരുന്ന ഒക്ടേബറിൽ 10 വർഷം തികയുകയാണ്. ആദ്യത്തെ നാലുവർഷക്കാലം യൂണിറ്റിന്റെ ( സിഡന്റായി ഞാനും സെക്രട്ടറിയായി റ്റി.ആർ ബീനയും ( വർത്തിച്ചു. ന്നെനിക്ക് 59 വയസ്സ് ( ായമുണ്ടായിരുന്നു. യൂണിറ്റിന്റെ ( സിഡന്റായിരുന്ന കാലയളിൽ എല്ലാവരേയും ഒന്നിച്ചു കൊണ്ടു േ ാകുവാനും യൂണിറ്റിന്റെ ുരോഗതിക്കും വേണ്ടി ഒരു ാട് ( യ്തിച്ചിട്ടുണ്ട്. ( യ്നത്തിന് 90% ഫലമുണ്ടായിട്ടുണ്ട് എന്ന് തന്നെ റയുവാനും കഴിയും .

യൂണിറ്റ് തുടങ്ങുന്ന കാലത്ത് ഞാൻ ശുവിനെ വളർത്തിയും ച്ചക്കറി കൃഷിചെയ്തും വീട്ടുകാര്യങ്ങൾ നോക്കിയും കഴിയുകയായിരുന്നു. ഉള്ള സ്വത്തുക്കൾ മുഴുവനും മക്കൾക്ക് വീതംവച്ചു നൽകി കൈയ്യിലൊന്നുമില്ലാതെ വീർപ്പുമുട്ടുന്ന വസ്ഥയായിരുന്നു. യൂണിറ്റിന്റെ ( വർത്തനം എനിക്കു നല്ല കരുത്തും ഊർജ്ജവും നൽകി. ിന്നീടുതുവരെ എനിക്കു തിരിഞ്ഞുനോക്കുവാനോ ചിന്തിച്ചുനിൽക്കുവാനോ സമയം കിട്ടിയിട്ടില്ല. ആദ്യത്തെ കൂറേ നാൾ കാര്യങ്ങളറിയാതെ കച്ചുനിന്നു. ( ായംകൊണ്ട് നുഭവിച്ചറിഞ്ഞ കാര്യങ്ങൾ മറ്റുള്ളവർക്ക് റഞ്ഞുകൊടുത്ത് സധൈര്യം ഞാൻ മുന്നോട്ട് നീങ്ങി ഒരു വള്ളത്തിന്റെ ഇരുവശവും ഒരേമനസ്സോടെ ഞങ്ങൾ തുഴയുകയായിരുന്നു. ലപ്പോഴും മറിയുമെന്ന് തോന്നി. ിടിച്ചുനിന്നു, കരകേരി, കിട്ടാവുന്ന ആനുകൂല്യങ്ങളെല്ലാം ഞങ്ങൾ യൂണിറ്റിലെത്തിച്ചു. ഞങ്ങൾക്ക് ക്കൗണ്ട് ഉള്ള ഭരണ ിക്കാവ് ഇൻഡ്യൻ ബാങ്കിന്റെ ബ്രാഞ്ച് മാനേ ർ ബാങ്കിലെ മറ്റുസ്റ്റാഫുകൾ എല്ലാവരും ഞങ്ങൾക്കുതന്ന ിന്തുണ വളരെ വലുതാണ്. ങ്ങനെ തനിമ ( ശസ്തിയിൽ നിന്നും ( ശസ്തിയിലേക്ക് ഉയർന്നു. തിനിടയിൽ ( സിഡന്റും സെക്രട്ടറിയുമാകാൻ ടുത്ത ആളുകളെ ( ാ ്തരാക്കി ധികാരം ഒഴിഞ്ഞുകൊടുത്തു.

യൂണിറ്റ് തുടങ്ങിയ ടുത്തനാളുകളിൽ തന്നെ ഞങ്ങൾ രിപ്പൊടി, ഗോതമ്പു ൊടി, മഞ്ഞൾ ൊടി, മുകളു ൊടി, മല്ലി ൊടി, ഉലുവാ ൊടി തുടങ്ങിയവ ഉത് ാദിപ്പിക്കാൻ തുടങ്ങി. ംഗങ്ങൾ വർക്കറിയാവുന്ന വിധം വി ണനവും തുടങ്ങി. ആദ്യത്തെ രണ്ടുവർഷം യൂണിറ്റിന്റെ ലാഭം ഓരോ സ്ത്രീക്കും തുല്യമായി വീതിച്ചു. എന്നാൽ ഇത് യൂണിറ്റിന്റെ വി ണന ്ര വർത്തനത്തെ മെച്ചപ്പെടുകത്തുകയില്ല എന്നു മനസ്സിലാക്കി. ിവണനത്തിനനുസരിച്ച് ലാഭവിഹിതം എന്നു തീരുമാനിച്ചു. മൂന്നാമത്തെ വർഷം എനിക്ക് 6000/ രൂ കിട്ടി തുടർന്ന് 46190, 59237 ഇങ്ങനെ ലഭിച്ചു. ലാഭവിഹിത വിതരണ ചടങ്ങിൽ ക്ഷണിക്കപ്പെട്ടവരും കൂടെയുള്ളവരും ഭിനന്ദനത്തിന്റെ ൂച്ചെണ്ടുകൾ കൊണ്ട് ൊതിയുന്നത് മറക്കാനാവാത്ത ഒരനുഭവമാണ്, ലാഭവിഹിതം കിട്ടിയ തുകയിൽ നിന്നും 1 ലക്ഷം രൂ ലതവണകളായി ബാങ്കിൽ നിക്ഷേ ിച്ചിട്ടുണ്ട്. കുടുംബശ്രീയിൽ ചേരുന്നതിനുമുൻ ് എനിക്ക് ബാങ്കിൽ േ ാകുവാനോ വിടെയുള്ള വരുമായി സൗഹൃദം കൂടുവാനോ കഴിഞ്ഞിട്ടില്ല. എന്നാൽ ഇന്ന് ഞങ്ങളുടെ യൂണിറ്റിന്റെ ഉത്പ്പന്നങ്ങൾ വാങ്ങി ഉ യോഗിക്കുന്നവരാണ് ബാങ്കിൽ വർക്കു ചെയ്യുന്നവരിൽ ഏറിയ ങ്കും.

2010 ൽ കൃഷിഭവനിൽ നിന്നും ഏറ്റവും മികച്ച ച്ചക്കറി ചെയ്യുന്നവർക്കുള്ള കർഷക വാർഡ് ൊതുതടങ്ങിൽ വച്ച് ഏറ്റുവാങ്ങാൻ കഴിഞ്ഞത് മഹാ ഭാഗ്യമായിരുന്നു. തുേ ാലെ 2012 ൽ ശാസ്താംക്കോട്ട ഗ്രാമഞ്ചായത്തിലെ കുടുംബശ്രീ സി.ഡി.എസ്ൽ ഏറ്റവും കൂടുതൽ ലാഭവിഹിതം വാങ്ങിച്ച ആൾക്ക് ഓണം വി ണന മേളയുടെ സമാ ന സമ്മേളനത്തിൽ ൊന്നാടയണിപ്പിച്ച് ഉ ഹാരം നൽകി ആദരിച്ചപ്പോഴുണ്ടായ നുഭവം ഒരുക്കലും മറക്കാൻ കഴിയില്ല. ഇതിനൊക്കെയുള്ള നന്ദിയും കടപ്പാടും എനിക്ക് എന്റെ കുടുംബശ്രീ ്ര സ്ഥാനത്തോടാണ്.

യൂണിറ്റ് തുടങ്ങുന്ന കാലത്ത് മറക്കാനാവാത്ത ഒരനുഭവമുണ്ടായി. ഞങ്ങൾ കമ്മിറ്റി കൂടികൊണ്ടിരുന്നപ്പോൾ ഓണക്കച്ചവടത്തിനായി ഉൽപ്പന്നങ്ങളുമായി ഞങ്ങളുടെ തൊട്ടടുത്തുള്ള കശുവണ്ടി ഫാക്ടറിയുടെ ടിക്കൽ ബോണസ് ദിവസം േ ാകുന്നതിനേ ക്കുറുച്ച് ആലോചിച്ചു. സെക്രട്ടറിയും ്ര സിഡന്റുമായിരുന്ന ഞാനും ബീനയും തീരുമാനിച്ചു. എപ്പോഴാണ് ബോണസ്സ് എന്നൊന്നും റിയില്ല. ബിസിനസ്സിൽ രിചയവുമില്ല. വീട്ടുേ ാലികളൊക്കെ ഒതുക്കി 12 മണിയായപ്പോൾ ഒരു ഓട്ടോറിക്ഷയിൽ സാധനങ്ങളുമായി ഫാക്ടറി ടിക്കൽ ചെന്നിറങ്ങി. ഫാക്ടറി ടിക്കൽ ഒരാളുമില്ല, മറ്റ് കച്ചവടക്കാർ വരുടെ സാധനങ്ങൾ റക്കിക്കെട്ടുന്നു. ന്വേഷിച്ചപ്പോൾ ബോണസ്സും വാങ്ങി ആളുകൾ 11 മണിക്കു മുമ്പ് സ്ഥലംവിട്ടു. ഒന്നും വിൽക്കാതെ തിരിച്ചു യൂണിറ്റിൽ

ചെല്ലാൻ ഞങ്ങളുടെ ഭിമാനം നുവദിച്ചില്ല. ഞങ്ങൾ സാധനങ്ങൾ ബിഗ്ഷോപ്പറിൽ തൂക്കിപ്പിടിച്ച് വഴിയരികിലെ വീടുകളിലും കടകളിലും ഓഫീസുകളിലും കയറിയിറങ്ങി. തനിമ കുടുംബശ്രീ യൂണിറ്റിൽ ഉൽ ാദിപ്പിക്കുന്ന മേന്മയും ഗുണനിലവാരവും വൃത്തിയുമുള്ള സാധനങ്ങൾ വിറ്റഴിച്ചു തീർത്തു. ഇത് ഞങ്ങളുടെ മുന്നോട്ടുള്ള യാത്രയിൽ സാധനങ്ങൾ വില്ക്കുന്നതിനായി ആളുകളെ ഭിമുഖീകരിക്കുന്ന കാര്യത്തിൽ ഞങ്ങൾക്കൊരു ബുദ്ധിമുട്ടും ഉണ്ടാകാതിരിക്കാൻ കാരണമായി.

കുടുംബശ്രീ യൂണിറ്റിൽ ംഗമായതിനാൽ എനിക്ക് സമൂഹത്തിലെ വ്യത്യസ്ത തലങ്ങളിലുള്ളവരുമായി രിചയപ്പെടുവാൻ കഴിഞ്ഞു. ചിലരുമായെങ്കിലും സൗഹൃദം ുലർത്തുവാൻ കഴിഞ്ഞു. ഇതൊക്കൊ എന്റെ ീവിതത്തിലെ ഏറ്റവും വലിയ മുതൽക്കൂട്ടായി ഞാൻ സൂക്ഷിക്കുന്നു. സാമ്പത്തിക നേട്ടങ്ങളേക്കാൾ എത്രയോ വലുതാണ് ഇത്. ഈ ്ര ായത്തിലും ഇതിനൊക്കെ കഴിയുന്നു. എന്ന മഹാഭാഗ്യത്തെ ഞാൻ മനസാ കൂപ്പുകയാണ്.

കുടുംബശ്രീ യൂണിറ്റുകളിലൂടെ ഉൾപ്പന്നങ്ങൾ വി ണനം നടത്തുവാൻ വീടുവീടാന്തരം കയറി ഇറങ്ങി ഉത്പ്പന്നങ്ങൾ വിൽക്കുമ്പോൾ ഒരു കുടംബത്തിന് ഒരു മാസം എത്ര ഉൽപ്പന്നങ്ങൾ വേണ്ടിവരുമെന്ന് ഞാൻ മനസ്സിലാക്കുന്നു. തനുസരിച്ച് എല്ലാമാസവും വയൊക്കെ വർക്ക് കൊടുക്കുന്നു. കൃത്യമായി എല്ലാം ദിവസവും കണ ക്കെഴുതുന്നു. കൃത്യമായി രിശോധനിക്കുന്നു, ഒത്തുനോക്കുന്നു. കടം കൊടുക്കണം ണ ം തിരിച്ചെടുക്കണം. ശ്രമകരമായ േ ാലിയാണെങ്കിലും ഞാനതിൽ സന്തോഷിക്കുന്നു. എന്റെ കുടുംബവും കുടുംബശ്രീയും എന്നെ ്രേ ാത്സാഹിപ്പിക്കുന്നു. എനിക്ക് കരുത്തും ഊർജ്ജവും കരുന്നു. നമ്മൾ ഏതുകാര്യത്തിലും മനസ്സോടുകൂടി മുന്നിട്ടിറങ്ങിയാൽ വി യിക്കാൻ കഴിയുമെന്ന് എന്റെ നുഭവം കൊണ്ട് കേരളത്തിലെ മുഴുവൻ കുടുംബശ്രീ ്ര വർത്തകരെയും ഇതിനാൽ ഞാൻ റിയിക്കട്ടെ.

# *ജീവിതമത്സരം*

35

*ഗീതാകുമാരി*
*ചടയമംഗലം ഗ്രാമപഞ്ചായത്ത്*
*കുടുംബശ്രീ സിഡിഎസ്സ്*

ഞാൻ ചടയമംഗലം പഞ്ചായത്തിൽ മാടൻനട വാർഡിൽ ലക്ഷ്മി എന്ന കുടുംബശ്രീ യൂണിറ്റിൽ 10 വർഷമായി പ്രവർത്തിച്ചുവരുന്നു. 14 അംഗങ്ങളുമായി പ്രവർത്തനം ആരംഭിച്ച ഗ്രൂപ്പ് ഇന്നും നല്ല രീതിയിൽ മുന്നോട്ട് പോകുന്നു. ഗ്രൂപ്പിൽ ചേർന്നതിനുശേഷം സാമൂഹികമായും സാമ്പത്തികമായും ഒട്ടേറെ പുരോഗതി കൈ വരിച്ച വ്യക്തിയാണ് ഞാൻ. എം.എ.ബി.എഡ്, സെറ്റ് ഇവ പാസ്സായ ഞാൻ ഗവൺമെന്റ് ജോലി ലഭച്ചില്ലെങ്കിലും എന്റെ കുടുംബത്തിന് ഒരു നല്ല വരുമാനം ഉണ്ടാക്കി ജീവിക്കാൻ എനിക്ക് സാധിക്കുന്നുണ്ട്.

കുടുംബശ്രീയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വേളയിൽ മാനസ്സികമായി പീഡനമേറ്റ പല സംഭവങ്ങളുമുണ്ട്. 2004 ൽ ഞാനും 2 ഗ്രൂപ്പ് അംഗങ്ങളും കൂടി ജൈവകൃഷിയെക്കുറിച്ചുള്ള ഒരാഴച നീണ്ട ക്ലാസ്സിൽ പങ്കെടുത്തു. അതിനുശേഷം ഞങ്ങൾ സംഘകൃഷി നടത്താൻ തീരുമാനിക്കുകയും എന്റെ ഭർത്താവിന്റെ അച്ഛന്റെ പേരിലുള്ള സ്ഥലം ചോദിച്ചു വാങ്ങുകയും ചെയ്തു. പാട്ടച്ചീട്ട് എഴുതി വാങ്ങിയില്ല. ആ സ്ഥലത്ത് 125 ഏത്തവാഴക്കന്നും ഇടവിളകൃഷികളും ചെയ്തു. പുരുഷൻമാരെ കൂലിക്ക് നിർത്തി നിലം കോരിക്കുത്തിയാണ് അത് വളർത്തിയെടുത്തത്. അതിൽ 110 വാഴകൾ കുലച്ചു. വാഴ കുലച്ചു ഏകദേശം ഒരു മാസം കഴിഞ്ഞപ്പോൾ 2004 ഡിസംബർ 24 ാം തീയതി ക്രിസ്തുമസിന്റെ തലേദിവസം രാത്രി ചില സാമൂഹ്യദ്രോഹികൾ കുടുംബപ്രശ്നത്തിന്റെ പേരിൽ അവ മുഴുവൻ വെട്ടിക്കളഞ്ഞു. തൊട്ടടുത്തുള്ള ഒരു സ്ത്രീ അതിരാവിലെ വന്ന് എന്നോട് വിവരം പറഞ്ഞു. വിവരമറിഞ്ഞ ഞങ്ങൾ നിലവിളിച്ചുപോയി. ഹൃദയഭേദകമായ ആ കാഴ്ച കണ്ട് അമ്പരന്ന ഞങ്ങൾ ചടയമംഗലം പോലീസ്റ്റേഷനിൽ പരാതി നൽകി. പക്ഷേ ഈ പ്രവർത്തി ചെയ്തവർ തന്നെ സ്ഥലം ഉടമയെക്കൊണ്ട് കടയ്ക്കൽ സർക്കിൾ ഓഫീസർക്ക് ഒരു കത്തു നൽകി. എന്റെ നിലത്തിൽ നട്ടിരുന്ന വാഴ വെട്ടി നശിപ്പിച്ചതിന് എനിക്ക് പരാതി ഇല്ല എന്ന്. അതോടെ പാട്ടച്ചീട്ടില്ലാത്ത പുരയിടത്തിൽ കൃഷി ചെയ്തത് പാളിപ്പോയി. എന്റെ ഭർത്താവിനോടുള്ള വൈരാഗ്യം തീർക്കാൻ ചെയ്തതാണെങ്കിലും അതിൽ ബലിയാടായത് ഞങ്ങൾ കുടുംബശ്രീ പ്രവർത്തകരാണ്. പക്ഷേ സുമനസ്സായ അന്നത്തെ പഞ്ചായത്ത് പ്രസിഡന്റായ രമാദേവിഅമ്മ അവർകൾ ഇടപെട്ട് എല്ലാ കടുംബശ്രീ ഗ്രൂപ്പുകളിൽ നിന്നും 100 രൂപാ വീതം ധനസഹായം ചെയ്യണമെന്നറിയിക്കുകയും അതനുസരിച്ച് അന്നത്തെ കുടുംബശ്രീ ചെയർപേഴ്സണായിരുന്ന ശാന്തമ്മ അവർകൾ 2300 രൂപ ഞങ്ങൾക്ക് നൽകുകയും

ചെയ്തു. എണ്ണായിരത്തിലേറെ രൂപ നഷ്ടപ്പെട്ട ഞങ്ങൾക്ക് വളരെ ആശ്വാസമായിരുന്നു ആ നടപടി.

സർവ്വീസ് സഹകരണബാങ്കിൽ നിന്നും കാർഷികവായ്പയായി 14000 രൂപയ്ക്ക് തേനീച്ച വളർത്തുന്നതിനുള്ള പെട്ടിയും ഈച്ചയും സ്റ്റാന്റും തേനെടുക്കുന്നതിനുള്ള മെഷീനു കൃഷിഭവൻ വഴി വാങ്ങിതന്നു. അതിനെ ഏകദേശം 7 മാസക്കാലം പഞ്ചസാര ലായനി നൽകി പരിപാലിച്ചു. ഫെബ്രുവരി മാസത്തിലാണ് അതിൽ നിന്നും തേൻ ലഭിക്കുന്നത്. ആ സമയത്ത് പഞ്ചായത്തിൽ വച്ച് ഒരാഴ്ച തേനീച്ച വളർത്തൽ പരിശീലനം ഉണ്ടായിരുന്നു. ഞാനും അതിൽ പങ്കെടുത്തു. അവസാനദിവസത്തെ പരിശീലനക്ലാസ്സിൽ എല്ലാവരും കൂടി ജീപ്പിൽ എന്റെ വീട്ടിലെത്തി കുട്ടിലുള്ള ഈച്ചയേയും അതിൽ നിന്നും ഥേനെടുക്കുന്ന വിധവുമെല്ലാം നന്നായി ക്ലാസ്സെടുത്തു പഠിപ്പിച്ചു. അതിന്റേ മൂന്നാം ദിവസം അതിരാവിലെ ഞാനെണീറ്റപ്പോൾ കണ്ട കാഴ്ച ഈച്ചയുടെ കൂടും സ്റ്റാന്റും തൊട്ടടുത്തുള്ള പൊട്ടക്കിണറ്റിൽ കിടക്കുന്ന. കൂടിരുന്ന സ്ഥലത്ത് കൂട്ടമായി പറക്കുന്ന തേനീച്ചക്കൂട്ടം. 14000 രൂപയും പലിശയും പഞ്ചസാരയുടെ വിലയും ബാക്കിയായി. ഒരു വിധത്തിലും ഞാൻ മുന്നോട്ട് ജീവിക്കരുതെന്നാണ് ആ സാമൂഹ്യവിരുദ്ധരുടെ ഉദ്ദേശലക്ഷ്യം.

എന്നിട്ടും ഞാൻ തളർന്നില്ല. പഞ്ചായത്തിൽ വച്ച് നടത്തിയ കുടുംബശ്രീയുടെ സാരിപെയിന്റിംഗ് ആന്റ് ഫാബ്രിക്കേഷൻ പരിശീലനത്തിൽ പങ്കെടുത്തു നന്നായി പഠിച്ചു. ഈ പരിശീലനത്തിൽ നിന്നും സിദ്ധിച്ച കഴിവ് പ്രാവർത്തികമാക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ നിന്നും ഓരോ ഗ്രൂപ്പിനും 5000 രൂപാ വീതം ഗ്രാന്റ് നൽകി. അതിനുവേണ്ടി ഞങ്ങളുടെ ഗ്രൂപ്പിലെ 4 അംഗങ്ങൾ ചേർന്ന് കൊല്ലത്തുനിന്നും 5000 രൂപയുടെ പെയിന്റ് ചെയ്യാനുള്ള തുണിയും പെയിന്റും ബ്രഷുമെല്ലാം വാങ്ങി.ഇന്നും നല്ല രീതിയിൽ നടത്തുന്നു. അതോടൊപ്പം തന്നെ ഒന്നിച്ച് തുണിയെടുത്ത് സ്കൂളുകളിലും വീടുകളിലും വിൽക്കുകയും ചെയ്യുന്നു.

മുൻപ് സൂചിപ്പിച്ച അതേ സാമൂഹ്യദ്രോഹികൾ തന്നെ 2005 ഫെബ്രുവരി മാസം 22ാംം തീയതി ഞാൻ ആറ്റുകാൽ പൊങ്കാലയ്ക്ക് പോയിരുന്ന അവസരത്തിൽ എന്റേ എംഎ, ബി.എഡ്, സെറ്റ്, പ്രീഡിഗ്രി, പ്രീപ്രൈമറി സർട്ടിഫിക്കറ്റുകൾ , മാർക്ക്ലിസ്റ്റ് , എന്റെ കുട്ടികളുടെ ജനനസർട്ടിഫിക്കറ്റ്, ആശുപത്രി റിക്കോർഡുകൾ , എൽ.ഐ.സി ബോണ്ട് , രസീതുകൾ, എന്റെ വിലപിടിപ്പുള്ള പുസ്തകങ്ങൾ, ബാങ്കുപാസ്സ് ബുക്കുകൾ തുടങ്ങി അലമാരയിൽ സൂക്ഷിച്ചിരുന്നവയെല്ലാം അലമാര കുത്തിത്തുറന്നു തീയിട്ട് നശിപ്പിച്ചു. എസ്സ.എസ്സ.എൽ.സി. സർട്ടിഫിക്കറ്റ് കുടുംബവീട്ടിൽ ആയതിനാൽ അതുമാത്രം നശിപ്പിക്കാൻ കഴിഞ്ഞില്ല. കേസ് തൊടുത്തെങ്കിലും ദൃക്സാക്ഷികൾ ഇല്ലാത്തതിനാൽ കേസു തള്ളി. ഒടുവിൽ 20000 രൂപയോളം ചെലവാക്കി ഡ്യൂപ്ലിക്കേറ്റ് പകർപ്പുകൾ എടുത്തു. ഇവരുടെയൊക്കെ ഇടയിൽ നിന്നും ജീവിക്കാനുള്ള പ്രേരണയും ധൈര്യവും നൽകാൻ കുടുംബശ്രീ പ്രവർത്തകരും സാമൂഹ്യപ്രവർത്തകരും കുടുംബശ്രീ പ്രവർത്തനവും എന്നെ വളരെയേറെ സഹായിച്ചിട്ടുണ്ട്. അതിന്റെ ഫലമായി ചടയമംഗലം

പഞ്ചായത്തിലെ ഏറ്റവും നല്ല ഗ്രൂപ്പായി ഞങ്ങളുടെ ലക്ഷ്മി ഗ്രൂപ്പിനെ തെരഞ്ഞെടുക്കുകയും അവാർഡ് നൽകുകയും ചെയ്തിട്ടുണ്ട്. എല്ലാ പ്രതിസന്ധികളേയും തരണം ചെയ്ത് ആശാപ്രവർത്തകയായും ട്യൂട്ടോറിയൽ അധ്യാപികയായും വീടുകളിൽ ട്യൂഷൻ എടുത്തും സ്ത്രീപദവിസ്വയം പഠന പ്രക്രിയയുടെ ജില്ലതലത ആർ.പിയായും എഡിഎസ്സ് പ്രവർത്തകയായും ഞാനിന്നും ഈ സമൂഹത്തിൽ ജീവിക്കുന്നു. ഇതുപോലെ ഒരു നല്ല സാമൂഹ്യ പ്രവർത്തകയായി ജീവിക്കാൻ സർവ്വേശ്വരൻ അനുഗ്രഹിക്കേണമേ എന്നാണ് എന്റെ പ്രാർത്ഥന.

---

## *കുപ്പയിലെ മാണിക്യം*

36

സജീന

പുനലൂർ സിഡിഎസ്സ്

എന്റെ പേര് സജീന. ഞാൻ 14 വർഷമായി ബിസ്മില്ല അയൽക്കൂട്ടത്തിലെ അംഗമാണ്. ഞാൻ കുടുംബത്തോടൊപ്പം റെയിൽവേ പുറംമ്പോക്കിലെ ഒരു കുടിലിലാണ് താമസിച്ചുവരുന്നത്. 15 വർഷം മുമ്പ് എന്റെ വിവാഹം കഴിഞ്ഞു. വിവാഹശേഷമാണ് ഭർത്താവിന് തൊഴിൽ എടുത്ത് ജീവിക്കാൻ കഴിയില്ല എന്നറിഞ്ഞത്. കാരണം, വിവാഹത്തിന്

മുമ്പ് ആക്സിഡന്റിൽ കൈകാലുകളിൽ ഒടിവുകൾ പറ്റി കമ്പിയിട്ടിരിക്കുകയാണ്. 10 പവൻ സ്വർണ്ണവും 30,000 രൂപ അച്ചാരവും 50,000 രൂപ സ്ത്രീധനവും നൽകാമെന്നുള്ള കരാറിന്റെ അടിസ്ഥാനത്തിലായിരുന്നു. വിവാഹം നടന്നത്. എന്നാൽ 50,000 രൂപ സ്ത്രീധന തുക കൊടുക്കാനുള്ള കഴിവ് എന്റെ വീട്ടുകാർക്കില്ലായിരുന്നു. ഈ കാരണത്താൽ മൂന്നു മാസം ഗർഭിണിയായ എന്നെ എന്റെ വീട്ടിൽ തിരികെ കൊണ്ടാക്കി. സ്ത്രീധന തുക നൽകാത്ത തിനാൽ പ്രസവം വരെ എനിക്ക് എന്റെ വീട്ടിൽ തന്നെ നിൽക്കേണ്ടിവന്നു. പ്രസവം കഴിഞ്ഞ് എന്നെ കുഞ്ഞുമായി എന്റെ വീട്ടുകാർ ഭർത്താവിന്റെ വീട്ടിൽ കൊണ്ടു ചെന്നാക്കി. എന്നാൽ കുഞ്ഞിന് സ്വർണ്ണം ഇട്ടില്ലാ എന്ന കാരണത്താൽ വന്ന വണ്ടിയിൽ തന്നെ എന്നെയും കുഞ്ഞിനെയും തിരിച്ചയച്ചു.

കുഞ്ഞിന് സ്വർണ്ണം ഇടാൻ വേണ്ടി ഞാൻ പല വീടുകളിലും പശുവിനെ കറക്കുന്ന തിനും മറ്റു ജോലികളിലും ഏർപ്പെട്ടു. അതിൽ നിന്നും കിട്ടുന്ന തുശ്ചമായ വരുമാനം സ്വരൂ പിച്ച് കുഞ്ഞിനു മാലയിട്ടു അതിനുശേഷമാണ് ഭർത്താവിന്റെ വീട്ടിലേക്ക് എന്നെ കയറ്റി യത്.

വീണ്ടും സ്ത്രീധനപീഡനം തുടർന്നുകൊണ്ടേയിരുന്നു. ഇതു തുടർന്നപ്പോൾ സഹി യ്ക്കാൻ വയ്യാതെ കുഞ്ഞുമായി എന്റെ വീട്ടിലേക്ക് പോയി. അങ്ങനെ 3 വർഷങ്ങൾ കട ന്നുപോയി. ഈ സമയത്ത് എന്റെ വീട്ടുകാർ ബന്ധമൊഴിയണമെന്നുള്ള നിലപാടിലെത്തു കയും പള്ളിയിൽ അപേക്ഷ നല്കുകയും ചെയ്തു. എന്നാൽ ബന്ധം ഒഴിയുന്നതിനോട് എനിക്ക് യോജിപ്പില്ലായിരുന്നു. ഞാൻ എന്റെ ഭർത്താവിനോടൊപ്പം മാത്രമേ ജീവിക്കൂ എന്ന് വാശിപിടിച്ചു. ഞാൻ എന്റെ ഭർത്താവിനെ കാണുകയും ഞങ്ങൾ ഒരുമിച്ച് ജീവി ക്കാൻ തീരുമാനിക്കുകയും ചെയ്തു. അതോടു കൂടി എന്റെ വീട്ടിലും ഭർത്താവിന്റെ വീട്ടിലും ജീവിക്കാൻ പറ്റാത്ത അവസ്ഥയായി. എന്റെ കഴുത്തിലുണ്ടായിരുന്ന സ്വർണ്ണം വിറ്റ് റെയിൽവെ പുറംമ്പോക്കിൽ ഒരു കുടിൽ നിർമ്മിച്ച് അതിൽ താമസം ആരംഭിച്ചു. ഇത റിഞ്ഞ് ഭർത്താവിന്റെ വീട്ടുകാർ എന്റെ വീട്ടുകാരോട് വഴക്കുണ്ടാക്കി. ഈ വിഷമം താങ്ങാ നാവാതെ ഞാൻ മണ്ണെണ്ണ കുടിച്ച് ആത്മഹത്യയ്ക്ക് ശ്രമിച്ചു. ഇതറിഞ്ഞ് എന്റെ ഉമ്മ വണ്ടിയ്ക്ക് മുന്നിൽ ചാടി അത്മഹത്യക്ക് ശ്രമിച്ചു. രണ്ടു വർഷത്തിനു ശേഷം ഞാൻ രണ്ടാ മത്തെ കുഞ്ഞിന് ജന്മം നൽകി. എന്റെ ഉമ്മയ്ക്ക് ആക്സിഡന്റ് നഷ്ടപരിഹാര തുക ലഭിച്ച 50,000 രൂപ എനിക്ക് സ്ത്രീധനമായി തന്നു.

രണ്ടാമത് ജനിച്ച കുഞ്ഞു പെണ്ണായതിനാൽ ഭർത്താവും വീട്ടുകാരും ചേർന്ന് കുഞ്ഞിനെ ആശുപത്രിയിൽ വച്ച് തന്നെ മറ്റാർക്കോ നൽകാൻ ശ്രമിച്ചു. എന്റെ കുഞ്ഞിനെ

ഞാൻ തന്നെ വളർത്തുമെന്ന നിലപാടിൽ ഉറച്ചുനിന്നു. കുഞ്ഞിനെ വിൽക്കാൻ ശ്രമിച്ചത റിഞ്ഞ എന്റെ വീട്ടുകാർ പ്രകോപിതരാകുകയും ഭർത്താവിനെ ദേഹോപദ്രവം ഏൽപ്പിക്കു കയും ചെയ്തു. ഈ കാരണത്താൽ ഭർത്തൃഗൃഹക്കാർ അദ്ദേഹത്തെ കുട്ടി കൊണ്ടുപോവു കയും വേറെ വിവാഹം കഴിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു.

ഈ സമയം എന്റെ വീട്ടിലെ സ്ഥിതി വളരെ പരിതാപകരമായിരുന്നു. ആക്സി ഡന്റിൽ പരിക്ക് പറ്റി  കിടപ്പിലായിരുന്നു ഉമ്മ. ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്തുവന്ന ഞാൻ പ്രസവ ശുശ്രൂഷ ഒന്നും ലഭിക്കാതെ 7–ാം ദിവസം മുതൽ തന്നെ എന്റെ രണ്ടു പെൺ കുഞ്ഞുങ്ങളെ പോറ്റുന്നതിന് പശുവിനെ കറക്കുന്ന ജോലിയിൽ ഏർപ്പെട്ടു. എന്നാൽ മുന്നോട്ടുള്ള ജീവിതത്തിന് ഇതൊന്നും തികയില്ലായിരുന്നു. അർദ്ധ പട്ടിണിയോടെ ജീവിതം മുന്നോട്ടു പോയി. ഈ അവസരത്തിൽ അയൽക്കൂട്ടത്തിലെ സമ്പാദ്യത്തിൽ നിന്ന് 5000/ – രൂപ ലോൺ എടുത്ത് തയ്യൽ മെഷീൻ വാങ്ങി തയ്യൽജോലി യിൽ കൂടി ഏർപ്പെട്ടു. അപ്പോഴാണ് ഞങ്ങളുടെ കുടുംബശ്രീ അയൽക്കൂട്ടത്തിൽ നിന്നും പുനലൂർ നഗരസഭ  ഇളട ഒരു ഉണഇഡഅ ക്ലീനിംഗ് യൂണിറ്റ് തുടങ്ങുന്നതായി അറിയാൻ കഴിഞ്ഞത്. അങ്ങനെ ഞാനും അപേക്ഷിച്ചു. എന്നാൽ ചെറുപ്പക്കാരിയും കാഴ്ചയ്ക്ക് തര ക്കേടില്ലാത്തതുമായ എന്നെ അക്കാരണത്താൽ തന്നെ ആദ്യം യൂണിറ്റിൽ എടുത്തില്ല. പിന്നീട് എന്റെ ദയനീയാവസ്ഥ മനസ്സിലാക്കി എനിക്കും കൂടി അംഗത്വം നൽകി. നഗര ത്തിലെ ചപ്പുചവറുകൾ നീക്കുന്ന ജോലിയായിരുന്നു. 7 വർഷമായി എന്റെ കുഞ്ഞു ങ്ങളെയും കുടുംബത്തെയും പട്ടിണിയില്ലാതെ നോക്കാൻ കഴിയുന്നത് ഇതിൽ നിന്നുള്ള വരുമാനം കൊണ്ടാണ്. എന്റെ കുടിൽ മാറ്റി ഒരു ചെറിയ വീടുവവയ്ക്കാനും എനിക്കു കഴി ഞ്ഞത് ഇതിൽ നിന്നും കിട്ടിയ വരുമാനം കൊണ്ടാണ്. ഒരു ദിവസം ഞാൻ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ ഭർത്താവിന്റെ പെങ്ങളുടെ മക്കൾ എന്നെ കണ്ടുകൊണ്ട് അടുത്തുവരികയും കെട്ടിപ്പിടിക്കുകയും ചെയ്തു. ഇതു കണ്ട കുട്ടികളുടെ അമ്മ എച്ചിൽ പെറുക്കാൻ നടക്കുന്ന അവളെ തൊടണ്ട എന്നു പറഞ്ഞ് ഞാൻ നൽകിയ 10 രൂപ തിരികെ എന്റെ മുഖത്തേക്കെറിഞ്ഞ് നടന്നുപോയി. ഇതു കഴിഞ്ഞ് 3 മാസം കഴിഞ്ഞ് അവരുടെ ഭർത്താവിന് കിഡ്നി സംബന്ധമായ അസുഖം വരുകയും ഉണ്ടായിരുന്ന വസ്തു വകകൾ വിറ്റ് ചികിത്സിക്കുകയും ചെയ്തു. എന്റെ വരുമാനത്തിൽ നിന്നും അവരുടെ ചികിത്സയ്ക്കു പണം നൽകാൻ കഴിഞ്ഞു എന്നത് വളരെ ചാരിതാർത്ഥ്യത്തോടെ ഓർക്കുന്നു. പിന്നീട് അയാൾ മരണപ്പെടുകയും പ്രതിമാസം 1000/– രൂപ ഇപ്പോഴും ദൈവം നിശ്ചയം പോലെ ഞാൻ എച്ചിൽപെറുക്കുന്ന തുകയിൽ നിന്നും അവർക്കു നൽകുന്നു.

ഇപ്പോൾ എനിക്ക് എല്ലാവരുമുണ്ട്. ഭർത്താവും ഭർത്തൃബന്ധുക്കളും എന്നോടൊപ്പം സഹകരിക്കുന്നുണ്ട്. ഇത്തരത്തിൽ മരണത്തിൽ നിന്നും എന്നെ ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തിയ കുടുംബശ്രീയോടുള്ള എന്റെ കടപ്പാട് തീർത്താൽ തീരാത്തതാണ്.

37

## *ഉയർത്തെഴുന്നേൽപ്പ്*

***ഉമാകൃഷ്ണൻ.ജി,***
ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത്
കുടുംബശ്രീ സി.ഡി.എസ്സ്.

ഉമ്മന്നൂർ പഞ്ചായത്തിൽ, അണ്ടൂർ ദേശത്ത്, കട്ടിയാംകൊട് ജംഗ്ഷനിൽ, 'തപസ്യ' യിൽ താമസിക്കുന്ന ഞാൻ, സാമ്പത്തികമായി വളരെയധികം പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ ഒരംഗമായിരുന്നു.

പി.ഡി.സി കഴിഞ്ഞ് ഹെൽത്ത് വർക്ക് കോഴ്സിന് ഇൻസെന്റീവിന് സെലക്ഷൻ വന്ന സമയത്താണ് സ്ത്രീധനം വേണ്ട എന്ന് പറഞ്ഞ് ബന്ധുകൂടിയായ ഗൾഫുകാരന്റെ വിവാഹാലോചന വന്നത്. കോഴ്സ് പൂർത്തിയാക്കി ജോലി സമ്പാദിച്ച് സ്വന്തം കാലിൽ നിന്നിട്ടുമതി ഒരു വിവാഹ ജീവിതം എന്നായിരുന്നു എന്റെ ആഗ്രഹം.

പക്ഷേ, വിധി വൈപരീത്യത്താൽ 1995 ൽ എന്റെ വിവാഹംനടന്നു. സാമ്പത്തികമായി വളരെ മുന്നോക്കം നിൽക്കുന്ന കുടുംബമായിരുന്നു അവരുടേത്. ആ ദിവസം മുതൽ കയ്പ്നിറഞ്ഞ അനുഭവങ്ങളുടെ ആദ്യാക്ഷരം ഞാൻ കുറിച്ചു. ആഭരണങ്ങളുടെ കുറവ് കാരണമായി. വീട്ടിൽ നിന്നു വന്നവരെ ആക്ഷേപിച്ചു.

അവധി കഴിഞ്ഞ് അദ്ദേഹം തിരിച്ചു പോയി. അതിന് ശേഷം, എല്ലാ രീതിയിലുമുള്ള ദാരിദ്ര്യം ഞാൻ അനുഭവിച്ചു തുടങ്ങി. പതിനൊന്ന് മക്കളിൽ ഒരാളായിരുന്നു അദ്ദേഹം. അച്ഛൻ, അമ്മ, ഇളയ സഹോദരി എന്നിവരോടൊപ്പമായിരുന്നു ഞാൻ. എന്റെ അച്ഛൻ പാറപ്പണിക്കാരനായിരുന്നെങ്കിലും ദാരിദ്ര്യം എന്തെന്ന് ഞാനറിഞ്ഞിരുന്നില്ല.

22.01.1996ൽ ഞാൻ ആഗ്രഹിച്ചതുപോലെ ഒരു മകൻ പിറന്നു. 7ാ‍ാം മാസത്തിൽ അവന് മെനിഞ്ചൈറ്റിസ് വന്നു. മൂന്നാമത്തെ വയസ്സ് തികയുന്നതിന് ഒരു മാസം മുമ്പ് മോന് പനിയും ഛർദ്ദിയും ഇളക്കവും ഉണ്ടായി. സ്ഥിരം കണ്ടിരുന്ന ഡോക്ടറുടെ അഭാവത്തിൽ വേറൊരു ഡോക്ടറെകാണേണ്ടി വന്നു. മഞ്ഞപ്പിത്തത്തിന്റെ ചെറിയ ഒരംശം ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ കൈപ്പിഴ മൂലം എന്റെ കുഞ്ഞ് മരിച്ചു. മെനിഞ്ചൈറ്റിസ് വന്ന കുഞ്ഞിന് കൊടുക്കാത്ത റ്റാബ് ലറ്റ് ആണ് അദ്ദേഹം കുഞ്ഞിന് കൊടുത്തത്. അത് എന്റെ വിധി.

1999 ജൂലൈ 4-ാം തീയതി ഒരു മകൾ പിറന്നു. അവൾക്ക് 4 മാസമായപ്പോൾത്തന്നെ രണ്ടു കണ്ണിലും, ലെൻസിന് കാൻസർ ബാധിച്ചു. രണ്ടു കണ്ണും മാറ്റിവയ്ക്കാനാണ് ഡോക്ടർ പറഞ്ഞതെങ്കിലും, ഒന്നിനെ മാറ്റിക്കൊണ്ട് മറ്റേക്കണ്ണിന് ചികിത്സിച്ചു. പക്ഷേ ഫലമൊന്നുമുണ്ടായില്ല. അതും മാറ്റേണ്ടി വന്നു. എന്നിട്ട് ആർട്ടിഫിഷ്യൽ ഷെൽ വച്ചു.

മകൾക്ക് ഈ അസുഖം കൂടി ആയപ്പോൾ അവരുടെ വീട്ടുകാർക്ക് അംഗീകരിക്കാൻ ബുദ്ധിമുട്ടായി. രണ്ടുപേരും ഡോക്ടറെ സമീപിച്ചെങ്കിലും വിധിയാണെന്നേ ഡോക്ടർക്കും പറയാൻ കഴിഞ്ഞുള്ളു. രക്തത്തിന്റെ തകരാറുകൊണ്ട് ഇങ്ങനെയുള്ള അദ്ദേഹത്തിന് അഗീകരിക്കാൻ ബുദ്ധിമുട്ട്. ഇതിലും നല്ലത് ബന്ധം വേണ്ടെന്ന് വയ്ക്കുന്നതല്ലേ എന്ന് അദ്ദേഹം എന്നോട് ചോദിച്ചു. അതിനാൽ എനിക്ക് ആരോടും ഒന്നും ചോദിക്കേണ്ടി വന്നില്ല. അപ്പോൾ ഹോസ്പിറ്റലിൽ വച്ചു തന്നെ തീരുമാനമെടുക്കാൻ കഴിഞ്ഞു. ജീവനുതുല്യം സ്നേഹിച്ചിരുന്ന ആ വ്യക്തി മുഖത്തുനോക്കി ചോദിച്ചപ്പോൾ സന്തോഷഭാവത്തോടെ ഞാൻ അദ്ദേഹത്തെ പരിയാൻ തയ്യാറാണെന്ന് അറിയിച്ചു. അങ്ങനെ അദ്ദേഹം നേരിട്ടു വരാതെ അമ്മയുടെ പേരിൽ പവർ ഓഫ് അറ്റോർണി വച്ചു ജോയിന്റ് പെറ്റീഷനിൽ 2000ൽ ഡൈവേഴ്സ് ആയി. കുഞ്ഞിന് 1500/- രൂപ ചെലവിന് സമ്മതിച്ചുകൊണ്ട്. നഷ്ടപരിഹാരം 1 ലക്ഷം രൂപ. എന്റെ ശാപത്തെ ഞാൻ അതിജീവിക്കുന്നു. നമ്മളെ സ്നേഹിക്കാത്ത ഒരാൾക്കുവേണ്ടി എന്തിന് കരഞ്ഞു സമയം കളയണം. പിന്നെ ജീവിതത്തിൽ ഒന്നും കൂടുതൽ ആഗ്രഹിക്കരുത്. അത്രയക്ക് സിമ്പിൾ ആണ് ജീവിതം. അത്രയ്ക്ക് കർക്കശവുമാണ് ജീവിതം.

സ്നേഹിച്ചതെല്ലാം കതിരായി തീർന്നാൽ

മോഹത്തിനർത്ഥമുണ്ടോ?

മോഹിച്ചതെല്ലാം പുഴയത് തീർന്നാൽ

ദാഹത്തിനർത്ഥമുണ്ടോ?

പ്രി-ഡിഗ്രി കഴിഞ്ഞ് നേരം പോക്കിന് വേണ്ടി തയ്യൽ പഠിക്കാൻ പോയിരുന്നു. അന്നൊന്നും എനിക്കു ഒരു മെഷീൻ വാങ്ങിത്തരാൻ എന്റെ അച്ഛന് നിവൃത്തിയില്ലായിരുന്നു. അങ്ങനെയിരിക്കെ 2000 ൽ ജനകീയസൂത്രണ പദ്ധതിപ്രകാരം സ്ത്രീശക്തി യൂണിറ്റ് വഴി എനിക്ക് ഒരു തയ്യൽ മെഷീൻ കിട്ടി. അത് എന്റെ ജീവിതത്തിന് ഒരു വഴിത്തിരിവായി.

മകളുടെ ചികിത്സാ സമയത്ത് 10/- രൂപ ആഴ്ചപിരിവ് പോലും ഗ്രൂപ്പിൽ അടയ്ക്കാൻ നിവൃത്തിയില്ലായിരുന്നു. അങ്ങനെയിരിക്കെ എസ്.ജി.എസ്.വൈ പദ്ധതിപ്രകാരം എനിക്ക് 25,000/- രൂപ ലോൺ അനുവദിച്ചു. അതുപയോഗിച്ച് അച്ഛന്റെ പേരിലുള്ള നാമ്മാത്രമായ കട പുതുക്കി പണിതു. ഒരു മെഷീൻ കൂടി വാങ്ങി ടെയിലറിംഗ് യൂണിറ്റ് ആയി ആരംഭിച്ചു. അതിനു മുമ്പ് വാടകയ്ക്ക് കടയെടുത്താണ് തയ്ച്ചുകൊണ്ടിരുന്നത്.

നമ്മുടെ ദുഃഖങ്ങൾക്ക് പരിഹാരം നമ്മിൽതന്നെയാണെന്ന് എനിക്ക് മനസ്സിലായി.

കാലത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട എന്നെ കുറേനല്ല ആളുകൾ കുടുംബശ്രീ എന്ന കച്ചിത്തുരുമ്പിലൂടെ പിടിച്ചുകയറ്റി.

ഇതിലൂടെ ഒരു സ്വയം തൊഴിൽ യൂണിറ്റ് ആരംഭിക്കുകയും അതിലൂടെ വരുമാനമാർഗ്ഗം കണ്ടെത്തി സ്വന്തം കാലിൽ നിൽക്കാൻ കഴിഞ്ഞതോടെ ഒരുപാടു നേട്ടങ്ങൾ കൈവരിക്കാൻ എനിക്കു കഴിഞ്ഞു.

മകളെ തിരുവനന്തപുരം ബ്ലൈൻഡ് സ്കൂളിൽ പഠിപ്പിക്കാൻ കഴിഞ്ഞു. സംഗീതത്തിനോട് അഭിരുചിയുണ്ടായിരുന്നതിനാൽ സംഗീതം പഠിപ്പിക്കാൻ കഴിഞ്ഞു. അവളെ അദ്ദേഹത്തിന്റെ കുറവുകൂടി നികത്തി കണ്ടിട്ടില്ല. അതിനാൽ അദ്ദേഹത്തിന്റെ കുറവുകൂടി നികത്തി അവളുടെ എല്ലാ ആഗ്രഹങ്ങളും സാധിച്ചുകൊടുക്കാൻ എനിക്കു കഴിഞ്ഞു.

മരിക്കുന്നതിനേക്കാൾ കൂടുതൽ ധൈര്യം വേണ്ടുന്നത് ജീവിച്ചിരിക്കുന്നതിനാണെന്ന് ബോധ്യമായി.

2006-07, ഐ.എ.വൈ പദ്ധതിപ്രകാരം എനിക്ക് വീടിന് അനുവദിച്ചു. വീടു വച്ച സമയത്ത് രണ്ടാം ഘട്ടമായി മകൾക്ക് അസ്ഥിക്ക് അസുഖം വന്നു. ഒരു രക്ഷയുമില്ലാതിരുന്നതിനാൽ ഹോസ്പിറ്റലിൽ നിന്നും പാലിയേറ്റീവ് കെയറിൽ ഉൾപ്പെടുത്തി ഒരു വർഷം കിടപ്പിലായിരുന്നു.

അവളിൽ ഒരു പ്രതീക്ഷയും ബാക്കിയില്ലായിരുന്നതിനാൽ അവളോടൊപ്പം തന്നെ ഗൃഹപ്രവേശം നടത്തണമെന്ന് ആഗ്രഹമുണ്ടായിരുന്നു. അച്ഛനും, അമ്മയും, സഹോദരങ്ങളും, സഹോദരതുല്യരും, സുഹൃത്തുക്കളും ഉണ്ടായിരുന്നതിനാൽ ഒറ്റപ്പെടൽ എന്താണെന്ന് ഞാനറിഞ്ഞിരുന്നില്ല. പെട്ടെന്ന് അടുക്കള മാത്രം വൃത്തിയാക്കി അവളോടൊപ്പം ഈ വീട്ടിൽ ജീവിച്ചു. 2009 ഫെബ്രുവരി 7ന് അവർ ഞങ്ങളെ വിട്ടകന്നു.

അതിന്ശേഷം ആനന്ദമെന്നത് വേദനയ്ക്കിടയിലെ ഇടവേള മാത്രമാണ്.

അങ്ങനെയിരിക്കെ, കുടുംബശ്രീയിലൂടെ ഫഷൻ, ഡിസൈനിംഗ് & എംബ്രോയിഡറി ട്രെയിനിംഗും കിട്ടി. ഈ രണ്ട് ട്രെയിനിംഗും എന്റെ തൊഴിൽ മേഖലയ്ക്ക് അനിവാര്യമായിരുന്നു.

കുടുംബശ്രീയിലൂടെ മൈക്രോസംരംഭം വഴി 50,000/- രൂപ ലോൺ എടുത്ത് കട വിപുലപ്പെടുത്തി. മക്കളുടെ പേരിൽ ഇപ്പോൾ സ്വാതി ഗാർമെന്റ്സ് & ടെയ്ലറിംഗ് യൂണിറ്റായി പ്രവർത്തിച്ചുവരുന്നു.

ഈ യൂണിറ്റിലൂടെ എന്റെ ജീവിതം നിലനിർത്താൻ കഴിയുന്നുണ്ട്. വരുമാനമുണ്ടാക്കാൻ സാധിക്കുന്നുണ്ട്. വീടിനോട് ചേർന്ന് 5 സെന്റ് സ്ഥലം വാങ്ങാൻ കഴിഞ്ഞു.

തിരുവനന്തപുരം ബ്ലൈൻഡ് സ്കൂളിൽ (മകൾ പഠിച്ച സ്കൂൾ) കുഞ്ഞുങ്ങൾക്ക് മകളുടെ ഓർമ്മ ദിവസം ഒരുനേരത്തെ ആഹാരം കൊടുത്തുകൊണ്ട് ജീവകാരുണ്യ പ്രവർത്തനത്തിലേർപ്പെട്ടുകൊണ്ടിരിക്കുന്നു.

ഇതിനിടയിൽ എന്നെ ആശാവർക്കർ ആയി നിയമിച്ചു. അതിനാൽ സമൂഹത്തിലെ താഴെതട്ടിലേക്ക് ഇറങ്ങിച്ചെന്ന്, അവരെ കാണാനും, അവർക്കു വേണ്ടുന്ന സഹായങ്ങൾ ചെയ്തുകൊടുക്കാനും സാധിക്കുന്നു.

അതിനാൽ ഈ നേട്ടങ്ങൾക്കെല്ലാം പിന്നിൽ, അല്ലെങ്കിൽ, ഇന്നത്തെ എന്റെ ജീവിന്റെ നിലനില്പിന്റെ പിന്നിൽ, കുടുംബശ്രീ മാത്രമാണെന്ന് എനിക്ക് അഭിമാനിക്കാം. കുടുംബശ്രീ മാത്രമാണെന്ന് എനിക്ക് അഭിമാനിക്കാം. കുടുംബശ്രീയിലൂടെ കൈപിടിച്ചുയർത്തിയ എല്ലാ നല്ല ആളുകൾക്കും, എന്റെ നിലനില്പിന് കാരണക്കാരായ എല്ലാവർക്കും എന്റെ സന്തോഷാശ്രുക്കൾ.

ഇന്നുകളാണ് നാളകളെ സൃഷ്ടിക്കുന്നത്, ഓരോ നിമിഷവും ഓരോ മനുഷ്യന്റെയും നിർണായക നിമിഷങ്ങളാണ്. തടസ്സങ്ങൾ കണ്ട്, മനം മടുത്താൽ വിജയം ഒരിക്കലും, അരികിലാകില്ല. ശക്തിവരുന്നത് കായികശേഷിയിൽ നിന്നല്ല. അദൃശ്യമായ ഇച്ഛാശക്തിയിൽ നിന്നാണ്. ആരും അംഗീകരിക്കാത്ത വേളയിലും, പ്രവർത്തിക്കാനുള്ള ആവേശം ഉള്ളവർക്കാണ് വലിയ ബൊക്കകൾ ലഭിക്കുക. അതിനാൽ തോറ്റു പിന്മാറാതെ ഉണർന്നെണീറ്റു പ്രവർത്തിക്കുക.

# *വിളക്കും വെളിച്ചവും*

38

**ഓമന,**
പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്
കുടുംബശ്രീ സി.ഡി.എസ്സ്.

ഞാൻ ഓമന. എനിക്ക് 65 വയസ്സ്. അവിവാഹിതയാണ്. എനിക്ക് 5 സെന്റ് ഭൂമിയും അതിനകത്ത് ഒരു കുടിലും ഉണ്ട്. മഴ പെയ്താൽ ഒര തുള്ളി വെള്ളവും വെളിയിൽ പോകാതെ എല്ലാം എന്റെ കൂരയ്ക്കുള്ളിൽ. എനിക്ക് ആരോരുമില്ല. അയൽപക്കത്തെ വീടുകളിൽ നിന്നും കിട്ടുന്ന ആഹാരം കഴിച്ച്, തോരാത്ത കണ്ണീരും, നിറയാത്ത വയറും അതിനിടയിൽ രോഗത്തിനടിമപ്പെട്ടും കഴിഞ്ഞിരിന്നു. എന്റെ ഗതികേട് ആരോട് പറയാൻ എവിടെയാണ് പറയേണ്ടുന്നത്, ആരെയാണ് കാണേണ്ടുന്നത്? എല്ലാം മനസിലൊതുക്കി ദൈവത്തോട് പറഞ്ഞു.

ഒരു ദിവസം എന്റെ വീടിനടുത്തുള്ള സിന്ധു കുറച്ച് ആളുകളേയും കൂട്ടി എന്റെ വീട്ടിൽ വന്നു. അവർ കുടുംബശ്രീയിലെ പ്രവർത്തകരാണെന്നും. അവരുടെ സ്ഥാനങ്ങളെക്കുറിച്ചും പറഞ്ഞു. എനിക്കൊന്നും മനസിലായില്ല. എന്റെ അവസ്ഥയെക്കുറിച്ച് ബോദ്ധ്യം ഉണ്ടായിരുന്ന വാർഡ് മെമ്പറായ ലതിക ടീച്ചറാണ് കുടുംബശ്രീയുടെ പ്രവർത്തകരെ എന്റെ വീട്ടിലേക്ക് അയച്ചതെന്ന് മെമ്പറെ കണ്ടപ്പോൾ മനസിലായി. അവർ എന്നെ കുടുംബശ്രീയിൽ ചേർത്തു. എന്നെ ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനെക്കുറിച്ചും അതിൽ നിന്നും കിട്ടുന്ന മെച്ചങ്ങളെക്കുറിച്ചും പറഞ്ഞു. അവർ വീണ്ടും വന്നു. എനിക്ക് എന്തൊക്കയോ സഹായം ചെയ്യാൻ പോകുന്നു എന്ന് പറഞ്ഞ് എന്റെ വീടിന്റെ മുമ്പിൽ നിർത്തി ഫോട്ടോ എടുത്തു. പിന്നീട് കുറച്ച് നാളത്തെക്ക് അവരെ കണ്ടില്ല. അങ്ങനെയിരിക്കെ ഒരു ദിവസം എന്റെ അയൽക്കാരിയായ എ.ഡി.എസ് പ്രവർത്തക പറഞ്ഞതനുസരിച്ച് ഞാൻ പഞ്ചായത്തിൽ പോയി. തുടർന്ന് എനിക്കുണ്ടായ അനുഭവങ്ങളും ജീവിത സൗകര്യങ്ങളിലെ മാറ്റങ്ങളും പറഞ്ഞറിയിക്കാനാവാത്തവിധമുള്ള സന്തോഷം എനിക്ക് പകർന്ന് നൽകുന്നതായിരുന്നു.

എനിക്ക് മാസന്തോറും ഭക്ഷണത്തിനുള്ള വക കുടുംബശ്രീക്കാർ എത്തിച്ച് തന്നു. അതുകഴിഞ്ഞ് ഒരു കൊച്ചു വീടും വാർഡ് മെമ്പർ ലതിക ടീച്ചറും കുടുംബശ്രീക്കാരും ചേർന്ന് വച്ച് തന്നു. ഇപ്പോൾ ഞാൻ സന്തോഷവതിയാണ്. കുടുംബശ്രീയിൽ നിന്നും നാട്ടിൽ നടക്കുന്ന വാർത്തകൾ അറിയാൻ കഴിയുന്നു. എനിക്ക് പെൻഷനും കിട്ടി തുടങ്ങി. എനിക്ക് ഇത്രയും കാലം ആരും ഇല്ലായിരുന്നു. ഇപ്പോൾ എനിക്ക് ആരോക്കയോ ഉണ്ട് എന്ന തോന്നൽ. എന്നെപ്പോലെയുള്ള പലരേയും പഞ്ചായത്തിൽ വച്ച് കണ്ടുമുട്ടാൻ കഴിഞ്ഞു. എന്നെപ്പോലെ അവർക്കും കുടുംബശ്രീതാങ്ങും തണലുമായി മാറട്ടെ. എനിക്ക് ഇരുട്ടിൽ തെളിച്ചമായി എന്നും കുടുംബശ്രീ ഉണ്ടാകുമെന്ന് ഞാൻ ആശിക്കുന്നു.

# 39 പുനർജനി

ശാന്തകുമാരി

ഇടമുളയ്ക്കൽ സിഡിഎസ്സ്

കൊല്ലം ജില്ലയിലെ ഇടുളയ്ക്കൽ ഗ്രാമപഞ്ചായത്ത് സിഡി.എസ്സിലെ ചൈത്രം കുടുംബശ്രീ യൂണിറ്റിലെ അംഗമാണ് ഞാൻ. മരംവെട്ടുതൊഴിലാളിയായ ഭർത്താവും രണ്ടു മക്കളുമടങ്ങുന്നതാണ് എന്റെ കുടുംബം. ഭർത്താവിന്റെ വരുമാനംകൊണ്ടാണ് എന്റെ കുടുംബം പുലർന്നുപോകുന്നത്.

എല്ലാവരെയുംപോലെ സുരക്ഷിതമായൊരു വീട് ഞങ്ങളുടെയും സ്വപ്നമായിരുന്നു. അതുകൊണ്ടാണ് അടുത്തുള്ള കാർഷിക ബാങ്കിൽ നിന്നും 70000 രൂപ വായ്പയെടുത്ത് വീടുപണിതത്. ആകെയുള്ള ഒരു തുണ്ടു ഭൂമിയുടെ ആധാരം പണയപ്പെടുത്തിയാണ് വായ്പയെടുത്തത്.

പുതിയ വീട്ടിലെ സന്തോഷമെല്ലാം പെട്ടെന്നു തന്നെ അണഞ്ഞു. ഭർത്താവിന് ആസ്മ പിടിപെട്ടതോടെ ആകെയുള്ള വരുമാനം മുടങ്ങി. .ചികിത്സക്കായി പലയിടങ്ങളിലും കൊണ്ടുപോയി ഫലമുണ്ടായില്ല. കുട്ടികളുടെ വിദ്യാഭ്യാസം, വായ്പാതിരിച്ചടവ്, നിത്യചെലവ് എല്ലാം പ്രതിസന്ധിയിലായതോടെ ഞാൻ പകച്ചുപോയി.

ഭവനവായ്പയുടെ തിരിച്ചടവ് മുടങ്ങിയതോടെ ബാങ്കിൽ നിന്നും നോട്ടീസ് വന്നു. പലിശയും പിഴപ്പലിശയുമായി ബാങ്കിലേക്ക് തിരിച്ചടക്കേ,ണ്ട തുക ഇരട്ടിയായി. ബാങ്ക് പല അവധികളും നൽകിയെങ്കിലും എനിക്കൊന്നും ചെയ്യാനായില്ല. ഒടുവിൽ ബാങ്ക് ജപ്തി നടപടിയുമായി എന്റെ വീട്ടിലെത്തി. ജപ്തി നോട്ടീസ് അവർ ചുവരിൽ പതിച്ചു. നിസ്സഹായനായി എന്റെ ഭർത്താവ്. കുട്ടികൾ രണ്ടുപേരും പേടിച്ച് കണ്ണുകളുമായി എന്നെ നോക്കുന്നു. എനിക്ക് കണ്ണിൽ ഇരുട്ടുകയറുന്നതായി തോന്നി. നാട്ടുകാർ വീടിനുചുറ്റും തടിച്ചു കൂടി. പക്ഷെ ആർക്കും ഒന്നും സമാധാനിപ്പിക്കാൻ കൂടി കഴിഞ്ഞില്ല. ചിലർ സഹതപിച്ചു, ചിലർ കളിയാക്കി. പകച്ചുനിന്ന മക്കളെ കെട്ടിപ്പിടിച്ച് ഞാൻ കരഞ്ഞു. ഞാനപ്പോൾ ആത്മഹത്യയെക്കുറിച്ച് മാത്രമാണ് ചിന്തിച്ചത്.

എല്ലാം കണ്ടുംകേട്ടും നിന്ന എന്റെ അയൽക്കൂട്ട അംഗങ്ങൾ ഒരുമിച്ചുകൂടി എന്റെ കാര്യത്തിൽ ഒരു തീരുമാനമെടുക്കുകയായിരുന്നുവെന്നു ഞാനറിഞ്ഞില്ല. അവർ അടിയന്തിരമായി അയൽക്കൂട്ടം വിളിച്ചു ചേർത്തു. എന്റെ പ്രതിസന്ധിപരിഹരിക്കാൻ അവർ കൂട്ടായി തീരുമാനമെടുത്തു. ഒന്നേകാൽ ലക്ഷം രൂപയുടെ കുടുംബശ്രീ ലിങ്കേജ്

വായ്പ കുടിശ്ശിക മുഴുവൻ അവർ അടച്ചുവീട്ടി. അവർ തങ്ങളുടെ സ്വർണ്ണാഭരണങ്ങൾ പണയം വെച്ചാണ് ആ തുക സമാഹരിച്ചത്. മൂന്നു ദിവസംകൊണ്ട് പുതിയൊരു ലിങ്കേജ് വായ്പയെടുത്ത് ഭവനവായ്പ തിരിച്ചടച്ചു. അങ്ങനെ കടത്തിൽ മുങ്ങിപ്പോയ എന്റെ വീടും വസ്തുവും വീണ്ടെടുത്തു. ഇപ്പോൾ ഞാൻ എന്റെ കുടുംബശ്രീ ലിങ്കേജ് വായ്പ തിരിച്ചടച്ചുകൊണ്ടിരിക്കുകയാണ്.

ഇതെനിക്കൊരു പുതിയ ജീവിതപാഠമാണ് . ആത്മഹത്യയുടെ വക്കിൽ നിന്നപ്പോൾ എന്റെ അവസ്ഥ മനസിലാക്കാൻ കഴിഞ്ഞത് എന്റെ അയൽക്കൂട്ട അംഗങ്ങൾക്കുമാത്രമാണ്. കണ്ണില്ലാത്തവർക്കെ അതിന്റെ വിലയറിയൂ എന്നപോലെ ദാരിദ്രം അനുഭവിക്കുന്നവർക്കേ അതെന്താണെന്ന് പറഞ്ഞാൽ മനസിലാവൂ. എനിക്ക് ആത്മബലം തന്നുകൊണ്ട് അവർ അന്നെന്നെ കരയ്ക്കു കയറ്റിയില്ലായിരുന്നുവെങ്കിൽ എന്റെ കുടുംബം ഇന്ന് ഈ ലോകത്തുണ്ടാവുമായിരുന്നില്ല. ഈ സഹായം എന്റെ കണ്ണടയുവോളം ഞാൻ മറക്കുകയില്ല. പതിയെപ്പതിയെ എന്റെ ജീവിതത്തിലേയ്ക്ക് നല്ല കാലം വന്നെത്തുകയാണ്. ഇടയ്ക്കിടെ ഒരു ഞെട്ടലോടെ ആ ദുർദിനങ്ങളെക്കുറിച്ച് ഞാൻ ആലോചിക്കാറുണ്ട്. അയൽക്കൂട്ട വനിതകളുടെ സഹായത്തെക്കുറിച്ചും.

## *തളരില്ല ഞാൻ....................*

40

**ആരതി വിദ്യാധൻ,**
തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്
കുടുംബശ്രീ സി.ഡി.എസ്സ്.

ധനികയും സമൃദ്ധയുമായ അഷ്ടമുടിക്കായലിനാൽ ചുറ്റപ്പെട്ട തെക്കുംഭാഗം ഗ്രാമപഞ്ചായത്തിലെ മിത്രാ കുടുംബശ്രീ സെക്രട്ടറി, അച്ഛൻ വിദ്യാധരൻ. മദ്യം അച്ഛനെയാണോ വിഴുങ്ങുന്നത്, അച്ഛൻ മദ്യത്തെയാണോ വിഴുങ്ങുന്നത് എന്ന് ഇപ്പോഴും എനിക്കറിയില്ല. അമ്മ ദൈന്യതയുടെ മകുടോദാഹരണം. ജ്യേഷ്ഠത്തി ആതിര. ഒട്ടിയ വയറും ഉയർന്ന ഉന്തിയകഴുത്തെല്ലും മായി അക്ഷരങ്ങളുടെ ലോകത്ത് അന്തിയുറങ്ങുന്ന രണ്ടു വയസ്സിന് മുതിർന്ന ചേച്ചി. പിന്നെ ഞാനും. ഇതാണ് എന്റെ കുടുംബം. ദാരിദ്രം കണ്ടുപിചിട്ടത് എന്റെ വീട്ടിലായിരുന്നുവെന്നാണ് എന്റെ അന്നത്തെ വിശ്വാസം. പട്ടിണിയും പരവട്ടവുമായി അമ്മയുടെ ദീർഘനിശ്വാസവുമായി കഴിഞ്ഞുകൂടിയ സമയം. കരഞ്ഞ് കരഞ്ഞ് തീർക്കുന്ന അമ്മയുടെ ജീവിതത്തോട് എനിക്ക് അനുകമ്പ ഉണ്ടായിരിന്നു. എങ്കിലും ജീവിതം കരഞ്ഞ് തീർക്കുന്നതിനോട് എനിക്ക് യോജിപ്പില്ലായിരുന്നു. മദ്യപിച്ച് തെല്ലും മനസാക്ഷിയില്ലാതെ അബോധാവസ്ഥയിലെത്തുന്ന അച്ഛനെ എനിക്ക് വെറുപ്പായിരുന്നു. വിശന്ന് കരിയുന്ന വയറുമായി തഴപ്പായിൽ ചുരുണ്ടുകൂടി കിടക്കുമ്പോൾ പട്ടിണി മാറ്റാൻ എന്തുചെയ്യണമെന്ന ചിന്തമാത്രമായിരുന്നു. രാത്രിയുടെ പകുതിയിൽ തിമർത്തുപ്പെയ്യുന്ന മഴയിൽ പേക്രോ... പേക്രോ..... എന്ന്

ആർത്തുല്ലസിച്ചുകരയുന്ന തവളകൾ. സന്ധ്യയുടെ കരച്ചിൽ!!!!! അതെനിക്കിഷ്ടമായി. ഒരു തവളയാകാൻ കഴിഞ്ഞെങ്കിൽ.

നേരം പുലർന്നു. ഞാൻ നേരെ കുടുംബശ്രീ ചെയർപേഴ്സണിന്റെ വീട്ടിലേയ്ക്കുചെന്നു. രണ്ട് കാര്യങ്ങൾ ആവശ്യപ്പെട്ടു. എനിക്ക് ഒരു കുടുംബശ്രീ അംഗമാകണം. എനിക്ക് ഒരു വരുമാനം ഉണ്ടാകുന്ന തൊഴിൽ ആവശ്യമുണ്ട്. രണ്ടും ചെയർപേഴ്സൺ സാധിച്ചുതന്നു. ആദ്യം 15 പേരടങ്ങുന്ന മിത്രാ കുടുംബശ്രീ രൂപീകരിക്കപ്പെട്ടു. അതിന്റെ സെക്രട്ടറിയായി അംഗങ്ങൾ എന്നെ തെരെഞ്ഞെടുത്തു. കുടുംബശ്രീ അംഗങ്ങൾക്ക് പഞ്ചായത്തിൽ നിന്നും അനുവദിച്ച 10 കോഴിയെതന്നു. പിന്നീട് 10 താറാവിനെയും. അതിനുശേഷം ബാലസഭ റിസോഴ്സ് പേഴ്സൺ ആക്കി. ആയിനത്തിൽ ആദ്യമായി കിട്ടിയ 250/- രൂപ അതായിരുന്നു എന്റെ ആദ്യത്തെ വരുമാനം. പിന്നീട് മുട്ട വിറ്റുകിട്ടുന്ന കാശ് കൊണ്ട് രണ്ടു രൂപയുടെ അരി വാങ്ങി വിശപ്പകറ്റി. സമൂഹത്തിൽ എനിക്ക് ഒരു അഡ്രസ്സ് ഉണ്ടായി. ചെർപേഴ്സൺ ഗ്രാമപഞ്ചായത്ത് പ്രസിഡന്റായപ്പോൾ വീണ്ടും ഞാനൊരാഗ്രഹം പറഞ്ഞു. എനിക്ക് ഒരു പശുക്കുട്ടിയെ വേണം. അതും എനിക്ക് ലഭിച്ചു. പിന്നീട് ജില്ലാ പഞ്ചായത്തിന്റെ ഒരു സ്കീമിൽ ഉൾപ്പെടുത്തി ഒരു ലക്ഷം രൂപ പശുവിനെ വാങ്ങുന്നതിനായി തന്നു. ഞാൻ അതിന് രണ്ടു കറവപ്പശുക്കളെ കൂടി വാങ്ങി. ഇന്ന് എന്റെ വീട്ടിൽ 6 പശുക്കളുണ്ട്. 25 താറാവും, 18 കോഴികളും 7 ആടും ഉണ്ട്. ഇതിൽ നിന്നും കിട്ടുന്ന വരുമാനം കൊണ്ട് എന്റെ കുടുംബത്തെ സംരക്ഷിക്കുന്നു. എങ്കിലും ഞാൻ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഏറെയാണ്. കരവക്കാരെ കൃത്യസമയത്ത് കിട്ടാത്തത് എന്നെപ്പോലുള്ള ക്ഷീരകർഷകരുടെ ശാപമാണ്. പക്ഷേ ഞാൻ അതിലും നിരാശപ്പെട്ടില്ല. ഞാൻ സ്വന്തമായി പശുവിനെകറക്കാൻ തുടങ്ങി. എന്റെ പ്രശ്നം പരിഹരിക്കപ്പെട്ടു. അതിനോടൊപ്പം തന്നെ കറവയന്ത്രം വാങ്ങി നൽകുന്നതിനുള്ള ഒരു പ്രോജക്ട് പഞ്ചായത്തിൽ വയ്പ്പിക്കാനും സാധിച്ചു. കാലിതീറ്റയുടെ വില താങ്ങാനാകുന്നില്ല. തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുത്ത് ഞാൻ ഒരു അധിക വരുമാനം കൂടി ഉണ്ടാക്കുന്നു. ഇത്തിരിപ്പോന്ന ഞാൻ 40 പേരടങ്ങുന്ന തൊഴിലുറപ്പ് പദ്ധതിയിലെ ഒരു മേറ്റ് കൂടിയാണ്. മസ്റ്ററോളിൽ കൃത്യസമയത്ത് ഒപ്പിടിയിക്കുകയും, ജോലികൾ കൃത്യസമയത്ത് തുടങ്ങുകയും നിർത്തുകയും ഒക്കെ ചെയ്യുന്നത് അതിന്റെ കണക്ക് കാര്യങ്ങൾ എഴുതി തയ്യാറാക്കി, പഞ്ചായത്തിൽ എത്തിക്കുന്നതും എന്റെ സ്വന്തം അക്കൗണ്ടിൽ എന്റെ അദ്ധ്വാന ഫലം എത്തുന്നതും, അതെടുത്ത് എന്റെ അമ്മയേയും ചേച്ചിയേയും സംരക്ഷിക്കുന്നത് ഒരു പ്രത്യക അനുഭൂതിയാണ്. 21 വയസ്സുകാരിയല്ല 210 വയസ്സുകാരിയാണ് ആരതിയെന്ന് സഹപ്രവർത്തകർ പറയുമ്പോൾ എനിക്ക് മനസ്സുതുറന്ന് ചിരിക്കാൻ കഴിയുന്നുണ്ട്. കുടുംബശ്രീ ഞങ്ങളെ നിത്യദുഃഖത്തിൽ നിന്നും ദാരിദ്രത്തിൽനിന്നും കരകയറ്റി. ഇന്ന് ആരതി എന്ന ഞാൻ ഈ നാടിന്റെ കണ്ണിലുണ്ണിയാണ്. കുടുംബശ്രീ എനിക്കും എന്നെപ്പോലുള്ളവർക്കും കണ്ണിന്റെ കൃഷ്ണമണിയാണ്. കണ്ണുതുറന്ന് എന്നെ നിരീക്ഷിക്കു. വിജയം നിങ്ങൾക്കും സുനിശ്ചിതം.

## *ഉന്നതവിദ്യാഭ്യാസത്തിന് പകരം വയ്ക്കാൻ കുടുംബശ്രീ*

41

*രജനി. ആർ.*
*നെടുമ്പന സിഡിഎസ്സ്.*

നെടുമ്പന ഗ്രാമപഞ്ചായത്ത് ഒൻപതാം വാർഡിലെ ഒരു സാധാരണ കുടുംബത്തിലെ അംഗമാണ് ഞാൻ. എന്റെ പേര രജനി. രണ്ട് പെൺകുട്ടികളും ഭർത്താവും ഒരമ്മയും അടങ്ങുന്നതാണ് എന്റെ കുടുംബം. ഞാൻ 1994 ൽ എം.എ.ഹിസ്റ്ററി ഫസ്റ്റ് ചാൻസിൽ പാസ്സാവുകയും 2000 ൽ കമ്പ്യൂട്ടൽ പി.ജി.ഡി.സി.എ. പാസാവുകയും ചെയ്തു. എന്തുകൊണ്ടോ എനിക്കൊരു ഗവൺമെന്റ് ജോലി കിട്ടിയില്ല. ആദ്യമൊക്കെ എനിക്ക് ജോലി കിട്ടാത്തതിൽ വളരെ വിഷമവും നിരാശയും തോന്നിയിരുന്നു. എന്നാൽ ഇപ്പോൾ അതില്ല. കാരണം ഒരു ഗവൺമെന്റ് ജോലിയിൽ നിന്നും കുറെയധികം പണം സമ്പാദിച്ചാൽ കിട്ടാവുന്നതിലധികം സംതൃപ്തിയും സന്തോഷവും എനിക്കിപ്പോൾ ചെയ്യുന്ന ജോലികളിൽ നിന്നും ലഭിക്കുന്നു. എന്റെ എല്ലാ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും മറ്റുള്ളവരുടെ കാര്യങ്ങൾ കേട്ട് അവരെ സഹായിക്കുമ്പോൾ ഇല്ലാതാകുന്നു. അതിലൂടെ എനിക്ക് കിട്ടുന്ന സന്തോഷം പറഞ്ഞറിയിക്കാൻ പറ്റാത്തതാണ്.

ഞാൻ 2003 ഒക്ടോബർ മാസം അന്നത്തെ വാർഡ് മെമ്പറുടെ പ്രേരണയാലും എഡിഎസ്സ് ഭാരവാഹികളുടെ സഹായത്താലും ഒരു കുടുംബശ്രീ യൂണിറ്റ് രൂപീകരിക്കുകയും അംഗങ്ങളുടെ പ്രേരണയാൽ യൂണിറ്റിന്റെ സെക്രട്ടയിയാവുകയും ചെയ്തുന്ന എന്റെ യൂണിറ്റിന്റെ പേര് 'പ്രിയദർശിനി' എന്നാണ്. ഞാൻ പേരിൽ മാത്രമേ പ്രവർത്തിച്ചുള്ളൂ, എല്ലാ കാര്യങ്ങളും അന്നത്തെ പ്രസിഡന്റിന്റെ കൈകളിലൂടെയാണ് നടന്നു പോകുന്നത്. ഞാൻ കാര്യങ്ങൾ പടിപടിയായി പഠിക്കാൻ തുടങ്ങി പ്രവർത്തിക്കാൻ തുടങ്ങി. ആദ്യമൊക്കെ എനിക്ക് യാതൊരു ധൈര്യവും തന്റേടവും പോലുമില്ലാതിരുന്ന ഞാൻ ഇപ്പോൾ ഒറ്റയ്ക്ക് ഒരു കേസുമായി ബന്ധപ്പെട്ട് ചാത്തന്നൂർ സർക്കിൾ ഓഫീസിൽ വരെ പോയി. ആരുടേയും സഹായം കൂടാതെ തന്നെ. അത്രമാത്രം ഞാൻ കുടുംബശ്രീയിലൂടെ വളർന്നു.

ഞാൻ തൊഴിലുറപ്പിന്റെ പണിക്കു പോകുമ്പോൾ പലരും എന്നോട് ചോദിച്ചിട്ടുണ്ട് ഇത്രയും പഠിച്ചിട്ട് നിനക്ക് നാണമില്ലേ ഈ പണിക്ക് നടക്കാൻ എന്ന്. ഏത് ജോലി ചെയ്താലും കാശല്ലെ കിട്ടുന്നത് ഇപ്പോൾ കിട്ടുന്ന സുഖമൊന്ന് വേറെ തന്നെ, അത് നിങ്ങൾക്ക് അറിയാൻ പാടില്ലാഞ്ഞിട്ടാണ് എന്ന് ഞാൻ മറുപടിയും പറയും. ഞാൻ കനാലിൽ വടം കെട്ടിയിറങ്ങുന്നത് കണ്ടിട്ട് എന്നെ പോലെ വിദ്യാഭ്യാസമുള്ള ഒരു വ്യക്തി മൂക്കത്ത് വിരൽ വച്ചു. എന്നാൽ അന്ന് പുച്ഛിച്ചവരെല്ലാം ഇന്ന് മനസു കൊണ്ട് അംഗീകരിക്കുന്നു. കാരണം ഞാൻ ഇന്ന് സമൂഹത്തിൽ അറിയപ്പെടുന്ന ഒരു വ്യക്തിയാണ്. ഈ നേട്ടമെല്ലാം എനിക്ക് കുടുംബശ്രീയിലൂടെ കിട്ടിയതാണ്. ഞാൻ കനാലിൽ വടം

കെട്ടിയിറങ്ങുന്നത് കണ്ടിട്ട് എന്നെ പോലെ വിദ്യാഭ്യാസമുള്ള ഒരു വ്യക്തി മൂക്കത്ത് വിരൽ വച്ചു. എന്നാൽ അന്ന് പുച്ഛിച്ചവരെല്ലാം ഇന്ന് മനസുകൊണ്ട് അംഗീകരിക്കുന്നു. കാരണം ഞാൻ ഇന്ന് സമൂഹത്തിൽ അറിയപ്പെടുന്ന ഒരു വ്യക്തിയാണ്. ഈ നേട്ടമെല്ലാം എനിക്ക് കുടുംബശ്രീയിലൂടെ കിട്ടിയതാണ്. ഞാൻ കുടുംബശ്രീയിൽ വന്നതിനുശേഷം എനിക്ക് ധാരാളം ട്രെയിനിംഗുകളും മറ്റും കിട്ടിയിട്ടുണ്ട്. അതിലൂടെ എനിക്ക് വളരെയധികം അറിവും കാര്യങ്ങളും ഇടപെടാനുള്ള ധൈര്യവും തന്റേടവും തന്നു.

ഞാൻ കുടുംബശ്രീയിൽ നിന്നു കൊണ്ട് തന്നെ ആശാവർക്കറായി പ്രവർത്തിക്കുന്നു. ഇത്രയെങ്കിലും ചെയ്യാൻ അറിവും തന്റേടവും ധൈരവും നേടിത്തന്ന കുടുംബശ്രീ സംവിധാനത്തിന് ഒരായിരം നന്ദി സമർപ്പിച്ചുകൊണ്ട് ഇനിയും ഒരുപാട് കാര്യങ്ങൾ ചെയ്യാൻ കഴയിണമേ, അതിനുള്ള മാർഗ്ഗവും, താഴ്മയും, വിനയവും, അറിവും, പ്രോത്സാഹനവും കുടുംബശ്രീയിലൂടെ ലഭിക്കണമേയെന്നു മാത്രമേ എനിക്ക് പ്രാർത്ഥനയുള്ളൂ.

ഈ കുടുംബശ്രീയിലൂടെ എനിക്ക് ചെറിയ രീതിയിൽ സാമ്പത്തികമായി നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞു. ഈ കാര്യങ്ങളെല്ലാം തന്നെ എനിക്ക് ചെയ്യാൻ വളരെയധികം പ്രോത്സാഹനം നൽകുന്നത് എന്റെ ഭർത്താവാണ്. വാർഡിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നത് ഞാൻ വളരെയധികം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന എന്റെ എഡിഎസ്സ് പ്രസിഡന്റും ഇപ്പോഴത്തെ ചെയർപേഴ്സൺ ആണ്.

## *കല്ലെറിഞ്ഞവർ കാണാതെപോയത്*

42

**സുശീല,**
തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്
കുടുംബശ്രീ സി.ഡി.എസ്സ്.

പ്രധാനമായും ഈ ഗ്രൂപ്പിന് ഉണ്ടായ അനുഭവം. ഇതിലെ ഒരംഗത്തിന്റെ ഭർത്താവ് വർഷങ്ങൾക്ക് മുൻപ് ബാംഗ്ലൂരിൽ പോയിരുന്നു. അവിടെ നിന്നും അയാൾക്ക് എയിഡ്സ് എന്ന രോഗം പിടിപെട്ടു. ആരോഗ്യമുള്ള ഒരു മനുഷ്യന്റെ ശരീരത്തിൽ എയിഡ്സ് വന്നാൽ 15 വർഷം കഴിയുമ്പോൾ അതിൻരെ രോഗലക്ഷണം കണ്ടുതുടങ്ങും. എന്നാൽ അനാരോഗ്യനായ ഒരാളിന് 10–13 വർഷം ആകുമ്പോൾ അയാൾ മരണപ്പെട്ടുപോകും. നമ്മുടെ ഗ്രൂപ്പിലെ രമയുടെ ഭർത്താവിന് പനിവന്നു 3 മാസമായിട്ടും സുഖപ്പെട്ടില്ല. അങ്ങനെ കൊല്ലത്തുനിന്നും മെഡിക്കൽകോളേജിലേക്ക് വിട്ടു. അവിടെ അഡ്മിറ്റ് ആയി ഒരാഴ്ച കഴിഞ്ഞപ്പോൾ അയാൾക്ക് എയിഡ്സ് ആണെന്ന് പരിശോധനയിലൂടെ കണ്ടുപിടിച്ചു.

ഇതറിഞ്ഞ രമയുടെ ഭർത്താവ് രാത്രിയിൽ തന്നെ ഭാര്യയെവിളിച്ച് മെഡിക്കൽകോളേജിൽ നിന്നും വീട്ടിലേയ്ക്ക് വന്നു. അപ്പോഴും എയിഡ്സ് ആണെന്ന് ഭാര്യ രമ അറിഞ്ഞിട്ടില്ല. അങ്ങനെ ടി.ബി, പനി, ചുമ, ശരീരം മുഴുവൻ ചെറിയ ചെറിയ മുഴകൾ ഇങ്ങനെ പല രോഗങ്ങൾ കണ്ടുതുടങ്ങി. ചെറിയ ഒരു ചെറു കുടിലിലാണ് ഇവർ താമസിക്കുന്നത്. അസുഖത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ ചെന്നപ്പോൾ സഹിക്കാൻ വയ്യാത്ത ചൂട് കാരണം ഇയാൾക്ക് ഉറങ്ങാൻ കഴിയാതെയായി. അവസാനം ഒരു ദിവസം എന്റെ ഭർത്താവ് ആ കക്ഷിയെ വിളിച്ച് എന്റെ വീട്ടിൽ വന്ന് കിടക്കാൻ പറഞ്ഞു. അപ്പോഴും അയാൾ അല്ലാതെ മറ്റൊരാളും എയിഡ്സ് എന്തോ പ്രശ്നങ്ങൾ ഉണ്ടായപ്പോൾ അയാൾ മെഡിക്കൽ കോളേജിൽ നിന്നും പരിശോധിച്ച ചീട്ടുകളും മരുന്നിന് അറിയുന്നില്ല. ആശുപത്രിയിൽ നിന്നും വന്നതിന്റെ 3–ാം ദിവസം ഭാര്യയുമായി എന്തോ പ്രശ്നങ്ങൾ ഉണ്ടായപ്പോൾ അയാൾ മെഡിക്കൽ കോളേജിൽ നിന്നും അവരുടെ വീട്ടിലേയ്ക്ക് പോയി. രണ്ടുദിവസം കഴിഞ്ഞപ്പോൾ മരിച്ചു. അന്നേ ദിവസം തന്നെ തെക്കും ഭാഗം ഹെൽത്ത് സെന്ററിൽ നിന്നും മെഡിക്കൽ കോളേജിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്യാതെ ഒരു രോഗി ഈ പഞ്ചായത്തിൽ എവിടെയോ വന്നു എന്നതിനെകുറിച്ച് അന്വേഷിക്കാൻ തുടങ്ങി. രാവിലെ 10 മണിക്കാണ് മരിച്ചത്. സംശയം കൊണ്ട് പി.എച്ച്.സിയിൽ നിന്നും സിസ്റ്റർമാർ തിരിക്കിയപ്പോൾ മിരിച്ച വ്യക്തി (മണി)യാണ് ഈ രോഗത്തിന് അടിമയായത് എന്ന് അറിയുവാൻ കഴിഞ്ഞു. പെട്ടെന്ന് തന്നെ അന്നത്തെ വാർഡുമെമ്പർ ശ്രീ.കൃഷ്ണൻകുട്ടിപ്പിള്ള അവർകൾ സ്ഥലത്തെത്തി മരിച്ച വ്യക്തിയെ കണ്ടു എന്നിട്ട് എന്നെ വിളിച്ച് ഈ വിവരം പറഞ്ഞു. അപ്പോളേക്കും എനിക്ക് ഒരു ഷോക്കേറ്റതുപോലെയായി. കാരണം എന്റെ വീട്ടിൽ കിടന്നു എന്നത് ഒരു ഭയം. എന്നാൽ ഇത് പകരുന്ന രീതി നമ്മൾക്ക് നല്ലതുപോലെ അറിയാമായിരുന്നത് കൊണ്ട് പിടിച്ചുനിൽക്കാൻ കഴിഞ്ഞു. വാർഡുമെമ്പർ അവിടെ കൂടിയിരുന്ന ശക്തരായ കുറേ ചെറുപ്പക്കാരെ കണ്ടുവിവരം പറഞ്ഞു. ആരും അറിയാതെ ഈ വിവരം ധരിപ്പിക്കാതെ കുടുംബശ്രീ വനിതകളും അയൽക്കാരും കൂടി. അവിടെ കൂടിയിരുന്നവർക്ക് കഞ്ഞിവെച്ചു കൊടുത്തു. വൈകുന്നേരം ആയപ്പോൾ ഓരോരുത്തർ പറഞ്ഞ് അയാൾക്ക് എയിഡ്സ് ആയിരുന്നുവെന്ന് അപ്പോൾ തന്നെ അവിടെ ജനപ്രളയം ഉണ്ടായി. അവരുടെ ബന്ധുക്കൾ, ഭാര്യയുടെ സഹോദരങ്ങളും ബന്ധുക്കളും ഒഴികെ അയാളുടെ ബന്ധുക്കളും നാട്ടുകാരും അവിടെനിന്ന് പോയി. പിന്നീട് രാത്രിയിൽ തന്നെ ഭാര്യയേയും രണ്ടുമക്കളേയും (ആശ, അനൂപ്) അവിടെനിന്നും കല്ലെറിഞ്ഞ് ഓടിക്കാൻ ശ്രമിച്ചു. പക്ഷേ കുടുംബശ്രീവനിതകൾ ഒന്നുചേർന്ന് ഇവരെ യാതൊരു കാരണവശാലും ഇവിടെ നിന്നും താമസം മാറ്റുവാൻ അനുവദിക്കുന്നതല്ല എന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഇവരെ യാതൊന്നും ചെയ്യുവാൻ കഴിഞ്ഞില്ല. എന്റെ വീട്ടിൽ നിന്നും വെള്ളം കോരാൻപോലും നാട്ടുകാർ അനുവദിച്ചില്ല. 10 ഓളം വനിതകൾ ഒന്നിച്ച് ചേർന്ന് ഇവരെ സംരക്ഷിച്ചു. അത് ഞങ്ങളുടെ നേട്ടമാണ്. ഇവരുടെ മകൻ (അനൂപ്) 3 വയസ്സ്. അങ്ങൻവാടിയിലാണ് പഠിക്കുന്നത്. കുറേ ദിവസം കഴിഞ്ഞപ്പോൾ ഈ കുട്ടി അംഗൻവാടിയിൽ ചെല്ലുമ്പോൾ ബാക്കി കുട്ടികളുടെ രക്ഷകർത്താക്കൾ കുട്ടികളെ വിളിച്ചു

അംഗൻവാടിയിൽ നിന്നും വീട്ടിൽ കൊണ്ടുപോകും. ആ കുട്ടി അംഗൻവാടിയിൽ പഠിക്കുകയാണെങ്കിൽ ബാക്കി കുട്ടികൾ അംഗൻവാടിയിൽ വരുത്തില്ല എന്ന് രക്ഷകർത്താക്കൾ ഒന്നടങ്കം പറഞ്ഞു. ഞങ്ങൾ കുടുംബശ്രീ വനിതകൾ ഒന്നിച്ചു നാട്ടുകാരെ പറഞ്ഞു മനസ്സിലാക്കി. ആ കുട്ടി അംഗൻവാടിയിൽ തന്നെ പഠിക്കാനുള്ള താത്പര്യം കാണിച്ചു.

മാസങ്ങൾക്കുശേഷം നാടാകെ ഭീതി പടർന്നു. രമയ്ക്ക് എയിഡ്സ് ആണ്, മക്കൾക്ക് എയിഡ്സ് ആണ്. അങ്ങനെ അവർ പരിശോധന നടത്തിയതിൽ രമയ്ക്ക് 1% എച്ച്.ഐ.വി + ആണ്. കുട്ടികൾക്ക് എച്ച്.ഐ.വി നെഗറ്റീവ് ആണ് എന്ന് കണ്ടുപിച്ചു. കുട്ടികൾ വളർന്നു. അനുപിന് 5 വയസ്സായി. തെക്കുംഭാഗത്തെ അമ്മയാർനട സ്കൂളിൽ പഠിക്കാൻ പറ്റില്ല എന്നു പറഞ്ഞു. ശങ്കരമംഗലം സ്കൂളിൽ ചേർത്തു. എന്നാൽ അവിടെയും പഠിപ്പിച്ചില്ല. കുട്ടികളുടെ അടുത്ത് സംസാരിക്കുകയോ കൂട്ടുകൂടുകയോ ചെയ്യരുത് എന്ന് ബാക്കി രക്ഷകർത്താക്കളുടെ അഭിപ്രായം ജൂൺ മാസത്തിലാണ് ഭർത്താവ് മരിക്കുന്നത് . ആ ഓണം വന്നപ്പോൾ കുടുംബശ്രീ ഗ്രൂപ്പുകൾ ഒന്നിച്ചുചേർന്ന് ഓണം ആവശ്യത്തിനുള്ള പലചരക്കു സാധനങ്ങൾ വാങ്ങി കൊടുത്തു. ഞങ്ങളെ ഗ്രൂപ്പ് പച്ചക്കറി മേള നടത്തി. ഞങ്ങളുടെ ഗ്രൂപ്പിൽ നിന്നും വെളിച്ചെണ്ണ എന്റെ സ്വന്തം പേരിൽ കുട്ടികൾക്ക് ഓണക്കോടി, കളിപ്പാട്ടം തേങ്ങ, വിറക് എന്റെ വീട്ടിൽ നിന്നും 200/- രൂപ അങ്ങനെ ഓണം സന്തോഷമായി അവർ കഴിഞ്ഞു. കുടുംബശ്രീ ഗ്രൂപ്പിന്റെ നേട്ടമാണിത്.

വർഷം കുറേ കഴിഞ്ഞു. രമയ്ക്ക് സുഖമില്ലാതെയായി. ഇവിടെനിന്നും അവരുടെ കുടുംബവീട്ടിലേയ്ക്ക് പോയി. രമയ്ക്ക് എയിഡ്സ് ആണെന്ന് മനസ്സിലായപ്പോൾ മാനസികരോഗിയായിമാറി. അങ്ങനെ കൊല്ലത്തുകൊണ്ടു പോയി രണ്ടുമൂന്ന് ഷോക്ക് അടിപ്പിച്ചു. അപ്പോളേക്കും സമനില തെറ്റി. ഒരു ദിവസം കടുത്ത പനിയും വയറിളക്കവും വന്നു. രമയും മരിച്ചു. അരിനല്ലൂർ ആണ് വീട്. കുടുംബശ്രീ വനിതകൾ ഒരു വണ്ടി നിറയെ രമയെ കാണാൻ പോയി.

## *കുടുംബശ്രീ എന്റെകിളിക്കൂട്*

43

**അംബികാ കുമാരി.സി,**
അഞ്ചൽ ഗ്രാമപഞ്ചായത്ത്
കുടുംബശ്രീ സി.ഡി.എസ്സ്.

അഞ്ചൽ ഗ്രാമപഞ്ചായത്ത് 13-ാം വാർഡിലെ ചൈതന്യ കുടുംബശ്രീ യൂണിറ്റിലെ അംഗമാണ് ഞാൻ. വീടും ട്യൂഷൻ സെന്റും ആയി ഒരുങ്ങിക്കഴിഞ്ഞിരുന്ന ഞാൻ കുടുംബശ്രീയിൽ വന്നതോടെ സമൂഹവുമായി അടുത്തൊരു ബന്ധം ഉണ്ടാക്കാനും

വാർഡിൽ എ.ഡി.എസ്സിന്റെ ചെയർപേഴ്സൺ ആയും, പ്രേരക് ആയും പിന്നീട് അഞ്ചൽ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസ്സിന്റെ ചെയർപേഴ്സൺ ആയും പ്രവർത്തിച്ച് ഉയർന്നുവരുവാൻ സാധിച്ചു. അഞ്ച് പെൺമക്കളിൽ മൂന്നാമത്തെ മകളായ എന്നെ വിവാഹം കഴിച്ചുകൊണ്ടുപോയ വീട്ടിൽ എന്റെ ഭർത്താവും ഭർത്താവിന്റെ അച്ഛനും ഒരു സഹോദരിയും അടങ്ങുന്നതായിരുന്നു എന്റെ കുടുംബം. വിവാഹം കഴിയുന്നതിനുമുമ്പേ എന്റെ വീട്ടിൽ അറിയിച്ചിരുന്നത് ഭർത്താവിനാണ് വീട് എന്നായിരുന്നു. പകുതിയും എന്റെ ഭർത്താവിന്റെ പൈസകോണ്ടാണ് വീട് പണിഞ്ഞിരുന്നത്. വിവാഹം കഴിഞ്ഞ് എന്റെ സ്വർണ്ണാഭരണങ്ങൾ വിറ്റും അതിൽ ചെലവഴിച്ചു. പക്ഷേ ഭർത്താവിന്റെ അച്ഛൻ രമിച്ചു. പിന്നീട് ഒരു പ്രത്യക സാഹചര്യത്തിൽ ഒരു രാത്രിയിൽ എനിക്കും എന്റെ ഭർത്താവിനും ആവീട്ടിൽ നിന്നും ഇറങ്ങേണ്ടി വന്നു. പിന്നീട് ഒരു കൊച്ചു വാടക വീട്ടിൽ ഞങ്ങൾ താമസമാക്കി. എല്ലാവരെയും പോലെ സുരക്ഷിതമായ ഒരു വീട് ഞങ്ങളുടെ സ്വപ്നമായിരുന്നു. എന്റെ വീട്ടുകാർ 5 സെന്റ് സ്ഥലം എനിക്ക് വാങ്ങിനൽകി. അതിൽ ഒരു കൊച്ചുവീട് എങ്ങനെ വെക്കണമെന്നറിയാതെ പകച്ചുനിൽക്കുമ്പോൾ എന്റെ കുടുംബശ്രീ യൂണിറ്റിലെ സഹപ്രവർത്തകർ ലിങ്കേജ്ലോൺ എടുത്ത് സഹായിക്കാൻ തീരുമാനിക്കുകയും അന്തിയുറങ്ങാൻ സ്വന്തമായി ഒരു മേൽക്കൂരയില്ലാതിരുന്ന എന്നെ പ്രതിസന്ധിയിൽ നിന്ന് കരകയറ്റുകയും ചെയ്തു. ഒരാഴ്ചകൊണ്ട് ലോൺ ശരിയാക്കുകയും ആദ്യമായി അങ്ങനെ എത്രയും പെട്ടെന്ന് എന്റെ വീട്ടിന്റെ അടിസ്ഥാനമിടുവാനും കഴിഞ്ഞു. അതുകൊണ്ട് തന്നെ എനിക്കിന്ന് ഒരു വീട് സ്വന്തമായി ഉണ്ടായി. അതിൽ ഞാനിന്ന് കുടുംബശ്രീയോട് കടപ്പെട്ടിരിക്കുന്നു. എന്ത് ചെയ്യണമെന്നറിയാതെ പകച്ച് നിന്ന എന്നെ അതിൽ ഞാനിന്ന് കുടുംബശ്രീയോട് കടപ്പെട്ടിരിക്കുന്നു. എന്ത് ചെയ്യണമെന്നറിയാതെ പകച്ച് നിന്ന എന്നെ അതിൽ നിന്ന്കരകയറ്റി കൊണ്ടുവന്നത് എന്റെ അയൽക്കൂട്ടമാണ്. ആ തുക എടുത്ത് എനിക്കവർ തന്നില്ലായിരുന്നുവെങ്കിൽ ഇന്നും ഞാൻ വാടകവീട്ടിൽ അന്തിയുറങ്ങേണ്ടിവന്നേനെ.

അടുക്കളയിൽ മാത്രം ഒതുങ്ങിക്കഴിയേണ്ടിയിരുന്ന എന്റെ ജീവിത നിലവാരം ഉയർത്തിക്കൊണ്ട് വന്നത് ഈ കുടുംബശ്രീയാണ്. രണ്ടുതവണ സി.ഡി.എസ്സ് ചെയർപേഴ്സൺ ആയി സ്ഥാനം വഹിക്കുവാനും അതവഴി ആത്മഹത്യയുടെ വക്കിൽ നിന്നും ഒരുപാട് കുടുംബങ്ങളെ സഹായിക്കുവാനും സ്ത്രീ ഗൃഹനാഥയായിട്ടുള്ള കുടുംബങ്ങളെ കുടുംബശ്രീയിൽ ചേർത്ത് അവർക്ക് വേണ്ടുന്ന സഹായങ്ങൾ ചെയ്തുകൊടുക്കുവാൻ സാധിച്ചതും ഈ കുടുംബശ്രീ പ്രവർത്തനത്തിലൂടെ കൈവരിച്ച നേട്ടമാണ്. കുടുംബശ്രീയുടെ 12–ാമത് വാർഷികാഘോഷത്തോട് അനുബന്ധച്ച് ഓസ്ക്കാർ ജേതാവായ റസൂൽ പൂക്കുറ്റിക്ക് സ്വീകരണം നൽകാൻ സാധിച്ച ഏക കുടുംബശ്രീ പ്രവർത്തകർ എന്ന അംഗീകാരവും ഞങ്ങൾക്ക് ലഭിച്ചു.

കുടുംബശ്രീ പ്രവർത്തനത്തിനിടയിൽ എന്നെ വളരെ അധികം വേദനിപ്പിച്ച മറ്റൊരനുഭവം ഞാൻ പറയട്ടെ. 8–ാം വാർഡിലെ എ.ഡി.എസ്സ് സെക്രട്ടറിയായിരുന്ന മിനി എന്ന അംഗത്തിന് ക്യാൻസർ ബാധിച്ച് കിടപ്പിലായി. പരമദയനീ യാവസ്ഥയിലായിരുന്ന

ആ കുടുംബത്തിന് സഹായഹസ്തം നീട്ടുവാൻ കഴിഞ്ഞത് തികച്ചും ചാരിതാർത്ഥ്യം ഉണ്ടാക്കുന്ന കാര്യമാണ്. അഞ്ചൽ പഞ്ചായത്തിലെ കുടുംബശ്രീ സി.ഡി.എസ്സിന്റെ നേതൃത്വത്തിൽ നല്ലൊരുതുക സമാഹരിച്ച് ആ അംഗത്തിന്റെ ചികിത്സയ്ക്കായി നൽകി. എന്നാൽ ഏറെകഴിയും മുമ്പെ എന്റെ പ്രിയമുള്ള മിനി ഞങ്ങളെ വിട്ടു പിരിഞ്ഞു. ആ ഗ്രൂപ്പിലെ അംഗങ്ങൾ എന്നെ വിളിച്ച് ആ അംഗത്തിന്റെ സമ്പാദ്യത്തുക അവരുടെ അമ്മയുടെ കയ്യിലേക്ക് വച്ചുകൊടുത്തപ്പോൾ അവരുടെ ആ നോട്ടവും ദയനീയാവസ്ഥയും എനിക്ക് ഒരുക്കലും മറക്കുവാൻ കഴിയാത്ത അനുഭവങ്ങളിൽ ഒന്നാണ്.

ഒത്തിരി അനുഭവങ്ങളുടെ കൂമ്പാരമായ കുടുംബശ്രീ ഒരുകോട്ടവും തട്ടാതെ നിലനിൽക്കട്ടെ എന്നാശംസിച്ചുകൊണ്ട് എന്റെ ഈ എളിയ അനുഭവക്കുറിപ്പ് ഇവിടെ നിർത്തുന്നു.

## *സാന്ത്വന തീരത്ത്*

44

**ശശികല,**
പുനലൂർ ഗ്രാമപഞ്ചായത്ത്
കുടുംബശ്രീ സി.ഡി.എസ്സ്.

എന്റെ പേര് ശശികല കൊല്ലം ജില്ലയിൽ കാവനാട് സ്വദേശിയാണ്. പുനലൂർ നിന്ന് വിവാഹാലോചന വന്നപ്പോൾ ഞാൻ ഒരിക്കലും കരുതിയില്ല ഇത്രയും മലകളും കുന്നുകളും നിറഞ്ഞ പ്രദേശത്താണ് ഞാൻ താമസിക്കേണ്ടതെന്ന് വിവാഹശേഷം ഞാൻ ഭർത്താവിനെ വളരെയധികം നിർഹന്ധിച്ചു കൊല്ലത്ത് താമസമാക്കാം എന്ന്. പുനലൂരിനെ സ്നേഹിക്കുന്ന ഭർത്താവ് അതിന് തയ്യാറായില്ല. ആദ്യമൊക്കെ വിഷമവും നീരസവുമൊക്കെ ഞാൻ പലിരീതിയിൽ പ്രകടിപ്പിച്ചിരുന്നു. പക്ഷേ പിന്നീട് ഞാൻ ഈ നാടിനെ സ്നേഹിച്ചുതുടങ്ങി. പൊന്നുവീിളയുന്ന ഈ മണ്ണിൽ കൃഷി ചെയ്തായിരുന്നു ഭർത്താവ് എന്നെയും മക്കളെയും സംരക്ഷിച്ചിരുന്നത്. ആദ്യമൊക്കെ എതിർത്തെങ്കിലും കുടുംബശ്രീയിൽ ചേരുന്നതിന് ഭർത്താവ് പാതി മനസ്സോടെ അനുവാദം തന്നു. അങ്ങനെ ഞാനും കുടുംബശ്രീയിൽ അംഗമായി. സ്ഥിരം സമ്പാദ്യശേഖരണവും ഒപ്പു ശേഖരണവും മാത്രം നടത്താതെ സമൂഹത്തിലേക്കിറങ്ങിചെന്ന് നിരാലംബരായ ആളുകൾക്ക് കുടുംബശ്രീ വഴിയുല്ള ആനുകൂല്യങ്ങൾ എത്തിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. ആശ്രയ ഭക്ഷണ കിറ്റ് വാങ്ങിയ ആരോരുമില്ലാത്ത ഒരമ്മയുടെ ആനന്ദാശ്രുക്കൾ ഇപ്പോഴും എന്റെ മനസ്സിൽ മായാതെ നിൽക്കുന്നു. എന്റെ മക്കൾ വളർന്നപ്പോൾ സാമ്പത്തികമായി ഞങ്ങൾ വളരെയേറെ ബുദ്ധിമുട്ടി കുടുംബശ്രീവഴിയുള്ള ജെ.എൽ.ജി സംഘകൃഷി ഗ്രൂപ്പിൽ അംഗമാക്കുകയും അതിൽ നിന്നും ലഭിക്കുന്ന കാർഷിക വിളകൾ കുടുംബശ്രീ വിപണിവഴി വിറ്റഴിക്കുകയും കൂടാതെ അടുത്തുള്ള എല്ലാ വീട്ടുകാർക്കും ഗുണമേന്മയുള്ള വിളകൾ വിറ്റഴിക്കുകയും ചെയ്യുന്നുണ്ട്. അങ്ങനെ എന്റെ ഭർത്താവിനെ എനിക്ക് സാമ്പത്തികമായി സഹായിക്കാൻ

കഴിഞ്ഞത് വഴി അദ്ദേഹത്തിനും കുടുംബശ്രീയോട് താത്പര്യമായി. ഇപ്പോൾ എല്ലാ ആഴ്ചയും യോഗം നടക്കുന്ന ദിവസം സമയമാകുമ്പോൾ അദ്ദേഹം എന്നോടു പറയും. എടി 4 മണിയായി നീ അയൽക്കൂട്ടത്തിന് പോകുന്നില്ലേ. ഇത്തരത്തിലുള്ള മാറ്റം എൻരെ കുടുംബത്തിനുണ്ടായത് കുടുംബശ്രീയുടെ പ്രവർത്തനത്തിലൂടെയാണ്. കുടുംബശ്രീ എന്റെ വളർത്തമ്മയും എല്ലാമെല്ലാവുമാണ്.

## *ഉയർത്തെഴുന്നേൽപ്പ്*

45

**മഞ്ചു,**
പുനലൂർ ഗ്രാമപഞ്ചായത്ത്
കുടുംബശ്രീ സി.ഡി.എസ്സ്.

എന്റെ പേര് മഞ്ചു. വളരെകഷ്ടപാടുകളുടെ നടുവിലാണ് ഞാൻ ജീവിച്ചിരുന്നത്. അമ്മ കശുവണ്ടി ഫാക്ടറിയിൽ ജോലിക്കുപോയി ഒരു നിത്യരോഗിയായിമാറി. ചെറിയരീതിയിലുള്ള ആസ്മരോഗം വർദ്ധിച്ചു. അച്ഛൻ ഒരു തികഞ്ഞ മദ്യപാനിയും, എന്റെ പിതാവ് രാവിലെ ചായ കുടിക്കുന്നതിന് പകരം ചാരായമാണ് കുടിക്കുന്നത്. ഞങ്ങൾ നാല് പെൺ മക്കളണ്. ഞാൻ മൂത്തവൾ പഠിക്കാൻ മിടുക്കിയായിരുന്നെങ്കിലും, സാഹചര്യം അതിനനുവദിച്ചില്ല. ഇളയ സഹോദരിമാരെ ഓർത്തപ്പോൾ പഠനം ഇടയ്ക്ക് നിർത്തേണ്ടിവന്നു. 2 മുറഇകളുള്ള ഒരു ഓലപ്പുരയിലാണ് ഞങ്ങളുടെ താമസം. ഒറ്റ രാത്രിപോലും സ്വസ്ഥമായി ഉറങ്ങാൻ സാധിച്ചിട്ടില്ല. പിതാവിന്റെ ശാരീരികവും മാനസികവുമായ പീഡനം മൂലം മാതാവ് എല്ലും തോലുമായി. സ്വന്തം മക്കൾ എന്ന പരിഗണന പോലും ഞങ്ങൾക്ക് നൽകാറില്ലായിരുന്നു. ഒരു നല്ല വസ്ത്രം ധരിക്കാനോ ഒരു

നേരം നല്ല ഭക്ഷണം കഴിക്കാനോ ഞങ്ങൾക്കില്ലായിരുന്നു. എന്റെ രണ്ടാമത്തെ അനുജത്തി അടുത്തുള്ള വീട്ടിൽ ട്യൂഷൻ എടുക്കാൻ പോയി ലഭിക്കുന്ന തുച്ഛമായ വരുമാനം കൊണ്ട് ഒരു നേരമെങ്കിലും ആഹാരം കഴിച്ചുപോയി. അയലത്തുള്ള കുട്ടികൾ നല്ല വസ്ത്രം ധരിയ്ക്കുമ്പോൾ അത് കാണുവാനുള്ള ഭാഗ്യം മാത്രമേ ഞങ്ങൾക്കുണ്ടായിരുന്നുള്ളു. ഇതിനകം മാതാവ് കൂടുതൽ രോഗബാധിതയായി കഴിഞ്ഞിരുന്നു.

അങ്ങനെയിരിക്കെ ഞങ്ങളുടെ വാർഡ് കൗൺസിലറെ ദുഃഖങ്ങളറിയിയ്ക്കാൻ ഞാനും സഹോദരിയും കൂടിപോയി. അവർ ഞങ്ങളുടെ കഥ കേട്ടതിനുശേഷം ഞങ്ങളെ സഹായിക്കാമെന്ന് വാക്കും തന്നു. അതിനുശേഷം അവിടെയുള്ള 20 സ്ത്രീകളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു അയൽകകൂട്ടം രൂപീകരിച്ചു. 10 പേരെ ഉൾപ്പെടുത്തി അയൽക്കൂട്ടം ഒരു യൂണിറ്റ് രൂപീകരിച്ചു. പഞ്ചായത്തിൽ നിന്നും ആടുവളർത്താൻ അനുകൂല്യം നൽകുകയും ഇപ്പോൾ 6 മുതൽ 10 വരെ ആടുകൾ വീതം ഓരോ വീടുകളിലുമുണ്ട്. ഞങ്ങളുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുവാൻ കോഴികളേയും ഞങ്ങളുടെ നഗരസഭ വഴി ലഭിച്ചു. ഇപ്പോൾ ഞങ്ങൾ സന്തുഷ്ടരാണ്. ഈശ്വരൻ ഞങ്ങളെ എല്ലാറ്റിനും തുണക്കുന്നു.

## *കുപ്പയിലെ മാണിക്യം*

46

**സജീന,**
പുനലൂർ ഗ്രാമപഞ്ചായത്ത്
കുടുംബശ്രീ സി.ഡി.എസ്സ്.

എന്റെ പേര് സജീന. ഞാൻ 14 വർഷമായി ബിസ്മില്ല അയൽക്കൂട്ടത്തിലെ അംഗമാണ്. ഞാൻ കുടുംബത്തോടൊപ്പം റെയിൽവേ പുറമ്പോക്കിലെ ഒരു കുടിലിലാണ് താമസിച്ചുവരുന്നത്. 15 വർഷം മുമ്പ് എന്റെ വിവാഹം കഴിഞ്ഞു. വിവാഹശേഷമാണ് ഭർത്താവിന് തൊഴിൽ എടുത്ത് ജീവിക്കാൻ കഴിയില്ല എന്നറിഞ്ഞത്. കാരണം, വിവാഹത്തിന് മുമ്പ് ആക്സിഡന്റിൽ കൈകാലുകളിൽ ഒടിവുകൾ പറ്റി കമ്പിയിട്ടിരിക്കുകയാണ്. 10 പനൻ സ്വർണ്ണവും, 30,000/- രൂപ അച്ചാരവും 50,000/- രൂപ സ്ത്രീധനവും നൽകാമെന്നുള്ള കരാറിന്റെ അടിസ്ഥാനത്തിലായിരുന്നു. വിവാഹം നടന്നത്. എന്നാൽ 50,000/- രൂപ സ്ത്രീധന തുക കൊടുക്കാനുള്ള കഴിവ് എന്റെ വീട്ടുകാർക്കില്ലായിരുന്നു. ഈ കാരണത്താൽ മൂന്നു മാസം ഗർഭിണിയായ എന്നെ എന്റെ വീട്ടിൽ തിരികെ കൊണ്ടാക്കി. സ്ത്രീധന തുക നൽകാത്തതിനാൽ പ്രസവം വരെ എനിക്ക് എന്റെ വീട്ടിൽ തന്നെ നിൽക്കേണ്ടിവന്നു. പ്രസവം കഴിഞ്ഞ് എന്നെ കുഞ്ഞുമായി എന്റെ

വീട്ടുകാർ ഭർത്താവിന്റെ വീട്ടിൽ കൊണ്ടു ചെന്നാക്കി. എന്നാൽ കുഞ്ഞിന് സ്വർണ്ണം ഇട്ടില്ല എന്ന കാരണത്താൽ വന്ന വണ്ടിയിൽ തന്നെ എന്നെയും കുഞ്ഞിനെയും തിരിച്ചയച്ചു.

കുഞ്ഞിന് സ്വർണ്ണം ഇടാൻ വേണ്ടി ഞാൻ പല വീടുകളിലും പശുവിനെ കറക്കുന്നതിനും മറ്റു ജോലികളിലും ഏർപ്പെട്ടു. അതിൽ നിന്നും കിട്ടുന്ന തുശ്ചമായ വരുമാനം സ്വരൂപിച്ച് കുഞ്ഞിനു മാലയിട്ടു അതിനുശേഷമാണ് ഭാർത്താവിന്റെ വീട്ടിലേക്ക് എന്നെ കയറ്റിയത്. വീണ്ടും സ്ത്രീധനപീഡനം തുടർന്നുകൊണ്ടേയിരുന്നു. ഇതു തുടർന്നപ്പോൾ സഹിയ്ക്കാൻ വയ്യാതെ കുഞ്ഞുമായി എന്റെ വീട്ടിലേക്ക് പോയി. അങ്ങനെ 3 വർഷങ്ങൾ കടന്നുപോയി. ഈ സമയത്ത് എന്റെ വീട്ടുകാർ ബന്ധമൊഴിയണമെന്നുള്ള നിലപാടിലെത്തുകയും പള്ളിയിൽ അപേക്ഷ നല്കുകയും ചെയ്തു. എന്നാൽ ബന്ധം ഒഴിയുന്നതിനോട് എനിക്ക് യോജിപ്പില്ലായിരുന്നു. ഞാൻ എന്റെ ഭർത്താവിനോടൊപ്പം മാത്രമേ ജീവിക്കു എന്ന് വാശിപിടിച്ചു. ഞാൻ എന്റെ ഭർത്താവിനെ കാണുകയും ഞങ്ങൾ ഒരുമിച്ച് ജീവിക്കാൻ തീരുമാനിക്കുകയും ചെയ്തു. അതോടുകൂടി എന്റെ വീട്ടിലും ഭർത്താവിന്റെ വീട്ടിലും ജീവിക്കാൻ പറ്റാത്ത അവസ്ഥയായി. എന്റെ കഴുത്തിലുണ്ടായിരുന്ന സ്വർണ്ണം വിറ്റ് റെയിൽവെ പുറംമ്പോക്കിൽ ഒരു കുടിൽ നിർമ്മിച്ച് അതിൽ താമസം ആരംഭിച്ചു. ഇതറിഞ്ഞ് ഭർത്താവിന്റെ വീട്ടുകാർ എന്റെ വീട്ടുകാരോട് വഴക്കുണ്ടാക്കി. ഈ വിഷയം താങ്ങാനാവാതെ ഞാൻ മണ്ണെണ്ണ കുടിച്ച് ആത്മഹത്യയ്ക്ക് ശ്രമിച്ചു. ഇതരിഞ്ഞ് എന്റെ ഉമ്മ വണ്ടിയ്ക്ക് മുന്നിൽ ചാടി അത്മഹത്യക്ക് ശ്രമിച്ചു. രണ്ടു വർഷത്തിനു ശേഷം ഞാൻ രണ്ടാമത്തെ കുഞ്ഞിന് ജന്മം നൽകി. എന്റെ ഉമ്മയ്ക്ക് ആക്സിഡന്റ് നഷ്ടപരിഹാര തുക ലഭിച്ച 50000/- രൂപ എനിക്ക് സ്ത്രീധനമായി തന്നു.

രണ്ടാമത് ജനിച്ച കുഞ്ഞു പെണ്ണായതിനാൽ ഭർത്താവും വീട്ടുകാരും ചേർന്ന് കുഞ്ഞിനെ ആശുപത്രിയിൽ വച്ച് തന്നെ മറ്റാർക്കോ നൽകാൻ ശ്രമിച്ചു. എന്റെ കുഞ്ഞിനെ ഞാൻ തന്നെ വളർത്തുമെന്ന നിലയിൽ ഉറച്ചുനിന്നു. കുഞ്ഞിനെ വിൽക്കാൻ ശ്രമിച്ചതറിഞ്ഞ എന്റെ വീട്ടുകാർ പ്രകോപിതരാകുകയും ഭർത്താവിനെ ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്തു. ഈ കാരണത്താൽ ഭർത്തൃഗൃഹക്കാർ അദ്ദേഹത്തെ കൂട്ടി കൊണ്ടുപോവുകയും വേറെ വിവാഹം കഴിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു.

ഈ സമയം എന്റെ വീട്ടിലെ സ്ഥിതി വളരെ പരിതാപകരമായിരുന്നു. ആക്സിഡന്റിൽ പരിക്ക് പറ്റി കിടപ്പിലായിരുന്നു ഉമ്മ. ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്തുവന്ന ഞാൻ പ്രസവ ശുശ്രൂഷ ഒന്നും ലഭിക്കാതെ 7ാം ദിവസം മുതൽതന്നെ എന്റെ രണ്ട് പെൺകുഞ്ഞുങ്ങളെ പോറ്റുന്നതിന് പശുവിനെ കറക്കുന്ന ജോലിയിൽ ഏർപ്പെട്ടു. എന്നാൽ മുന്നോട്ടുള്ള ജീവിതത്തിന് ഇതൊന്നും തികയില്ലായിരുന്നു. അർദ്ധ പട്ടിണിയോടെ ജീവിതം മുന്നോട്ടു പോയി. ഈ അവസരത്തിൽ അയൽക്കൂട്ടത്തിലെ സമ്പാദ്യത്തിൽ നിന്ന് 5000/- രൂപ ലോൺ എടുത്ത് തയ്യൽ മെഷീൻ വാങ്ങി തയ്യൽജോലിയിൽ കൂടി ഏർപ്പെട്ടു. അപ്പോഴാണ് ഞങ്ങളുടെ കുടുംബശ്രീ അയൽക്കൂട്ടത്തിൽ നിന്നും പുനലൂർ നഗരസഭ ഒരു ഡി.ഡബ്ല്യു.സി.യു.എ ക്ലീനിംഗ് യൂണിറ്റ് തുടങ്ങുന്നതായി അറിയാൻ കഴിഞ്ഞത്. അങ്ങനെ ഞാനും അപേക്ഷിച്ചു. എന്നാൽ

ചെറുപ്പക്കാരിയും കാഴ്ചയ്ക്ക് തരക്കേടില്ലാത്തതുമായ എന്നെ അക്കാരണത്താൽ തന്നെ ആദ്യം യൂണിറ്റിൽ എടുത്തില്ല. പിന്നീട് എന്റെ ദയനീയവസ്ഥ മനസ്സിലാക്കി എനിക്കും കൂടി അംഗത്വം നൽകി. നഗരത്തിലെ ചപ്പുചവറുകൾ നീക്കുന്ന ജോലിയായിരുന്നു. 7 വർഷമായി എന്റെ കുഞ്ഞുങ്ങളെയും കുടുംബത്തെയും പട്ടിണിയില്ലാതെ നോക്കാൻ കഴിയുന്നത് ഇതിൽ നിന്നുള്ള വരുമാനം കൊണ്ടാണ്. എന്റെ കുടിൽ മാറ്റി ചെറിയ വീടുവവയ്ക്കാനും എനിക്കു കഴിഞ്ഞത് ഇതിൽ നിന്നും കിട്ടിയ വരുമാനം കൊണ്ടാണ്.

ഒരു ദിവസം ഞാൻ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ ഭർത്താവിന്റെ പെങ്ങളുടെ മക്കൾ എന്ന കണ്ടുകൊണ്ട് അടുത്തുവരികയും കെട്ടിപ്പിടിക്കുകയും ചെയ്തു. ഇതുകണ്ട കുട്ടികളുടെ അമ്മ എച്ചിൽ പെറുക്കാൻ നടക്കുന്ന അവളെ തൊടണ്ട എന്നു പറഞ്ഞ് ഞാൻ നൽകിയ 10 രൂപ തിരികെ എന്റെ മുഖത്തേക്കെറിഞ്ഞ് നടന്നുപോയി. ഇതു കഴിഞ്ഞ് 3 മാസം കഴിഞ്ഞ് അവരുടെ ഭർത്താവിന് കിഡ്നി സംബന്ധമായ അസുഖം വരുകയും ഉണ്ടായിരുന്ന വസ്തു വകകൾ വിറ്റ് ചികിത്സിക്കുകയും ചെയ്തു. എന്റെ വരുമാനത്തിൽ നിന്നും അവരുടെ ചികിത്സയ്ക്കു പണം നൽകാൻ കഴിഞ്ഞു എന്നത് വളരെ ചാരിതാർത്ഥ്യത്തോടെ ഓർക്കുന്നു. പിന്നീട് അയാൾ മരണപ്പെടുകയും പ്രതിമാസം 1000/- രൂപ ഇപ്പോഴും ദൈവ നിശ്ചയംപോലെ ഞാൻ എച്ചിൽപെറുക്കുന്ന തുകയിൽ നിന്നും അവർക്കു നൽകുകയും ചെയ്യുന്നുണ്ട്.

ഇപ്പോൾ എനിക്ക് എല്ലാവരുമുണ്ട്. ഭർത്താവും ഭർത്തൃബന്ധുക്കളും എന്നോടൊപ്പം സഹകരിക്കുന്നുണ്ട്. ഇത്തരത്തിൽ മരണത്തിൽ നിന്നും എന്നെ ജീവിതത്തിലേക്ക് കൈ പിടിച്ചുയർത്തിയ കുടുംബശ്രീയോടുള്ള എന്റെ കടപ്പാട് തീർത്താൽ തീരാത്തതാണ്.

# തിരനോട്ടം

സ്ത്രീശാക്തീകരണം, സാമ്പത്തിക ശാക്തീകരണം, സാമൂഹികശാക്തീകരണം എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങളുമായി 1998 ൽ നിലവിൽ വന്ന കുടുംബശ്രീ കഴിഞ്ഞ 16 വർഷത്തെ പാളംതെറ്റാത്ത പ്രയാണത്തിനിടയിൽ സമൂഹത്തിന്റെ സമസ്ഥ മേഖലകളിലും നിരവധിയായ സംഭാവനകൾ നൽകുകയും ഗുണപരമായ മാറ്റങ്ങൾക്ക് നാന്ദികുറിക്കുകയും ചെയ്തിട്ടുണ്ട്. സ്ത്രീശാക്തീകരണം ലക്ഷ്യമാക്കി കുടുംബശ്രീ ആവിഷ്കരിച്ച പുസ്തകയാത്രയും അതോടനുബന്ധിച്ച് കുടുംബശ്രീ അംഗങ്ങളുടെ അനുഭവ കുറിപ്പുകൾ സമാഹരിച്ചുകൊണ്ട് പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങളും ജില്ലയിൽ കാര്യക്ഷമമായും വിജയകരമായും നടപ്പിലാക്കുവാൻ കഴിഞ്ഞു. ജില്ലയിലെ 72 സിഡിഎസ്സുകളിൽ ഇത്തരത്തിൽ പുസ്തകങ്ങൾ തയ്യാറാക്കി. തുടർന്ന് ജില്ലാതലത്തിൽ ഇവയിൽ നിന്ന് തിരഞ്ഞെടുത്ത രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഈ പുസ്തകം കുടുംബശ്രീ പ്രവർത്തന രംഗത്തെ ഒരു 'നാഴികക്കല്ലായി' ഞാൻ കരുതുന്നു. ഹൃദയസ്പർശിയും ജീവിതഗന്ധിയുമായ ഈ രചനകൾ ഓരോ കുടുംബശ്രീ അംഗങ്ങൾക്കും ആത്മാഭിമാന പ്രേരിതവും പ്രചോദനപ്രദവുമാണ്. കണ്ണീരുപ്പുകലർന്ന ജീവിതാനുഭവങ്ങളുടെ നേർസാക്ഷ്യവും ആർജ്ജിച്ച അതിജീവനത്തിന്റെ അനുഭവങ്ങളും വായിക്കുമ്പോൾ ഇത് ലക്ഷ്യബോധത്തോടു കൂടിയുള്ള കുടുംബശ്രീ പ്രവർത്തനങ്ങളുടെ ഒരു സാക്ഷ്യപത്രം കൂടിയായി മാറുകയാണ്.

ഈ പുസ്തകത്തിന്റെ പ്രകാശനവേളയിൽ പുസ്തക പരിണാമ കാലഘട്ടത്തെ ഒന്നു തിരിഞ്ഞു നോക്കുക തികച്ചും ഉചിതമായ ഒന്നാണെന്ന് ഞാൻ കരുതുന്നു. ഓരോ സിഡിഎസ്സുകളിലും ഇത്തരം അനുഭവക്കുറുപ്പുകൾ തയ്യാറാക്കുവാൻ നിർദ്ദേശം നൽകിയപ്പോൾതന്നെ അത്ഭുതാവഹമായ പ്രതികരണമാണ് ഉണ്ടായത്. നിരവധി അംഗങ്ങൾ തങ്ങൾ ആർജ്ജിച്ച മെച്ചപ്പെട്ട ജീവിതാവസ്ഥയെ സവിസ്തരം എഴുതി തയ്യാറാക്കി. ഒരു കൂട്ടം സാധാരണ വീട്ടമ്മമാരുടെ രചന എന്ന നിലയിൽ ഇവയുടെ ശില്പഭംഗിയും രചനാഗുണവും തേടേണ്ടതില്ല. പൊള്ളുന്ന യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിച്ചുകൊണ്ട് ദു:ഖങ്ങളുടെ നടുക്കടലിൽ പ്രതീക്ഷയുടെ തുരുത്തുകൾ തേടിയുള്ള ഇവരുടെ പ്രയാണത്തിന്റെ അഭിമാനപൂരിതമായ വിവരണങ്ങൾ ഒട്ടൊരത്ഭുതത്തോടുകൂടി മാത്രമേ വായിക്കുവാൻ കഴിയൂ. ഇവതരുന്ന ഊർജ്ജം ഈ സമൂഹത്തിന് തീർച്ചയായും മുതൽക്കൂട്ടാവും. ഈ വഴിവിളക്ക് തെളിച്ച പരിചിതമില്ലാത്ത രചനാരംഗത്തേക്ക് കടന്നുവന്ന എല്ലാ

കുടുംബശ്രീ അംഗങ്ങളേയും ഹൃദയപൂർവ്വം അനുമോദിക്കാതിരിക്കാൻ കഴിയുകയില്ല തന്നെ.

സിഡിഎസ്സ് തലത്തിൽ രൂപീകരിച്ച കുടുംബശ്രീ അംഗങ്ങൾ ചേർന്ന എഡിറ്റോറിയൽ ബോർഡ് ആത്മാംശം നഷ്ടപ്പെടാതെ ഇവ എഡിറ്റ് ചെയ്യുകയും യുക്തിപൂർവ്വം തെരഞ്ഞെടുപ്പ് പ്രക്രിയ നടത്തുകയും ചെയ്തു. ഇത് വളരെ പ്രയാസമേറിയ ഒന്നായിരുന്നു. കാരണം ഇവ ഓരോന്നും ഹൃദയത്തെ തൊടുന്നവതന്നെയായിരുന്നു. അതീവ സൂക്ഷ്മതയോടെ ഈ തെരഞ്ഞെടുപ്പ്പ്രക്രിയ പൂർത്തിയാക്കി യഥാസമയം പുസ്തകങ്ങൾ പൂർത്തിയാക്കാൻ സഹായിച്ച എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ തീർച്ചയായും അഭിനന്ദനം അർഹിക്കുന്നു. ഈ പ്രക്രിയയിലൂടെ ഇവരാർജ്ജിച്ച ക്രിയാശേഷി കുടുംബശ്രീയുടെ തുടർ പ്രക്രിയകൾക്ക് മുതൽക്കൂട്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ജില്ലാതല പുസ്തകരൂപീകരണവുമായി ബന്ധപ്പെട്ട് എല്ലാ സിഡിഎസ്സുകളിലേയും എഡിറ്റോറിയൽ ബോർഡ് പ്രതിനിധികളെ വിളിച്ച് ചേർത്ത് ശില്പശാല നടത്തുകയും അതിൽ നിന്നും ഒരു ടീമിനെ തെരഞ്ഞെടുത്ത് എല്ലാ പുസ്തകങ്ങളും വായിച്ച് അവയിൽ ഏറ്റവും പ്രചോദനാത്മകമായത് തെരഞ്ഞെടുക്കുവാനുള്ള പ്രക്രിയയിൽ അവരെ പങ്കാളികളാക്കുകയും ചെയ്തു. അവർ ഏറ്റെടുത്ത ദുർഘടമായ ആ ദൗത്യം ഏറെ ഭംഗിയായി പൂർത്തിയാക്കിയ ജില്ലാതല എഡിറ്റോറിയൽ ബോർഡിന്റെ നിസീമമായ സേവനം സ്തുത്യർഹമാണ്. ഏറെ പ്രയോജനപ്രദമായ ഈ ആശയത്തിന്റെ പിറവിക്കും ഇതിന്റെ വിജയകരമായ നടത്തിപ്പിനും എല്ലാവിധ പ്രോത്സാഹനങ്ങളും ഗുണപരമായ നേതൃതłവും നൽകിയ കുടുംബശ്രീ സംവിധാനത്തിന്റെ സാരഥികളെ നന്ദിപൂർവ്വം സ്മരിച്ചുകൊണ്ടും ഈ പുസ്തകം അത് ലക്ഷ്യം വയ്ക്കുന്ന ഫലപ്രാപ്തി കൈവരിക്കട്ടെ എന്നും ആശംസിച്ചുകൊണ്ട്.........

ആർ.ബീന.

ജെൻഡർ റിസോഴ്സ്പേഴ്സൺ കോ-ഓർഡിനേറ്റർ,

കുടുംബശ്രീ, കൊല്ലം